# ഇന്ത്യയുടെ
# കംപ്ട്രോളർ ആന്റ് ഓഡിറ്റർ
# ജനറലിന്റെ അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്

## റവന്യൂ വിഭാഗത്തിന്മേലുള്ളത്
## 2022 മാർച്ചിൽ അവസാനിച്ച വർഷത്തേത്

**കേരള സർക്കാർ**

**2023 വർഷത്തിലെ റിപ്പോർട്ട് നമ്പർ 2**

## ഉള്ളടക്കത്തിന്റെ പട്ടിക


| വിശദാംശങ്ങൾ | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | | (iii) |
| ഉപരിവീക്ഷണം | | (v) |
| **അദ്ധ്യായം - I**<br>**പൊതുവിൽ** | | |
| റവന്യൂ വരവിന്റെ പ്രവണത | 1.1 | 1 |
| റവന്യൂ കുടിശ്ശികയുടെ വിശകലനം | 1.2 | 6 |
| സ്റ്റേ അനുവദിച്ച കേസുകളുടെ വിശകലനം | 1.3 | 7 |
| നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക | 1.4 | 8 |
| വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ | 1.5 | 8 |
| തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ | 1.6 | 9 |
| ഓഡിറ്റിനോട് സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം | 1.7 | 11 |
| ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ സ്ഥിതി | 1.8 | 15 |
| ഓഡിറ്റ് ആസൂത്രണം | 1.9 | 17 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 1.10 | 17 |
| ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത് | 1.11 | 17 |
| **അദ്ധ്യായം - II**<br>**ചരക്കു സേവന നികുതി** | | |
| നികുതികാര്യ നിർവ്വഹണം | 2.1 | 19 |
| ആന്തരിക പരിശോധന | 2.2 | 19 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 2.3 | 20 |
| 'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് | 2.4 | 21 |
| **അദ്ധ്യായം - III**<br>**വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വിഎടി** | | |
| വർക്ക്സ് കോൺട്രാക്ടേഴ്സിനെ സംബന്ധിച്ച തെറ്റായ നികുതി നിർണയം മൂലമുള്ള കുറഞ്ഞ നികുതി ചുമത്തൽ | 3.1 | 67 |
| ക്രമരഹിതമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതു മൂലമുള്ള കുറഞ്ഞ ഈടാക്കൽ | 3.2 | 75 |
| അന്തർ സംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ തെളിയിക്കുന്നതിനുള്ള അവശ്യ ഡിക്ലറേഷനുകൾ നികുതി നിർണ്ണയ അധികാരി പരിശോധിക്കാത്തത് കുറഞ്ഞ നികുതി ചുമത്തലിന് കാരണമായി | 3.3 | 83 |
| തെറ്റായ നികുതി നിർണ്ണയം കാരണം നികുതി കുറച്ച് ചുമത്തിയത് | 3.4 | 87 |

| വിശദാംശങ്ങൾ | ഖണ്ഡിക | പേജ് |
|---|---|---|
| വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിന്റെ ഫലമായി നികുതിയുടെ കുറഞ്ഞ ചുമത്തൽ | 3.5 | 89 |
| **അദ്ധ്യായം - IV**<br>**വാഹനങ്ങളിൻമേലുള്ള നികുതികൾ** | | |
| നികുതികാര്യ നിർവ്വഹണം | 4.1 | 91 |
| ആന്തരിക പരിശോധന | 4.2 | 91 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 4.3 | 91 |
| ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിൽ പരാജയപ്പെടുന്നത് സുരക്ഷാ പ്രശ്നങ്ങൾക്കും പിഴയും അധിക ഫീസ് ലഭിക്കാത്തതിലേക്കും നയിക്കുന്നു | 4.4 | 93 |
| ട്രാൻസ്പോർട്ട് അല്ലാത്ത വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി കുറവായി ചുമത്തിയത് | 4.5 | 94 |
| പുനർവർഗ്ഗീകരണം ചെയ്ത വാഹനങ്ങളിൽ ഒറ്റത്തവണ നികുതി ചുമത്താതിരുന്നത്/ കുറവായി ചുമത്തിയത് | 4.6 | 95 |
| ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്ക് നിശ്ചിത നികുതി നിരക്ക് ഈടാക്കുന്നതിലെ പരാജയം | 4.7 | 96 |
| ഹരിത സംരംഭങ്ങൾക്ക് വേണ്ടിയുള്ള ഹരിത നികുതി ഈടാക്കുന്നതിലെ പരാജയം | 4.8 | 97 |
| മോട്ടോർ ക്യാബിനെ സംബന്ധിച്ച നികുതി വസൂലാക്കാത്തത് | 4.9 | 98 |
| പെർമിറ്റുകൾക്ക് സർവീസ് ചാർജ് ഈടാക്കാത്തത് | 4.10 | 98 |
| **അദ്ധ്യായം - V**<br>**സംസ്ഥാന എക്സൈസ്** | | |
| നികുതികാര്യ നിർവ്വഹണം | 5.1 | 101 |
| ആന്തരിക പരിശോധന | 5.2 | 101 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 5.3 | 102 |
| അധിക സെക്യൂരിറ്റി തുക ഈടാക്കാത്തത്/ കുറവായി ചുമത്തിയത് മൂലമുള്ള വരുമാന നഷ്ടം | 5.4 | 103 |
| വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നതിലൂടെ ഉണ്ടായ വരുമാന നഷ്ടം | 5.5 | 104 |
| വിദേശമദ്യ ലൈസൻസ് കൈവശമുള്ള കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടന | 5.6 | 105 |
| യോഗ്യതയില്ലാത്ത ഇളവ് അനുവദിച്ചുകൊണ്ട് ഹോട്ടലുകളിൽ നിന്ന് എഫ്എൽ-3 ലൈസൻസ് ഫീ കുറവായി പിരിച്ചു | 5.7 | 106 |
| **അദ്ധ്യായം - VI**<br>**സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും** | | |
| നികുതികാര്യ നിർവ്വഹണം | 6.1 | 109 |
| ആന്തരിക പരിശോധന | 6.2 | 109 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 6.3 | 109 |
| വസ്തുവകകൾ വിഭജിച്ചതുമൂലം വരുമാനത്തിന്റെ കുറഞ്ഞ ഈടാക്കൽ | 6.4 | 110 |
| **അനുബന്ധം** | | 115 |
| **ചുരുക്കെഴുത്തുകളുടെ പദസഞ്ചയം** | | 201 |

# ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 (2) പ്രകാരം സംസ്ഥാന നിയമ സഭയുടെ മുൻപാകെ വയ്ക്കുന്നതിനായി ഗവർണർക്ക് സമർപ്പിക്കാൻ തയ്യാറാക്കിയതാണ് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, ഗതാഗത വകുപ്പ്, എക്സൈസ് വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവ ഉൾപ്പെടുന്ന റവന്യൂ വിഭാഗത്തിന് കീഴിലുള്ള കേരള സർക്കാരിന്റെ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റിന്റെ സുപ്രധാന ഫലങ്ങൾ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന സംഗതികൾ 2021-22 കാലയളവിലെ രേഖകളുടെ പരീക്ഷണ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടവയും, മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടും മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നവയുമാണ്. 2021-22ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട സംഗതികളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഓഡിറ്റ് നടത്തപ്പെട്ടത്.

# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഒരു നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് ഉൾപ്പെടെ 127.17 കോടി രൂപയുടെ വരുമാന പ്രഭാവം ഉൾപ്പെടുന്ന 33 ഖണ്ഡികകൾ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു. ചില പ്രധാന കണ്ടെത്തലുകൾ ചുവടെ പരാമർശിച്ചിരിക്കുന്നു:

### I. പൊതുവിൽ

2021-22 വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം മുൻ വർഷങ്ങളായ 2020-21, 2019-20 എന്നിവയിലെ യഥാക്രമം ₹97,616.83 കോടി, ₹90,224.67 കോടി എന്നിവയിൽ നിന്നും ₹1,16,640.24 കോടിയായി. സംസ്ഥാനത്തിന്റെ തനതു വരുമാനം ₹68,803.03 കോടിയാണ് (മൊത്തം വരുമാനത്തിന്റെ 59 ശതമാനം); ഭാരത സർക്കാരിൽ നിന്നുള്ള വരവിന്റെ വിഹിതം ₹47,837.21 കോടിയാണ് (മൊത്തം വരവിന്റെ 41 ശതമാനം).

***(ഖണ്ഡിക 1.1.1)***

ചില പ്രധാന റവന്യൂ ശീർഷകങ്ങളിലെ വരുമാന കുടിശ്ശിക 28,258.39 കോടി രൂപയാണ്, ഇത് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 24.23 ശതമാനമാണ്.

***(ഖണ്ഡിക 1.2)***

2022 ജൂൺ അവസാനത്തിൽ, 2021 ഡിസംബർ വരെ നൽകിയ 2,625 പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ₹5,084.70 കോടി ഉൾപ്പെടുന്ന 16,701 ഖണ്ഡികകൾ ബാക്കി നിന്നിരുന്നു.

***(ഖണ്ഡിക 1.7)***

### II. ചരക്കു സേവന നികുതി

**'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്**

35.55 കോടി രൂപയുടെ വരുമാനം ഉൾക്കൊള്ളുന്ന കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. യോഗ്യതയില്ലാത്തതും ക്രമരഹിതവുമായ ഐടിസി, സപ്ലൈകളുടെ തെറ്റായ തരംതിരിവ്, നികുതി ചുമത്താനുള്ള സപ്ലൈകളുടെ ഒഴിവാക്കൽ, സപ്ലൈകളുടെ വില കുറച്ചത്, ആർസിഎം പ്രകാരമുള്ള നികുതിയുടെ തെറ്റായ ഡിസ്ചാർജ് എന്നിവയുമായി ബന്ധപ്പെട്ട ക്രമക്കേടുകളാണ് കൂടുതലും.

***(ഖണ്ഡിക 2.4.9)***

### III. വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വിഎടി

ശരിയായ ചട്ടം പ്രയോഗിക്കുന്നതിൽ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടത് നികുതിയും പലിശയും ഉൾപ്പെടെ ₹0.84 കോടിയുടെ കുറഞ്ഞ ചുമത്തലിലേക്ക് നയിച്ചു.

***(ഖണ്ഡിക 3.1.1)***

യോഗ്യതയില്ലാത്ത ഒരു നികുതിദായകന് കോമ്പൗണ്ടിംഗ് ടാക്സ് ബാധകമാക്കുന്നതിലൂടെയുള്ള അനർഹമായ ആനുകൂല്യം ലഭിച്ചതിന്റെ ഫലമായി നികുതിയും പലിശയുമായി 0.34 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.

*(ഖണ്ഡിക 3.1.4)*

കോമ്പൗണ്ടിംഗ് സ്കീമിന് കീഴിലുള്ള ഒരു നികുതിദായകന് ക്രമരഹിതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതിന്റെ ഫലമായി നികുതിയും പലിശയും ഇനത്തിൽ 0.48 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.

*(ഖണ്ഡിക 3.2.1)*

അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതുകൊണ്ട് ഒരു നികുതിദായകന് 0.48 കോടി രൂപയുടെ അനർഹമായ ആനുകൂല്യം.

*(ഖണ്ഡിക 3.2.2)*

ഇളവുള്ള നികുതി നിരക്ക് അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിൽ നികുതി നിർണ്ണയ അതോറിറ്റി പരാജയപ്പെട്ടതിനാൽ നികുതിയും പലിശയും ഇനത്തിൽ 3.84 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.

*(ഖണ്ഡിക 3.2.5)*

നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ പൂഴ്ത്തിവെക്കപ്പെട്ട വിറ്റുവരവ് കണ്ടെത്തുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം നികുതിയും പലിശയും ഇനത്തിൽ 0.60 കോടി രൂപ കുറവായി ചുമത്തുന്നതിനു ഇടയാക്കി.

*(ഖണ്ഡിക 3.3.1)*

അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ ക്രോസ് വെരിഫൈ ചെയ്യുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം നികുതിയും പലിശയും ഇനത്തിൽ 0.50 കോടി രൂപ കുറവായി ചുമത്തുന്നതിനു ഇടയാക്കി.

*(ഖണ്ഡിക 3.3.2)*

പ്രസക്തമായ രേഖകളില്ലാതെ അന്തർസംസ്ഥാന പർച്ചേസ് റിട്ടേണിനുള്ള ക്രമരഹിതമായ ഇളവ് നൽകിയത്, നികുതിയും പലിശയും ഇനത്തിൽ 0.41 കോടി രൂപ കുറവായി ചുമത്താനിടയാക്കി.

*(ഖണ്ഡിക 3.3.3)*

വിൽപ്പന വിറ്റുവരവ് പൂഴ്ത്തിവെച്ചതുകൊണ്ട് ശേഖരിച്ച നികുതി അടയ്ക്കാത്തതിന്റെ ഫലമായി നികുതിയും പലിശയുമായി 0.48 കോടി രൂപയുടെ കുറഞ്ഞ ഈടാക്കൽ.

*(ഖണ്ഡിക 3.5)*

## IV. വാഹനങ്ങളിൻമേലുള്ള നികുതികൾ

റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഡാറ്റാബേസിലെ രേഖകളിൽ അടിസ്ഥാന പരിശോധനകൾ നടത്തിയിട്ടില്ലാത്തതിനാൽ 72.98 കോടി രൂപയുടെ നികുതി ചുമത്താതിരിക്കൽ/ കുറഞ്ഞ ചുമത്തൽ.

*(ഖണ്ഡിക 4.4 മുതൽ 4.10 വരെ)*

## V. സംസ്ഥാന എക്സൈസ്

സർക്കാർ നിശ്ചയിച്ച അധിക സെക്യൂരിറ്റി തുക വസൂലാക്കാത്തതിന്റെ ഫലമായി ₹2.51 കോടി വരുമാന നഷ്ടം.

***(ഖണ്ഡിക 5.4)***

പുതിയ ലൈസൻസുകൾ നൽകുന്നതിനുപകരം അനധികൃതമായി വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്തതിലൂടെ ₹2.17 കോടി വരുമാന നഷ്ടം ഉണ്ടായി.

***(ഖണ്ഡിക 5.5)***

അനധികൃത പുനഃസംഘടനയ്ക്ക് പിഴ ചുമത്താത്തതും റെഗുലറൈസേഷനായി ഫീസ് ഈടാക്കാത്തതും ₹1.32 കോടി വസൂലാക്കാത്തതിന് കാരണമായി.

***(ഖണ്ഡിക 5.6)***

## VI. സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

വസ്തു വിഭജിച്ചതിന്റെ ഫലമായി ₹0.08 കോടി കുറഞ്ഞ വരുമാന ശേഖരണത്തിന് കാരണമായി.

***(ഖണ്ഡിക 6.4.1 & 6.4.2)***

# അദ്ധ്യായം I
# പൊതുവിൽ

# അദ്ധ്യായം - I
# പൊതുവിൽ

## 1.1 റവന്യൂ വരവിന്റെ പ്രവണത

**1.1.1** കേരള സർക്കാർ 2021-22 വർഷത്തിൽ സമാഹരിച്ച നികുതിയും നികുതിയേതര വരുമാനവും സംസ്ഥാനങ്ങളെ ഏല്പിക്കുന്ന വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം, ആ വർഷം ഭാരത സർക്കാരിൽ നിന്നും ലഭിച്ച സഹായധനം എന്നിവയും കഴിഞ്ഞ നാലു വർഷങ്ങളിലെ തൽസ്ഥാനത്തുള്ള സംഖ്യകളും **പട്ടിക 1.1**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക - 1.1**
**റവന്യൂ വരവിന്റെ പ്രവണത**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | **സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം** | | | | | |
| | **നികുതി വരുമാനം** | 46,459.61 | 50,644.10 | 50,323.14 | 47,660.84 | 58,340.52 |
| | **നികുതിയേതര വരുമാനം** | 11,199.61 | 11,783.24 | 12,265.22 | 7,327.31 | 10,462.51 |
| | ആകെ | 57,659.22 | 62,427.34 | 62,588.36 | 54,988.15 | 68,803.03 |
| 2 | **ഭാരത സർക്കാരിൽ നിന്നുള്ള വരവുകൾ** | | | | | |
| | **വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാന വിഹിതം** | 16,833.08 | 19,038.17 | 16,401.05 | 11,560.40 | 17,820.09 |
| | **സഹായധനം** | 8,527.84 | 11,388.96 | 11,235.26 | 31,068.28 | 30,017.12 |
| | ആകെ | 25,360.92 | 30,427.13 | 27,636.31 | 42,628.68 | 47,837.21 |
| 3 | **സംസ്ഥാന സർക്കാരിന്റെ ആകെ റവന്യൂ വരുമാനം (1-ഉം 2-ഉം)** | **83,020.14** | **92,854.47** | **90,224.67** | **97,616.83** | **1,16,640.24** |
| 4 | **1, 3 ന്റെ എത്ര ശതമാനം** | **69** | **67** | **69** | **56** | **59** |

സ്രോതസ്സ്: പിഎജി (എ&ഇ), കേരള തയ്യാറാക്കിയ സാമ്പത്തിക കണക്കുകൾ.

സംസ്ഥാന സർക്കാർ, 2021-22 വർഷത്തിൽ സമാഹരിച്ച വരുമാനം (₹68,803.03 കോടി) ആകെ റവന്യൂ വരുമാനത്തിന്റെ 59 ശതമാനമായിരുന്നു എന്ന് മുകളിലെ പട്ടിക സൂചിപ്പിക്കുന്നു. 2021-22 കാലയളവിലെ വരവിന്റെ ശേഷിച്ച 41 ശതമാനം വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള വിഹിതത്തിൽ നിന്നും, ഭാരത സർക്കാരിൽ നിന്ന് ലഭിച്ച സഹായധനത്തിൽ നിന്നു മായിരുന്നു. 2021-22 വർഷത്തിൽ സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം 2020-21 വർഷത്തേക്കാൾ വർധിക്കുന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും, 2017-18, 2018-19, 2019-20 എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ മൊത്തം റവന്യൂ വരുമാനത്തിലേക്ക് സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനത്തിന്റെ ശതമാനം

കുറയുന്നു. 2021-22 ലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ, 2020-21-ലേതിനെ അപേക്ഷിച്ച് 19,023.41 കോടി രൂപയുടെ വർധനവുണ്ടായി. തനത് നികുതി വരുമാനത്തിൽ 10,679.68 കോടി രൂപയും കേന്ദ്ര നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതത്തിൽ 6,259.69 കോടി രൂപയും വർധിച്ചതാണ് ഇതിന് പ്രധാന കാരണം.

**1.1.2** കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം അടിസ്ഥാനമാക്കിക്കൊണ്ട് ഭാരത സർക്കാരിൽ നിന്നുള്ള വരവുകളുടെയും കേരള സർക്കാർ സമാഹരിച്ച വരുമാനത്തിന്റെയും, ശതമാനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്ന **ചാർട്ട് - I**ൽ കാണിച്ചിരിക്കുന്നു:

**ചാർട്ട് – I**
**റവന്യൂ വരവുകളുടെ പ്രവണത**




2021 -22 വർഷത്തിൽ ഭാരത സർക്കാരിൽ നിന്നുള്ള വരവുകൾ 2017 -18 ൽ 31 ശതമാനമായിരുന്നതിൽ നിന്നും 2021-22 ൽ 41 ശതമാനമായി ഉയർന്നു, അതേസമയം സംസ്ഥാന സർക്കാരിന്റെ വരുമാനം 2017-18ൽ 69 ശതമാനമായിരുന്നതിൽ നിന്നും 2021-22ൽ 59 ശതമാനമായി കുറഞ്ഞു.

### 1.1.3 റവന്യൂ വരവുകളുടെ ഘടന

**ചാർട്ട് - II,** 2021-22 ലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഘടന കാണിക്കുന്നു.

**ചാർട്ട് – II**




### 1.1.4 റവന്യൂ വരവുകളുടെ പ്രവണതയും വളർച്ചയും

2021-22ലെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം 1,16,640.24 കോടി രൂപയാണ്. 2020-21 ലെ 97,616.83 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 19,023.41 കോടി രൂപയുടെ (19.49 ശതമാനം) വർധനവുണ്ടായി. 2018-19 വർഷവുമായി (കോവിഡിന് മുമ്പുള്ള കാലയളവ്) താരതമ്യം ചെയ്യുമ്പോൾ മൊത്തം റവന്യൂ വരുമാനം 25.62 ശതമാനം വർദ്ധിച്ചു. റവന്യൂ വരവുകളുടെ ഘടകങ്ങളുടെ പ്രവണതകൾ ചുവടെയുള്ള **പട്ടിക - 1.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 1.2**

**റവന്യൂ വരവുകളുടെ പ്രവണത**

| പരാമീറ്റർ | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| **റവന്യൂ വരവുകൾ (₹ കോടിയിൽ)** | **83,020.14** | **92,854.47** | **90,224.67** | **97,616.83** | **1,16,640.24** |
| റവന്യൂ വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനത്തിൽ) | 9.80 | 11.85 | (-) 2.83 | 8.19 | 19.49 |
| തനത് നികുതി വരുമാനം | 46,459.61 | 50,644.10 | 50,323.14 | 47,660.84 | 58,340.52 |
| നികുതിയേതര വരുമാനം | 11,199.61 | 11,783.24 | 12,265.22 | 7,327.31 | 10,462.51 |
| തനത് റവന്യൂവിന്റെ വളർച്ചാ നിരക്ക് (തനത് നികുതിയും നികുതിയേതര വരുമാനവും) (ശതമാനത്തിൽ) | 11.15 | 8.27 | 0.26 | (-) 12.14 | 25.12 |

സ്രോതസ്സ് : ബന്ധപ്പെട്ട വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ.

### 1.1.5 സംസ്ഥാനത്തിന്റെ തനത് വരുമാനം

തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും അടങ്ങുന്നതാണ് സംസ്ഥാനത്തിന്റെ വരുമാനം.

### 1.1.5.1 തനത് വരുമാനം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ സംസ്ഥാന ജിഎസ്ടി, എക്സൈസ് തുടങ്ങിയ സംസ്ഥാന നിർദ്ദിഷ്ട നികുതികൾ ഉൾപ്പെടുന്നു. 2017-2022 കാലയളവിലെ തനത് നികുതി വരുമാനത്തിന്റെ പ്രവണതയും അതിന്റെ ഘടകങ്ങളുടെ വിശകലനവും **പട്ടിക - 1.3**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക – 1.3**
**സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിന്റെ ഘടകങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2021-22 ലെ മൊത്തം തനത് നികുതി വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 12,007.69 | 21,014.71 | 20,446.95 | 20,028.31 | 24,169.81 | 41.43 |
| 2 | വിൽപന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ | 24,577.82 | 19,225.75 | 19,649.64 | 17,689.17 | 22,487.42 | 38.55 |
| 3 | മുദ്രപ്പത്രവും രജിസ്ട്രേഷൻ ഫീസും | 3,452.56 | 3,693.17 | 3,615.01 | 3,489.59 | 4,857.33 | 8.33 |
| 4 | സംസ്ഥാന എക്സൈസ് | 2,240.42 | 2,521.40 | 2,255.28 | 2,329.22 | 2,032.23 | 3.48 |
| 5 | വാഹന നികുതി | 3,662.85 | 3,708.61 | 3,721.14 | 3,386.28 | 4,037.10 | 6.92 |
| 6 | ഭൂനികുതി | 162.17 | 202.78 | 332.42 | 493.35 | 470.84 | 0.81 |
| 7 | ചരക്കുകളുടെയും സേവനങ്ങളുടെയും മറ്റ് നികുതികളും തീരുവകളും | 99.58 | 37.57 | 39.31 | 48.80 | 56.04 | 0.10 |
| 8 | മറ്റുള്ളവ | 256.52 | 240.11 | 263.39 | 196.12 | 229.75 | 0.39 |
| | **ആകെ** | **46,459.61** | **50,644.10** | **50,323.14** | **47,660.84** | **58,340.52** | **100.00** |

സ്രോതസ്സ് : ബന്ധപ്പെട്ട വർഷങ്ങളിലെ സാമ്പത്തിക കണക്കുകളുടെ പ്രസ്താവന 3.

- സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2020-21 ലെ ₹47,660.84 കോടിയിൽ നിന്ന് ₹10,679.68 കോടി വർദ്ധിച്ച് 2021-22 ൽ ₹58,340.52 കോടിയായി 22.41 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2018-19ലെ കോവിഡിന് മുമ്പുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്ക് 15 ശതമാനമായിരുന്നു. 2021-22 വർഷത്തെ ഗണ്യമായ വളർച്ചയ്ക്ക് മുഖ്യമായും കാരണം കോവിഡ് 19 മഹാമാരി മൂലം മുൻ വർഷത്തെ ജിഎസ്ഡിപിയിൽ[1] (നെഗറ്റീവ് വളർച്ച) ഇടിവുണ്ടായതാണ്. എന്നാൽ റവന്യൂ വരുമാനത്തിന്റെ ശതമാനമെന്ന നില

[1] ജിഎസ്ഡിപി എന്നത് ഒരു നിശ്ചിത കാലയളവിൽ, സാധാരണയായി ഒരു വർഷത്തിൽ, സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ, ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ അളവിന്റെ, ഇരട്ടിപ്പില്ലാതെ കണക്കാക്കിയ, ധനപരമായ അളവുകോലാണ്.

യിൽ, 2017-18 കാലയളവിൽ ഇത് 56 ശതമാനമായിരുന്നു, 2021-22ൽ ഇത് 50 ശതമാനം ആയി. അതിനാൽ യഥാർത്ഥത്തിൽ തനതു നികുതി വരുമാനം കോവിഡിന് മുമ്പുള്ള കാലഘട്ടത്തിലെ വളർച്ചയെപ്പോലെ വളരെയധികം വളർച്ച നേടിയിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

- സംസ്ഥാന എക്സൈസിന് കീഴിലുള്ള റവന്യൂ വരുമാനം 2018-19ലെ (കോവിഡിന് മുമ്പുള്ള കാലയളവ്) ₹2,521.40 കോടിയിൽ നിന്ന് ₹489.17 കോടി (19.40 ശതമാനം) കുറഞ്ഞ് 2021-22ൽ ₹2,032.23 കോടിയായി.

- ഭൂനികുതിയുടെ കീഴിലുള്ള റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്ക് 2020-21ലെ 48.41 ശതമാനത്തിൽ നിന്നും കുത്തനെ കുറഞ്ഞ് 2021-22ൽ (-)4.56 ശതമാനമായി. 2021-22ലെ മൊത്തം വരുമാനമായ ₹470.84 കോടിയിൽ ₹239.48 കോടിയും (51 ശതമാനം) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 നു കീഴിൽ ഈടാക്കിയ റവന്യൂ വരുമാനമായിരുന്നു.

- ജിഎസ്ടി ശേഖരണം 2020-21 ലെ 20,028.31 കോടി രൂപയിൽ നിന്ന് 2021-22ൽ 24,169.81 കോടി രൂപയായി വർധിച്ചു, ഇത് ചരക്കുകളുടെയും സേവനങ്ങളുടെയും വിൽപ്പന വിറ്റുവരവിൽ 4,141.50 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയതിനാലാണ്. ഏഴ് പ്രധാന ചരക്കുകളുടെ വിൽപ്പന വിറ്റുവരവിലെ വർദ്ധനവ് 9,406.85 കോടി രൂപയായിരുന്നു, ഇത് 1,916.86 കോടി രൂപ നികുതിയായി പ്രതിഫലിച്ചു.

- 2021-22 കാലയളവിൽ, ജിഎസ്ടി നടപ്പാക്കിയതുമൂലമുണ്ടായ വരുമാനനഷ്ടത്തിന്റെ പേരിൽ സംസ്ഥാനത്തിന് മൊത്തം 12,594.86 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചു. ഇതിൽ 3,855.55 കോടി രൂപ റവന്യൂ വരവുകൾക്ക് കീഴിൽ സഹായധനമായി സംസ്ഥാനത്തിന് ലഭിച്ചു. ജിഎസ്ടി നഷ്ടപരിഹാരത്തിൽ ബാക്കിയുള്ള 8,739.31 കോടി രൂപ ഭാരത സർക്കാരിൽ നിന്ന് ബാക്ക്-ടു-ബാക്ക് വായ്പയായി ലഭിച്ചു.

- ജിഎസ്ടി നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ യഥാർത്ഥ വരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തൽ പുരോഗമിക്കുകയാണ് (2023 ഏപ്രിൽ).

- 0040- വിൽപ്പന വ്യാപാരം തുടങ്ങിയവയുടെ നികുതിക്ക് കീഴിലുള്ളത്, മനുഷ്യ ഉപഭോഗത്തിനായുള്ള മദ്യം, ദ്രവീകൃത പ്രകൃതി വാതകം ഒഴികെയുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയിൽ നിന്നുള്ള 21,986.32 കോടി രൂപയുടെ നികുതിയാണ്.

### 1.1.5.2 നികുതിയേതര വരുമാനം

2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ സമാഹരിച്ച നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക - 1.4**ൽ സൂചിപ്പിച്ചിരിക്കുന്നു.

**പട്ടിക – 1.4**
**സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വരവ് ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 1 | സംസ്ഥാന ലോട്ടറി | 9,034.17 | 9,264.66 | 9,973.67 | 4,873.01 | 7,134.93 |

| ക്രമ നമ്പർ | വരവ് ശീർഷകം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|
| 2 | ഡിവിഡന്റുകളും ലാഭവും | 126.48 | 132.12 | 100.33 | 110.19 | 227.98 |
| 3 | വനവും വന്യജീവിയും | 245.42 | 287.21 | 255.85 | 236.61 | 200.57 |
| 4 | പലിശ വരുമാനം | 144.50 | 132.38 | 84.95 | 246.64 | 177.05 |
| 5 | മറ്റു നികുതിയേതര വരുമാനം | 1,649.04 | 1,966.87 | 1,850.42 | 1,860.86 | 2,721.98 |
| 6 | **നികുതിയേതര വരുമാനം** | **11,199.61** | **11,783.24** | **12,265.22** | **7,327.31** | **10,462.51** |
| 7 | മൊത്തം റവന്യൂ വരുമാനം | 83,020.14 | 92,854.47 | 90,224.67 | 97,616.83 | 1,16,640.24 |
| 8 | നികുതിയേതര വരുമാനം റവന്യൂ വരവുകളുടെ ശതമാനത്തിൽ | 13.49 | 12.69 | 13.59 | 7.51 | 8.97 |

സ്രോതസ്സ് : അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളിലെ പ്രസ്താവന 14.

- കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ 7.51 ശതമാനം മുതൽ 13.59 ശതമാനം വരെയുണ്ടായിരുന്ന നികുതിയേതര വരുമാനം 2021-22ൽ മുൻ വർഷത്തെ അപേക്ഷിച്ച് ₹3,135.20 കോടി (42.79 ശതമാനം) വർദ്ധിച്ചു. നികുതിയേതര വരുമാനത്തിന്റെ 2021-22ലെ വർദ്ധനവിന് പ്രധാനപ്പെട്ട കാരണം സംസ്ഥാന ലോട്ടറി എന്ന ശീർഷകത്തിന് കീഴിലെ വരവിന്റെ വർദ്ധനവാണ് (₹2,261.92 കോടി).

- 2021-22 കാലയളവിൽ വനം, വന്യജീവി എന്നിവയ്ക്ക് കീഴിലെ പിരിവ് മുൻവർഷത്തെ അപേക്ഷിച്ച് ₹36.04 കോടി (15.23 ശതമാനം) കുറഞ്ഞു. വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സായ തടി വിൽപ്പനയെ കോവിഡ് 19 സാരമായി ബാധിച്ചതാണ് പിരിവിന്റെ കുറവിനു കാരണമായി വകുപ്പ് പറയുന്നത് (2023 മാർച്ച്).

## 1.2 റവന്യൂ കുടിശ്ശികയുടെ വിശകലനം

ചില പ്രധാന റവന്യൂ ശീർഷകങ്ങളിൽ 2022 മാർച്ച് 31 ലെ വരുമാനത്തിന്റെ ആകെ കുടിശ്ശിക, ചുവടെയുള്ള **പട്ടിക- 1.5ൽ** വിവരിച്ചിരിക്കുന്നത് പോലെ, ₹28,258.39 കോടിയാണ്.

**പട്ടിക - 1.5**

**2022 മാർച്ച് 31 വരെയുള്ള വരുമാന കുടിശ്ശിക**

(₹ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക |
|---|---|---|
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 13,410.12 |
| 2 | മോട്ടോർ വാഹന വകുപ്പ് (മുഖ്യ ശീർഷകം 0041) | 2,868.47 |
| 3 | വൈദ്യുതിയുടെ നികുതികളും ചുങ്കങ്ങളും (മുഖ്യ ശീർഷകം 0043) | 3,118.50 |
| 4 | രജിസ്ട്രേഷൻ വകുപ്പ് (മുഖ്യ ശീർഷകം 0030) | 590.86 |
| 5 | വനം വകുപ്പ് (മുഖ്യ ശീർഷകം 0406) | 377.07 |
| 6 | പോലീസ് വകുപ്പ് (മുഖ്യ ശീർഷകം 0055) | 346.64 |
| 7 | എക്സൈസ് വകുപ്പ് (മുഖ്യ ശീർഷകം 0039) | 281.63 |

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക |
|---|---|---|
| 8 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് | 163.81 |
| 9 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുഖ്യ ശീർഷകം 0070) | 85.72 |
| 10 | അച്ചടി | 58.32 |
| 11 | സ്റ്റേഷനറി (മുഖ്യ ശീർഷകം 0058) | 29.95 |
| 12 | ഫാക്ടറികളും ബോയിലറുകളും (മുഖ്യ ശീർഷകം 0230) | 2.58 |
| 13 | തൊഴിൽ വകുപ്പ് | 1.98 |
| 14 | കേരള മാരിടൈം ബോർഡ് (മുൻപത്തെ തുറമുഖ വകുപ്പ്) | 1.42 |
| 15 | ധനകാര്യ വകുപ്പ് - പലിശ വരുമാനത്തിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0049) | 5,979.91 |
| 16 | ധനകാര്യ വകുപ്പ് - ഗ്യാരണ്ടി കമ്മീഷനിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0075) | 306.22 |
| 17 | ഭൂനികുതി വകുപ്പ് (മുഖ്യ ശീർഷകം 0029) | 635.19 |
| | **ആകെ കുടിശ്ശിക** | **28,258.39** |

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

മൊത്തം കുടിശ്ശികയായ ₹28,258.39 കോടി സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 24.23 ശതമാനമാണ്. കുടിശ്ശിക തീർക്കാൻ സർക്കാരിന്റെ അടിയന്തര ഇടപെടൽ അനിവാര്യമാണ്. കുടിശ്ശിക കണക്കുകൾ എല്ലാ വർഷവും ഓഡിറ്റിന്റെ സന്ദർഭത്തിൽ മാത്രമാണ് വകുപ്പുകൾ നൽകുന്നത്. കുടിശ്ശികകൾ റവന്യൂ വകുപ്പിന് യഥാസമയം റിപ്പോർട്ട് ചെയ്യാത്തതും ബന്ധപ്പെട്ട വകുപ്പുകൾ കുടിശ്ശിക യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതുമാണ് കുടിശ്ശിക വൻതോതിൽ തീർപ്പാകാതിരിക്കുന്നതിന് പ്രധാന കാരണം.

## 1.3 സ്റ്റേ അനുവദിച്ച കേസുകളുടെ വിശകലനം

2022 മാർച്ച് 31 ന് പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന കുടിശ്ശിക തുകയിൽ **പട്ടിക–1.6**ൽ വിശദീകരിച്ചതുപോലെ ചില മുഖ്യശീർഷകങ്ങൾക്കു കീഴിൽ വിവിധ ഘട്ടങ്ങളിലായി വിവിധ അധികാരികൾ സ്റ്റേ നല്കിയ പിരിഞ്ഞു കിട്ടേണ്ട തുകകളും ഉൾപ്പെട്ടിരുന്നതായി പിരിവിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്ന റവന്യൂ കുടിശ്ശികയുടെ വിശകലനം വെളിപ്പെടുത്തി.

**പട്ടിക – 1.6**

**സ്റ്റേ അനുവദിച്ചതിന്റെ നില**

(₹ കോടിയിൽ)

| ക്രമ നമ്പർ | റവന്യൂ ശീർഷകം | മൊത്തം കുടിശ്ശിക തുക | സ്റ്റേയുടെ നില അനുസരിച്ചുള്ള വിവരം | | സ്റ്റേയ്ക്കു കീഴിലെ മൊത്തം തുക | മൊത്തം കുടിശ്ശികയിൽ സ്റ്റേയുടെ ശതമാനം |
|---|---|---|---|---|---|---|
| | | | കോടതിയുടെയും മറ്റ് ജുഡീഷ്യൽ അധികാരികളുടെയും സ്റ്റേ | സർക്കാരിന്റെ സ്റ്റേ | | |
| 1 | 0040 - വിൽപ്പന, വ്യാപാരം തുടങ്ങിയവയുടെ നികുതികൾ | 13,410.12 | 5,434.40 | 37.47 | 5,471.87 | 40.80 |
| 2 | 0043 - വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 3,118.50 | 8.96 | 0.00 | 8.96 | 0.29 |

| ക്രമ നമ്പർ | റവന്യൂ ശീർഷകം | മൊത്തം കുടിശ്ശിക തുക | സ്റ്റേയുടെ നില അനുസരിച്ചുള്ള വിവരം | | സ്റ്റേയ്ക്കു കീഴിലെ മൊത്തം തുക | മൊത്തം കുടിശ്ശി കയിൽ സ്റ്റേയുടെ ശതമാനം |
|---|---|---|---|---|---|---|
| | | | കോടതി യുടെയും മറ്റ് ജുഡീഷ്യൽ അധികാരി കളുടെയും സ്റ്റേ | സർക്കാരിന്റെ സ്റ്റേ | | |
| 3 | 0406 - വനവൽക്കരണവും വന്യജീവി സംരക്ഷണവും | 377.07 | 2.30 | 122.46 | 124.76 | 33.09 |
| 4 | 0039 - സംസ്ഥാന എക്സൈസ് | 281.63 | 104.77 | 0 | 104.77 | 37.20 |
| 5 | 0029 - ഭൂനികുതി | 635.19 | 440.10 | 27.38 | 467.48 | 73.60 |
| 6 | 0030 - മുദ്രപ്പത്രങ്ങളും റജിസ്ട്രേഷൻ ഫീസും | 590.86 | 4.08 | 0 | 4.08 | 0.69 |
| 7 | 0853 - ഇരുമ്പേതര ഖനനവും ധാതു വ്യവസായവും | 163.81 | 16.75 | 68.64 | 85.39 | 52.13 |
| **ആകെ** | | **18,577.18** | **6,011.36** | **255.95** | **6,267.31** | **33.74** |

സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ.

സ്റ്റേ കാരണം തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന തുകയായ ₹6,267.31 കോടി, മൊത്തം കുടിശ്ശിക തുകയുടെ 33.74 ശതമാനം ആകുന്നു. സ്റ്റേ ഒഴിവാക്കുന്നതിനും തുക വസൂലാക്കുന്നതിനും വകുപ്പുകൾ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാണ്.

## 1.4 നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക

വർഷാരംഭത്തിൽ തീർപ്പാക്കാൻ ബാക്കി നിന്നിരുന്ന കേസുകൾ, നികുതി നിർണയത്തിന് പാകമായി തീർന്ന കേസുകൾ, പ്രസ്തുത വർഷത്തിൽ തീർപ്പാക്കപ്പെട്ട കേസുകൾ, 2021 –22 വർഷാവസാനത്തിലും പൂർത്തികരിക്കാതെ ബാക്കി നിന്നിരുന്ന കേസുകളുടെ എണ്ണം എന്നിങ്ങനെയുള്ള നികുതി നിർണയവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ വകുപ്പുകൾ നൽകിയ വിവരങ്ങൾ (2023 മാർച്ച്) **അനുബന്ധം I**ൽ നൽകിയിരിക്കുന്നു.

പ്രസ്തുത വർഷത്തിൽ, റവന്യൂവും ദുരന്തനിവാരണവും (ആർ&ഡിഎം) വകുപ്പ് 1,76,480 കെട്ടിടനികുതി കുടിശ്ശിക കേസുകളിൽ 1,38,804 കേസുകളും, 1,329 തോട്ടം നികുതി കേസുകളിൽ 102 കേസുകളും തീർപ്പാക്കി. ചരക്ക് സേവന നികുതി വകുപ്പിൽ 36,520 നികുതി നിർണ്ണയ കുടിശ്ശിക കേസുകളിൽ 12,924 കേസുകൾ തീർപ്പാക്കി. തീർപ്പാക്കലിന്റെ നിരക്ക് കാർഷിക വരുമാനത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട 15.87 ശതമാനം മുതൽ വർക്സ് കോൺട്രാക്റ്റ് നികുതിയുമായി ബന്ധപ്പെട്ട 71.79 ശതമാനം വരെയായിരുന്നു. മുൻവർഷമായ 2020–21 നെ അപേക്ഷിച്ച് കെട്ടിട നികുതി, തോട്ടം നികുതി, ജിഎസ്ടി, വർക്സ് കോൺട്രാക്ടുകളുടെ നികുതി എന്നിവയുടെ കാര്യത്തിൽ തീർപ്പാക്കൽ മെച്ചപ്പെട്ടിട്ടുണ്ട്. ഈ മേഖലകളെ ഒരു മികച്ച വരുമാന സ്രോതസ്സാണെന്ന് തിരിച്ചറിഞ്ഞു കൊണ്ട് നികുതി നിർണ്ണയങ്ങളുടെ സമയബന്ധിതമായ തീർപ്പാക്കലിനുവേണ്ടി വകുപ്പുകൾ കഠിനമായി പ്രയത്നിക്കേണ്ടതാണ്.

## 1.5 വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയ കേസുകൾ, അധിക ഡിമാൻഡ് സൃഷ്ടിച്ച കേസുകൾ, എന്നിവ സംസ്ഥാന സർക്കാരിന്റെ റവന്യൂ സമാഹരണ ശ്രമങ്ങളുടെ പ്രധാന സൂചകങ്ങളാണ്. ഈ കേസുകൾ വേഗത്തിൽ

തീർപ്പാക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് പ്രധാന സൂചകമാണ്.

അഞ്ച് വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ, തീർപ്പാക്കിയ കേസുകൾ, അധിക ഡിമാൻഡ് സൃഷ്ടിച്ച കേസുകൾ എന്നിവ വകുപ്പുകൾ അറിയിച്ചത് ചുവടെയുള്ള **പട്ടിക – 1.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 1.7**
**നികുതി വെട്ടിപ്പിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | | 0030- മുദ്രപ്പത്രവും രജിസ്ട്രേഷൻ ഫീസും | 0041- വാഹന നികുതി | 0406- വന വൽക്കരണവും വന്യജീവി സംരക്ഷണവും | 0040- സംസ്ഥാന ചരക്കു സേവന നികുതി | 0029- ഭൂ നികുതി |
|---|---|---|---|---|---|---|---|
| 1 | 2021 മാർച്ച് 31ന് തീർപ്പാകാതെയിരുന്ന കേസുകളുടെ എണ്ണം | | 1,47,699 | 48 | 3 | 3,080 | 22,240 |
| 2 | 2021-22 കാലയളവിൽ കണ്ടെത്തിയ കേസുകളുടെ എണ്ണം | | 9,188 | 6 | 0 | 21,078 | 2,284 |
| | **ആകെ** | | **1,56,887** | **54** | **3** | **24,158** | **24,524** |
| 3 | നികുതിനിർണ്ണയം/അന്വേഷണം പൂർത്തിയാക്കുകയും പിഴയോടുകൂടിയ അധിക ഡിമാൻഡ് സൃഷ്ടിച്ചതുമായ കേസുകൾ | കേസുകളുടെ എണ്ണം | 9,493 | 16 | 0 | 11,803 | 21,939 |
| | | ഡിമാൻഡിന്റെ തുക (₹ കോടിയിൽ) | 14.57 | 0.50 | 0 | 3,272.03 | 3.18 |
| 4 | 2022 മാർച്ച് 31ന് തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകളുടെ എണ്ണം | | 1,47,394 | 38 | 3 | 12,355 | 2,585 |

സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ.

വകുപ്പുകൾ കണ്ടെത്തിയ നികുതിവെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ 16 വകുപ്പുകളിൽ നിന്ന് ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു, അതിൽ ഏഴ്[2] വകുപ്പുകൾ നികുതി വെട്ടിപ്പ് കേസുകളൊന്നും കണ്ടെത്തിയില്ല. പിഡബ്ല്യുഡി ബിൽഡിങ്ങുകൾ, ആരോഗ്യം, കൃഷി എന്നിവയിൽ നിന്നുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട് (2022 ഡിസംബർ), അവരുടെ അഭിപ്രായങ്ങൾക്കായി കാത്തിരിക്കുന്നു.

## 1.6 തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ

2021-22 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പുകൽപ്പിക്കാത്ത റീഫണ്ട് കേസുകളുടെ വിശദാംശങ്ങൾ, ലഭിച്ച ക്ലെയിമുകൾ, 2021-22 വർഷങ്ങളിൽ അനുവദിച്ച റീഫണ്ടുകൾ, 2021-22 വർഷത്തിന്റെ അവസാനത്തിൽ തീർപ്പാക്കാത്ത കേസുകൾ, എന്നിവ എസ്ജിഎസ്ടി, എക്സൈസ് വകുപ്പുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം, **പട്ടിക – 1.8**ൽ നൽകിയിരിക്കുന്നു.

[2] എക്സൈസ് വകുപ്പ്, സ്റ്റേഷനറി വകുപ്പ്, പിഡബ്ല്യുഡി റോഡുകൾ, പിഡബ്ല്യുഡി പാലങ്ങൾ, ലോട്ടറി വകുപ്പ്, അച്ചടി വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.

**പട്ടിക – 1.8**
**തീർപ്പാക്കാൻ ബാക്കിനിന്ന റീഫണ്ട് കേസുകളുടെ വിശദവിവരം**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിശദാംശങ്ങൾ | സംസ്ഥാന ചരക്കു സേവന നികുതി | | സംസ്ഥാന എക്സൈസ് | |
|---|---|---|---|---|---|
| | | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക |
| 1. | 2021-22 വർഷാരംഭത്തിൽ തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന ക്ലെയിമുകൾ | 1,003 | 348.30 | 22 | 3.03 |
| 2. | 2021-22 വർഷക്കാലയളവിൽ ലഭിച്ച ക്ലെയിമുകൾ | 4,154 | 348.56 | 417 | 10.88 |
| 3. | 2021-22 വർഷക്കാലയളവിൽ നൽകിയ റീഫണ്ടുകൾ | 3,626 | 437.79 | 90 | 3.92 |
| 4. | 2021-22 വർഷക്കാലയളവിൽ നിരസിച്ച റീഫണ്ടുകൾ | 822 | 39.91 | 0 | 0 |
| 5. | 2021-22 വർഷാവസാനം തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്നത് | 709 | 219.16 | 349 | 9.99 |

സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ.

എസ്ജിഎസ്ടി വകുപ്പിൽ, 2022 മാർച്ച് അവസാനം വരെ കുടിശ്ശികയുള്ള റീഫണ്ട് കേസുകളുടെ എണ്ണം 709 ആയിരുന്നു, അതിൽ 70.92 കോടി രൂപയുടെ മൂല്യവർധിത നികുതിയുടെ റീഫണ്ടുമായി ബന്ധപ്പെട്ട 120 കേസുകളും, 137.64 കോടി രൂപയുടെ ജിഎസ്ടിയുമായി ബന്ധപ്പെട്ട 566 കേസുകളും ഉണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017-ലെ വകുപ്പ് 56 അനുസരിച്ച് അപേക്ഷ സ്വീകരിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ റീഫണ്ട് നൽകാൻ ഉത്തരവിട്ട നികുതി തിരികെ നൽകിയില്ലെങ്കിൽ, 60 ദിവസം കഴിഞ്ഞതു മുതൽ റീഫണ്ട് നൽകുന്ന തീയതി വരെ, റീഫണ്ട് തുകയുടെ കൂടെ ആറ് ശതമാനം നിരക്കിൽ പലിശ (ഒരു വിധിനിർണ്ണയ അധികാരി അല്ലെങ്കിൽ അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി പാസാക്കിയ അന്തിമ ഉത്തരവിനാൽ റീഫണ്ട് നൽകിയാൽ ഒമ്പത് ശതമാനം) നൽകേണ്ടതുണ്ട്. കേരള മൂല്യവർദ്ധിത നിയമത്തിലെ വകുപ്പ് 89(4) അനുസരിച്ച് നികുതി നിർണ്ണയ ഉത്തരവ് തീയതി, അപ്പീൽ അല്ലെങ്കിൽ പുനരവലോകനത്തിന്റെ ഉത്തരവ് ലഭിച്ച തീയതി, അല്ലെങ്കിൽ അപ്പീലിനോ പുനരവലോകനത്തിനോ നൽകുന്നതിനുള്ള സമയം അവസാനിക്കുന്ന തീയതി മുതൽ 90 ദിവസത്തിനുശേഷം റീഫണ്ട് നടത്തുന്ന കേസുകളിൽ പ്രതിവർഷം പത്ത് ശതമാനം നിരക്കിൽ പലിശ ബാധകമാണ്. കൂടാതെ റീഫണ്ട് കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം കാരണം ഭാരത സർക്കാരിൽ നിന്ന് അർഹമായിട്ടുള്ള ജിഎസ്ടി നഷ്ടപരിഹാരം ആവശ്യപ്പെടാനുള്ള സാധ്യത മങ്ങുന്നു.

എക്സൈസ് വകുപ്പിൽ, 2022 മാർച്ച് അവസാനം കുടിശ്ശികയുള്ള റീഫണ്ട് കേസുകൾ ₹9.99 കോടി ഉൾപ്പെടുന്ന 349 ആണ്, ഇത് തൻ വർഷത്തിൽ ലഭിച്ച ക്ലെയിമുകളുടെ 83.69 ശതമാനമാണ്. ലഭിച്ച ക്ലെയിമുകളെ അപേക്ഷിച്ച് റീഫണ്ട് കേസുകൾ തീർപ്പാക്കുന്നതിന്റെ പുരോഗതി വളരെ മന്ദഗതിയിലാണ്. കുടിശ്ശികയുള്ള കേസുകൾ വൻതോതിൽ ബാക്കി നിൽക്കുന്നതിനുള്ള കാരണം

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പും സംസ്ഥാന എക്സൈസ് വകുപ്പും വിശദീകരിച്ചിട്ടില്ല.

## 1.7 ഓഡിറ്റിനോട് സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (പിഎജി) (ഓഡിറ്റ് II), കേരള, ഇടപാടുകളുടെ പരീക്ഷണ പരിശോധന നടത്തുന്നതിനായി സർക്കാർ വകുപ്പുകളുടെ കാലാനുക്രമമായ അന്വേഷണം നടത്തുകയും ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതുപോലെ പ്രധാന കണക്കുകളും മറ്റ് രേഖകളും സൂക്ഷിച്ചിരിക്കുന്നത് പരിശോധിക്കുകയും ചെയ്യുന്നു. പരിശോധനാ വേളയിൽ കണ്ടുപിടിച്ചതും സംഭവസ്ഥലത്തു വച്ച് തീർപ്പാക്കാതിരുന്നതുമായ ക്രമക്കേടുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ (ഐആർകൾ) സത്വരമായ പരിഹാര നടപടികൾ എടുക്കുന്നതിനായി തൊട്ടുമുകളിലെ അധികാരിക്ക് പകർപ്പ് നൽകികൊണ്ട് ഓഫീസ് തലവൻമാർക്ക് പരിശോധനകളുടെ തുടർനടപടി എന്ന നിലയിൽ നൽകുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാല് ആഴ്ചകൾക്കകം ഓഫീസ് തലവൻമാർ/ സർക്കാർ ആദ്യമറുപടി നൽകേണ്ടതാണ്. പരിശോധന റിപ്പോർട്ടിലെ ചില ഖണ്ഡികകൾക്കുള്ള അന്തിമ മറുപടി സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലെങ്കിലും, ഓഡിറ്റ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടിയെ സൂചിപ്പിക്കുന്ന ഒരു ഇടക്കാല മറുപടി നൽകേണ്ടതാണ്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ വകുപ്പ് തലവൻമാർക്കും സർക്കാരിനും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

2022 ജൂൺ മാസം അവസാനത്തിൽ, ₹ 5,084.70 കോടി ഉൾപ്പെട്ട 16,701 ഖണ്ഡികകൾ ഉൾക്കൊള്ളുന്ന 2,625 ഐആർകൾ ബാക്കി നിൽക്കുന്നത് രണ്ട് മുൻവർഷങ്ങളിലെ തൽസ്ഥാനീയമായ സംഖ്യകൾക്കൊപ്പം **പട്ടിക – 1.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 1.9**

**തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെ വിവരം**

| | ജൂൺ 2020 | ജൂൺ 2021 | ജൂൺ 2022 |
|---|---|---|---|
| തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന ഐആർകളുടെ എണ്ണം | 2,236 | 2,275 | 2,625 |
| ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | 14,713 | 14,654 | 16,701 |
| ഉൾപ്പെട്ട റവന്യൂ തുക (₹ കോടിയിൽ) | 4,117.68 | 4,412.44 | 5,084.70 |

സ്രോതസ്സ്: പിഎജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഒത്തുനോക്കിയത്.

### 1.7.1 ഐആർകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

ബാക്കി നിന്നിരുന്ന ഐആർകളുടെയും ഓഡിറ്റ് നിരീക്ഷണങ്ങളുടേയും അവയിൽ ഉൾപ്പെട്ട തുകകളുടേയും 2022 ജൂൺ 30 ലെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ **പട്ടിക – 1.10ൽ** പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക – 1.10**
**ഐആർകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വരവിന്റെ സ്വഭാവം | ബാക്കി നിൽക്കുന്ന ഐആർകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | ഉൾപ്പെട്ട ധന മൂല്യം |
|---|---|---|---|---|---|
| 1. | സംസ്ഥാന ചരക്ക് സേവന നികുതി | വില്പന, വ്യാപാരം തുടങ്ങിയവയുടെ നികുതി | 1,714 | 12,647 | 4,150.79 |
| | | കാർഷികാദായ നികുതി | 75 | 220 | 80.70 |
| 2. | മോട്ടോർ വാഹന വകുപ്പ് | വാഹന നികുതി | 279 | 2,195 | 132.99 |
| 3. | സംസ്ഥാന എക്സൈസ് | സംസ്ഥാന എക്സൈസ് | 126 | 391 | 106.32 |
| 4. | രജിസ്ട്രേഷൻ | മുദ്രപത്രവും രജിസ്ട്രേഷൻ ഫീസും | 276 | 727 | 358.53 |
| 5. | ലോട്ടറി | ലോട്ടറികളിൽ നിന്നുള്ള വരവുകൾ | 34 | 78 | 7.94 |
| 6. | ധനകാര്യം, ആസൂത്രണം, സാമ്പത്തിക കാര്യ വകുപ്പ് | | 121 | 443 | 247.43 |
| | | **ആകെ** | **2,625** | **16,701** | **5,084.70** |

സ്രോതസ്സ്: പിഎജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഒത്തുനോക്കിയത്.

2021-22 കാലയളവിൽ 117 ഐആറുകൾക്ക് ആറ് ഓഫീസ് മേധാവികളിൽ നിന്ന് ഐആർ നൽകിയ തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ആദ്യ മറുപടി ഓഡിറ്റിന് ലഭിച്ചില്ല. മറുപടി ലഭിക്കാത്തതിനാൽ വലിയ തോതിൽ ഐആർകൾ തീർപ്പാക്കാൻ ബാക്കിനിൽക്കുന്നത്, ഐആർകളിൽ പിഎജി (ഓഡിറ്റ് II) ചൂണ്ടിക്കാണിച്ച ന്യൂനതകൾ, വിട്ടുപോകലുകൾ, ക്രമക്കേടുകൾ എന്നിവ പരിഹരിക്കുന്നതിന് ഓഫീസ് മേധാവികളും വകുപ്പുകളും നടപടികൾ ആരംഭിച്ചിട്ടില്ല എന്നതിന്റെ സൂചനയാണ്. ശേഷിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ തീർപ്പാക്കുന്നതിന് സെക്രട്ടറി തലത്തിലുള്ള ഓഡിറ്റ് നിരീക്ഷണ സമിതികളുടെയും ചീഫ് സെക്രട്ടറി തലത്തിലുള്ള അപ്പെക്സ് സമിതികളുടെയും നിരീക്ഷണ സംവിധാനത്തിന്റെ പരാജയമാണ് മറുപടി ലഭിക്കാതെ ഐആറുകൾ വൻതോതിൽ തീർപ്പാക്കാതെ ബാക്കിനിൽക്കുന്നത് കാണിച്ചു തരുന്നത്.

ധനവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ[3] നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റ് നിരീക്ഷണത്തിന് ഉടനടി ഉചിതമായ പ്രതികരണം ഉറപ്പാക്കുന്നതിന് ഫലപ്രദമായ സംവിധാനം സർക്കാർ ഏർപ്പെടുത്തേണ്ടതുണ്ട്.

### 1.7.2 വകുപ്പുതല ഓഡിറ്റ് സമിതി യോഗങ്ങൾ

ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുകളുടെയും ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെയും തീർപ്പാക്കലിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി സർക്കാർ ഓഡിറ്റ് സമിതികൾ രൂപീകരിച്ചു. 2021-22

[3] 1965 നവംബർ 15 ലെ സർക്കുലർ മെമ്മോറാണ്ടം നമ്പർ 57374/ ഐഎൻഎസ്.2/65/ഫിൻ.

വർഷ കാലയളവിൽ ചേർന്ന ഓഡിറ്റ് സമിതി യോഗങ്ങളുടെയും തീർപ്പാക്കിയ ഖണ്ഡികകളുടേയും വിശദാംശങ്ങൾ **പട്ടിക – 1.11ൽ** പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക – 1.11**

**വകുപ്പുതല ഓഡിറ്റ് സമിതി യോഗങ്ങളുടെ വിവരങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിശദാംശങ്ങൾ | 0039 – സംസ്ഥാന എക്സൈസ് | 0022 – കാർഷികാദായ നികുതി | ആകെ |
|---|---|---|---|---|
| 1 | 2021-22 ൽ ചേർന്ന യോഗങ്ങളുടെ എണ്ണം | 1 | 1 | **2** |
| 2 | 2021 മാർച്ച് 31 ന് ബാക്കി നിന്നിരുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | 348 | 223 | **571** |
| 3 | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം | 28 | 22 | **50** |
| 4 | തീർപ്പാക്കിയ ഖണ്ഡികകളിൽ ഉൾപ്പെട്ട തുക | 1.73 | 5.84 | **7.57** |
| 5 | 2022 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | 401 | 223 | **624** |
| 6 | തീർപ്പാക്കാൻ ബാക്കിയുള്ള ഖണ്ഡികകളിൽ ഉൾപ്പെട്ട തുക | 43.70 | 82.49 | **126.19** |

സ്രോതസ്സ് : പിഎജി (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ.

16,796 ഓഡിറ്റ് നിരീക്ഷണങ്ങൾ ശേഷിക്കുന്നുണ്ടെങ്കിലും രജിസ്ട്രേഷൻ, സംസ്ഥാന ലോട്ടറി, മോട്ടോർ വാഹനങ്ങൾ, ധനകാര്യം, ആസൂത്രണം, സാമ്പത്തിക കാര്യം, സംസ്ഥാന ചരക്ക് സേവന നികുതി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട യോഗങ്ങൾ ഒന്നും നടന്നില്ല. തീർപ്പാക്കാൻ ബാക്കിയുള്ള ഖണ്ഡികകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പതിവായി ഓഡിറ്റ് സമിതി യോഗങ്ങൾ നടത്താനുള്ള ആനുകാലികമായ കർമ്മപദ്ധതി ആവിഷ്കരിക്കുവാൻ സർക്കാർ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകണം.

### 1.7.3 കരട് ഖണ്ഡികകളോട് വകുപ്പുകളുടെ പ്രതികരണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ആറ് ആഴ്ചകൾക്കകം അവരുടെ പ്രതികരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പിഎജി (ഓഡിറ്റ് II) ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർക്ക് കരട് ഓഡിറ്റ് ഖണ്ഡികകൾ അയച്ചു കൊടുക്കുന്നു.

ഒരു നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) റിപ്പോർട്ട് ഉൾപ്പെടെ 36 ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർക്ക് അവരുടെ പേരിൽ 2022 ഡിസംബർ മാസത്തിനും 2023 മാർച്ച് മാസത്തിനും ഇടയിൽ അയച്ചുകൊടുത്തു. വകുപ്പുകളുടെ സെക്രട്ടറിമാർ 28 ഖണ്ഡികകൾക്ക് മറുപടിയും 8 ഖണ്ഡികകൾക്ക് ഇടക്കാല മറുപടിയും നൽകിയിട്ടുണ്ട്.

### 1.7.4 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ - ചുരുക്കത്തിലുള്ള നില

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (പിഎസി) വിജ്ഞാപനം (2002 ഡിസംബർ) അനുസരിച്ച് നിയമനിർമ്മാണ സഭയിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം രണ്ടു മാസത്തിനകം ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടി എടുക്കൽ വിശദീകരണ കുറിപ്പുകൾ സർക്കാർ, ലെജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽ, കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്. 2016 മാർച്ച് 31-ന് അവസാനിച്ചത് മുതൽ 2019-21 വരെയുള്ള കാലയളവിലെ കേരള സർക്കാരിന്റെ റവന്യൂ മേഖലയെക്കുറിച്ചുള്ള കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ, 2017 മാർച്ച് 6 നും 2023 ഫെബ്രുവരി 9 നും ഇടയിൽ സംസ്ഥാന നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ (പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾപ്പെടെ 106 ഖണ്ഡികകൾ) തുടർനടപടിയുടെ സ്ഥിതി ഇനിപ്പറയുന്നവയാണ്:

- 25 ഖണ്ഡികകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമുള്ള നടപടി എടുക്കൽ വിശദീകരണക്കുറിപ്പുകൾ ലഭിച്ചത് ശരാശരി 10 മാസം മുതൽ 66 മാസം വരെ താമസിച്ചായിരുന്നു.

- അഞ്ചു വകുപ്പുകളിൽ നിന്നും 57 ഖണ്ഡികകളിന്മേലുള്ള (44 വെവ്വേറെയും 13 പിഎ/ അവലോകന ഖണ്ഡികകളും) നടപടി എടുക്കൽ വിശദീകരണക്കുറിപ്പുകൾ ഇതുവരെയും (2023 മാർച്ച്) ലഭിച്ചിട്ടില്ല. ഇതിൽ 2019-21 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ 19 ഖണ്ഡികകളും ഉൾപ്പെടുന്നു.
- പിഎസി 24 ഖണ്ഡികകൾ ചർച്ച ചെയ്യുകയും അതിന്റെ ശുപാർശകൾ 2021-2023 കാലയളവിൽ കമ്മിറ്റിയുടെ അതാത് കാലയളവിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

സ്വീകരിച്ച നടപടികളുടെ വിശദീകരണ കുറിപ്പുകൾ സമർപ്പിക്കാത്തത് പ്രധാനമായും നികുതി, റവന്യൂ, ദുരന്ത നിവാരണം എന്നീ വകുപ്പുകൾ ആയിരുന്നു. 2017 ജൂൺ 15, 2017 ഡിസംബർ 11, 2018 ജൂൺ 23, 2018 ഡിസംബർ 18, 2020 ഫെബ്രുവരി 11, 2022 ഫെബ്രുവരി 22 തീയതികളിൽ നടന്ന അപെക്സ് കമ്മിറ്റി യോഗങ്ങളിൽ എടിഎൻ ലഭിക്കാത്തത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**പട്ടിക –1.12**ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം നികുതി, എക്സൈസ്, ഗതാഗതം, റവന്യൂ, ദുരന്തനിവാരണം എന്നീ നാല് വകുപ്പുകളിൽ നിന്നും പിഎസിയുടെ 120 ശുപാർശകളിൽ 110 എണ്ണത്തിലും നടപടി എടുക്കൽ വിശദീകരണക്കുറിപ്പുകൾ ലഭിച്ചിട്ടില്ല (2023 ഫെബ്രുവരി).

**പട്ടിക – 1.12**
**നാല് വകുപ്പുകളിൽ നിന്ന് എടിഎൻ ലഭിക്കാത്തതിന്റെ വിശദാംശങ്ങൾ**

| വർഷം | വകുപ്പിന്റെ പേര് | | | | ആകെ |
|---|---|---|---|---|---|
| | നികുതി | എക്സൈസ് | ഗതാഗതം | റവന്യൂ, ദുരന്ത നിവാരണം | |
| 2004-06 | - | - | - | 1 | 1 |
| 2006-08 | - | - | - | 2 | 2 |
| 2008-11 | 3 | - | - | - | 3 |
| 2011-14 | - | - | - | - | - |
| 2014-16 | 2 | - | 4 | - | 6 |

| വർഷം | വകുപ്പിന്റെ പേര് | | | | ആകെ |
|---|---|---|---|---|---|
| | നികുതി | എക്സൈസ് | ഗതാഗതം | റവന്യൂ, ദുരന്ത നിവാരണം | |
| 2016-19 | 38 | 11 | 7 | 2 | 58 |
| 2019-21 | 16 | - | 5 | 8 | 29 |
| 2021-23 | 3 | - | 1 | 7 | 11 |
| **ആകെ** | **62** | **11** | **17** | **20** | **110** |

സ്രോതസ്സ്: പിഎജി പരിപാലിക്കുന്ന രേഖകളും വകുപ്പുകളുടെ സംഖ്യകളുമായി ഒത്തുനോക്കിയത്.

## 1.8 ഓഡിറ്റിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ സ്ഥിതി

പരിശോധനാ റിപ്പോർട്ടുകൾ/ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉയർത്തിക്കാട്ടിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകൾക്ക്/ സർക്കാരിനുള്ള സംവിധാനം വിശകലനം ചെയ്യുന്നതിനായി, കഴിഞ്ഞ 10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഒരു വകുപ്പിനെക്കുറിച്ച് ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളിലും പ്രവർത്തനക്ഷമതാ പരിശോധനകളിലും എടുത്ത നടപടികൾ വിശകലനം ചെയ്യുകയും ഈ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

തുടർന്ന് നൽകിയിരിക്കുന്ന 1.8.1 മുതൽ 1.8.2 വരെയുള്ള ഖണ്ഡികകളിൽ, 0030- മുദ്രപത്രവും രജിസ്ട്രേഷൻ ഫീസും എന്ന റവന്യൂ ശീർഷകത്തിനു കീഴിലെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനക്ഷമതയും പ്രാദേശിക പരിശോധനയിൽ കണ്ടുപിടിക്കപ്പെട്ട കേസുകളും 2011–12 മുതൽ 2020–21 വരെ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേസുകളും ചർച്ച ചെയ്യുന്നു.

### 1.8.1. പരിശോധനാ റിപ്പോർട്ടുകളുടെ നില

കഴിഞ്ഞ 10 വർഷക്കാലയളവിൽ നൽകിയ പരിശോധനാ റിപ്പോർട്ടുകളുടെ ചുരുക്കത്തിലുള്ള നില, പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളും അവയുടെ 2022 മാർച്ച് 31 ലെ നിലയും **പട്ടിക – 1.13**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 1.13**
**പരിശോധനാ റിപ്പോർട്ടുകളുടെ നില**

(₹ കോടിയിൽ)

| ക്രമ നമ്പർ | വർഷം | മുന്നിരുപ്പ് | | | പ്രസ്തുത വർഷത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത് | | | പ്രസ്തുത വർഷത്തിൽ തീർപ്പാക്കിയത് | | | നീക്കിയിരിപ്പ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം |
| 1 | 2012-13 | 484 | 1,131 | 13.40 | 106 | 277 | 3.71 | 152 | 597 | 3.72 | 438 | 811 | 13.39 |
| 2 | 2013-14 | 438 | 811 | 13.39 | 60 | 207 | 0.65 | 158 | 344 | 3.96 | 340 | 674 | 10.08 |
| 3 | 2014-15 | 340 | 674 | 10.08 | 82 | 251 | 0.86 | 61 | 164 | 1.17 | 361 | 761 | 9.77 |
| 4 | 2015-16 | 361 | 761 | 9.77 | 105 | 501 | 3.60 | 115 | 315 | 2.67 | 351 | 947 | 10.70 |
| 5 | 2016-17 | 351 | 947 | 10.70 | 69 | 406 | 1.70 | 135 | 515 | 2.14 | 285 | 838 | 10.26 |
| 6 | 2017-18 | 285 | 838 | 10.26 | 80 | 350 | 34.56 | 98 | 484 | 3.88 | 267 | 704 | 40.94 |

| ക്രമ നമ്പർ | വർഷം | മുന്നിരുപ്പ് | | | പ്രസ്തുത വർഷത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത് | | | പ്രസ്തുത വർഷത്തിൽ തീർപ്പാക്കിയത് | | | നീക്കിയിരിപ്പ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം | ഐ ആർകൾ | ഖണ്ഡി കകൾ | ധന മൂല്യം |
| 7 | 2018-19 | 267 | 704 | 40.94 | 80 | 208 | 0.95 | 63 | 346 | 2.02 | 284 | 566 | 39.87 |
| 8 | 2019-20 | 284 | 566 | 39.87 | 69 | 244 | 7.01 | 35 | 242 | 1.51 | 318 | 568 | 45.37 |
| 9 | 2020-21 | 318 | 568 | 45.37 | 30 | 163 | 5.34 | 14 | 120 | 0.61 | 334 | 611 | 50.10 |
| 10 | 2021-22 | 334 | 611 | 50.10 | 61 | 570 | 239.31 | 69 | 144 | 2.32 | 326 | 1,037 | 287.09 |

പഴയ ഖണ്ഡികകൾ തീർപ്പാക്കുന്നതിനായി വകുപ്പും/ സർക്കാരും അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസും തമ്മിൽ ഓഡിറ്റ് കമ്മിറ്റിയും അപ്പെക്സ് കമ്മിറ്റി യോഗങ്ങളും നടന്നു. 2021-22 കാലയളവിൽ സർക്കാർ തലത്തിൽ വകുപ്പ് ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റികൾ നടത്തിയിരുന്നില്ല.

### 1.8.2 അംഗീകരിച്ച കേസുകളിലെ വസൂലാക്കൽ

കഴിഞ്ഞ 10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ, വകുപ്പ് അംഗീകരിച്ചവ, വസൂലാക്കിയ തുക എന്നിവയുടെ നില **പട്ടിക – 1.14**ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക – 1.14**

**ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം | ഉൾപ്പെട്ട ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ ധനമൂല്യം | അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ എണ്ണം | അംഗീകരിക്കപ്പെട്ട ഖണ്ഡികകളുടെ ധനമൂല്യം | വർഷത്തിൽ വസൂലാക്കിയ തുക | 2022 മാർച്ച് 31 ലെ നിലയനുസരിച്ച് അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കലിന്റെ സഞ്ചിത നില |
|---|---|---|---|---|---|---|---|
| 1 | 2011-12 | 2 | 0.94 | - | - | - | - |
| 2 | 2012-13 | 1 | 14.47 | 1 | 14.47 | 0.14 | 0.14 |
| 3 | 2013-14 | 2 | 0.05 | 2 | 0.05 | 0 | 0.14 |
| 4 | 2014-15 | 1 | 0.09 | 1 | 0.09 | 0 | 0.14 |
| 5 | 2015-16 | 1 | 0.37 | 1 | 0.37 | 0.04 | 0.18 |
| 6 | 2016-17 | 3 | 0.39 | 3 | 0.39 | 0.01 | 0.19 |
| 7 | 2017-18 | 3 | 12.42 | 2 | 1.36 | 0.15 | 0.34 |
| 8 | 2018-19* | - | - | - | - | - | 0.34 |
| 9 | 2019-21# | 2 | 1.54 | - | - | - | 0.34 |

* 2019 മാർച്ചിൽ അവസാനിച്ച വർഷത്തേക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

\# 2022-ലെ റിപ്പോർട്ട് നമ്പർ 6, 2019-2021 കാലയളവിലെ റവന്യൂ മേഖലയെക്കുറിച്ചുള്ള സിഎജിയുടെ സംയോജിത അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്.

കഴിഞ്ഞ 10 വർഷ കാലയളവിലുടനീളം അംഗീകരിക്കപ്പെട്ട കേസുകളിലെ വസൂലാക്കലിന്റെ പുരോഗതി തുച്ഛമാണെന്ന് മുകളിലത്തെ പട്ടികയിൽ നിന്നും വ്യക്തമാണ്. അംഗീകരിക്കപ്പെട്ട കേസുകളിൽ നിന്നുമുള്ള വസൂലാക്കൽ, ബന്ധപ്പെട്ട

ആളുകളിൽ നിന്നും വസൂലാക്കേണ്ട കുടിശ്ശിക എന്ന നിലയിൽ തുടർനടപടി എടുക്കേണ്ടിയിരുന്നു.

## 1.9 ഓഡിറ്റ് ആസൂത്രണം

പ്രശ്നസാധ്യത വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ഓഡിറ്റ് പദ്ധതി തയ്യാറാക്കുന്നത്. ഓഫീസുകളുടെ വരുമാന നില, കഴിഞ്ഞ കാലത്തെ ഓഡിറ്റ് നിരീക്ഷണങ്ങളുടെ പ്രവണത, പരാതികൾ, മാധ്യമ റിപ്പോർട്ടുകൾ, രേഖകൾ നൽകാതിരിക്കൽ, ആർടിഐയിലൂടെ ലഭ്യമായ അന്യായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ, ധനദുർവിനിയോഗം എന്നിവ അനുസരിച്ച് വിവിധ വകുപ്പുകൾക്കു കീഴിലെ യൂണിറ്റ് ഓഫീസുകളെ ഉയർന്നത്, മദ്ധ്യമം, താഴ്ന്നത് എന്നിങ്ങനെ പ്രശ്ന സാധ്യതയുള്ള യൂണിറ്റുകൾ ആയി തരംതിരിച്ചിരിക്കുന്നു. മൊത്തം നിലനിന്നിരുന്ന 772 ഓഡിറ്റ് യൂണിറ്റുകളിൽ 2021-22 വർഷക്കാലയളവിൽ 113 യൂണിറ്റുകൾ ഓഡിറ്റ് ചെയ്തു. ഇത് മൊത്തം ഓഡിറ്റ് യൂണിറ്റുകളുടെ 14.64 ശതമാനമായിരുന്നു. മുകളിൽ സൂചിപ്പിച്ച യൂണിറ്റുകൾക്ക് പുറമേ, ഒരു നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റും ഈ വർഷത്തിൽ ഏറ്റെടുത്തു.

## 1.10 ഓഡിറ്റിന്റെ ഫലങ്ങൾ

**പ്രസ്തുത വർഷത്തിൽ നടത്തിയ ഓഡിറ്റിന്റെ സ്ഥിതി**

സംസ്ഥാന ജിഎസ്ടി, മോട്ടോർ വാഹനങ്ങൾ, സംസ്ഥാന എക്സൈസ്, രജിസ്ട്രേഷൻ, മറ്റ് വകുപ്പുതല ഓഫീസുകൾ എന്നിവയുടെ 137 യൂണിറ്റുകളിലെ രേഖകളുടെ പരീക്ഷണ പരിശോധന 2021-22 വർഷ കാലയളവിൽ നടത്തിയതിൽ കുറഞ്ഞ നികുതി നിർണ്ണയം/ കുറഞ്ഞ നികുതി ചുമത്തൽ/ റവന്യൂ നഷ്ടം എന്നിവയിലായി ₹4,332.22 കോടി ഉൾപ്പെട്ട 419 കേസുകൾ ശ്രദ്ധയിൽപ്പെട്ടു. 2021-22 കാലയളവിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച 128 കേസുകളിൽ ഉൾപ്പെട്ട ₹541.74 കോടിയുടെ കുറഞ്ഞ നികുതി നിർണ്ണയവും മറ്റു കുറവുകളും ബന്ധപ്പെട്ട വകുപ്പുകൾ അംഗീകരിച്ചു, ഓഡിറ്റ് ചൂണ്ടിക്കാണിച്ച 2 കേസുകളിലായി 0.52 കോടി രൂപ സമാഹരിക്കുകയും ചെയ്തു. 2021-22 വർഷ കാലയളവിൽ മുൻ വർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളുമായി ബന്ധപ്പെട്ട 335 കേസുകളിലായി ₹1,577.81 കോടി വകുപ്പുകൾ പിരിച്ചെടുത്തു.

## 1.11 ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത്

2021-22 വർഷത്തെ റെക്കോർഡുകളുടെ ടെസ്റ്റ് ഓഡിറ്റിനിടെ ശ്രദ്ധയിൽപ്പെട്ടതും കൂടാതെ മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടതുമായ 127.17 കോടി രൂപയുടെ വരുമാന പ്രഭാവം ഉൾപ്പെടുന്ന 33 ഖണ്ഡികകൾ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു. 2021-22 ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട സംഭവങ്ങളും ആവശ്യമുള്ളിടത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. 57.42 കോടി രൂപയുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പ്/ സർക്കാർ അംഗീകരിച്ചു, അതിൽ 0.04 കോടി രൂപ തിരിച്ചുപിടിച്ചു. തുടർന്നുള്ള II മുതൽ VI വരെയുള്ള അധ്യായങ്ങളിൽ ഇവ വിശദമായി ചർച്ചചെയ്യുന്നു.

*ശുപാർശ: ധനവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റ് നിരീക്ഷണത്തിന് വേഗത്തിൽ ഉചിതമായ പ്രതികരണം ഉറപ്പാക്കുന്നതിന് ഫലപ്രദമായ സംവിധാനം സർക്കാർ ഏർപ്പെടുത്തേണ്ടതുണ്ട്.*

# അദ്ധ്യായം II
# ചരക്കു സേവന നികുതി

# അദ്ധ്യായം - II
# ചരക്കു സേവന നികുതി

## 2.1 നികുതികാര്യ നിർവ്വഹണം

നികുതി വകുപ്പ് കേരള സർക്കാരിന്റെ പ്രധാന വരുമാന സ്രോതസ്സാണ്, വരുമാനത്തിന്റെ മുക്കാൽ ഭാഗവും നികുതി വകുപ്പിൽ നിന്നുമാണ്. അഴിമതി സമ്പ്രദായങ്ങൾ ഇല്ലാതാക്കുന്നതിനും സേവനങ്ങളിലേക്കുള്ള തടസ്സമില്ലാത്ത പ്രവേശനത്തിനായി പ്രസക്തമായ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിനുമായി സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളിലൂടെ സ്വമേധയാ നികുതി പാലിക്കൽ ഉറപ്പാക്കുകയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. നികുതി പിരിവ്, ഡീലർമാരുടെ രജിസ്ട്രേഷൻ, നികുതി കുടിശ്ശിക വീണ്ടെടുക്കൽ, സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നടപ്പിലാക്കുന്ന നിയമ നിർമ്മാണങ്ങളുടെ കീഴിലുള്ള നികുതി കുറ്റകൃത്യങ്ങൾ കണ്ടെത്തൽ, തടയൽ എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. റിട്ടേൺ ഫയൽ ചെയ്യൽ, നികുതി അടയ്ക്കൽ, നിയമാനുസൃത ഫോമുകളുടെ വിതരണം, ചരക്കുകളുടെ പ്രഖ്യാപനം തുടങ്ങിയ വകുപ്പിന്റെ നിർണായക പ്രവർത്തനങ്ങൾ ഇപ്പോൾ പൂർണ്ണമായും യാന്ത്രികമാണ്.

ചരക്കു സേവന നികുതി (ജിഎസ്ടി) നിയമം, കേരള പൊതുവില്പന നികുതി (കെജിഎസ്ടി) നിയമം, കേരള മൂല്യവർദ്ധിത നികുതി (കെവിഎടി) നിയമം, കേരള മണി ലെൻഡിംഗ് ആക്ട്, ആഡംബര നികുതി നിയമം, കാർഷിക ആദായ നികുതി നിയമം എന്നിവ കൈകാര്യം ചെയ്യുന്നത് നികുതി വകുപ്പാണ്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ (എസ്ജിഎസ്ടി) തലവനായ കമ്മീഷണറെ അഡീഷണൽ കമ്മീഷണർ, ജോയിന്റ് കമ്മീഷണർമാർ (ജെസിമാർ), ഡെപ്യൂട്ടി കമ്മീഷണർമാർ (ഡിസിമാർ), അസിസ്റ്റന്റ് കമ്മീഷണർമാർ (എസിമാർ), സംസ്ഥാന നികുതി ഓഫീസർമാർ (എസ്ടിഒ) എന്നിവർ സഹായിക്കുന്നു. നികുതിനിർണ്ണയം, ചുമത്തൽ, പിരിവ് എന്നിവ എസിമാരും സംസ്ഥാന നികുതി ഓഫീസർമാരും നടത്തുന്നു.

കഞ്ചാവ്, കറുപ്പ്, വിദേശമദ്യം, ചില പെട്രോളിയം ഉത്പന്നങ്ങൾ എന്നിവയുടെ വില്പനയിന്മേൽ കെജിഎസ്ടി ചുമത്താവുന്നതാണ്. ശേഷിക്കുന്ന ഉൽപ്പന്നങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള വില്പനയിന്മേൽ കെവിഎടിയും അവയുടെ സംസ്ഥാനാന്തര വില്പനയിന്മേൽ കേന്ദ്രവില്പന നികുതിയും (സിഎസ്ടി) ചുമത്താവുന്നതാണ്. വിഎടി, സിഎസ്ടി മുതലായവ ഉൾപ്പെടുത്തി, 2017 ജൂലൈ 01 മുതൽ, ജിഎസ്ടി നിലവിൽ വന്നു.

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ഉണ്ടായ വൻ വെള്ളപ്പൊക്കത്തെത്തുടർന്നുള്ള പുനർനിർമ്മാണം, പുനരധിവാസം, നഷ്ടപരിഹാരം എന്നീ ആവശ്യങ്ങൾക്കായി 2019 സാമ്പത്തിക നിയമത്തിലെ വകുപ്പ് 14 പ്രകാരം സർക്കാർ 2019 ഓഗസ്റ്റ് 1 മുതൽ രണ്ട് വർഷത്തെ കാലയളവിലേക്ക് കേരള പ്രളയ സെസ് നടപ്പിലാക്കി. 2019 ഓഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെ സംസ്ഥാനം പ്രളയ സെസായി ₹1,717.01 കോടി പിരിച്ചെടുത്തു.

## 2.2 ആന്തരിക പരിശോധന

എസ്ജിഎസ്ടി വകുപ്പിന്റെ ആന്തരിക പരിശോധന വിഭാഗത്തെ (ഐഎഡബ്ല്യൂ) കമ്മീഷണർ നിരീക്ഷിക്കുന്നു. 2021-22 വർഷത്തെ ആന്തരിക പരിശോധന വിഭാഗത്തിന്റെ ഫലപ്രദമായ പ്രവർത്തന യൂണിറ്റിൽ 10 ഡെപ്യൂട്ടി കമ്മീഷണർമാരും രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരും 15 സംസ്ഥാന നികുതി ഓഫീസർമാരും അവരുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ജോയിന്റ് കമ്മീഷണറും ഉണ്ടായിരുന്നു. ഐഎഡബ്ല്യൂവിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനമൊന്നും നൽകിയിട്ടില്ല.

കെവിഎടിഐഎസിലെ സൂക്ഷ്മപരിശോധന മൊഡ്യൂൾ പ്രയോജനപ്പെടുത്തി ഒരു പ്രത്യേക ഇ ഓഡിറ്റിലൂടെ തിരഞ്ഞെടുത്ത 7,037 ഫയലുകളിൽ നിന്ന് 4,633 ഖണ്ഡികകൾ ഉടലെടുത്തു. ഇതിൽ 2,647 കേസുകൾ തീർപ്പാക്കിയതിലൂടെ ₹748.93 കോടി രൂപയുടെ അധിക ഡിമാൻഡ് സൃഷ്ടിച്ചു.

## 2.3 ഓഡിറ്റിന്റെ ഫലങ്ങൾ

എസ്ജിഎസ്ടി വകുപ്പിൽ ഓഡിറ്റിന് വിധേയമാകാവുന്ന 216 യൂണിറ്റുകൾ ഉണ്ടായിരുന്നു. ഇതിൽ 2021-2022 വർഷ കാലയളവിൽ എസ്എസ്സിഎയ്ക്കുള്ള 24 യൂണിറ്റുകൾ ഉൾപ്പെടെ 42 യൂണിറ്റുകൾ പരീക്ഷണ പരിശോധനയ്ക്കായി ഓഡിറ്റ് തിരഞ്ഞെടുത്തു. 2021-22 കാലയളവിൽ കെവിഎടി/ കെജിഎസ്ടി/ സിഎസ്ടി നികുതിനിർണ്ണയ റെക്കോഡുകളുടെയും ബന്ധപ്പെട്ട രേഖകളുടെയും പരീക്ഷണ പരിശോധനയിൽ, നികുതി/ പലിശ കുറവായി ചുമത്തിയത്/ ചുമത്താതിരുന്നത്, ക്രമരഹിതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നൽകിയത്, വിറ്റുവരവ് നികുതിനിർണ്ണയത്തിൽ നിന്നും വിട്ടുപോയത്, മറ്റ് പിഴവുകൾ സംഭവിച്ചത് എന്നിവയുമായി ബന്ധപ്പെട്ട ₹49.35 കോടി വരുന്ന 68 കേസുകളിൽ കുറഞ്ഞ നികുതി നിർണയവും മറ്റു ക്രമക്കേടുകളും സംഭവിച്ചതായി കണ്ടെത്തി. റെക്കോഡുകളുടെ പരീക്ഷണ പരിശോധനയെ അടിസ്ഥാനമാക്കിയുള്ള കേസുകൾ ആയതിനാൽ ഇവ ഉദാഹരണങ്ങൾ മാത്രമാണ്. പരീക്ഷണപരിശോധന നടത്തിയ കേസുകൾ ടെസ്റ്റ് ഓഡിറ്റ് ആയതിനാലും ഓഡിറ്റ് നിരീക്ഷണങ്ങൾ ടെസ്റ്റ് ഓഡിറ്റിൽ ഉൾപ്പെടാത്ത മറ്റു കേസുകളിൽ പ്രതിഫലിക്കാൻ സാധ്യതയുള്ളവയായതിനാലും വകുപ്പ് ബാക്കിയുള്ള യൂണിറ്റുകളിൽ ആന്തരിക പരിശോധന നടത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും അതിലൂടെ അനുവർത്തന രഹിതമായ സംഭവങ്ങൾ പരിഹരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും അത്തരം സന്ദർഭങ്ങളിൽ വീഴ്ചയുടെ ഉത്തരവാദിത്തം നിജപ്പെടുത്തുകയും വേണം. മുൻവർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നു. ഈ ക്രമക്കേടുകൾ നിലനിൽക്കുന്നു എന്ന് മാത്രമല്ല അടുത്ത ഓഡിറ്റ് നടത്തുന്നത് വരെ അവ കണ്ടെത്താൻ കഴിയാനാവാതെയുമിരിക്കുന്നു. ഒരു എസ്എസ്സിഎ ഉൾപ്പെടെ താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന കുറഞ്ഞ നികുതിനിർണ്ണയവും മറ്റു ക്രമക്കേടുകളുമായി ബന്ധപ്പെട്ട ₹49.35 കോടി ഉൾപ്പെടുന്ന 68 കേസുകൾ **പട്ടിക - 2.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 2.1**

**നികുതി കുറവായി ചുമത്തിയതിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിഭാഗങ്ങൾ | കേസുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പുകളുടെ മേൽനോട്ടം സംബന്ധിച്ച എസ്എസ്സിഎ | 1 | 35.55 |
| 2 | നികുതിനിർണ്ണയത്തിൽ നിന്നും വിറ്റുവരവ് വിട്ടുപോയതിലുണ്ടായ നികുതിയുടെ കുറഞ്ഞ ഒടുക്കൽ | 14 | 2.74 |
| 3 | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അമിതമായി ഉപയോഗിച്ചതു മൂലമുണ്ടായ നികുതിയുടെ കുറഞ്ഞ ഒടുക്കൽ | 3 | 0.12 |
| 4 | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി ഉപയോഗിച്ചതു മൂലമുണ്ടായ നികുതിയുടെ കുറഞ്ഞ ഒടുക്കൽ | 10 | 1.50 |
| 5 | മറ്റുള്ളവ | 40 | 9.44 |
| **ആകെ** | | **68** | **49.35** |

2021-22 വർഷ കാലയളവിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച, കുറവായി നികുതി നിർണ്ണയിച്ചതും മറ്റ് ന്യൂനതകളും അടങ്ങിയ ₹5.50 കോടിയുടെ 218 കേസുകൾ വകുപ്പ് അംഗീകരിച്ചു. പ്രസ്തുത വർഷത്തിൽ 218 കേസുകളിലായി ₹4.28 കോടി വസൂലാക്കി.

## 2.4 'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം' എന്ന നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ്

### 2.4.1 ആമുഖം

കേന്ദ്രവും സംസ്ഥാനങ്ങളും ഈടാക്കുകയും ശേഖരിക്കുകയും ചെയ്യുന്ന വിവിധ നികുതികൾക്ക് പകരമായി 2017 ജൂലൈ 01 മുതൽ ചരക്ക് സേവന നികുതി (ജിഎസ്ടി) നിലവിൽ വന്നു. ഇത് ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണത്തിന്മേലുള്ള ഓരോ മൂല്യവർദ്ധനവിനും ചുമത്തുന്ന, ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗ നികുതിയാണ്. കേന്ദ്രവും സംസ്ഥാനങ്ങളും ഒരേസമയം ഒരു പൊതു നികുതി അടിത്തറയിൽ ജിഎസ്ടി ചുമത്തുന്നു. കേന്ദ്ര ജിഎസ്ടി (സിജിഎസ്ടി), സംസ്ഥാന ജിഎസ്ടി (എസ്ജിഎസ്ടി)/ കേന്ദ്രഭരണ പ്രദേശ ജിഎസ്ടി (യുടിജിഎസ്ടി) എന്നിവ സംസ്ഥാനത്തിനുള്ളിലെ വിതരണങ്ങളിൽ ചുമത്തുന്നു, കൂടാതെ ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി) അന്തർ സംസ്ഥാന വിതരണങ്ങളിൽ ചുമത്തുന്നു.

2017ലെ സിജിഎസ്ടി / എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 59 പ്രകാരം, ജിഎസ്ടി ഒരു സ്വയം വിലയിരുത്തൽ അടിസ്ഥാനമാക്കിയുള്ള നികുതിയായതിനാൽ, നികുതി ബാധ്യത കണക്കാക്കുന്നതിനും കണക്കാക്കിയ നികുതി ബാധ്യത തീർപ്പാക്കുന്നതിനും റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്തം നികുതിദായകനിൽ നിക്ഷിപ്തമാണ്. ജിഎസ്ടി റിട്ടേണുകൾ ജിഎസ്ടി കോമൺ പോർട്ടലിൽ പതിവായി ഓൺലൈനായി ഫയൽ ചെയ്യണം. അതിൽ പരാജയപ്പെട്ടാൽ വൈകിയതിനുള്ള ഫീസും പിഴയും ഈടാക്കാം. ഒരു പ്രത്യേക നികുതി കാലയളവിൽ ബിസിനസിന് നികുതി ബാധ്യത ഇല്ലെങ്കിൽ പോലും, നിർബന്ധമായും ഒരു 'നിൽ' റിട്ടേൺ ഫയൽ ചെയ്യണം. കൂടാതെ, നിയമത്തിന്റെ 61-ാം വകുപ്പ്, 2017 ലെ എസ്ജിഎസ്ടി / സിജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 99-നോടൊപ്പം വായിച്ചാൽ, നികുതിദായകർ നൽകിയ റിട്ടേണും അനുബന്ധ വിവരങ്ങളും പ്രോപ്പർ ഓഫീസർക്ക് സൂക്ഷ്മമായി പരിശോധിക്കാമെന്നും പൊരുത്തക്കേടുകൾ നികുതിദായകരെ അറിയിക്കാമെന്നും വിശദീകരണം തേടാമെന്നും വ്യവസ്ഥ ചെയ്യുന്നു.

ഈ പുതിയ നികുതി വ്യവസ്ഥയിൽ നികുതി അനുസരണത്തിനായി വിഭാവനം ചെയ്തിരിക്കുന്ന നിയന്ത്രണ സംവിധാനത്തിന്റെ പ്രാധാന്യവും കേരള സർക്കാരിന്റെ സംസ്ഥാന നികുതി വകുപ്പിന്റെ മേൽനോട്ട സംവിധാനവും പരിഗണിച്ചാണ് ഈ നിർദ്ദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) ഏറ്റെടുത്തത്.

### 2.4.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

'ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടത്തിന്റെ ഓഡിറ്റ്' ഇനിപ്പറയുന്ന ഓഡിറ്റ് ലക്ഷ്യങ്ങളോടെയാണ് ഏറ്റെടുത്തത്:

i. നിയമങ്ങളും നടപടിക്രമങ്ങളും രൂപകൽപന ചെയ്തിരിക്കുന്നത് നികുതി അനുസരണം കാര്യക്ഷമമായി പരിശോധിക്കുന്നതിനാണോ, കൂടാതെ നികുതിദായകർ അത് കൃത്യമായി പാലിക്കുന്നുണ്ടോ, കൂടാതെ

ii. സർക്കിളുകളുടെ സൂക്ഷ്മപരിശോധനാ നടപടിക്രമങ്ങൾ, ആന്തരിക പരിശോധന, മറ്റ് അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ എന്നിവ മതിയായതും ഫലപ്രദവുമാണോ.

## 2.4.3 ഓഡിറ്റിന്റെ വ്യാപ്തി

നികുതിദായകരുടെ അനുസരണം, സൂക്ഷ്മപരിശോധനാ പ്രക്രിയ, രജിസ്റ്റർ ചെയ്ത നികുതിദായകർ സമർപ്പിച്ച റിട്ടേണുകളിൽ വകുപ്പ് നടത്തുന്ന തുടർനടപടികൾ എന്നിവ ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നു. കൂടാതെ, 2017-18 വർഷത്തെ നികുതിദായകരുടെ സാംപിളിന്റെ രേഖകളുടെ അവലോകനം എസ്എസ്സിഎയിൽ ഉൾപ്പെടുന്നു. ഈ എസ്എസ്സിഎയുടെ പരിധിയിൽ തിരഞ്ഞെടുത്ത സർക്കിളുകളുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഉൾപ്പെടുന്നു.

റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയുടെയും നികുതിദായകരുടെ രേഖകളുടെ പരിശോധനയുടെയും അവലോകന കാലയളവ് 2017 ജൂലൈ മുതൽ 2018 മാർച്ച് വരെയും തിരഞ്ഞെടുത്ത സർക്കിളുകളുടെ പ്രവർത്തനങ്ങളുടെ ഓഡിറ്റിന് 2017-18 മുതൽ 2020-21 വരെയും ആയിരുന്നു.

## 2.4.4 ഓഡിറ്റ് രീതിശാസ്ത്രവും സാമ്പിൾ തിരഞ്ഞെടുപ്പും

ആസൂത്രണത്തിനും, കൂടാതെ കാര്യമായ ഓഡിറ്റിന്റെ സ്വഭാവവും വ്യാപ്തിയും നിർണ്ണയിക്കാനും ഒരു ഡാറ്റാധിഷ്ഠിത സമീപനം സ്വീകരിച്ചു. ഈ എസ്എസ്സിഎയുടെ സാമ്പിൾ ഇനി പറയുന്നവ ഉൾക്കൊള്ളുന്നു:

- സർക്കിളുകളുടെ കംപ്ലയൻസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സർക്കിളുകളുടെ ഒരു സാമ്പിൾ;
- ഫീൽഡ് സന്ദർശനങ്ങൾ ഉൾപ്പെടാത്ത കേന്ദ്രീകൃത ഓഡിറ്റിനായി ഡാറ്റ വിശകലനത്തിലൂടെ തിരിച്ചറിഞ്ഞ ഒരു കൂട്ടം വ്യതിയാനങ്ങൾ; ഒപ്പം
- ഫീൽഡ് സന്ദർശനങ്ങളും വകുപ്പിന്റെ പരിസരത്ത് നികുതിദായകരുടെ രേഖകളുടെ സൂക്ഷ്മപരിശോധനയും ഉൾപ്പെട്ട വിശദമായ ഓഡിറ്റിനായി നികുതിദായകരുടെ ഒരു സാമ്പിൾ.

ഈ എസ്എസ്സിഎയ്ക്ക് ഇനിപ്പറയുന്ന മൂന്ന് വ്യത്യസ്ത ഭാഗങ്ങളുണ്ട്:

### (i) ഭാഗം I - സർക്കിളുകളുടെ ഓഡിറ്റ്

മേൽനോട്ട പ്രവർത്തനങ്ങളുടെ മൂല്യനിർണ്ണയത്തിനായി, വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത ഏറ്റവും കൂടുതൽ സാമ്പിളുകൾ അധികാരപരിധിയിൽ വരുന്ന പത്ത്[4] നികുതിനിർണ്ണയ സർക്കിളുകൾ നികുതിനിർണ്ണയ സർക്കിളുകളുടെ ഓഡിറ്റിനുള്ള സാമ്പിളായി പരിഗണിച്ചു.

[4] ആലുവയിലെ സ്പെഷ്യൽ സർക്കിൾ മട്ടാഞ്ചേരി, വർക്ക്സ് കോൺട്രാക്ട് എറണാകുളം, സ്പെഷ്യൽ സർക്കിൾ തൃശ്ശൂർ, ഡെപ്യൂട്ടി കമ്മീഷണർ തൃശ്ശൂർ, സ്റ്റേറ്റ് ടാക്സ് ഓഫീസ് II സർക്കിൾ തൃപ്പൂണിത്തുറ, സ്പെഷ്യൽ സർക്കിൾ കോട്ടയം, ഡെപ്യൂട്ടി കമ്മിഷണർ കോട്ടയം, സ്പെഷ്യൽ സർക്കിൾ മലപ്പുറം, സ്പെഷ്യൽ സർക്കിൾ പാലക്കാട്, സ്പെഷ്യൽ സർക്കിൾ I എറണാകുളം.

### (ii) ഭാഗം II - കേന്ദ്രീകൃത ഓഡിറ്റ്

നികുതിദായകർ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള ഒരു കൂട്ടം വ്യതിയാനങ്ങളും യുക്തിപരമായ പൊരുത്തക്കേടുകളും ജിഎസ്ടിഎൻ പരിസരത്ത് 2017–18ലെ ജിഎസ്ടി റിട്ടേൺ ഡാറ്റ വിശകലനം ചെയ്തതിലൂടെ ഓഡിറ്റ് കണ്ടെത്തി. വാർഷിക റിട്ടേണുകളും അക്കൗണ്ട് ബുക്കുകളും തമ്മിലുള്ള ഐടിസിയുടെ പൊരുത്തക്കേട്, പലിശയുടെ കുറഞ്ഞ ഒടുക്കൽ മുതലായ 14 പാരാമീറ്ററുകളുടെ[5] ഒരു സെറ്റ് കണ്ടെത്തി. വകുപ്പിന്റെ സൂക്ഷ്മപരിശോധനാ നടപടിക്രമത്തിന്റെ പര്യാപ്തതയും ഫലപ്രാപ്തിയും വിലയിരുത്തുന്നതിനായി ഉയർന്ന റിസ്ക്കുള്ള 419 കേസുകളുടെ സാമ്പിൾ ഓഡിറ്റ് തിരഞ്ഞെടുത്തു. ഓഡിറ്റ് അവലോകനം 2022 ഏപ്രിലിനും 2022 ജൂലൈയ്ക്കും ഇടയിൽ ബന്ധപ്പെട്ട നികുതിനിർണ്ണയ സർക്കിളുകൾക്ക് നൽകിയ ചോദ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. നികുതിദായകരുടെ രേഖകളുടെ കൂടുതൽ സൂക്ഷ്മപരിശോധന നടത്തിയിട്ടില്ല.

### (iii) ഭാഗം III - വിശദമായ ഓഡിറ്റ്

നികുതിനിർണ്ണയ സർക്കിളുകളിൽ ലഭ്യമായ രേഖകളുടെ പരിശോധനയ്ക്കായി ഫീൽഡ് സന്ദർശനങ്ങൾ ഉൾപ്പെട്ട വിശദമായ ഓഡിറ്റിനായി 45 കേസുകൾ ഓഡിറ്റ് തിരഞ്ഞെടുത്തു. നികുതിദായകരുടെ നികുതി അനുസരണത്തിന്റെ വ്യാപ്തി വിലയിരുത്തുന്നതിനായി നികുതിദായകരുടെ റിട്ടേണുകളും അനുബന്ധ അറ്റാച്ച്മെന്റുകളും വിവരങ്ങളും സർക്കിളുകൾ വഴി പരിശോധിച്ചു. നികുതിദായകരുമായി ബന്ധപ്പെട്ട ഡാറ്റ/ രേഖകൾ (രജിസ്ട്രേഷൻ, നികുതി ഒടുക്കൽ, റിട്ടേണുകൾ, മറ്റ് വകുപ്പുതല കർത്തവ്യങ്ങൾ മുതലായവ) പരിശോധിക്കാൻ എസ്എസ്ഐഡികൾ[6] നൽകിയിട്ടുള്ളത് ഓഡിറ്റ് പരമാവധി ഉപയോഗിച്ചു. ബന്ധപ്പെട്ട നികുതിനിർണ്ണയ സർക്കിളുകൾ വഴി ഇൻവോയ്സുകൾ പോലുള്ള പ്രസക്തമായ ഗ്രാനുലാർ രേഖകൾ നികുതിദായകരിൽ നിന്ന്, റിസ്ക് അടിസ്ഥാനമാക്കിയുള്ള സമീപനത്തിൽ, ശേഖരിക്കാൻ ശ്രമിച്ചു.

കേരള സർക്കാറിന്റെ അഡീഷണൽ സെക്രട്ടറി (നികുതി) വകുപ്പ്, കമ്മീഷണർ, സംസ്ഥാന ജിഎസ്ടി വകുപ്പ്, കൂടാതെ സംസ്ഥാന സർക്കാരിലെയും വകുപ്പിലെയും മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി 2022 മാർച്ച് 30 ന് നടന്ന ഈ എസ്എസ്സിഎയുടെ എൻട്രി കോൺഫറൻസിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, സാമ്പിൾ തിരഞ്ഞെടുക്കൽ ഓഡിറ്റ് വ്യാപ്തിയും രീതിശാസ്ത്രവും എന്നിവ ചർച്ച ചെയ്തു. കേരള സർക്കാറിന്റെ അഡീഷണൽ സെക്രട്ടറി, (നികുതി) വകുപ്പ്, കമ്മീഷണർ, സംസ്ഥാന ജിഎസ്ടി വകുപ്പ്, കൂടാതെ സംസ്ഥാന സർക്കാരിന്റെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി 2023 ജനുവരി 25ന് നടന്ന എക്സിറ്റ് കോൺഫറൻസിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ സംസ്ഥാന സർക്കാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കരട് റിപ്പോർട്ടിനുള്ള രേഖാമൂലമുള്ള മറുപടികളും ഉചിതമായ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2.4.5 ഓഡിറ്റ് മാനദണ്ഡം

ഓഡിറ്റ് മാനദണ്ഡത്തിന്റെ ഉറവിടം എസ്ജിഎസ്ടി നിയമം, 2017, ഐജിഎസ്ടി നിയമം, 2017, അതിനനുസരിച്ചുള്ള ചട്ടങ്ങൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നു. കൂടാതെ, സംസ്ഥാന നികുതി വകുപ്പ് പുറപ്പെടുവിച്ച റിട്ടേണുകൾ ഫയൽ ചെയ്യൽ, വിവിധ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് പ്രാബല്യത്തിലുള്ള തീയതികൾ അറിയിക്കൽ, റിട്ടേണുകൾ

[5] 14 പരാമീറ്ററുകൾ ഡി1 മുതൽ ഡി15 വരെ പട്ടിക 2.2ൽ സൂചിപ്പിച്ചിരിക്കുന്നു; ഡി5 (ഐഎസ്ഡി റിവേഴ്സൽ) ഇല്ല.

[6] സിംഗിൾ സൈൻഓൺ ഐഡികൾ – ജിഎസ്ടിഎൻ ബാക്കെൻഡ് ആക്സസ് ചെയ്യുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്ന യുണീക് ഉപയോക്തൃ ഐഡിയും പാസ്വേഡും.

ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതികൾ നീട്ടൽ, ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കുകൾ, നികുതി അടയ്ക്കൽ, ഐടിസിയുടെ പ്രയോജനപ്പെടുത്തലും ഉപയോഗപ്പെടുത്തലും, റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, നികുതി അനുസരണത്തിന്റെ മേൽനോട്ടം, വിവിധ വിഷയങ്ങളിൽ നൽകുന്ന ഉപദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അറിയിപ്പുകളും സർക്കുലറുകളും ഓഡിറ്റ് മാനദണ്ഡത്തിന്റെ ഭാഗമായി.

## 2.4.6 വകുപ്പിന്റെ കംപ്ലയൻസ് വെരിഫിക്കേഷൻ (ഭാഗം I) – സർക്കിളുകളുടെ ഓഡിറ്റ്

(i) റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയുടെ ഫലപ്രാപ്തി, (ii) ആന്തരിക പരിശോധനയുടെ അഭാവം, (iii) ഡാറ്റാ മൈനിംഗ് സെല്ലിന്റെ അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് ഉപയോഗപ്പെടുത്തുന്നതിലുള്ള പരാജയം (iv) രജിസ്ട്രേഷൻ റദ്ദാക്കിയതിന് ശേഷമുള്ള ജിഎസ്ടിആർ 10 ഫയൽ ചെയ്യാത്തതിനുള്ള നടപടികളുടെ അഭാവം (v) വൈകി ഫയൽ ചെയ്യുന്നവർക്കും ഫയൽ ചെയ്യാത്തവർക്കും എതിരെ നടപടിയില്ലായ്മ എന്നിങ്ങനെ അഞ്ച് വ്യവസ്ഥാപരമായ മേഖലകൾ ഓഡിറ്റിലെ പരിശോധനയ്ക്കായി കണ്ടെത്തി. അതനുസരിച്ച്, തിരഞ്ഞെടുത്ത പത്ത് നികുതിനിർണ്ണയ സർക്കിളുകളിൽ നിന്ന് പ്രസക്തമായ വിവരങ്ങൾ ആവശ്യപ്പെട്ടു. പ്രഖ്യാപിത നികുതിവിധേയ മൂല്യത്തിന്റെ കൃത്യത, നികുതി ബാധ്യതകളുടെ കണക്കുകൂട്ടൽ, അടയ്ക്കൽ, റിട്ടേണുകൾ ഫയൽ ചെയ്യൽ തുടങ്ങിയവ നികുതിദായകർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് സർക്കിളുകളുടെ കർത്തവ്യം. സർക്കിളുകൾക്ക് ഇക്കാര്യത്തിൽ വിപുലമായ പ്രവർത്തനങ്ങൾ ചെയ്യാനുണ്ട്, അവ ഈ എസ്എസ്സിഎയുടെ ഭാഗമായി വിലയിരുത്തപ്പെട്ടു. ജിഎസ്ടിക്ക് മുമ്പുള്ള കാലഘട്ടത്തിലെന്നപോലെ പ്രോപ്പർ ഓഫീസർമാർ ഭൗതികമായ രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടായിരുന്നില്ല, കൂടാതെ വകുപ്പിന്റെ മോഡൽ 1[7] ബാക്കെൻഡിൽ എംഐഎസ് റിപ്പോർട്ടുകളും ശരിയായി സൃഷ്ടിച്ചിട്ടില്ല. അതിനാൽ, തിരഞ്ഞെടുത്ത നികുതിനിർണ്ണയ സർക്കിളുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റയെയാണ് ഓഡിറ്റ് ആശ്രയിച്ചത്.

രേഖകൾ നൽകാത്തതും, മോഡൽ 1 ബാക്കെൻഡിൽ ഓഡിറ്റിന് നൽകിയിട്ടുള്ള എസ്എസ്ഒഐഡികളിലെ പരിമിതിയും, ക്രമക്കേടുകൾ പരിശോധിക്കുന്നതിനും വകുപ്പിന്റെ മേൽനോട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമുള്ള ഓഡിറ്റിന്റെ പരിധി പരിമിതപ്പെടുത്തുന്നതിന് കാരണമായി.

### 2.4.6.1 റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയുടെ ഫലപ്രാപ്തി

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 61 പ്രകാരം, നികുതിദായകർ ഫയൽ ചെയ്യുന്ന വിവിധ റിട്ടേണുകളുടെ കൃത്യത പരിശോധിക്കാൻ പ്രോപ്പർ ഓഫീസർ റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന നടത്തേണ്ടതും റിട്ടേണുകളിൽ പ്രതിഫലിക്കുന്ന വ്യത്യാസങ്ങൾക്കോ പൊരുത്തക്കേടുകൾക്കോ ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ, 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം, പൊരുത്തക്കേടുകൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ, നികുതിദായകനെ നിർബന്ധമായും അറിയിക്കുകയും വിശദീകരണം ആരായുകയും ചെയ്യേണ്ടതാണ്. നൽകിയ വിശദീകരണം പ്രോപ്പർ ഓഫീസർക്ക് സ്വീകാര്യമാണെന്ന് കണ്ടെത്തിയാൽ, നടപടിക്രമം ഒഴിവാക്കുകയും നികുതിദായകനെ അതനുസരിച്ച് അറിയിക്കുകയും വിഷയത്തിൽ തുടർനടപടികൾ ഒഴിവാക്കുകയും വേണം. എന്നിരുന്നാലും, അറിയിപ്പു ലഭിച്ച് 30 ദിവസത്തിനുള്ളിൽ (പ്രോപ്പർ ഓഫീസർക്ക് നീട്ടാവുന്ന

[7] സംസ്ഥാന ജിഎസ്ടി വകുപ്പിലെ പ്രോപ്പർ ഓഫീസർക്ക് വിവിധ നികുതി ഭരണ കാര്യങ്ങൾക്കായി എൻഐസി വികസിപ്പിച്ച ബാക്കെൻഡ് ഇന്റർഫേസാണ് മോഡൽ 1.

താണ്) നികുതിദായകൻ തൃപ്തികരമായ വിശദീകരണം നൽകുന്നില്ലെങ്കിലോ എന്തെങ്കിലും തിരുത്തൽ നടപടിയെടുക്കുകയോ ചെയ്തില്ലെങ്കിൽ, നിയമത്തിലെ വകുപ്പ് 73 അല്ലെങ്കിൽ വകുപ്പ് 74 പ്രകാരം ഡിമാൻഡ് നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള ഉചിതമായ നടപടി പ്രോപ്പർ ഓഫീസർക്ക് ആരംഭിക്കാവുന്നതാണ്.

റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയുടെ പ്രക്രിയ ഇനിപ്പറയുന്ന ഫ്ളോ ചാർട്ടിൽ കാണിച്ചിരിക്കുന്നു:




എ) സൂക്ഷ്മപരിശോധനയ്ക്കുള്ള കേസുകൾ തിരഞ്ഞെടുക്കുന്നതിനുള്ള സമീപനം, റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള സമയക്രമം, റിപ്പോർട്ടിംഗ്, നിരീക്ഷണം എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പ്രോപ്പർ ഓഫീസർ ഏകീകൃതമായി പാലിക്കേണ്ട വിലയിരുത്തൽ/ സൂക്ഷ്മ പരിശോധന നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള മാന്വൽ/ വിശദമായ നിർദ്ദേശങ്ങളൊന്നും സംസ്ഥാന ജിഎസ്ടി വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 ഒക്ടോബർ) സൂക്ഷ്മപരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/ നിർദ്ദേശങ്ങൾ അടങ്ങിയ 2021 നവംബർ 7ലെ സർക്കുലർ നം.07/ 2021 പുറപ്പെടുവിച്ചതായി വകുപ്പ് പ്രസ്താവിച്ചു (2022 നവംബർ).

വിശദമായ പരിശോധനയ്ക്കായി മാത്രം അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ടുകളിലൂടെ തിരിച്ചറിഞ്ഞ പതിനൊന്ന് നിർദ്ദിഷ്ട റിസ്ക് പാരാമീറ്ററുകൾക്ക് മാത്രമായി സർക്കുലർ പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ മറുപടി പൂർണ്ണമായും സ്വീകാര്യമല്ല. സൂക്ഷ്മപരിശോധന ഷെഡ്യൂൾ, സൂക്ഷ്മപരിശോധന കേസുകൾ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ നടപടിക്രമം, റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയ്ക്കും അതിന്റെ നിരീക്ഷണത്തിനുമുള്ള സമയക്രമങ്ങൾ, ലക്ഷ്യങ്ങൾ എന്നിവയെപ്പറ്റി നിർദ്ദേശങ്ങൾ നിശബ്ദമാണ്.

ബി) തിരഞ്ഞെടുത്ത പത്ത് നികുതിനിർണ്ണയ സർക്കിളുകളിലെ പ്രോപ്പർ ഓഫീസർ നടത്തിയ സൂക്ഷ്മപരിശോധന ഓഡിറ്റ് വിലയിരുത്തി.

10 നികുതിനിർണ്ണയ സർക്കിളുകളിൽ ഒമ്പതിലും[8] എഎസ്എംടി 10 പ്രകാരം 3,796 നോട്ടീസുകൾ നൽകിയിരുന്നെങ്കിലും എസ്‌സിഎൻ നൽകിയത് 1,131 കേസുകളിൽ മാത്രമാണ്. ഇത് **അനുബന്ധം II**ൽ വിശദമാക്കിയിട്ടുള്ള 2,665 കേസുകളിൽ പൊരുത്തക്കേടുകളുടെ തുടർ നടപടികൾക്കായി തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നു. ബാക്കിയുള്ള കേസുകളിൽ സ്വീകരിച്ച നടപടികൾ കാത്തിരിക്കുകയാണ്.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

**ശുപാർശ നമ്പർ 1**

**സർക്കിളുകൾ സമയബന്ധിതമായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് ലക്ഷ്യങ്ങൾ നിശ്ചയിക്കാൻ കഴിയുന്ന തരത്തിൽ സൂക്ഷ്മപരിശോധനാ സമയക്രമവും സൂക്ഷ്മപരിശോധന കേസുകൾ തിരഞ്ഞെടുക്കുന്നതിനുള്ള വിശദമായ നടപടിക്രമവും വകുപ്പ് നിർദ്ദേശിക്കാവുന്നതാണ്.**

### 2.4.6.2 ആന്തരിക പരിശോധനയുടെ അഭാവം

2017-ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 65(1) കമ്മീഷണർക്ക് ഒരു ഉത്തരവിലൂടെ, നിർദേശിച്ച കാലയളവിൽ, ആവൃത്തിയിൽ, വിധത്തിൽ ഏതെങ്കിലും ഒരു രജിസ്റ്റർ ചെയ്ത വ്യക്തിയുടെ ഓഡിറ്റ് നടത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്താൻ അധികാരം നൽകുന്നു. 2017ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(13) ഓഡിറ്റിനെ നിർവചിക്കുന്നത്, പ്രഖ്യാപിത വിറ്റുവരവ്, അടച്ച നികുതി, ക്ലെയിം ചെയ്ത റീഫണ്ട്, ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നിവയുടെ കൃത്യതയ്ക്കുവേണ്ടി രേഖകൾ, റിട്ടേണുകൾ മുതലായവ പരിശോധിക്കുന്നതിനും ഈ നിയമത്തിന്റെയോ അതിനനുസരിച്ചുള്ള ചട്ടങ്ങളുടെയോ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നതിനുമാണ്. വകുപ്പിന്റെ കംപ്ലയൻസ് മോണിറ്ററിംഗിന്റെ അവിഭാജ്യ ഘടകമാണ് ആന്തരിക പരിശോധന.

തിരഞ്ഞെടുത്ത പത്ത് ഓഫീസുകളിൽ ഒന്നിലും ഓഡിറ്റ് കാലയളവിൽ ആന്തരിക പരിശോധന നടന്നിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഒരു ഇന്റേണൽ ഓഡിറ്റ് പാർട്ടി നിലവിലില്ല അല്ലെങ്കിൽ അത്തരം നികുതിനിർണ്ണയ സർക്കിളുകളിലെ പ്രോപ്പർ ഓഫീസർ ആരെയും നികുതിദായകരുടെ രേഖകളുടെ പരിശോധന ജോലിക്ക് മേൽപ്പറഞ്ഞ വകുപ്പുകൾക്ക് അനുസൃതമായി നിയോഗിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ജിഎസ്ടി നടപ്പാക്കി അഞ്ച് വർഷം പിന്നിട്ടിട്ടും ആന്തരിക പരിശോധന വിഭാഗം രൂപീകരിക്കാൻ ഇതുവരെയും വകുപ്പിന് കഴിഞ്ഞിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 ഒക്ടോബർ), വകുപ്പ് പുനഃസംഘടിപ്പിച്ചതിന് ശേഷം മാത്രമാണ്, അതായത് 2023 ജനുവരി മുതൽ വകുപ്പിന്റെ ആന്തരിക പരിശോധന പ്രവർത്തനം പൂർണ്ണതോതിലായത് എന്ന് സർക്കാർ പ്രസ്താവിച്ചു (2023 ജനുവരി). രണ്ട് സംസ്ഥാന നികുതി ഓഫീസർമാരും മൂന്ന് അസിസ്റ്റന്റ് ടാക്സ് ഓഫീസർമാരും അടങ്ങുന്ന 140 ഓഡിറ്റ് ടീമുകൾക്കൊപ്പം 15 നികുതി ജില്ലകളെ

[8] കോട്ടയം ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് ഒഴികെ, ജിഎസ്ടി ഫയലുകൾ 2020 ഓഗസ്റ്റ് മുതൽ നികുതിനിർണ്ണയ സർക്കിളിലേക്ക് മാറ്റി.

ഉൾപ്പെടുത്തി ഏഴ്[9] ഓഡിറ്റ് സോണുകൾ സൃഷ്ടിച്ചു. എന്നിരുന്നാലും, ഇത് ഒരു ഓഡിറ്റ് വിഭാഗത്തിന്റെ രൂപീകരണം ഉൾപ്പെടെയുള്ള പുനഃക്രമീകരണത്തിനുള്ള നിർദ്ദേശം മാത്രമാണെന്ന് ഓഡിറ്റ് കണ്ടെത്തി, എന്നാൽ ഓഡിറ്റ് എങ്ങനെ നടത്തണം എന്നതിനെക്കുറിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറോ (എസ്ഒപി) നിർദ്ദേശങ്ങളോ നൽകിയിട്ടില്ല.

**ശുപാർശ നമ്പർ 2**

**പുതുതായി സൃഷ്ടിച്ച ആന്തരിക പരിശോധന വിഭാഗം ആന്തരിക പരിശോധന നടത്തുന്നതിന് വേണ്ടണ്ടിയുള്ള വിശദമായ നിർദ്ദേശങ്ങൾ/ മാന്വൽ വകുപ്പിന് പുറപ്പെടുവിക്കാം.**

### 2.4.6.3 ഡാറ്റാ മൈനിംഗ് സെല്ലിന്റെ അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ടുകൾ ഉപയോഗിക്കുന്നതിൽ പരാജയം

സിബിഐസി, ഡാറ്റാ വിശകലനത്തിലൂടെ ശ്രദ്ധയിൽപ്പെട്ട ഉയർന്ന റിസ്ക്കുള്ള നികുതിദായകരെ ഉൾക്കൊള്ളുന്ന സംസ്ഥാനാടിസ്ഥാനത്തിലുള്ള ഡിജിഎആർഎം[10] റിപ്പോർട്ടുകൾ സൃഷ്ടിച്ച് സംസ്ഥാന ജിഎസ്ടി കമ്മീഷണറുടെ നടപടിക്കായി പങ്കിട്ടിരുന്നു. ഈ റിപ്പോർട്ടുകൾ സംസ്ഥാന ജിഎസ്ടി വകുപ്പ് ഉപയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഡിജിഎആർഎം റിപ്പോർട്ടുകൾക്ക് പകരം, സംസ്ഥാന ജിഎസ്ടി വകുപ്പിന്റെ ഡാറ്റാ മൈനിംഗ് സെൽ 2021 ഡിസംബർ മുതൽ സ്വന്തം അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ടുകൾ (എഐആർ) സൃഷ്ടിക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷണത്തിനുള്ള മറുപടിയിൽ വകുപ്പ് വ്യക്തമാക്കി, അവ കൂടുതൽ സംസ്ഥാന നിർദ്ദിഷ്ടവും പരിമിതമായ അളവുകളുള്ള[11] ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ഫീൽഡിൽ നിന്ന് ഓൺലൈനായി ശേഖരിക്കുകയും പ്രതിവാര കോൺഫറൻസുകളിൽ അവലോകനം ചെയ്യുകയും ചെയ്യുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ വഴിയാണ് എഐആർന്റെ തുടർനടപടികൾ നടത്തുന്നത്.

എന്നിരുന്നാലും, ഈ എഐആറുകളിന്മേൽ തുടർനടപടികളൊന്നും ഓഡിറ്റിന് കണ്ടെത്താനായില്ല. കൂടുതൽ വിശകലനത്തിനും നികുതിനിർണ്ണയ സർക്കിളുകളുടെ പ്രകടനം നിരീക്ഷിക്കുന്നതിനുമായി അത്തരം നടപടികളുടെ ഫലങ്ങൾ എങ്ങനെയാണ് രേഖപ്പെടുത്തുന്നത് എന്ന് ഓഡിറ്റ് കൂടുതൽ അന്വേഷിച്ചു (2023 ഫെബ്രുവരി), ഇതിന് മറുപടിയൊന്നും നൽകിയിട്ടില്ല.

അതിനാൽ, ഉയർന്ന റിസ്ക്കുള്ള നികുതിദായകരെ തിരിച്ചറിയുന്നതിനുള്ള സംവിധാനത്തിന്റെയും തുടർന്നുള്ള വകുപ്പിന്റെ തുടർ നടപടികളുടെയും ഫലപ്രാപ്തിയെ സംബന്ധിച്ച് ഓഡിറ്റിന് ഉറപ്പ് നേടാൻ കഴിഞ്ഞില്ല.

---

9 എറണാകുളം (എറണാകുളം, ആലുവ), തിരുവനന്തപുരം (തിരുവനന്തപുരം), തൃശൂർ (തൃശൂർ, പാലക്കാട്), കോഴിക്കോട് (കോഴിക്കോട്, മലപ്പുറം, വയനാട്), കൊല്ലം (കൊല്ലം, പത്തനംതിട്ട), കണ്ണൂർ (കണ്ണൂർ, കാസർകോട്), കോട്ടയം (കോട്ടയം, ആലപ്പുഴ, ഇടുക്കി).

10 ഡയറക്ടറേറ്റ് ജനറൽ ഓഫ് അനലിറ്റിക്സ് ആൻഡ് റിസ്ക് മാനേജ്മെന്റ്.

11 ജിഎസ്ടിആർ 2എ- ജിഎസ്ടിആർ 3ബി ഐടിസി താരതമ്യം, ജിഎസ്ടിആർ 9- 8ഡി വ്യത്യാസം, നിശ്ചിത തീയതിക്ക് ശേഷം ലഭ്യമായ ഐടിസി, ക്യാപിറ്റൽ ഗുഡ്സ് ഐടിസിയും ഒഴിവാക്കിയ വിറ്റുവരവ് തമ്മിലും, ജിഎസ്ടിആർ- 1ഉം ജിഎസ്ടിആർ 3ബിയും തമ്മിലും ജിഎസ്ടിആർ 3ബി യും ഇ-വേ ബില്ലും തമ്മിലുള്ള പൊരുത്തക്കേട്.

### 2.4.6.4 രജിസ്ട്രേഷൻ റദ്ദാക്കിയതിന് ശേഷം ജിഎസ്ടിആർ 10 ഫയൽ ചെയ്യാത്തതിന് നടപടിയില്ലായ്മ

തുടർച്ചയായി ആറ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാത്ത (കോമ്പോസിഷൻ നികുതിദായകർക്ക് തുടർച്ചയായി മൂന്ന് നികുതി കാലയളവ്) നികുതിദായകരുടെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കൽ ഉൾപ്പെടെയുള്ള രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 29 വ്യവസ്ഥ ചെയ്യുന്നു. ഫയൽ ചെയ്യാത്തവരുടെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കുന്നതിന് പ്രോപ്പർ ഓഫീസർ ഉത്തരവാദിയാണ്. 2017 ലെ എസ്ജിഎസ്ടി നിയമത്തിന്റെ 45-ാം വകുപ്പും എസ്ജിഎസ്ടി ചട്ടങ്ങൾ, 2017 ലെ ചട്ടം 81 ഉം പ്രകാരം, രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട ഏതൊരു വ്യക്തിയും, റദ്ദാക്കിയ തീയതിയോ അല്ലെങ്കിൽ റദ്ദാക്കൽ ഉത്തരവായ തീയതിയോ, ഏതാണോ അവസാനം, അന്ന് മുതൽ മൂന്ന് മാസത്തിനുള്ളിൽ ഫോം ജിഎസ്ടിആർ 10ൽ അന്തിമ റിട്ടേൺ ഫയൽ ചെയ്യണമെന്ന് വ്യക്തമാക്കുന്നു.

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 63 അനുസരിച്ച്, നികുതി വിധേയനായ വ്യക്തി രജിസ്ട്രേഷൻ നേടുന്നതിന് ബാധ്യസ്ഥനാണെങ്കിലും രജിസ്ട്രേഷൻ എടുത്തില്ലെങ്കിൽ അല്ലെങ്കിൽ വകുപ്പ് 29-ലെ ഉപവകുപ്പ് (2) പ്രകാരം രജിസ്ട്രേഷൻ റദ്ദാക്കിയെങ്കിലും നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണെങ്കിൽ, ബന്ധപ്പെട്ട നികുതി കാലയളവുകളിൽ നികുതി ബാധ്യതയുള്ള വ്യക്തിയുടെ നികുതി ബാധ്യത വിലയിരുത്താൻ ഉദ്യോഗസ്ഥന് സ്വന്തം തീരുമാനങ്ങൾക്കനുസരിച്ച് മുന്നോട്ട് പോകാം, കൂടാതെ നികുതി ബാധ്യതയുള്ള സാമ്പത്തിക വർഷത്തെ റിട്ടേൺ നൽകുന്നതിന് വകുപ്പ് 44 പ്രകാരം വ്യക്തമാക്കിയ തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ ഒരു അസസ്മെന്റ് ഓർഡർ നൽകാം.

എ) ഓഡിറ്റിന്റെ പരിധിയിൽ വരുന്ന കാലയളവിൽ പത്തിൽ ഒമ്പത് അസസ്മെന്റ് സർക്കിളുകളിലും 1,035 നികുതിദായകർ തങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷയിലൂടെ അല്ലെങ്കിൽ പ്രോപ്പർ ഓഫീസർ സ്വമേധയാ റദ്ദാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, എന്നാൽ റദ്ദാക്കൽ തീയതി മുതൽ മൂന്ന് മാസം കഴിഞ്ഞിട്ടും 775 നികുതിദായകർ ജിഎസ്ടിആർ 10 ഫയൽ ചെയ്തില്ല, പ്രോപ്പർ ഓഫീസർ നടപടിയൊന്നും സ്വീകരിച്ചിട്ടുമില്ല എന്നത് **അനുബന്ധം III**ൽ വിശദമാക്കിയിരിക്കുന്നു.

ബി) റദ്ദാക്കിയ തിയതിക്ക് ശേഷം ഇത്തരം റദ്ദുചെയ്ത നികുതിദായകർ എന്തെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റദ്ദാക്കിയ 1,035 നികുതിദായകരിൽ 150 കേസുകൾ ഓഡിറ്റ് പരീക്ഷണ പരിശോധന നടത്തി, ഏഴ്[12] അസസ്മെന്റ് സർക്കിളുകളിലായി 29 നികുതിദായകർ റദ്ദാക്കിയ ജിഎസ്ടിഐഎൻ ഉപയോഗിച്ച് ജിഎസ്ടിആർ 2എ യിൽ പ്രതിഫലിച്ച 14.18 കോടി രൂപയുടെ വാങ്ങലുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടത് **അനുബന്ധം IV**ൽ വിശദമാക്കിയിരിക്കുന്നു.

കൂടുതൽ സൂക്ഷ്മപരിശോധനയിൽ, റദ്ദാക്കിയ ഈ 29 നികുതിദായകരിൽ 25 നികുതിദായകർ ജിഎസ്ടിആർ 10 ഫയൽ ചെയ്തിട്ടില്ലെന്നും ബാക്കിയുള്ള നാല്[13]

---

[12] ആലുവയിലെ സ്പെഷ്യൽ സർക്കിൾ മട്ടാഞ്ചേരി, വർക്ക്സ് കോൺട്രാക്ട് എറണാകുളം, ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ് തൃശൂർ, സംസ്ഥാന നികുതി ഓഫീസ് II സർക്കിൾ തൃപ്പൂണിത്തുറ, സ്പെഷ്യൽ സർക്കിൾ മലപ്പുറം, സ്പെഷ്യൽ സർക്കിൾ പാലക്കാട്, സ്പെഷ്യൽ സർക്കിൾ I എറണാകുളം.

[13] ജയ്ഹിന്ദ് ട്രേഡേഴ്സ് (32AABFJ7099K1Z1), വിടി സ്റ്റോർ (32AJHPV2908G1Z8), പൊന്നൂർ മാർക്കറ്റിംഗ് (32AAJFP5810G1ZH), ഓട്ടോക്രിറ്റ്സ് (32EDAPS7868P1ZN).

നികുതിദായകർ ജിഎസ്ടിആർ 2 എയിൽ പ്രതിഫലിച്ച ഇടപാടുകളുടെ വിശദാംശങ്ങളില്ലാതെ ജിഎസ്ടിആർ 10 ഫയൽ ചെയ്തിട്ടുണ്ടെന്നും കണ്ടെത്തി. 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 63 അനുസരിച്ച് പ്രോപ്പർ ഓഫീസർ അത്തരം നികുതിദായകരെ വിലയിരുത്തിയില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 സെപ്റ്റംബറിനും ഒക്ടോബറിനും ഇടയിൽ), രണ്ട്[14] കേസുകളുമായി ബന്ധപ്പെട്ട്, രേഖകൾ വിശദമായി പരിശോധിച്ച ശേഷം മറുപടി നൽകുമെന്ന് പ്രോപ്പർ ഓഫീസർ പ്രസ്താവിച്ചു (2022 ഒക്ടോബറിനും നവംബറിനും ഇടയിൽ). രജിസ്ട്രേഷൻ റദ്ദാക്കിയ നികുതിദായകരുടെ വിലയിരുത്തൽ നടത്തുന്നതിന്, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ജിഎസ്ടി ബാക്ക്-എൻഡിന്റെ സഹായ ത്തോടെ ഡീലർക്കായി ഒരു താൽക്കാലിക ജിഎസ്ടിഐഎൻ സൃഷ്ടിക്കണമെന്ന് നാല് കേസുകളുമായി ബന്ധപ്പെട്ട് മലപ്പുറം സ്പെഷ്യൽ സർക്കിളിലെ പ്രോപ്പർ ഓഫീസർ പ്രസ്താവിച്ചു (2023 ജനുവരി). എന്നാൽ ഇപ്പോൾ ജിഎസ്ടി ബാക്ക്-എൻഡിൽ അത്തരമൊരു പ്രവർത്തനം ഇല്ല. അതിനാൽ ജിഎസ്ടിഎൻ വഴി എഎസ്എംടി 14 നൽകുന്നതിന് താൽക്കാലിക ഐഡി സൃഷ്ടിക്കാൻ ഐടി സെല്ലിലേക്ക് ഒരു അഭ്യർത്ഥന അയച്ചു. മൊഡ്യൂളിലെ പ്രവർത്തനം സജീവമാകു മ്പോൾ ഉടൻ തന്നെ തുടർനടപടികൾ സ്വീകരിക്കും. ബാക്കിയുള്ള 23 കേസുകളുടെ മറുപടിക്കായി കാത്തിരിക്കുകയാണ്.

വിഷയം വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറു പടി കാത്തിരിക്കുന്നു (2023 മാർച്ച്).

**ശുപാർശ നമ്പർ 3**

**റദ്ദാക്കിയ ജിഎസ്ടിഐഎൻലേക്ക് ഇൻവോയ്സ് സൃഷ്ടിക്കാൻ രജിസ്റ്റർ ചെയ്ത വ്യക്തിയെ അനുവദിക്കുന്നത് ഒരു പ്രധാന സിസ്റ്റം പ്രശ്നമാണ്, ഇത് കണക്കിൽപ്പെടാത്ത വാങ്ങലുകൾക്കും അനുബന്ധ വിൽപ്പനകൾക്കും മറ്റും വഴിയൊരുക്കും. അതിനാൽ, റദ്ദാക്കിയ ജിഎസ്ടിഐഎൻകളെ നെറ്റ്‌വർക്കിൽ എന്തെങ്കിലും ഇടപാടുകൾ നടത്താൻ അനുവദിക്കാതിരിക്കുന്നതിന് അത്തരം ജിഎസ്ടിഐഎൻകളുടെ സ്ഥിതി തത്സമയ അടിസ്ഥാനത്തിൽ അപ്ഡേറ്റ് ചെയ്യുന്നതിലൂടെയുള്ള ഒരു സിസ്റ്റം ചെക്ക് നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.**

### 2.4.6.5 ജിഎസ്ടി റിട്ടേണുകൾ വൈകി ഫയൽ ചെയ്യുന്നവർക്കും ഫയൽ ചെയ്യാത്തവർക്കും എതിരായ നടപടിയുടെ അഭാവം

2017 ലെ എസ്ജിഎസ്ടി നിയമത്തിന്റെ 46-ാം വകുപ്പ്, എസ്ജിഎസ്ടി ചട്ടങ്ങൾ, 2017-ന്റെ ചട്ടം 68 എന്നിവ നികുതിദായകൻ നിശ്ചിത തീയതിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, പതിനഞ്ച് ദിവസത്തിനുള്ളിൽ റിട്ടേൺ ഫയൽ ചെയ്യണമെന്ന് ഫോം ജിഎസ്ടിആർ 3എ -ൽ ഒരു അറിയിപ്പ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അത്തരം നോട്ടീസിനു ശേഷവും നികുതിദായകൻ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ, ലഭ്യമായതോ ശേഖരിച്ചതോ ആയ പ്രസക്തമായ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത് പ്രോപ്പർ ഓഫീസർക്ക് പ്രസ്തുത വ്യക്തിയുടെ നികുതി ബാധ്യത യുക്തിക്കനുസരിച്ച് വിലയിരുത്തി ഫോം എഎസ്എംടി 13 ൽ നികുതിനിർണ്ണയ ഓർഡർ നൽകാം. നികുതി വീഴ്ചയുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിട്ടേൺ നൽകുന്നതിനുള്ള നിശ്ചിത തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ ഈ നികുതിനിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അത്തരം ഓർഡറിന്റെ ഒരു സംഗ്രഹം ഫോം ഡിആർസി 07ൽ സിസ്റ്റത്തിൽ അപ്‌ലോഡ് ചെയ്യണം.

[14] പാലക്കാട് സ്പെഷ്യൽ സർക്കിളിലെ യൂറോടെക് സിമന്റ്സ്, തൃശൂർ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിലെ പൊന്നൂർ മാർക്കറ്റിംഗ്.

തിരഞ്ഞെടുത്ത പത്ത് മൂല്യനിർണ്ണയ സർക്കിളുകളിൽ വൈകി ഫയൽ ചെയ്തവർക്കും ഫയൽ ചെയ്യാത്തവർക്കും എതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് ആവശ്യപ്പെട്ടെങ്കിലും പ്രോപ്പർ ഓഫീസർ ലഭ്യമാക്കിയില്ല. വിവരങ്ങൾ/ പ്രസക്തമായ രേഖകൾ നൽകാത്തത് ഓഡിറ്റിന്റെ വ്യാപ്തി പരിമിതപ്പെടുത്തി. അതിനാൽ, വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത 45 നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നത് ഓഡിറ്റ് പരിശോധിച്ചതിൽ മൂന്ന്[15] നികുതിദായകർ 188 ദിവസം മുതൽ 419 ദിവസം വരെ കാലതാമസത്തോടെ റിട്ടേൺ ഫയൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, ഈ കേസുകളിൽ നികുതിനിർണ്ണയവും രജിസ്ട്രേഷൻ റദ്ദാക്കലും സംബന്ധിച്ച് പ്രോപ്പർ ഓഫീസർ ഒരു നടപടിയും ആരംഭിച്ചിരുന്നില്ല.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

## 2.4.7 കേന്ദ്രീകൃത ഓഡിറ്റ് (ഭാഗം II)

ജിഎസ്ടിഎൻ ലഭ്യമാക്കിയ 2017-18 ലെ ജിഎസ്ടി റിട്ടേൺ ഡാറ്റ ഓഡിറ്റ് വിശകലനം ചെയ്തു. നിയമാധിഷ്ഠിത വ്യതിയാനങ്ങളും നികുതിദായകർ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള യുക്തിപരമായ പൊരുത്തക്കേടുകളും 14 പാരാമീറ്ററുകളിൽ തിരിച്ചറിഞ്ഞു, അവയെ വിശാലമായി രണ്ട് ഡൊമെയ്നുകളായി തരംതിരിക്കാം - ഐടിസി, നികുതി പേയ്മെന്റുകൾ.

ജിഎസ്ടി റിട്ടേണുകൾ/ ഡാറ്റകൾ തമ്മിലുള്ള വ്യതിയാനങ്ങൾ, പൊരുത്തക്കേടുകൾ എന്നിവ തിരിച്ചറിയുന്നതിനായി 14 നിർദ്ദിഷ്ട ജിഎസ്ടി റിട്ടേണുകളിൽ[16] സാധാരണ നികുതിദായകർക്ക് ബാധകമായ ഇനിപ്പറയുന്ന അടിസ്ഥാന റിട്ടേണുകൾ പരിഗണിച്ചു:

- ജിഎസ്ടിആർ-1: ചരക്കുകളുടെയും സേവനങ്ങളുടെയും ഔട്ട്‌വാർഡ് സപ്ലൈ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന, ചരക്കുകളുടെയും സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും ഔട്ട്‌വാർഡ് സപ്ലൈകൾ നടത്തുന്ന സാധാരണ നികുതിദായകരും താൽകാലിക രജിസ്റ്റേർഡ് നികുതിദായകരും നൽകുന്ന പ്രതിമാസ റിട്ടേൺ.

- ജിഎസ്ടിആർ-3ബി: നിയമത്തിന്റെ വകുപ്പ് 39(1) പ്രകാരം വ്യക്തമാക്കിയിട്ടുള്ളവ ഒഴികെ എല്ലാ നികുതിദായകരും ഫയൽ ചെയ്യേണ്ട, നികുതിദായകന്റെ നികുതി അടയ്ക്കുന്നതിനൊപ്പം ഔട്ട്‌വേർഡ് സപ്ലൈസിന്റെയും ക്ലെയിം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും പ്രതിമാസ സംഗ്രഹ റിട്ടേൺ. ഇലക്ട്രോണിക് ക്രെഡിറ്റ് ലെഡ്ജറിലെ ക്രെഡിറ്റും ഡെബിറ്റുകളും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ ഡെബിറ്റുകളും പോപ്പുലേറ്റ് ചെയ്യുന്ന റിട്ടേണാണിത്.

[15] ആലുക്ക ഗോൾഡ് പാലസ് (32AAQFA1469B1ZS), ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (32AAACF4562B1Z9), സഫേ സിസ്റ്റംസ് (32ABOFS7482F1ZT).

[16] ജിഎസ്ടിആർ 1, ജിഎസ്ടിആർ 3ബി, ജിഎസ്ടിആർ 4 (കോമ്പോസിഷൻ സ്കീമിന് കീഴിലുള്ള നികുതിദായകർ), ജിഎസ്ടിആർ 5 (നോൺ റസിഡന്റ് നികുതി വിധേയരായ വ്യക്തികൾ), ജിഎസ്ടിആർ 5 എ (നോൺ റസിഡന്റ് ഒഐഡിഎആർ സേവന ദാതാക്കൾ), ജിഎസ്ടിആർ 6 (ഇൻപുട്ട് സേവന വിതരണക്കാർ), ജിഎസ്ടിആർ 7 (ടിഡിഎസ് കിഴിവ് ചെയ്യുന്ന നികുതിദായകർ), ജിഎസ്ടിആർ 8 (ഇ-കൊമേഴ്സ് ഓപ്പറേറ്റർ), ജിഎസ്ടിആർ 9 (വാർഷിക റിട്ടേൺ), ജിഎസ്ടിആർ 9 സി (അനുരഞ്ജന പ്രസ്താവന), ജിഎസ്ടിആർ 10 (അവസാന റിട്ടേൺ), ജിഎസ്ടിആർ 11 (യുഐഎൻ ഉള്ള റീഫണ്ട് ക്ലെയിം ചെയ്യുന്ന വ്യക്തി), സിഎംപി08, ഐടിസി 04 (ഒരു ജോബ് വർക്കർക്ക് അയച്ച/ സ്വീകരിച്ച സാധനങ്ങളുടെ വിശദാംശങ്ങളെക്കുറിച്ച് ഒരു പ്രിൻസിപ്പൽ/ ജോബ് വർക്കർ ഫയൽ ചെയ്യേണ്ട പ്രസ്താവന).

- ജിഎസ്ടിആർ-6: ഇൻപുട്ട് സേവന വിതരണക്കാർക്കുള്ള പ്രതിമാസ റിട്ടേൺ, അവരുടെ വിതരണം ചെയ്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ഇൻവാർഡ് സപ്ലൈകളുടെയും വിശദാംശങ്ങൾ നൽകുന്നു.

- ജിഎസ്ടിആർ-8: ജിഎസ്ടിക്കു കീഴിൽ ടിസിഎസ് (ഉറവിടത്തിൽ നിന്ന് ശേഖരിച്ച നികുതി) കുറയ്ക്കേണ്ട ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ സമർപ്പിക്കേണ്ട, 2018 ഒക്ടോബറിൽ നടപ്പിലാക്കിയ പ്രതിമാസ റിട്ടേൺ.

- ജിഎസ്ടിആർ-9: ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ഐഎസ്ഡി), ഉറവിടത്തിലെ നികുതി കിഴിവ് / ഉറവിടത്തിൽ നിന്ന് നികുതി ശേഖരിക്കുന്നവർ, താൽകാലിക നികുതിദായകർ, നോൺ റസിഡന്റ് നികുതിദായകൻ എന്നിവർ ഒഴികെയുള്ള എല്ലാ രജിസ്റ്റർ ചെയ്ത വ്യക്തികളും ഫയൽ ചെയ്യേണ്ട വാർഷിക റിട്ടേൺ. ഈ ഡോക്യുമെന്റിൽ വർഷം മുഴുവനും വിവിധ നികുതി തലങ്ങളിൽ (സിജിഎസ്ടി, എസ്ജിഎസ്ടി, ഐജിഎസ്ടി) കൊടുത്തതും സ്വീകരിച്ചതുമായ എല്ലാ സപ്ലൈകളുടെയും വിശദാംശങ്ങളും കൂടാതെ അതിനുള്ള വിറ്റുവരവും ഓഡിറ്റ് വിശദാംശങ്ങളും അടങ്ങിയിരിക്കുന്നു.

- ജിഎസ്ടിആർ-9സി: ഒരു പ്രത്യേക സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള എല്ലാ നികുതിദായകരുടെയും വാർഷിക ഓഡിറ്റ് ഫോം. ഇത് അടിസ്ഥാനപരമായി ജിഎസ്ടിആർ-9ൽ സമർപ്പിച്ച വാർഷിക റിട്ടേണുകളും നികുതിദായകന്റെ ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവനകളും തമ്മിലുള്ള ഒരു അനുരഞ്ജന പ്രസ്താവനയാണ്.

- ജിഎസ്ടിആർ-2എ: ഒരു സ്വീകർത്താവിന് വേണ്ടിയുള്ള ഇൻവേർഡിൽ കാണിച്ചിരിക്കുന്ന സപ്ലൈസിന്റെ സിസ്റ്റം-ജനറേറ്റഡ് സ്റ്റേറ്റ്മെന്റ്. വിതരണക്കാർ അവരുടെ ഫോം ജിഎസ്ടിആർ 1/5ൽ കാണിച്ചിരിക്കുന്ന എല്ലാ ബി2ബി ഇടപാടുകളുടെയും വിശദാംശങ്ങളും, ജിഎസ്ടിആർ 6ൽ നിന്നുള്ള ഐഎസ്ഡി വിശദാംശങ്ങളും യഥാക്രമം ജിഎസ്ടിആർ 7, ജിഎസ്ടിആർ 8 എന്നിവയിൽ നിന്നുള്ള കൗണ്ടർ പാർട്ടി മുഖേനയുള്ള വിശദാംശങ്ങളും ഇന്ത്യൻ കസ്റ്റംസിന്റെ ICEGATE പോർട്ടലിൽ നിന്ന് ലഭിച്ച ബിൽ ഓഫ് എൻട്രിയിൽ വിദേശത്ത് നിന്ന് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതും ഇതിൽ അടങ്ങിയിരിക്കുന്നു.

### 2.4.7.1 ഡാറ്റ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റ് കണ്ടെത്തലുകൾ

തിരിച്ചറിഞ്ഞ 14 പാരാമീറ്ററുകളിലെ സംസ്ഥാന അധികാരപരിധിയുമായി ബന്ധപ്പെട്ട ഡാറ്റ വിശകലനത്തിന്റെ വിശദാംശങ്ങളും നിരീക്ഷിച്ച വ്യതിയാനങ്ങളുടെ/ പൊരുത്തക്കേടുകളുടെ വ്യാപ്തിയും **പട്ടിക - 2.2**ൽ സംഗ്രഹിച്ചിരിക്കുന്നു.

## പട്ടിക – 2.2
## ഡാറ്റ വിശകലനത്തിന്റെ സംഗ്രഹം

| ക്രമ നമ്പർ | പരാമീറ്റർ | അൽഗോരിതം ഉപയോഗിച്ചത് | വ്യതിയാനങ്ങളുടെ/ പൊരുത്തക്കേടുകളുടെ എണ്ണം | വ്യതിയാനങ്ങളുടെ / പൊരുത്തക്കേടുകളുടെ അളവ് (₹ കോടിയിൽ) |
|---|---|---|---|---|
| ഡൊമെയ്ൻ: ഐടിസി | | | | |
| 1. | ജിഎസ്ടിആർ 2 എ, ജിഎസ്ടിആർ 3 ബി എന്നിവ തമ്മിലുള്ള ഐടിസി പൊരുത്തക്കേട് [ഡി 1] | ജിഎസ്ടിആർ 2എ പ്രകാരം ലഭ്യമായ ഐടിസി, അതിന്റെ എല്ലാ ഭേദഗതികളോടും കൂടി, ജിഎസ്ടിആർ 3ബി –യിലെ പട്ടിക 4എ(5) ൽ (ആഭ്യന്തര സപ്ലൈകളിൽ സമ്പാദിച്ചത്) ലഭ്യമായ ഐടിസിയുമായി, പട്ടിക 4ബി(2) ലെ റിവേഴ്സൽ ഒഴികെ, എന്നാൽ തുടർന്നുള്ള 2018–19 വർഷത്തിൽ ജിഎസ്ടിആർ 9ന്റെ പട്ടിക 8സിയിൽ നിന്ന് ലഭ്യമായ ഐടിസി ഉൾപ്പെടെ താരതമ്യം ചെയ്തു. | 50 | 136.11 |
| 2. | ജിഎസ്ടിആർ 3ബി/ ജിഎസ്ടിആർ 9-ൽ നികുതി അടയ്ക്കുന്നതിന് എതിരെ റിവേഴ്സ് ചാർജ് മെക്കാനിസത്തിന് (ആർസിഎം) കീഴിൽ ഐടിസി ലഭിച്ചത് – [ഡി 2] | ജിഎസ്ടിആർ 3ബി പട്ടിക 3.1 (ഡി)-ലെ ആർസിഎം പേയ്മെന്റുകൾ ജിഎസ്ടിആർ 9 പട്ടിക 6സി, 6ഡി, 6എഫ് എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു.<br>ജിഎസ്ടിആർ 9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ, ജിഎസ്ടിആർ 3ബി - പട്ടിക 4 എ(2), 4 എ(3) ൽ ലഭ്യമായ ഐടിസി എന്നിവയെ അപേക്ഷിച്ച് പട്ടിക 3.1 (ഡി) ൽ കാണിച്ചിരിക്കുന്ന നികുതിയിൽ പരിശോധന പരിമിതപ്പെടുത്തിയിരിക്കുന്നു. | 50 | 26.82 |
| 3. | ആർസിഎമ്മിന് കീഴിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കലിന് എതിരെ ജിഎസ്ടിആർ 3ബി/ ജിഎസ്ടിആർ 9-ൽ ലഭിച്ച ഐടിസി– [ഡി 3] | ജിഎസ്ടിആർ 9 പട്ടിക 4ജിയിലെ (അടയ്ക്കേണ്ട നികുതി) ആർസിഎം പേയ്മെന്റുകൾ ജിഎസ്ടിആർ 9 പട്ടിക 6സി, 6ഡി, 6എഫ് (ലഭ്യമായ ഐടിസി) എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു.<br>ജിഎസ്ടിആർ 9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ, ജിഎസ്ടിആർ 3ബി പട്ടിക 3.1 (ഡി)ലെ ആർസിഎം പേയ്മെന്റ് ജിഎസ്ടിആർ 3ബിയി ലെ 4 (എ (2), 4 എ(3) എന്നിവയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ 9, ജിഎസ്ടിആർ 3ബി എന്നിവ രണ്ടും ലഭ്യമായിടത്ത് കൂടുതൽ വ്യത്യാസമുള്ളത് പരിഗണിച്ചു. | 16 | 3.05 |
| 4. | ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ ക്രെഡിറ്റിന്റെ തെറ്റായ ഉപയോഗം – [ഡി 4] | ജിഎസ്ടിആർ 9 പട്ടിക 6ജി അല്ലെങ്കിൽ ജിഎസ്ടിആർ 3 ബി പട്ടിക 4 (എ) (4)ൽ കൈമാറിയ ഐഎസ്ഡി, സ്വീകർത്താക്കളുടെ ജിഎസ്ടിഐഎൻകളിലെ ജിഎസ്ടിആർ 6ന്റെ പട്ടിക 5എ, പട്ടിക 8എ, പട്ടിക 9എ എന്നിവയുടെ ആകെത്തുകയുമായി താരതമ്യം ചെയ്തു. | 25 | 17.07 |
| 5. | വാർഷിക റിട്ടേണുകളും ബുക്ക്സ് ഓഫ് അക്കൗണ്ട്സും തമ്മിൽ ലഭ്യമായ ഐടിസിയുടെ പൊരുത്തക്കേട് [ഡി 6] | ജിഎസ്ടിആർ 9സി പട്ടിക 12 എഫ്-ലെ പോസിറ്റീവ് കണക്കും പട്ടിക 13-ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും | 25 | 146.15 |

| ക്രമ നമ്പർ | പരാമീറ്റർ | അൽഗോരിതം ഉപയോഗിച്ചത് | വ്യതിയാനങ്ങളുടെ/ പൊരുത്തക്കേടുകളുടെ എണ്ണം | വ്യതിയാനങ്ങളുടെ / പൊരുത്തക്കേടുകളുടെ അളവ് (₹ കോടിയിൽ) |
|---|---|---|---|---|
| 6. | സാമ്പത്തിക പ്രസ്താവനകളിലെ ചെലവുകൾക്കൊപ്പം വാർഷിക റിട്ടേണുകളിൽ ലഭ്യമായ ഐടിസി തമ്മിലുള്ള പൊരുത്തപ്പെടൽ – [ഡി 7] | ജിഎസ്ടിആർ 9സി പട്ടിക 14ടി യിലെ പോസിറ്റീവ് കണക്കും പട്ടിക 15-ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും | 25 | 508.32 |
| | | ഡൊമെയ്ൻ: നികുതി പേയ്മെന്റുകൾ | | |
| **7.** | ജിഎസ്ടിആർ 9സി പട്ടിക 5ആർ-ൽ പ്രസ്താവിച്ച വിറ്റുവരവിലെ പൊരുത്തക്കേട് – [ഡി 8] | ജിഎസ്ടിആർ 9സി പട്ടിക 5ആർ-ലെ നെഗറ്റീവ് കണക്കും പട്ടിക 6-ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും | 50 | 6,788.95 |
| 8. | ജിഎസ്ടിആർ 9സി പട്ടിക 7ജി -ൽ പ്രഖ്യാപിച്ച നികുതി വിധേയ വിറ്റുവരവിലെ പൊരുത്തക്കേട് – [ഡി 9] | ജിഎസ്ടിആർ 9സി ടേബിൾ 7ജി യിലെ നെഗറ്റീവ് കണക്കും പട്ടിക 8-ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും | 42 | 312.25 |
| 9. | ബുക്ക്സ് ഓഫ് അക്കൗണ്ട്സും റിട്ടേണുകളും തമ്മിൽ നികുതി അടച്ചതിലെ പൊരുത്തക്കേട് – [ഡി 10] | ജിഎസ്ടിആർ 9സി പട്ടിക 9 ആർ -ലെ നെഗറ്റീവ് കണക്കും പട്ടിക 10-ൽ നൽകിയിരിക്കുന്ന പൊരുത്തക്കേടിനുള്ള കാരണങ്ങളുടെ പരിശോധനയും | 50 | 31.24 |
| 10. | പരിഹരിക്കപ്പെടാത്ത ബാധ്യതകൾ – [ഡി 11] | ജിഎസ്ടിആർ 1 (പട്ടികകൾ 4 മുതൽ 11 വരെ), ജിഎസ്ടിആർ 9 (പട്ടികകൾ 4 എൻ, 10, 11) എന്നിവയിൽ നികുതി ബാധ്യത കൂടുതലുള്ളത് ജിഎസ്ടിആർ 3ബി പട്ടികകൾ 3.1 (എ), 3.1 (ബി) എന്നിവയിലെ നികുതി അടച്ച വിശദാംശങ്ങളുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ 9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ ജിഎസ്ടിആർ 3ബി യിൽ നികുതി അടച്ചത് ജിഎസ്ടിആർ 1 ബാധ്യതയുമായി താരതമ്യം ചെയ്തു.<br><br>ജിഎസ്ടിആർ 1, 9 എന്നിവയിൽ പ്രഖ്യാപിച്ച ഭേദഗതികളും മുൻകൂർ തുല്യപ്പെടുത്തലുകളും യഥാവിധി പരിഗണിച്ചു. | 25 | 55.56 |

| ക്രമ നമ്പർ | പരാമീറ്റർ | അൽഗോരിതം ഉപയോഗിച്ചത് | വ്യതിയാനങ്ങളുടെ/ പൊരുത്തക്കേടുകളുടെ എണ്ണം | വ്യതിയാനങ്ങളുടെ / പൊരുത്തക്കേടുകളുടെ അളവ് (₹ കോടിയിൽ) |
|---|---|---|---|---|
| 11. | കോമ്പോസിഷൻ നികുതിദായകർ ഇ-കൊമേഴ്സ് സൗകര്യവും പ്രയോജനപ്പെടുത്തുന്നത് – [ഡി 12] | ടിസിഎസ് വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്ന 2018 ഒക്ടോബർ 1 മുതൽ ഇ-കൊമേഴ്സ് ജിഎസ്ടിആർ 8 പ്രാബല്യത്തിൽ വന്നു. കോമ്പോസിഷൻ സ്കീമിന് കീഴിൽ ജിഎസ്ടിആർ 4 ഫയൽ ചെയ്യുന്ന ജിഎസ്ടിആർ 8ൽ പ്രസ്താവിച്ച ജിഎസ്ടിഐഎൻകൾ. | 9 | 0 |
| 12. | ജിഎസ്ടിആർ 1 ലഭ്യമാണെങ്കിലും ജിഎസ്ടിആർ 3ബി ഫയൽ ചെയ്തിട്ടില്ലാത്തത് – [ഡി 13] | ജിഎസ്ടിആർ 3ബി ഫയൽ ചെയ്തിട്ടില്ലെങ്കിലും ജിഎസ്ടിആർ 1 ഫയൽ ചെയ്യുകയും അല്ലെങ്കിൽ ജിഎസ്ടിആർ 2എ ലഭ്യമാകുകയും ചെയ്തത് നികുതിദായകർ, നികുതി നൽകാതെ തന്നെ ബിസിനസ്സ് നടത്തുന്നതിനെ സൂചിപ്പിക്കുന്നു. | 25 | 4.55 |
| 13. | പലിശയുടെ കുറഞ്ഞ ഒടുക്കൽ – [ഡി 14] | ജിഎസ്ടിആർ 3ബി യിൽ പ്രസ്താവിച്ചിട്ടുള്ള പലിശയ്ക്ക് അനുസൃതമായി ജിഎസ്ടിആർ 3ബി ഫയൽ ചെയ്യുന്നതിന് കാലതാമസം വരുത്തുമ്പോൾ ഒടുക്കേണ്ട നികുതിയുടെ ക്യാഷ് ഭാഗത്തിന് 18 ശതമാനം നിരക്കിൽ പലിശ കണക്കാക്കുന്നു | 25 | 8.15 |
| 14. | ഫയൽ ചെയ്യുന്നത് നിർത്തിയവർ – [ഡി 15] | ആറ് മാസം തുടർച്ചയായി ജിഎസ്ടിആർ 1/ ജിഎസ്ടിആർ 3ബി സമർപ്പിക്കാത്ത നികുതിദായകർ | 2 | 0 |

### 2.4.7.2 ഓഡിറ്റിനുള്ള പ്രതികരണം

**അനുബന്ധം V**ൽ വിശദമാക്കിയിരിക്കുന്നതുപോലെ 2017-18 വർഷത്തേക്കുള്ള 14 പരാമീറ്ററുകളിൽ ഓരോന്നിലും ഉയർന്ന വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ ഉള്ള 419 സാമ്പിൾ ഓഡിറ്റ് തിരഞ്ഞെടുത്തു. നികുതിദായകന്റെ രേഖകളുടെ കൂടുതൽ സൂക്ഷ്മപരിശോധന കൂടാതെ 2022 ഏപ്രിലിനും 2023 ഫെബ്രുവരിക്കും ഇടയിൽ ഓഡിറ്റ് ചോദ്യങ്ങൾ ബന്ധപ്പെട്ട നികുതിനിർണ്ണയ സർക്കിളുകൾക്ക് നൽകിയിട്ടുണ്ട്. ഈ കേസുകളിലെ ഓഡിറ്റ് പരിശോധന, തിരിച്ചറിഞ്ഞ വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ എന്നിവയിൽ വകുപ്പിന്റെ നടപടി പരിശോധിക്കുന്നതിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു.

വകുപ്പിനെ അറിയിച്ച 211 പൊരുത്തക്കേടുകൾക്ക് (50 ശതമാനം) (**അനുബന്ധം VI**) 2023 മാർച്ച് വരെ പ്രാരംഭ പ്രതികരണങ്ങൾ ലഭിച്ചിട്ടില്ല. **അനുബന്ധം VII**ൽ വിശദമാക്കിയിട്ടുള്ള 159 കേസുകൾ 542.38 കോടി രൂപയുടെ വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകൾ പ്രതിനിധീകരിക്കുന്നു.

ഇതുവരെ പ്രതികരണം ലഭിക്കാത്ത പൊരുത്തക്കേടുകളുടെ തുകയിലെ പ്രധാനപ്പെട്ട പത്ത് കേസുകളുടെ വിശദാംശങ്ങൾ ഇനിപ്പറയുന്ന **പട്ടിക 2.3**ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക – 2.3**

**പ്രതികരണത്തിനായി കാത്തിരിക്കുന്ന പ്രധാന കേസുകൾ**

| ക്രമ നമ്പർ | ജിഎസ്ടിഐഎൻ | നികുതി ദായകന്റെ പേര് | നികുതി നിർണ്ണയ സർക്കിൾ | ഡൈ മൻഷൻ | പൊരുത്തക്കേട് തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 1 | 32AAACG1395D1Z3 | ഗോദ്റെജ് & ബോയ്സ് എംഎഫ്ജി കമ്പനി ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ I, എറണാകുളം | ഡി 7 | 106.40 |
| 2 | 32AAACJ8091R2ZZ | പെനിൻസുലാർ ഹോണ്ട | സ്പെഷ്യൽ സർക്കിൾ III, എറണാകുളം | ഡി 7 | 52.49 |
| 3 | 32AAACP1272G1ZW | പെപ്സികോ ഇന്ത്യ ഹോൾഡിങ്സ് (പി) ലിമിറ്റഡ് | എസ്ടിഒ II സർക്കിൾ, തൃപ്പൂണിത്തുറ | ഡി 7 | 46.32 |
| 4 | 32AANCA7444G2ZN | അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് | വർക്ക്സ് കോൺട്രാക്ട്, തിരുവനന്തപുരം | ഡി 7 | 43.71 |
| 5 | 32AADFP1492J1ZA | പ്രഭു സ്റ്റീൽസ് | സ്പെഷ്യൽ സർക്കിൾ II, എറണാകുളം | ഡി 1 | 25.86 |
| 6 | 32AADCH4100N2ZW | ഹോവെ എഞ്ചിനീയറിംഗ് പ്രോജക്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | വർക്ക്സ് കോൺട്രാക്ട്, തിരുവനന്തപുരം | ഡി 7 | 21.21 |
| 7 | 32AACFK7769C1ZF | കേരള ട്രേഡ് വിംഗ്സ് | സ്പെഷ്യൽ സർക്കിൾ I, കോഴിക്കോട് | ഡി 7 | 16.62 |
| 8 | 32AAJFS4867J1ZS | സതേൺ മാർക്കറ്റിംഗ് അസോസിയേറ്റ്സ് | സ്പെഷ്യൽ സർക്കിൾ, തൃശ്ശൂർ | ഡി 7 | 11.09 |
| 9 | 32AAACN4165C4ZX | ദി ന്യൂ ഇന്ത്യ അഷ്വറൻസ് കോ ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ I, എറണാകുളം | ഡി 6 | 9.53 |
| 10 | 32AABCE9683P1Z0 | സെഡാർ റീട്ടെയിൽ പ്രൈവറ്റ് ലിമിറ്റഡ് | ഐഎസി, തൃശ്ശൂർ | ഡി 7 | 9.03 |

നോട്ട്: ഡൈമൻഷന് പട്ടിക 2.2-ൽ ഉള്ള അതേ അർത്ഥമാണ്.

**ശുപാർശ നമ്പർ 4**

**ഓഡിറ്റ് ചൂണ്ടിക്കാണിച്ച, പ്രതികരണങ്ങൾ നൽകിയിട്ടില്ലാത്ത 211 പൊരുത്തക്കേടുകളും വ്യതിയാനങ്ങളും സംബന്ധിച്ച് വകുപ്പിന് മറുപടി നൽകാവുന്നതാണ്.**

### 2.4.7.3 കേന്ദ്രീകൃത ഓഡിറ്റിനിടെ ശ്രദ്ധയിൽപ്പെട്ട പോരായ്മകളുടെ സംഗ്രഹം

ഓഡിറ്റ് ചോദ്യങ്ങൾക്ക് വകുപ്പിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളെ അടിസ്ഥാനമാക്കി, 201 കേസുകളുടെ **(അനുബന്ധം VIII)** 14 പാരാമീറ്ററുകളിൽ ഓരോന്നും കംപ്ലയൻസ് വ്യതിയാനങ്ങളിലേക്ക് എത്രത്തോളം വിവർത്തനം ചെയ്തിട്ടുണ്ട് എന്നത് ചുവടെയുള്ള **പട്ടിക – 2.4**ൽ സംഗ്രഹിച്ചിരിക്കുന്നു:

**പട്ടിക – 2.4**

**കുറവുകളുടെ സംഗ്രഹം**

(₹ കോടിയിൽ)

| ഓഡിറ്റ് ഡൈമൻഷൻ | പ്രതികരണം ലഭിച്ച കേസുകൾ | | വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായത്[17] | | കംപ്ലയൻസ് വ്യതിയാനങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റിക്കവറി നടത്തി അല്ലെങ്കിൽ എസ്‌സിഎൻ നൽകി[18] | | എഎസ്എംടി 10/ അറിയിപ്പ് നൽകി | | വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമല്ലാത്തത് | | ആകെ | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഐടിസി പൊരുത്തക്കേട് (ഡി 1) | 19 | 44.49 | 8 | 26.91 | 7 | 12.36 | 4 | 5.27 | 0 | 0.00 | 11 | 17.63 |
| ആർസിഎം ഐടിസി എടുത്തത് (ഡി 2) | 37 | 19.71 | 28 | 16.00 | 3 | 1.63 | 5 | 1.12 | 0 | 0.00 | 8 | 2.75 |
| ആർസിഎം ഒടുക്കിയത് (ഡി 3) | 10 | 1.95 | 7 | 1.37 | 1 | 0.19 | 1 | 0.21 | 1 | 0.19 | 3 | 0.59 |
| ഐഎസ്ഡി ഐടിസി പൊരുത്തക്കേട് (ഡി 4) | 13 | 10.59 | 8 | 6.33 | 1 | 0.45 | 4 | 3.80 | 0 | 0.00 | 5 | 4.25 |
| 12 എഫ് – അധിക ഐടിസി (ഡി 6) | 13 | 121.67 | 10 | 113.41 | 0 | 0.00 | 2 | $ | 1 | $ | 3 | $ |
| 14 ടി യോഗ്യത യില്ലാത്ത ഐടിസി (ഡി 7) | 7 | 142.89 | 3 | 115.69 | 0 | 0.00 | 2 | # | 2 | # | 4 | # |
| 5 ആർ മൊത്തം വിറ്റുവരവ് (ഡി 8) | 29 | -[19] | 18 | 0.00 | 2 | - | 7 | - | 1 | - | 10 | - |

17 ഡാറ്റാ എൻട്രി പിശകുകൾ, അന്വേഷണത്തിന് മുമ്പ് നടപടി എടുത്തത്, മറ്റ് സാധുതയുള്ള വിശദീകരണങ്ങൾ എന്നിവ പോലുള്ള സ്വീകാര്യമായ കേസുകൾ ഇതിൽ ഉൾപ്പെടുന്നു.

18 7 കേസുകളിൽ 2.44 കോടി രൂപ പിരിച്ചെടുക്കുകയും 33 കേസുകളിലായി 20.87 കോടി രൂപയുടെ എസ്‌സിഎൻ കൊടുക്കുകയും ചെയ്തു.

19 ജിഎസ്ടിആർ 9സി യുടെ പട്ടിക 5ആർ ലെ മൊത്തം പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത വിറ്റുവരവുള്ള 29 കേസുകളിൽ പ്രതികരണങ്ങൾ ലഭിച്ചത് 1,239.50 കോടി രൂപയ്ക്കാണ്, അതിൽ ഒരു കേസിൽ 239.78 കോടി രൂപ വകുപ്പ് പരിശോധിക്കാനുണ്ട്, മൂന്ന് കേസുകളിലായി 55.95 കോടി രൂപ ഡാറ്റാ എൻട്രി പിശക് കാരണം, 34.06 കോടി രൂപ വിറ്റുവരവുള്ള രണ്ട് കേസുകളിൽ മുൻകൂർ നടപടി സ്വീകരിച്ചു, 316.16 കോടി രൂപ വിറ്റുവരവുള്ള 13 കേസുകളിൽ വകുപ്പിന് സാധുതയുള്ള വിശദീകരണങ്ങളുണ്ട്, 72.54 കോടി രൂപ വിറ്റുവരവുള്ള രണ്ട് കേസുകളിൽ എസ്‌സിഎൻ നൽകി, 483.35 കോടി രൂപ വിറ്റുവരവുള്ള ഏഴ് കേസുകളിൽ എഎസ്എംടി 10 നൽകി, 37.66 കോടി രൂപ വിറ്റുവരവുള്ള ഒരു കേസിൽ വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായില്ല.

| ഓഡിറ്റ് ഡൈമൻഷൻ | പ്രതികരണം ലഭിച്ച കേസുകൾ | | വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായത്[17] | | കംപ്ലയൻസ് വ്യതിയാനങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റിക്കവറി നടത്തി അല്ലെങ്കിൽ എസ്‌സിഎൻ നൽകി[18] | | എഎസ്എംടി 10/ അറിയിപ്പ് നൽകി | | വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമല്ലാത്തത് | | ആകെ | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 7ജി നികുതി വിധേയമായ വിറ്റുവരവ് (ഡി 9) | 20 | -[20] | 14 | 0.00 | 1 | - | 2 | - | 3 | - | 6 | - |
| 9ആർ നികുതി ഒടുക്കിയത് (ഡി 10) | 20 | 13.43 | 9 | 6.85 | 5 | 2.83 | 5 | 3.08 | 1 | 0.53 | 11 | 6.45 |
| പരിഹരിക്കപ്പെടാത്ത ബാധ്യത (ഡി 11) | 16 | 34.45 | 11 | 27.39 | 1 | 0.04 | 1 | 1.50 | 1 | 1.40 | 3 | 2.94 |
| ഇ-കൊമേഴ്സ് (ഡി 12) | 2 | 0.00 | 0 | 0.00 | 0 | 0.00 | 0 | 0.00 | 2 | 0.00 | 2 | 0.00 |
| ജിഎസ്ടിആർ 3ബി ഇല്ല, ജിഎസ്ടിആർ 1 ലഭ്യമാണ് (ഡി 13) | 14 | 3.62 | 0 | 0.00 | 11 | 3.96 | 0 | 0.00 | 0 | 0.00 | 11 | 3.96 |
| പലിശയുടെ കുറഞ്ഞ ഒടുക്കൽ (ഡി 14) | 8 | 1.85 | 0 | 0.00 | 8 | 1.85 | 0 | 0.00 | 0 | 0.00 | 8 | 1.85 |
| ഫയൽ ചെയ്യുന്നത് നിർത്തിയവർ (ഡി 15) | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 | 0.00 |
| **ആകെ** | **208**[21] | **394.65** | **116** | **313.95** | **40** | **23.31** | **33** | **14.98** | **12** | **2.12** | **85** | **40.42** |

[20] ജിഎസ്ടിആർ 9സി യുടെ 7ജി പട്ടിക 7ജി -ലെ മൊത്തം പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത വിറ്റുവരവുള്ള 20 കേസുകളിൽ പ്രതികരണങ്ങൾ ലഭിച്ചത് 131.23 കോടി രൂപയാണ്, അതിൽ രണ്ട് കേസുകളിലായി 7.59 കോടി രൂപ ഡാറ്റാ എൻട്രി പിശക് മൂലമാണ്, 12 കേസുകളിൽ 94.57 കോടി രൂപയ്ക്ക് വകുപ്പിന് സാധുതയുള്ള വിശദീകരണങ്ങളുണ്ട്. 0.95 കോടി രൂപ വിറ്റുവരവുള്ള ഒരു കേസിൽ എസ്‌സിഎൻ നൽകി, 12.65 കോടി രൂപ വിറ്റുവരവുള്ള രണ്ട് കേസുകളിൽ എഎസ്എംടി 10 നൽകി, 15.47 കോടി രൂപ വിറ്റുവരവുള്ള മൂന്ന് കേസുകളിൽ വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമല്ല.

$ ജിഎസ്ടിആർ 9സി യുടെ പട്ടിക 12എഫ് ലെ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസി യുടെ കംപ്ലയൻസ് വ്യതിയാനം (3.86 കോടി രൂപ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസിയുള്ള രണ്ട് കേസുകളിൽ എഎസ്എംടി 10 നൽകി, 4.40 കോടി രൂപ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസിയുള്ള ഒരു കേസിൽ വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായിരുന്നില്ല).

# ജിഎസ്ടിആർ 9സി യുടെ പട്ടിക 14ടി യിലെ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസി യുടെ കംപ്ലയൻസ് വ്യതിയാനം (15.85 കോടി രൂപ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസിയുള്ള രണ്ട് കേസുകളിൽ എഎസ്എംടി 10 നൽകി, 11.35 കോടി രൂപ പൊരുത്തപ്പെടുത്തിയിട്ടില്ലാത്ത ഐടിസിയുള്ള രണ്ട് കേസുകളിൽ വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായിരുന്നില്ല).

[21] വകുപ്പ് പരിശോധിക്കാനിരിക്കുന്ന ഏഴ് കേസുകൾ ഇതിൽ ഉൾപ്പെടുന്നു.

വകുപ്പ് പ്രതികരണങ്ങൾ നൽകിയ ഡാറ്റയിലെ 208 വ്യതിയാനങ്ങൾ/ പൊരുത്തക്കേടുകളിൽ 41 ശതമാനം വരുന്ന 40.42 കോടി രൂപയുടെ കുറഞ്ഞ നികുതി ചുമത്തിയ 85 കേസുകളിൽ നിയമത്തിലെ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിയാനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, ഇതിൽ, 38.29 കോടി രൂപ നികുതി വരുന്ന 73 കേസുകളിൽ വകുപ്പ് ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയോ **(അനുബന്ധം IX)** നടപടി ആരംഭിക്കുകയോ ചെയ്തു. ഏഴ് കേസുകളിൽ നിന്ന് 2.44 കോടി രൂപ വകുപ്പ് വീണ്ടെടുത്തു, 20.87 കോടി രൂപയുടെ 33 കേസുകളിൽ എസ്സിഎൻ നൽകി. 14.98 കോടി രൂപയുള്ള 33 കേസുകളിൽ ഫോം എഎസ്എംടി 10 നൽകി. 12 കേസുകളിൽ വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമല്ല. ഐടിസി പൊരുത്തക്കേട്, ഡിസ്ചാർജ് ചെയ്യാത്ത ബാധ്യത എന്നിവ പോലുള്ള റിസ്ക് പരാമീറ്ററുകളിൽ താരതമ്യേന ഉയർന്ന നിരക്കിലുള്ള വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായിരുന്ന 56 ശതമാനം വരുന്ന 116 കേസുകളിൽ, നികുതിദായകരുടെ ഡാറ്റാ എൻട്രി പിശകുകളുള്ള 69 കേസുകൾ ഉൾപ്പെടുന്നു, 14 കേസുകളിൽ വകുപ്പ് മുൻകൈയെടുത്ത് നടപടിയെടുക്കുകയും 33 കേസുകളിൽ സാധുവായ വിശദീകരണങ്ങളുമുണ്ട്.

മൂന്ന് ശതമാനം വരുന്ന ഏഴ് കേസുകളിൽ, വകുപ്പ് ഇതുവരെ നിരീക്ഷണങ്ങൾ പരിശോധിച്ചിട്ടില്ല.

വകുപ്പ് അംഗീകരിച്ച പൊരുത്തക്കേടുകളുടെ തുകയിലെ പ്രധാനപ്പെട്ട പത്ത് കേസുകളുടെ വിശദാംശങ്ങൾ ഇനിപ്പറയുന്ന **പട്ടിക 2.5**ൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക – 2.5**

**എതിർപ്പുകൾ വകുപ്പ് അംഗീകരിച്ച പൊരുത്തക്കേടിന്റെ മുൻനിര കേസുകൾ**

| ക്രമ നമ്പർ | ജിഎസ്ടിഐഎൻ | നികുതിദായകന്റെ പേര് | നികുതിനിർണ്ണയ സർക്കിൾ | ഡൈമൻഷൻ | നികുതി (₹ കോടിയിൽ) | എടുത്ത നടപടി |
|---|---|---|---|---|---|---|
| 1 | 32ACGPA4233M1ZY | എ. എം. ഫെയർ പ്രൈസ് മെഡിസിൻസ് | എസ്ടിഒ IV സർക്കിൾ, തൃശ്ശൂർ | ഡി7 | 8.67 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 2 | 32AAGCM9459A1ZK | മിറോൺസ് ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ, കോട്ടയം | ഡി7 | 7.18 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 3 | 32AACCA0187B1ZF | എവിജി മോട്ടോഴ്സ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ, കോട്ടയം | ഡി1 | 4.24 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 4 | 32AAACI4904J1ZV | ഇൻഡസ് മോട്ടോർ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ II, എറണാകുളം | ഡി6 | 2.93 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 5 | 32BIYPA6876R1Z7 | ഡ്രീംസ് ട്രേഡേഴ്സ് | എസ്ടിഒ, ചിറ്റൂർ | ഡി13 | 2.78 | എസ്സിഎൻ പുറപ്പെടുവിച്ചു |
| 6 | 32AEIPG6407R1Z8 | എരുമേലി ട്രേഡേഴ്സ് | എസ്ടിഒ, പൊൻകുന്നം | ഡി1 | 2.23 | എസ്സിഎൻ പുറപ്പെടുവിച്ചു |
| 7 | 32AAECK1982G1ZO | കെസിഎം അപ്ലയൻസസ് പ്രൈവറ്റ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ, മലപ്പുറം | ഡി1 | 1.97 | എസ്സിഎൻ പുറപ്പെടുവിച്ചു |

| ക്രമ നമ്പർ | ജിഎസ്ടിഐഎൻ | നികുതിദായകന്റെ പേര് | നികുതിനിർണ്ണയ സർക്കിൾ | ഡൈമൻഷൻ | നികുതി (₹ കോടിയിൽ) | എടുത്ത നടപടി |
|---|---|---|---|---|---|---|
| 8 | 32AAHFV3844N1ZS | വിക്ടറി ഇംപെക്സ് കമ്പനി | സ്പെഷ്യൽ സർക്കിൾ, കണ്ണൂർ | ഡി1 | 1.8 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 9 | 32AAKFD1597P1ZX | ഡി ജെ ഗോൾഡ് | ഡെപ്യൂട്ടി കമ്മീഷണർ, തൃശ്ശൂർ | ഡി4 | 1.65 | എഎസ്എംടി 10 പുറപ്പെടുവിച്ചു |
| 10 | 32ACMPJ8252F1ZN | ജെമിസ് എന്റർപ്രൈസ് | സ്പെഷ്യൽ സർക്കിൾ II, ഏറണാകുളം | ഡി1 | 1.54 | എഎസ്എംടി 10 പുറപ്പെടുവിച്ചു |

നോട്ട്: ഡൈമൻഷന് പട്ടിക 2.2ൽ ഉള്ള അതേ അർത്ഥമാണ്.

ഓരോ ഡൈമൻഷനുമായി ബന്ധപ്പെട്ട് വകുപ്പ് നടപടികൾ ആരംഭിക്കുകയോ സ്വീകരിക്കുകയോ ചെയ്ത ഏതാനും ദൃഷ്ടാന്തങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

*(i)* ***ലഭ്യമായ അധിക ഐടിസി (ഡൈമൻഷൻ 1):*** ജിഎസ്ടിആർ 2എ എന്നത് വാങ്ങലുമായി ബന്ധപ്പെട്ട ജിഎസ്ടി പോർട്ടൽ വഴി ഓരോ ബിസിനസ്സിനും സ്വയമേവ ജനറേറ്റുചെയ്യുന്ന, ഡൈനാമിക് ഫോം ആണ്. അതേസമയം ജിഎസ്ടിആർ 3ബി, ഐടിസിക്കൊപ്പം ഔട്ട്വാർഡ് സപ്ലൈകളുടെ സംഗ്രഹവും നികുതി അടയ്ക്കലും നികുതിദായകൻ സ്വയം പ്രസ്താവിക്കുന്ന പ്രതിമാസ റിട്ടേണാണ്.

ഐടിസി വിനിയോഗത്തിന്റെ സത്യസന്ധത വിശകലനം ചെയ്യാൻ, 2017-18 വർഷത്തേക്കുള്ള ജിഎസ്ടിആർ 3ബി, ജിഎസ്ടിആർ 2എ എന്നിവയിൽ നിന്ന് പ്രസക്തമായ ഡാറ്റ എക്സ്ട്രാക്റ്റു ചെയ്തു, കൂടാതെ വിതരണക്കാരുടെ വിശദാംശങ്ങൾ അനുസരിച്ച് ഒടുക്കിയ നികുതി നികുതിദായകന് ലഭിച്ച ഐടിസിയുമായി പൊരുത്തപ്പെടുത്തുകയും ചെയ്തു.

കോട്ടയത്തെ സ്പെഷ്യൽ സർക്കിളിൽ രജിസ്റ്റർ ചെയ്ത നികുതിദായകനായ എവിജി മോട്ടോർസ് ലിമിറ്റഡ് (32AACCA0187B1ZF) ന്റെ കാര്യത്തിൽ ജിഎസ്ടിആർ 2എ പ്രകാരം ലഭ്യമായ ഐടിസി 73.75 കോടി രൂപയും ജിഎസ്ടിആർ 3ബി പട്ടിക 4എ(5) പ്രകാരം 77.99 കോടി രൂപയും ആയിരുന്നു. അതിന്റെ ഫലമായി 4.24 കോടി രൂപയുടെ പൊരുത്തക്കേട് ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ഒരു ഓഡിറ്റ് ചോദ്യത്തിലൂടെ (2022 ഏപ്രിൽ) ഉന്നയിച്ചതിന് 2022 ജൂണിൽ നികുതിദായകന് എഎസ്എംടി 10 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 നവംബർ).

*(ii)* ***ആർസിഎമ്മിൽ അധിക ഐടിസി ലഭിക്കുന്നത് (ഡൈമൻഷൻ 2):*** 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9(3) അല്ലെങ്കിൽ 9(4) പ്രകാരവും 2017 ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 5 ന്റെ ഉപവകുപ്പ് (3) അല്ലെങ്കിൽ (4) പ്രകാരവും റിവേഴ്സ് ചാർജ് മെക്കാനിസത്തിന് (ആർസിഎം) കീഴിൽ ചില വിഭാഗത്തിലുള്ള ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ അല്ലെങ്കിൽ ഇവ രണ്ടിന്റെയും നികുതി അടയ്ക്കാനുള്ള ബാധ്യത വിതരണക്കാരനോ സേവന ദാതാവിനോ പകരം ചരക്കുകളുടെയോ സേവനങ്ങളുടെയോ സ്വീകർത്താവിന് നിശ്ചയിച്ചിരിക്കുന്നു.

എസ്ഇസെഡ് യൂണിറ്റുകളും എസ്ഇസെഡ് ഡെവലപ്പർമാരും ഉൾപ്പെടെ രജിസ്റ്റർ ചെയ്ത സാധാരണ നികുതിദായകർ ഓരോ സാമ്പത്തിക

വർഷത്തിലും ഒരിക്കൽ സമർപ്പിക്കേണ്ട വാർഷിക റിട്ടേണാണ് ജിഎസ്ടിആർ 9. വാങ്ങലുകൾ, വിൽപ്പന, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ ക്ലെയിം ചെയ്ത റീഫണ്ട് അല്ലെങ്കിൽ സൃഷ്ടിച്ച ഡിമാൻഡ് മുതലായവയുടെ വിശദാംശങ്ങൾ നികുതിദായകർ നൽകേണ്ടതുണ്ട്.

2017-18 വർഷത്തെ ആർസിഎമ്മിന് കീഴിൽ അടച്ച നികുതിയിൽ ലഭിച്ച ഐടിസിയുടെ സത്യസന്ധത വിശകലനം ചെയ്യുന്നതിന്, ആർസിഎമ്മിൽ ലഭിച്ച ഐടിസി അടച്ച നികുതിയുടെ പരിധിയിലേക്ക് പരിമിതപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ജിഎസ്ടിആർ 3 ബി, വാർഷിക റിട്ടേൺ ജിഎസ്ടിആർ 9 എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റാസെറ്റുകൾ താരതമ്യം ചെയ്തു. ജിഎസ്ടിആർ 9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ, ജിഎസ്ടിആർ 3ബി യിലെ പട്ടിക 3.1 (ഡി) യിലെ നികുതി ഡിസ്ചാർജ് ചെയ്ത ഭാഗം ജിഎസ്ടിആർ 3ബി 4എ (2)[22], 4എ (3)[23] എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യപ്പെടുത്തി ജിഎസ്ടിആർ 3ബി യിൽ പരിശോധന പരിമിതപ്പെടുത്തിയിരിക്കുന്നു.

പാലക്കാട് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിലെ എംകെ എന്റർപ്രൈസസിന്റെ കാര്യത്തിൽ (32ADQPK5912J1ZE), ജിഎസ്ടിആർ 3ബി യുടെ പട്ടിക 3.1(ഡി) യിൽ ആർസിഎമ്മിനു കീഴിൽ അടയ്ക്കേണ്ട നികുതി പ്രകാരം ലഭ്യമായ ഐടിസി 0.002 കോടി രൂപ ആയിരുന്നു, അതേസമയം ജിഎസ്ടിആർ 3ബി യുടെ പട്ടിക 4എ (2) & ( 3) പ്രകാരം ലഭിച്ച ഐടിസി 1.35 കോടി രൂപ ആണ്, അതിന്റെ ഫലമായി 1.35 കോടി രൂപയുടെ ഐടിസി ആർസിഎം ന് കീഴിൽ അധികമായി ലഭിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ഒരു ഓഡിറ്റ് ചോദ്യത്തിന് (2022 ഏപ്രിൽ) മറുപടിയായി, 2022 ഏപ്രിലിൽ നികുതിദായകന് എസ്സിഎൻ നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 മേയ്).

***(iii)*** ***നികുതി അടയ്ക്കാതെ ആർസിഎമ്മിൽ അധിക ഐടിസി ലഭിക്കുന്നത് (ഡൈമൻഷൻ 3):*** ആർസിഎമ്മിന് കീഴിലുള്ള പ്രവർത്തനങ്ങൾ ഇടപാടുകൾ എന്നിവയിൽ നിന്ന് നികുതി പൂർണമായി ഡിസ്ചാർജ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ 2017-18 വർഷത്തേക്ക് ആർസിഎമ്മിന് കീഴിൽ തത്തുല്യമായ നികുതി ബാധ്യത തീർക്കാതെ ആർസിഎം നു കീഴിൽ ഐടിസി ലഭിച്ചതിന്റെ വ്യാപ്തി, അല്ലെങ്കിൽ മറ്റൊരു രീതിയിൽ പറഞ്ഞാൽ, ആർസിഎമ്മിന് കീഴിലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ ജിഎസ്ടിആർ 3ബി, വാർഷിക റിട്ടേൺ ജിഎസ്ടിആർ 9 എന്നിവയുമായി ബന്ധപ്പെട്ട ഡാറ്റാസെറ്റുകൾ താരതമ്യം ചെയ്തുകൊണ്ട് വിശകലനം ചെയ്തു. ജിഎസ്ടിആർ 9 ഫയൽ ചെയ്ത സന്ദർഭങ്ങളിൽ, പട്ടിക 4ജി[24] യിലെ ആർസിഎം പേയ്മെന്റുകളെ പട്ടിക 6സി, 6ഡി, 6എഫ് എന്നിവയിൽ ലഭ്യമായ ഐടിസിയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ 9 ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ, ജിഎസ്ടിആർ 3ബി പട്ടിക 3.1(ഡി)[25] യിലെ ആർസിഎം പേയ്മെന്റുകൾ ജിഎസ്ടിആർ 3ബി 4(എ)(2)[26], 4എ(3)[27] എന്നിവയുമായി താരതമ്യം ചെയ്തു.

---

22 സേവനങ്ങളുടെ ഇറക്കുമതി.

23 ഇൻവേർഡ് സപ്ലൈ (റിവേഴ്സ് ചാർജിന് ബാധ്യതയുള്ളത്).

24 റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി അടയ്ക്കേണ്ട ഇൻവേർഡ് സപ്ലൈകൾ.

25 ഇൻവെർഡ് സപ്ലൈ (റിവേഴ്സ് ചാർജിന് ബാധ്യതയുള്ളത്).

26 സേവനങ്ങളുടെ ഇറക്കുമതി.

27 ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതി ഒഴികെയുള്ള റിവേഴ്സ് ചാർജിന് ബാധ്യസ്ഥമായ ഇൻവേർഡ് സപ്ലൈ.

എസ്ടിഒ തിരൂരിലെ നികുതിദായകനായ മിഫാസ് കമ്മ്യൂണിക്കേഷന്റെ (32BASPN8933Q1ZP) കാര്യത്തിൽ ജിഎസ്ടിആർ 3ബി വഴി ആർസിഎം ന് പണമടയ്ക്കാതെ തന്നെ 0.21 കോടി രൂപയുടെ ആർസിഎം ന് കീഴിലുള്ള ഐടിസി ജിഎസ്ടിആർ 9ലൂടെ ലഭിച്ചുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ പൊരുത്തക്കേട് ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു ഓഡിറ്റ് ചോദ്യത്തിന് (2022 ഏപ്രിൽ) മറുപടിയായി, 2022 ഓഗസ്റ്റിൽ നികുതിദായകന് എഎസ്എംടി 10 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 ഓഗസ്റ്റ്).

(iv) ***ഐഎസ്ഡി ക്രെഡിറ്റിൽ സ്വീകർത്താവിന് ഐടിസി ക്രമരഹിതമായി ലഭിക്കുന്നത് (ഡൈമൻഷൻ 4):*** നികുതിദായകർക്ക് ലഭിക്കുന്ന ഐടിസി ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ഐഎസ്ഡി) കൈമാറ്റം ചെയ്തതിനേക്കാൾ കൂടുതലാണോ എന്ന് വിശകലനം ചെയ്യാൻ നികുതിദായകന്റെ റിട്ടേണുകളിൽ പ്രസ്താവിച്ച് ലഭിച്ച ഐടിസി അവരുടെ ജിഎസ്ടിആർ 6ൽ ഐഎസ്ഡി കൈമാറ്റം ചെയ്ത ഐടിസിയുമായി താരതമ്യം ചെയ്യുന്നു.

തൃശൂർ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിലെ നികുതിദായകനായ ഡിജെ ഗോൾഡിന്റെ (32AAKFD1597P1ZX) കാര്യത്തിൽ, ജിഎസ്ടിആർ 9 ന്റെ പട്ടിക 6ജിയിൽ ഐടിസി ലഭിച്ചത് 1.65 കോടി രൂപയാണെന്നും ജിഎസ്ടിആർ 6ന്റെ പട്ടികയിൽ (5എ+8എ+9എ) ഐഎസ്ഡി കൈമാറ്റം ചെയ്ത ഐടിസി 'ഇല്ല' എന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇത് 1.65 കോടി രൂപയുടെ പൊരുത്തക്കേടിന് കാരണമായി. 1.65 കോടി രൂപയുടെ ഐഎസ്ഡി ക്രെഡിറ്റ് ക്രമരഹിതമായി ലഭിച്ചതിനെക്കുറിച്ചുള്ള ഒരു ഓഡിറ്റ് ചോദ്യത്തിന് (2022 സെപ്റ്റംബർ) മറുപടിയായി, 2022 ഒക്ടോബറിൽ നികുതിദായകന് എഎസ്എംടി 10 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 ഒക്ടോബർ).

(v) ***ജിഎസ്ടിആർ 9സി യുടെ പട്ടിക 12എഫ് ൽ റീകൺസൈൽ ചെയ്തിട്ടില്ലാത്ത ഐടിസി (ഡൈമൻഷൻ 6):*** ജിഎസ്ടിആർ 9സി യുടെ പട്ടിക 12, ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവന അല്ലെങ്കിൽ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരം ലഭ്യമായ ഐടിസിയുമായി വാർഷിക റിട്ടേണിൽ (ജിഎസ്ടിആർ 9) പ്രസ്താവിച്ച ഐടിസിയെ സമന്വയിപ്പിക്കുന്നു. ഈ പട്ടികയുടെ കോളം 12എഫ് റീകൺസൈൽ ചെയ്തിട്ടില്ലാത്ത ഐടിസിയെ കുറിച്ച് പ്രതിപാദിക്കുന്നു. ഫോം ജിഎസ്ടിആർ 9സി യിൽ എസ്ജിഎസ്ടി ചട്ടങ്ങൾ, 2017 ലെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച 2017-18 വർഷത്തേക്കുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനകളിലും വാർഷിക റിട്ടേണിലും പ്രസ്താവിച്ച ഐടിസിയിലുള്ള കണ്ടുപിടിച്ച പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു.

എറണാകുളത്തെ സ്പെഷ്യൽ സർക്കിൾ II ന്റെ ഓഫീസിലുള്ള ഇൻഡസ് മോട്ടോഴ്സ് ലിമിറ്റഡ് (32AAACI4904J1ZV) ന്റെ കാര്യത്തിൽ ജിഎസ്ടിആർ 9സി യുടെ പട്ടിക 12എഫ് ൽ പ്രസ്താവിച്ച സമന്വയപ്പെടുത്താത്ത ഐടിസി 2.93 കോടി രൂപ ജിഎസ്ടി റിട്ടേണിൽ ലഭിച്ച ഐടിസിയും സാമ്പത്തിക പ്രസ്താവനയിൽ കാണിച്ച ഐടിസിയും തമ്മിലുള്ള പൊരുത്തക്കേടായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 നവംബർ). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 നവംബർ), വിഷയം നികുതിദായകനെ അറിയിച്ചതായി വകുപ്പ് പ്രസ്താവിച്ചു (2022 നവംബർ).

**(vi)** ***ജിഎസ്ടിആർ 9സി യുടെ പട്ടിക 14ടിയിൽ റീകൺസൈൽ ചെയ്തിട്ടില്ലാത്ത ഐടിസി (ഡൈമൻഷൻ 7):*** ജിഎസ്ടിആർ 9സി യുടെ പട്ടിക 14, ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവന അല്ലെങ്കിൽ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരം ചെലവുകൾക്ക് ലഭ്യമായ ഐടിസിയെ വാർഷിക റിട്ടേണിൽ (ജിഎസ്ടിആർ 9) പ്രഖ്യാപിച്ച ഐടിസിയുമായി പൊരുത്തപ്പെടുത്തുന്നു. ഈ പട്ടികയുടെ കോളം 14 ടി റീകൺസൈൽ ചെയ്തിട്ടില്ലാത്ത ഐടിസിയെ കുറിച്ച് പ്രതിപാദിക്കുന്നു. ഫോം ജിഎസ്ടിആർ 9സിയിൽ എസ്ജിഎസ്ടി ചട്ടങ്ങൾ, 2017 ലെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച 2017-18 വർഷത്തേക്കുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനകളിൽ റിപ്പോർട്ട് ചെയ്ത ചെലവുകൾക്കൊപ്പം വാർഷിക റിട്ടേണിൽ പ്രസ്താവിച്ച ഐടിസിയിലുള്ള കണ്ടുപിടിച്ച പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു.

എസ്ടിഒ IV സർക്കിൾ തൃശ്ശൂരിലെ എഎം ഫെയർ പ്രൈസ് മെഡിസിൻസിന്റെ (32ACGPA4233M1ZY) കാര്യത്തിൽ, ജിഎസ്ടിആർ 9സി യുടെ പട്ടിക 14ടി യിൽ പ്രസ്താവിച്ച 8.67 കോടി രൂപയുടെ റീകൺസൈൽ ചെയ്യാത്ത ഐടിസി, സാമ്പത്തിക പ്രസ്താവനകളിൽ റിപ്പോർട്ട് ചെയ്ത ചെലവുകളെ അടിസ്ഥാനമാക്കിയുള്ളതിനേക്കാൾ അധികമായി ജിഎസ്ടി റിട്ടേണിൽ ലഭ്യമായതാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു (2022 മെയ്). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 മെയ്), 2022 മെയ് മാസത്തിൽ നികുതിദായകന് എഎസ്എംടി 10 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 ജൂൺ).

**(vii)** ***ജിഎസ്ടിആർ 9സി യുടെ പട്ടിക 5ആർ ലെ റീകൺസൈൽ ചെയ്തിട്ടില്ലാത്ത വിറ്റുവരവ് (ഡൈമൻഷൻ 8):*** ജിഎസ്ടിആർ 9സി യുടെ പട്ടിക 5 ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവനയിൽ പ്രഖ്യാപിച്ച വിറ്റുവരവിന്റെയും വാർഷിക റിട്ടേണിൽ (ജിഎസ്ടിആർ 9) പ്രഖ്യാപിച്ച വിറ്റുവരവിന്റെയും അനുരഞ്ജനമാണ്. ഈ പട്ടികയുടെ കോളം 5ആർ, വാർഷിക റിട്ടേൺ ജിഎസ്ടിആർ 9 ലും തൻ വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനയിലും പ്രസ്താവിച്ച, ആവശ്യമായ ക്രമീകരണങ്ങൾക്ക് ശേഷമുള്ള, റീകൺസൈൽ ചെയ്യാത്ത വിറ്റുവരവ് ക്യാപ്ചർ ചെയ്യുന്നു.

എസ്ജിഎസ്ടി ചട്ടങ്ങൾ 2017 ലെ ചട്ടം 80(3) പ്രകാരം ജിഎസ്ടിആർ 9സി യിൽ നികുതിദായകൻ സമർപ്പിച്ച 2017-18 വർഷത്തെ സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനയിലും വാർഷിക റിട്ടേണിലും കാണിച്ചിട്ടുള്ള വിറ്റുവരവുമായി തിരിച്ചറിഞ്ഞ പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റാ തലത്തിൽ വിശകലനം ചെയ്തു. ജിഎസ്ടിആർ 9ൽ പ്രഖ്യാപിച്ചിട്ടുള്ള വിറ്റുവരവ് സാമ്പത്തിക പ്രസ്താവനയേക്കാൾ കുറവാണെങ്കിൽ റീകൺസൈൽ ചെയ്തിട്ടില്ലാത്ത തുക, റിപ്പോർട്ടു ചെയ്യാത്തത്, അണ്ടർ-റിപ്പോർട്ടിംഗ്, ഷോർട്ട്-റിപ്പോർട്ടിംഗ്, ഒഴിവാക്കൽ, സപ്ലൈകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പിശക് എന്നിവ സൂചിപ്പിക്കുന്നു. ഇത് വെട്ടിപ്പ് അല്ലെങ്കിൽ കുറഞ്ഞ നികുതി അടയ്ക്കൽ എന്നിവയിലേക്ക് നയിക്കാം. നികുതി നൽകേണ്ടതും ഒഴിവാക്കിയതുമായ സപ്ലൈകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഒരു സാഹചര്യം കൂടിയാവാമിത്.

ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് പാലായിലെ നികുതിദായകനായ മലനാട് ഫാർമേഴ്സ് സൊസൈറ്റിയെ (32AABTM2628K1ZO) സംബന്ധിച്ചിടത്തോളം, ജിഎസ്ടിആർ 9സി യുടെ പട്ടിക 5ആർൽ പ്രഖ്യാപിച്ച മൊത്തം വിറ്റുവരവിൽ

72.36 കോടി രൂപയുടെ വ്യത്യാസം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 ഒക്ടോബർ). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നികുതിദായകന് ഡിആർസി 01എ നൽകിയതായി (2022 ഒക്ടോബർ) വകുപ്പ് പ്രസ്താവിച്ചു (2022 ഒക്ടോബർ).

**(viii)** ***ജിഎസ്ടിആർ 9സി യുടെ പട്ടിക 7ജി യിലെ റീകൺസൈൽ ചെയ്തിട്ടില്ലാത്ത നികുതി വിധേയമായ വിറ്റുവരവ് (ഡൈമൻഷൻ 9):*** ജിഎസ്ടിആർ 9സി യുടെ പട്ടിക 7 നികുതി വിധേയമായ വിറ്റുവരവിന്റെ അനുരഞ്ജനമാണ്. ഈ പട്ടികയുടെ കോളം 7ജി, വാർഷിക റിട്ടേൺ ജിഎസ്ടിആർ 9നും ആവശ്യമായ ക്രമീകരണങ്ങൾക്ക് ശേഷം തൻ വർഷത്തെ സാമ്പത്തിക പ്രസ്താവനയിൽ പ്രഖ്യാപിച്ചിട്ടുള്ളതും തമ്മിലുള്ള റീകൺസൈൽ ചെയ്തിട്ടില്ലാത്ത നികുതി വിധേയമായ വിറ്റുവരവ് ക്യാപ്ചർ ചെയ്യുന്നു.

എസ്ജിഎസ്ടി ചട്ടങ്ങൾ 2017 ലെ ചട്ടം 80(3) പ്രകാരം ജിഎസ്ടിആർ 9സി യിൽ നികുതിദായകൻ സമർപ്പിച്ച 2017-18 വർഷത്തെ സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, സാമ്പത്തിക പ്രസ്താവനയിലും വാർഷിക റിട്ടേണിലും കാണിച്ചിട്ടുള്ള വിറ്റുവരവുമായി തിരിച്ചറിഞ്ഞ പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റാ തലത്തിൽ വിശകലനം ചെയ്തു. ജിഎസ്ടിആർ 9ൽ പ്രഖ്യാപിച്ചിട്ടുള്ള വിറ്റുവരവ് സാമ്പത്തിക പ്രസ്താവനയേക്കാൾ കുറവാണെങ്കിൽ റീകൺസൈൽ ചെയ്തിട്ടില്ലാത്ത തുക, റിപ്പോർട്ടുചെയ്യാത്തത്, അണ്ടർ-റിപ്പോർട്ടിംഗ്, ഷോർട്ട്-റിപ്പോർട്ടിംഗ്, ഒഴിവാക്കൽ, സപ്ലൈകൾ റിപ്പോർട്ട് ചെയ്യുന്നതിൽ പിശക് എന്നിവ സൂചിപ്പിക്കുന്നു. ഇത് വെട്ടിപ്പ് അല്ലെങ്കിൽ കുറഞ്ഞ നികുതി അടയ്ക്കൽ എന്നിവയിലേക്ക് നയിക്കാം. നികുതി നൽകേണ്ടതും ഒഴിവാക്കിയതുമായ സപ്ലൈകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഒരു സാഹചര്യം കൂടിയാവാമിത്.

ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസ് പാലായിലെ നികുതിദായകനായ കിഴതടിയൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനെ (32AAAAK3240R1ZM) സംബന്ധിച്ച്, ജിഎസ്ടിആർ 9സി യുടെ പട്ടിക 7ജി യിൽ പ്രഖ്യാപിച്ച നികുതി ബാധകമായ വിറ്റുവരവിൽ 6.63 കോടി രൂപയുടെ വ്യത്യാസം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 ഒക്ടോബർ). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നികുതിദായകന് എഎസ്എംടി 10 നൽകിയതായി (2022 ഒക്ടോബർ) വകുപ്പ് പ്രസ്താവിച്ചു (2022 ഒക്ടോബർ).

**(ix)** ***ജിഎസ്ടിആർ 9സി യുടെ പട്ടിക 9ആർ ൽ റീകൺസൈൽ ചെയ്തിട്ടില്ലാത്ത നികുതിബാധ്യത (ഡൈമൻഷൻ 10):*** 2017ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 80(3) പ്രകാരം നികുതിദായകൻ സമർപ്പിച്ച 2017-18 വർഷത്തേക്കുള്ള ജിഎസ്ടിആർ 9സി യിലുള്ള സാക്ഷ്യപ്പെടുത്തിയ അനുരഞ്ജന പ്രസ്താവന, വാർഷിക റിട്ടേണും ബുക്ക്സ് ഓഫ് അക്കൗണ്ട്സും തമ്മിൽ അടച്ച നികുതി യിലെ പൊരുത്തക്കേടിന്റെ അളവ് അവലോകനം ചെയ്യുന്നതിനായി ഡാറ്റ തലത്തിൽ വിശകലനം ചെയ്തു. ഫോം ജിഎസ്ടിആർ 9സി യുടെ പട്ടിക 9, വിറ്റുവരവ് നിരക്ക് തിരിച്ച് വേർതിരിച്ച് വാർഷിക റിട്ടേൺ ജിഎസ്ടിആർ 9 അനുസരിച്ച് ഡിസ്ചാർജ് ചെയ്ത നികുതിയുമായി താരതമ്യം ചെയ്തു കൊണ്ട് അടച്ച നികുതിയുമായി പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു. അനുരഞ്ജനമില്ലാത്ത തുകകൾ തെറ്റായ നിരക്കുകളിൽ ഈടാക്കിയ നികുതി, നികുതി നൽകേണ്ട വിറ്റുവരവിനെ ഒഴിവാക്കിയതായും അല്ലെങ്കിൽ തിരിച്ചും ഉള്ള തെറ്റായ ചിത്രീകരണം, സിജിഎസ്ടി/ എസ്ജിഎസ്ടി/ ഐജിഎസ്ടി യുടെ തെറ്റായ ചുമത്തൽ എന്നിവയെ സൂചിപ്പിക്കാം. 2018 ഏപ്രിൽ മുതൽ സെപ്തംബർ വരെ തുടർന്നുള്ള വർഷത്തിൽ നടത്തിയ 2017-18 ന്റെ

ഇടപാടുകളുമായി ബന്ധപ്പെട്ട് ഭേദഗതികൾ (നെറ്റ് ഓഫ് ഡെബിറ്റ് നോട്ടുകൾ/ ക്രെഡിറ്റ് നോട്ടുകൾ) വഴി പ്രസ്താവിച്ച സപ്ലൈകൾ/ നികുതികൾ കുറയ്ക്കുന്ന സാഹചര്യങ്ങളും ഉണ്ടാകാം. കൂടാതെ ഇതിനെ തുടർന്നുള്ള പലിശ ഒടുക്കൽ - കുറഞ്ഞ ഒടുക്കലും തെറ്റായ തലങ്ങൾക്ക് കീഴിലുള്ള ഒടുക്കലും - ഇക്കാര്യത്തിൽ പരിശോധിക്കേണ്ടതുണ്ട്.

മലപ്പുറം സ്പെഷ്യൽ സർക്കിൾ ഓഫീസിലെ നികുതിദായകനായ ജാസ്മിൻ ഏജൻസീസിനെ (32AACFJ5822D1ZW) സംബന്ധിച്ച്, ജിഎസ്ടിആർ 9സി യുടെ പട്ടിക 9ആർ ൽ പ്രസ്താവിച്ച 1.51 കോടി രൂപയുടെ നികുതി റീകൺസൈൽ ചെയ്യാതെ അടച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 ഏപ്രിൽ). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നികുതിദായകന് എഎസ്എംടി 10 നൽകിയതായി (2023 ജനുവരി) വകുപ്പ് പ്രസ്താവിച്ചു (2023 ജനുവരി).

***(x) നികുതി ബാധ്യതയുടെ കുറഞ്ഞ പ്രസ്താവന (ഡൈമൻഷൻ 11):*** ജിഎസ്ടിആർ 1 ചരക്കുകളുടെയോ സേവനങ്ങളുടെയോ ഔട്ട്‌വാർഡ് സപ്ലൈയുടെ പ്രതിമാസ വിശദാംശങ്ങൾ നൽകുന്നു. വിശദാംശങ്ങൾ നികുതി ദായകൻ വിലയിരുത്തുകയും വാർഷിക റിട്ടേൺ ജിഎസ്ടിആർ 9ൽ പ്രസക്തമായ കോളങ്ങളിൽ സൂചിപ്പിച്ചിരിക്കുകയും ചെയ്യുന്നു. കൂടാതെ, നികുതി നൽകേണ്ട മൂല്യവും അതിന്റെ അടച്ച നികുതിയും ജിഎസ്ടിആർ 3ബി യിൽ കാണിച്ചിരിക്കുന്നു.

ഡിസ്ചാർജ് ചെയ്യാത്ത നികുതി ബാധ്യത വിശകലനം ചെയ്യുന്നതിന്, 2017-18 വർഷത്തേക്കുള്ള ജിഎസ്ടിആർ 1, ജിഎസ്ടിആർ 9 എന്നിവയിൽ നിന്ന് പ്രസക്തമായ ഡാറ്റ എക്സ്ട്രാക്റ്റുചെയ്തു, കൂടാതെ ഈ റിട്ടേണുകൾ പ്രകാരം അടയ്ക്കേണ്ട നികുതിയും ജിഎസ്ടിആർ 9ൽ പ്രസ്താവിച്ച അടച്ച നികുതിയുമായി താരതമ്യം ചെയ്തു. ജിഎസ്ടിആർ 9 ലഭ്യമല്ലാത്തിടത്ത്, ജിഎസ്ടിആർ 1 ഉം ജിഎസ്ടിആർ 3ബി യും തമ്മിൽ അടയ്ക്കേണ്ട നികുതി താരതമ്യം ചെയ്തു. ജിഎസ്ടിആർ 1, 9 എന്നിവയിൽ പ്രസ്താവിച്ച ഭേദഗതികളും മുൻകൂർ ക്രമീകരണങ്ങളും ഇതിനായി പരിഗണിച്ചു. ജിഎസ്ടിആർ 3ബി യുടെ കാര്യത്തിൽ, പട്ടികകൾ 3.1 (എ)[28], 3.1 (ബി)[29] എന്നിവ കണക്കിലെടുത്തു.

സ്പെഷ്യൽ സർക്കിൾ കൊല്ലം ഓഫീസിലെ നികുതിദായകനായ നജീം കാഷ്യൂ ഇൻഡസ്ട്രീസിന്റെ (32ACAPM1256C1ZC) കാര്യത്തിൽ, ജിഎസ്ടിആർ 1 ഉം ജിഎസ്ടിആർ 3ബി യും തമ്മിൽ 1.54 കോടി രൂപയുടെ ബാധ്യതാ പൊരുത്തക്കേട് ഉണ്ടായിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു (2022 മേയ്). 2017-18ൽ നൽകിയ ഇൻവോയ്സുകളുമായി ബന്ധപ്പെട്ട് തുടർന്നുള്ള വർഷങ്ങളിൽ വരുത്തിയ ഭേദഗതികൾ ഉൾപ്പെടെ ജിഎസ്ടിആർ 1-ൽ നികുതി ദായകൻ പ്രഖ്യാപിച്ച ബാധ്യത 2.41 കോടി രൂപയാണ്. എന്നാൽ, ജിഎസ്ടിആർ 3ബി യിൽ ഉള്ള നികുതി 0.87 കോടി രൂപ മാത്രമാണ്. ഇതിന് മറുപടിയായി നികുതിദായകന് എഎസ്എംടി 10 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 ഒക്ടോബർ).

***(xi) ജിഎസ്ടിആർ 3ബി ഫയൽ ചെയ്യാത്തത് - നികുതി അടയ്ക്കാത്തതും എന്നാൽ ഐടിസി കൈമാറ്റം ചെയ്തതും (ഡൈമൻഷൻ 13):*** നികുതി ബാധ്യത ഓഫ്സെറ്റ് ചെയ്യുന്നതിനും ഐടിസി ലഭിക്കുന്നതിനുമുള്ള ഏക മാധ്യമം 2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 61(5) പ്രകാരമുള്ള ജിഎസ്ടിആർ 3ബി റിട്ടേൺ ആണ്.

[28] നികുതി വിധേയമായ ഔട്ട് വാർഡ് സപ്ലൈകൾ (സീറോ റേറ്റഡും നിൽ റേറ്റഡും, ഒഴിവാക്കിയതും ഒഴികെ).

[29] നികുതി വിധേയമായ ഔട്ട്‌വാർഡ് സപ്ലൈകൾ (സീറോ റേറ്റഡ്).

ജിഎസ്ടിആർ 3ബി ഫയൽ ചെയ്തിട്ടില്ലെങ്കിലും ജിഎസ്ടിആർ 1 ഫയൽ ചെയ്തവരോ അല്ലെങ്കിൽ ജിഎസ്ടിആർ 2എ ലഭ്യമായവരോ ആയ നികുതിദായകരെ തിരിച്ചറിയാൻ ഡാറ്റാ വിശകലനത്തിലൂടെ ശ്രമം നടത്തി. ജിഎസ്ടിആർ 1, 2എ എന്നിവയുടെ ലഭ്യതയും ജിഎസ്ടിആർ 3ബി ഫയൽ ചെയ്യാത്തതും നികുതിദായകർ ഈ കാലയളവിൽ ബിസിനസ്സ് നടത്തിയിരുന്നുവെങ്കിലും അവരുടെ നികുതി ബാധ്യത തീർത്തിട്ടില്ല എന്നാണ് സൂചിപ്പിക്കുന്നത്. ക്രമരഹിതമായി ഐടിസി കൈമാറ്റം ചെയ്ത കേസുകളും ഇതിൽ ഉൾപ്പെട്ടേക്കാം.

എസ്ടിഒ ചിറ്റൂരിലെ നികുതിദായകനായ ഡ്രീംസ് ട്രേഡേഴ്സിന്റെ (32BIYPA6876R1Z7) കാര്യത്തിൽ, ജിഎസ്ടിആർ 1, 2എ, 3ബി എന്നിവയിലെ പ്രസക്തമായ ഫീൽഡുകളുമായി ബന്ധപ്പെട്ട ഡാറ്റാസെറ്റുകൾ വിശകലനം ചെയ്തു. 2017-18ൽ നികുതിദായകൻ ജിഎസ്ടിആർ 3ബി ഫയൽ ചെയ്തിട്ടില്ലെന്നും ജിഎസ്ടിആർ 1 പ്രകാരം 1.54 കോടി രൂപ നികുതി ബാധ്യത വരാൻ സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു (2022 മേയ്). ജിഎസ്ടിആർ 1 പ്രകാരമുള്ള ഔട്ട്പുട്ട് നികുതി ബാധ്യത 1.54 കോടി രൂപയുണ്ടായിട്ടും ജിഎസ്ടിആർ 3ബി ഫയൽ ചെയ്യാത്തതിനെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി റിട്ടേണുകൾ ഫയൽ ചെയ്യാത്തതും നികുതി അടയ്ക്കാത്തതും പ്രോപ്പർ ഓഫീസറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 2019 ജൂലൈയിൽ തന്നെ വ്യാപാര സ്ഥലത്ത് അന്വേഷണം നടത്തിയെന്നും വകുപ്പ് പ്രസ്താവിച്ചു (2022 ജൂലൈ). 2019 ജൂലൈയിൽ ഡീലറുടെ രജിസ്ട്രേഷൻ റദ്ദാക്കിയതായും പ്രസ്താവിച്ചു. നികുതി യാഥാർത്ഥ്യമാക്കുന്നതിന് നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാതെ പ്രോപ്പർ ഓഫീസർ രജിസ്ട്രേഷൻ റദ്ദാക്കുക മാത്രമാണ് ചെയ്തതെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

***(xii) പലിശയുടെ കുറഞ്ഞ ഒടുക്കൽ (ഡൈമൻഷൻ 14):*** ഈ നിയമത്തിന്റെ വ്യവസ്ഥകൾ അല്ലെങ്കിൽ അതിനനുസരിച്ചുള്ള ചട്ടങ്ങൾ അനുസരിച്ച് നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ഓരോ വ്യക്തിയും നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ നിശ്ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ, സർക്കാരിലേക്ക് അടയ്ക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ അടയ്ക്കപ്പെടാത്ത കാലയളവിലേക്ക്, വിജ്ഞാപനം ചെയ്ത നിരക്കിൽ പലിശ നൽകണം എന്ന് നിയമത്തിന്റെ 50-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ജിഎസ്ടിആർ 3ബി യിലെ നികുതി അടച്ച വിശദാംശങ്ങളും ജിഎസ്ടിആർ 3ബി ഫയൽ ചെയ്ത തീയതിയും ഉപയോഗിച്ച് 2017-18 കാലയളവിൽ നികുതി അടയ്ക്കാൻ കാലതാമസം നേരിട്ടതിന്റെ പേരിലുള്ള പലിശയുടെ കുറഞ്ഞ ഒടുക്കലിന്റെ അളവ് കണ്ടെത്തി. അടയ്ക്കേണ്ട പലിശ കണക്കാക്കാൻ അറ്റ നികുതി ബാധ്യത (പണ ഘടകം) മാത്രമേ പരിഗണിച്ചിട്ടുള്ളൂ.

എസ്ടിഒ പട്ടാമ്പിയിലെ നികുതിദായകനായ ശ്രീകൃഷ്ണ ട്രേഡേഴ്സിനെ (32ACYFS5861K1ZB) സംബന്ധിച്ച്, ജിഎസ്ടിആർ 3ബി വൈകി ഫയൽ ചെയ്തതിനാൽ പലിശയായി 0.30 കോടി രൂപയുടെ കുറഞ്ഞ ഒടുക്കൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 മെയ്). ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, 2022 നവംബറിൽ നികുതിദായകന് ഡിആർസി-07 നൽകിയതായി വകുപ്പ് പ്രസ്താവിച്ചു (2022 നവംബർ).

## 2.4.8 വിശദമായ ഓഡിറ്റ് (ഭാഗം III)

ഒരു സ്വയം വിലയിരുത്തൽ വ്യവസ്ഥയിൽ, നിയമം പാലിക്കേണ്ട ബാധ്യത നികുതിദായകനാണ്. മേൽനോട്ടം നൽകുന്നതിന് കാര്യക്ഷമമായ നികുതി ഭരണ സംവിധാനം സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് വകുപ്പിന്റെ പങ്ക്. പരിമിതമായ തലത്തിലുള്ള വിഭവങ്ങൾ ഉപയോഗിച്ച്, ഫലപ്രദമായ നികുതി ഭരണത്തിന്, നിയമം പാലിക്കുന്നതിനും വരുമാനം ശേഖരിക്കുന്നതിനും, കാര്യക്ഷമമായ ഒരു ഭരണ സംവിധാനം അത്യാവശ്യമാണ്. വിവേചനമില്ലാത്ത ഒരു ഭരണസംവിധാനം നിലനിർത്താനും കംപ്ലയൻസ് നടപ്പിലാക്കുന്നതിനുള്ള ടാർഗെറ്റഡ് സമീപനം സുഗമമാക്കുന്നതിനും ഐടി പ്രേരിതമായ കംപ്ലയൻസ് മോഡൽ പ്രാപ്തമാക്കുന്നു.

ഒരു ബാഹ്യ ഓഡിറ്റ് വീക്ഷണകോണിൽ നിന്ന്, ഡാറ്റാധിഷ്ഠിത അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള സമീപനത്തിലും ഓഡിറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചു. അതിനാൽ, സംസ്ഥാനവുമായി ബന്ധപ്പെട്ട ജിഎസ്ടിയെക്കുറിച്ചുള്ള ഡാറ്റയുടെ വിശകലനത്തിലൂടെ ജിഎസ്ടി റിട്ടേണുകളിലെ പൊരുത്തക്കേടുകൾ/ വ്യതിയാനങ്ങൾ തിരിച്ചറിയുന്നതിനു പുറമേ, ഈ അവലോകനത്തിന്റെ ഭാഗമായി ജിഎസ്ടി റിട്ടേണുകളുടെ വിശദമായ ഓഡിറ്റും നടത്തി. അവലോകനത്തിന്റെ ഈ ഭാഗത്തിനായി അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള 45 നികുതിദായകരുടെ സാമ്പിൾ തിരഞ്ഞെടുത്തു. ജിഎസ്ടി റിട്ടേണുകളുടെയും ജിഎസ്ടിആർ 9സി യുടെ ഭാഗമായി നികുതിദായകർ ഫയൽ ചെയ്ത സാമ്പത്തിക പ്രസ്താവനകളുടെയും ബാക്ക്-എൻഡ് സിസ്റ്റത്തിൽ ലഭ്യമായ മറ്റ് രേഖകളുടെയും ഡെസ്ക് അവലോകനം നടത്തി അപകടസാധ്യതയുള്ള മേഖലകൾ, പൊരുത്തക്കേടുകൾ/ വ്യതിയാനങ്ങൾ, റെഡ് ഫ്ളാഗുകൾ എന്നിവ തിരിച്ചറിയുന്നതാണ് ആദ്യം സ്വീകരിച്ച രീതി. കേരളത്തിലെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലാണ് ഡെസ്ക് അവലോകനം നടത്തിയത്. ഡെസ്ക് അവലോകന ഫലങ്ങളെ അടിസ്ഥാനമാക്കി, കണ്ടെത്തിയ അപകടസാധ്യതകൾക്ക് കാരണമായ ഘടകങ്ങൾ തിരിച്ചറിയുന്നതിനും നികുതി ദായകരുടെ കംപ്ലയൻസ് വിലയിരുത്തുന്നതിനും, ഫിനാൻഷ്യൽ ലെഡ്ജറുകൾ, ഇൻവോയ്സുകൾ തുടങ്ങിയ നികുതിദായകരുടെ അനുബന്ധ ഗ്രാനുലാർ രേഖകൾ ആവശ്യപ്പെട്ട് നികുതിനിർണ്ണയ സർക്കിളുകളിൽ വിശദമായ ഓഡിറ്റ് നടത്തി.

അഭ്യർത്ഥനകളും തുടർനടപടികളും ഉണ്ടായിരുന്നിട്ടും, തിരഞ്ഞെടുത്ത 45 കേസുകളിലും ഇൻവോയ്സുകളും കരാർ പകർപ്പുകളും പോലുള്ള രേഖകൾ നികുതി നിർണ്ണയ സർക്കിൾ ഓഫീസുകൾ നൽകിയില്ല. ഏകീകൃത അക്കൗണ്ടുകൾ മാത്രമുള്ള 12 കേസുകളിൽ[30] (ഒന്നിലധികം സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ ഉള്ള മൾട്ടി ലൊക്കേഷൻ യൂണിറ്റുകൾ), സ്റ്റേറ്റ് സ്പെസിഫിക് സർട്ടിഫൈഡ് അക്കൗണ്ടുകൾ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് നൽകിയില്ല. തൽഫലമായി, ഭാഗികമായി നൽകപ്പെട്ട ഈ കേസുകളിൽ, നികുതിദായകർ സമർപ്പിച്ച റിട്ടേണുകളിൽ ലഭ്യമായ വിവരങ്ങളിലേക്ക് ഓഡിറ്റ് പരിമിതപ്പെടുത്തി. അതിനാൽ, ഐടിസി ക്ലെയിം ചെയ്തതിന്റെ യോഗ്യതയും പരിഹരിക്കപ്പെടാത്ത നികുതി ബാധ്യതയുടെ വ്യാപ്തിയും വിലയിരുത്താൻ ഓഡിറ്റിന് കഴിഞ്ഞില്ല, ഇത് ഓഡിറ്റിന്റെ വ്യാപ്തി കാര്യമായി പരിമിതപ്പെടുത്തി.

### 2.4.8.1 വ്യാപ്തിയുടെ പരിമിതി

2017 ലെ എസ്ജിഎസ്ടി നിയമത്തിന്റെ വകുപ്പ് 35(1), എസ്ജിഎസ്ടി ചട്ടങ്ങൾ 2017 ന്റെ ചട്ടം 56(1) എന്നിവ, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തന്റെ പ്രധാന ബിസിനസ്സ് സ്ഥലത്ത്, കൃത്യവും ശരിയായതുമായ അക്കൗണ്ട് പ്രസക്തമായ രേഖകൾ സഹിതം സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യണമെന്ന് വിഭാവനം ചെയ്യുന്നു.

എസ്ജിഎസ്ടി ചട്ടങ്ങൾ 2017-ന്റെ ചട്ടം 56(18) പ്രകാരം, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം പരിപാലിക്കേണ്ട അക്കൗണ്ട് ബുക്കുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം.

ഡിപിസി ആക്ടിന്റെ വകുപ്പ് 18 പ്രകാരം, ഡാറ്റ, വിവരങ്ങൾ, രേഖകൾ എന്നിവയ്ക്കായുള്ള ഓഡിറ്റിന്റെ അഭ്യർത്ഥനകൾ, മുൻകൂറായി അല്ലെങ്കിൽ ഓഡിറ്റ് വേളയിലായാലും, നിശ്ചിത സമയത്തിനുള്ളിൽ മാനിക്കേണ്ടത് ഓഡിറ്റ് ചെയ്യാവുന്ന സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നിയമപരമായ ബാധ്യതയാണ്.

സിഎജിയുടെ ഓഡിറ്റ് റെഗുലേഷൻ, 2020, ഓഡിറ്റ് അയച്ച അഭ്യർത്ഥനയിൽ ആവശ്യപ്പെട്ട അടിസ്ഥാന റെക്കോഡുകൾ, ഡാറ്റ, വിവരങ്ങൾ, രേഖകൾ എന്നിവ ഓഡിറ്റ് ടീമിന്റെ വരവിന് മുമ്പ് തയ്യാറാക്കി വച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റ് ചെയ്യാവുന്ന സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ നിർബന്ധിക്കുന്നു.

ബാക്ക്-എൻഡ് സിസ്റ്റത്തിൽ ലഭ്യമായ നികുതിദായകരുടെ രേഖകളുടെ ഡെസ്ക് അവലോകനത്തിനിടെ, വിശദമായ പരിശോധനയ്ക്കായി അധിക ഐടിസി, നികുതി ബാധ്യത പൊരുത്തക്കേടുകൾ എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ ഓഡിറ്റ് തിരിച്ചറിഞ്ഞു. ഐടിസി ഡൈമൻഷനിൽ, ജിഎസ്ടിആർ 3ബി യെ ജിഎസ്ടിആർ 2എ, ജിഎസ്ടിആർ 9 എന്നിവയുമായും ജിഎസ്ടിആർ 9സി യുടെ പട്ടിക 12, 14 എന്നിവയിൽ നടത്തിയ പ്രസ്താവനകളുമായും താരതമ്യം ചെയ്തും പൊരുത്തക്കേടുകൾ തിരിച്ചറിഞ്ഞു. നികുതി ബാധ്യതാ ഡൈമൻഷനിൽ, ജിഎസ്ടിആർ 3ബി യെ ജിഎസ്ടിആർ1,

---

[30] 32AAACC9308A1ZC (സിബിആർഇ സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ്), 32AAACE1378A1ZC (എസ്ഡീ പെയിന്റ്സ് ലിമിറ്റഡ്), 32AAACI7351P1ZC (ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്), 32AAACT4119L1ZH (ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ്), 32AAICS7671L2ZU (സൺ ഡയറക്റ്റ് ടിവി പ്രൈവറ്റ് ലിമിറ്റഡ്), 32AAACR4761J1ZF (ആർഡിഎസ് പ്രൊജക്ട്സ് ലിമിറ്റഡ്), 32AABCA9599A1ZS (ഐമ്പേഷ എഞ്ചിനീയറിംഗ് & പ്രൊജക്ട്സ് ലിമിറ്റഡ്), 32AAACT7597G1Z4 (മലയാള മനോരമ), 32ACDFS6120L1Z8 (സ്മാർട്ട്), 32AAACI4918G1ZW (ഇൻഡ്സിൽ ഹൈഡ്രോ പവർ), 32AAPFP7515A3ZF (പോന്നോർ എന്റർപ്രൈസസ് എൽഎൽപി), 32AAIFR4799M1ZH (റെഡ്ലാൻഡ്സ് ആഷ്ലിൻ മോട്ടോർസ് പിഎൽസി).

ജിഎസ്ടിആർ 9 എന്നിവയുമായി താരതമ്യം ചെയ്തും ജിഎസ്ടിആർ 9സി യുടെ പട്ടികകൾ 5, 7, 9 എന്നിവയിലെ പ്രസ്താവനകളുമായും താരതമ്യം ചെയ്തു കൊണ്ട് പൊരുത്തക്കേടുകൾ കണ്ടെത്തി. എന്നിരുന്നാലും, എല്ലാ കേസുകളിലും, ഐടിസിയുടെയും നികുതി ബാധ്യതയുടെയും പൊരുത്തക്കേടുകൾക്ക് കാരണമായ ഘടകങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ അനുബന്ധ സാമ്പത്തിക ലെഡ്ജറുകൾ, ഇൻവോയ്സുകൾ, കരാർ പകർപ്പുകൾ തുടങ്ങിയ ഗ്രാനുലാർ രേഖകൾ വകുപ്പ് ഹാജരാക്കിയില്ല. നികുതിദായകരുടെ ഈ ഗ്രാനുലാർ റെക്കോർഡുകൾ ബന്ധപ്പെട്ട സർക്കിളുകൾ വഴി ഓഡിറ്റ് ആവശ്യപ്പെട്ടു. ഭാഗികമായി ഹാജരാക്കിയ രേഖകളുടെ കേസ് തിരിച്ചുള്ള പട്ടിക **അനുബന്ധം X**ൽ നൽകിയിരിക്കുന്നു.

ഐടിസിയിലെ പൊരുത്തക്കേടുകളുടെയും നികുതി ബാധ്യതയുടെയും അടിസ്ഥാനത്തിൽ ഭാഗികമായി രേഖകൾ ഹാജരാക്കിയ അഞ്ച് കേസുകൾ ഇനിപ്പറയുന്ന **പട്ടിക – 2.6**ൽ കാണിച്ചിരിക്കുന്നു:

**പട്ടിക – 2.6**
**പൊരുത്തക്കേടുകളുടെ അടിസ്ഥാനത്തിൽ രേഖകൾ ഭാഗികമായി ഹാജരാക്കിയ മുൻനിര കേസുകൾ**

| ക്രമ നമ്പർ | ജിഎസ്ടിഐഎൻ | നികുതിദായകന്റെ പേര് | നികുതി നിർണ്ണയ സർക്കിൾ | ഹാജരാക്കാത്ത രേഖകളുടെ പട്ടിക | പൊരുത്തക്കേടുള്ള തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 1 | 32ABOFS7482F1ZT | സഫേ സിസ്റ്റംസ് | സ്പെഷ്യൽ സർക്കിൾ, മട്ടാഞ്ചേരി, ആലുവ | മാനുഫാക്ചറിംഗ് അക്കൗണ്ടുകൾ, തിരഞ്ഞെടുത്ത മാസങ്ങളിലെ ഡെബിറ്റ്, ക്രെഡിറ്റ് നോട്ടുകൾക്കൊപ്പം ഇൻവേർഡ് ഇൻവോയ്സുകൾ, ഫിക്സഡ് അസറ്റ് രജിസ്റ്റർ, പേയ്മെന്റ് / രസീപ്റ്റ് വൗച്ചറുകൾ, ട്രയൽ ബാലൻസ്. | 15.36 |
| 2 | 32AAACT4119L1ZH | ടാറ്റാ പ്രോജെക്ട്സ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ I, ഏറണാകുളം | കരാർ ഉടമ്പടി, തിരഞ്ഞെടുത്ത മാസങ്ങളിലെ ഡെബിറ്റ്, ക്രെഡിറ്റ് നോട്ടുകൾ സഹിതം ഔട്ട്വേർഡ് ഇൻവേർഡ് ഇൻവോയ്സുകൾ, ഫിക്സഡ് അസറ്റ് രജിസ്റ്റർ, സ്റ്റേറ്റ് സ്പെസിഫിക് സർട്ടിഫൈഡ് അക്കൗണ്ടുകൾ. | 2.93 |
| 3 | 32AAACC9308A1ZC | സിബിആർഇ സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ I, ഏറണാകുളം | സ്റ്റേറ്റ് സ്പെസിഫിക് സർട്ടിഫൈഡ് അക്കൗണ്ടുകൾ, തിരഞ്ഞെടുത്ത മാസങ്ങളിലെ ഡെബിറ്റ്, ക്രെഡിറ്റ് നോട്ടുകൾ സഹിതം ഔട്ട്വേർഡ് ഇൻവേർഡ് ഇൻവോയ്സുകൾ, ഫിക്സഡ് അസറ്റ് രജിസ്റ്റർ, പ്രധാന സപ്ലൈകളുടെ ലിസ്റ്റ്. | 2.31 |

| ക്രമ നമ്പർ | ജിഎസ്ടിഐഎൻ | നികുതിദായക ന്റെ പേര് | നികുതി നിർണ്ണയ സർക്കിൾ | ഹാജരാക്കാത്ത രേഖകളുടെ പട്ടിക | പൊരുത്ത ക്കേടുള്ള തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 4 | 32AAFCT5790G1Z8 | ടെക്നോട്രേഡ് റീട്ടെയ്ൽ സർവീസസ് ഇന്ത്യ പ്രൈ വറ്റ് ലിമിറ്റഡ് | സ്പെഷ്യൽ സർക്കിൾ I, ഏറണാകുളം | ഒഴിവാക്കിയ സപ്ലൈകളുടെ വിശദാംശങ്ങൾ, തിരഞ്ഞെടുത്ത മാസങ്ങളിലെ ഡെബിറ്റ്, ക്രെഡിറ്റ് നോട്ടുകൾ സഹിതം ഔട്ട് വേർഡ് ഇൻവേർഡ് ഇൻവോയ്സുകൾ, ഫിക്സഡ് അസറ്റ് രജിസ്റ്റർ. | 2.12 |
| 5 | 32AAACT7597G1Z4 | മലയാള മനോരമ | സ്പെഷ്യൽ സർക്കിൾ, കോട്ടയം | സ്റ്റേറ്റ് സ്പെസിഫിക് സാമ്പത്തിക അക്കൗണ്ടുകൾ, കരാർ ഉടമ്പടി, തിരഞ്ഞെടുത്ത മാസങ്ങളിലെ ഡെബിറ്റ്, ക്രെഡിറ്റ് നോട്ടുകൾ സഹിതം ഔട്ട്‌വേർഡ് ഇൻവേർഡ് ഇൻവോയ് സുകൾ, ഫിക്സഡ് അസറ്റ് രജിസ്റ്റർ, പേയ്മെന്റ്/ രസീപ്റ്റ് വൗച്ചറുകൾ, ട്രയൽ ബാലൻസ്, ഒഴിവാക്കിയ സപ്ലൈകളുടെ വിശദാംശങ്ങൾ. | 1.82 |

സാമ്പിൾ എടുത്ത 45 കേസുകളിൽ ഒന്നിലും ഗ്രാനുലാർ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല. തൽഫലമായി, അധിക/ ക്രമവിരുദ്ധ ഐടിസിയുടെ ഉപ യോഗവുമായി ബന്ധപ്പെട്ട കണ്ടുപിടിക്കപ്പെട്ട അപകടസാധ്യതകളും 34.42 കോടി രൂപയുടെ ഡിസ്ചാർജ് ചെയ്യാത്ത ബാധ്യതയും ഓഡിറ്റിന് വിശദമായി പരിശോധിക്കാൻ കഴിഞ്ഞില്ല.

### 2.4.8.2 നികുതി ബാധ്യതയുടെ ഡിസ്ചാർജ്

ജിഎസ്ടിയുടെ കാര്യത്തിൽ നികുതി ചുമത്താവുന്ന സംഭവം ചരക്കുകളുടെ കൂടാതെ/ അല്ലെങ്കിൽ സേവനങ്ങളുടെ സപ്ലൈയാണ്. മനുഷ്യ ഉപഭോഗത്തിനായുള്ള മദ്യം വിതരണം ചെയ്യുന്നതൊഴികെ, സംസ്ഥാനത്തിനകത്തുള്ള എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും അല്ലെങ്കിൽ രണ്ടിന്റെയും സപ്ലൈക്ക് കേന്ദ്ര/ സംസ്ഥാന ചരക്ക് സേവന നികുതി എന്ന് വിളിക്കപ്പെടുന്ന നികുതി നിയമത്തിന്റെ വകുപ്പ് 15 പ്രകാരം നിർണ്ണയിച്ചിരിക്കുന്ന മൂല്യത്തിൻ മേൽ ഓരോ നിയമത്തിനും കീഴിലുള്ള അതായത് സിജിഎസ്ടി, എസ്ജിഎസ്ടി നിയമങ്ങൾ, 20 ശതമാനത്തിൽ കൂടാത്ത അത്തരം നിരക്കുകൾ, ഈടാക്കുന്നതിനും ശേഖരിക്കുന്നതിനും അധികാരപ്പെടുത്തുന്നത് 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 9 ആണ്. 2017ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 5, ചരക്കുകളുടെയും സേവനങ്ങളുടെയും അന്തർ സംസ്ഥാന വിതരണത്തിന്, പരമാവധി 40 ശതമാനം നിരക്കിൽ, ഐജിഎസ്ടി ചുമത്തലും ശേഖരണവും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുന്നു.

ഏതെങ്കിലും നികുതി അടച്ചിട്ടില്ലെന്നോ കുറവായി അടച്ചെന്നോ തെറ്റായി റീഫണ്ട് ചെയ്തെന്നോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി ലഭ്യമാക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടുണ്ടെന്നോ, വെട്ടിപ്പ് കാരണമോ നികുതി വെട്ടിക്കുന്നതിനു വേണ്ടി വസ്തുതകൾ മനഃപൂർവം തെറ്റിദ്ധരിപ്പിക്കുകയോ അല്ലെങ്കിൽ ഒളിച്ചു വെക്കുകയോ ചെയ്യുന്നതൊഴികെ, ചെയ്തതായി പ്രോപ്പർ ഓഫീസർക്ക് ബോധ്യമായാൽ അങ്ങനെ നികുതി ചുമത്തപ്പെടേണ്ട വ്യക്തിക്ക് അദ്ദേഹം നോട്ടീസ് അയയ്ക്കാൻ 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 73(1) വ്യവസ്ഥ ചെയ്യുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി പ്രയോജനപ്പെടുത്തുകയോ വിനിയോഗിക്കുകയോ ചെയ്തവർ, എന്തുകൊണ്ട് നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക വകുപ്പ് 50 അല്ലെങ്കിൽ അതിനു കീഴിൽ ഉണ്ടാക്കിയ നിയമങ്ങൾ പ്രകാരം അടയ്ക്കേണ്ട പലിശയും ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കാവുന്ന പിഴയും ചേർത്ത് അടക്കേണ്ടതില്ല എന്നതിന് കാരണം കാണിക്കാൻ ആവശ്യപ്പെടുന്നു.

പരിശോധിച്ച 45 കേസുകളിൽ 20.47 കോടി രൂപയുടെ 24 കേസുകളിൽ കംപ്ലയൻസ് കുറവുകൾ ഓഡിറ്റ് നിരീക്ഷിച്ചത് **അനുബന്ധം XI**ൽ വിശദമാക്കിയിരിക്കുന്നു. ടൈം ഓഫ് സപ്ലൈ വ്യവസ്ഥകൾ പാലിക്കാത്തത്, സപ്ലൈയുടെ തെറ്റായ വർഗ്ഗീകരണം, നികുതി നൽകേണ്ട സപ്ലൈകൾ ഒഴിവാക്കൽ, ഇളവുകളുടെ തെറ്റായ ഉപയോഗം, റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി ബാധ്യതയുടെ തെറ്റായ ഡിസ്ചാർജ്, നികുതി ബാധ്യതയുടെ കുറഞ്ഞ ഡിസ്ചാർജ് തുടങ്ങിയവയാണ് പോരായ്മകൾക്ക് പ്രധാനമായും കാരണം.

ഈ 45 കേസുകളിൽ നികുതി പ്രഭാവം സ്ഥാപിക്കാൻ കഴിയാത്ത ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള വിറ്റുവരവിലെ പൊരുത്തക്കേടിന്റെ ഏഴ് സംഭവങ്ങളും (**അനുബന്ധം XII**) ഓഡിറ്റ് നിരീക്ഷിച്ചു.

- **ടൈം ഓഫ് സപ്ലൈ വ്യവസ്ഥകൾ പാലിക്കാത്തത്**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 35 (5), 44 എന്നിവ പ്രകാരം, നികുതിദായകൻ തന്റെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യിക്കുകയും ഓഡിറ്റ് ചെയ്ത വാർഷിക അക്കൗണ്ടുകളും ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവനയും നൽകുകയും ചെയ്യണം.

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 13 (2) പ്രകാരം, സേവനങ്ങളുടെ ടൈം ഓഫ് സപ്ലൈ ഇനിപ്പറയുന്ന തീയതികളിൽ ഏറ്റവും നേരത്തെയുള്ളതായിരിക്കും, അതായത്:

(എ) വിതരണക്കാരൻ ഇൻവോയ്സ് നൽകുന്ന തീയതി, വകുപ്പ് 31 ലെ ഉപ വകുപ്പ് (2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഇൻവോയ്സ് നൽകിയിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പണം ലഭിച്ച തീയതി, ഏതാണോ ആദ്യം, അല്ലെങ്കിൽ

(ബി) സേവനം നൽകിയ തീയ്യതി, വകുപ്പ് 31 ലെ ഉപവകുപ്പ് (2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഇൻവോയ്സ് നൽകിയിട്ടില്ലെങ്കിൽ, അല്ലെങ്കിൽ പണം ലഭിച്ച തീയതി, ഏതാണോ ആദ്യം, അല്ലെങ്കിൽ

(സി) (എ) അല്ലെങ്കിൽ (ബി) യിലെ വ്യവസ്ഥകൾ ബാധകമല്ലാത്ത സാഹചര്യത്തിൽ, സ്വീകർത്താവ് തന്റെ ബുക്ക്സ് ഓഫ് അക്കൗണ്ടിൽ സേവനങ്ങൾ ലഭിച്ചതായി കാണിക്കുന്ന തീയതി.

സേവനങ്ങളുടെ ടൈം ഓഫ് സപ്ലൈയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലി ക്കാത്തതിനാൽ, 45 കേസുകളിൽ മൂന്നെണ്ണത്തിൽ 8.59 കോടി രൂപ വരുന്ന കംപ്ലയ്ൻസ് പോരായ്മകളും അതുവഴി നികുതി ബാധ്യത തീർപ്പാക്കാത്തതും ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ കൊടുത്തിരിക്കുന്നു.

എ) എറണാകുളത്തെ വർക്ക്സ് കോൺട്രാക്ട് ഓഫീസിൽ രജിസ്റ്റർ ചെയ്ത സേവന ദാതാവായ സൺ ഡയറക്റ്റ് ടിവി പ്രൈവറ്റ് ലിമിറ്റഡ് (32AAICS7671L2ZU), 2017-18 വർഷത്തേക്കുള്ള ഏകീകൃത ഓഡിറ്റഡ് അക്കൗണ്ടുകൾ മാത്രം നൽകി. ജിഎസ്ടിഐഎൻന് കീഴിലുള്ള കേരളത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ നിയമത്തിലെ വകുപ്പ് 44 ആവശ്യപ്പെടുന്ന പ്രകാരം വകുപ്പിന് നൽകിയിട്ടില്ല.

നികുതിദായകൻ മുൻകൂറായി ലഭിച്ച വരുമാനമായി 174.88 കോടി രൂപയും വിത രണക്കാരിൽ നിന്ന് മുൻകൂറായി ലഭിച്ച 78.27 കോടി രൂപയും (ആകെ ₹253.15 കോടി) കണക്കാക്കിയിട്ടുണ്ട്. നികുതിദായകൻ ഡിടിഎച്ച് സേവനത്തിന്റെ ഒരു വിതരണക്കാരനാണ്, കൂടാതെ മുൻകൂറായി ലഭിക്കുന്ന തുകയ്ക്ക് നിയമത്തിലെ വകുപ്പ് 13(2)(സി) പ്രകാരം നികുതി നൽകേണ്ടതാണ്. എന്നിരുന്നാലും, ജിഎസ്ടി ആർ 9ന്റെ ഭാഗം II-4എഫ് അനുസരിച്ച്, മുൻകൂറായി ലഭിച്ച തുകയുടെ നികുതി 'നിൽ' ആയി കാണിച്ചിരിക്കുന്നു. സംസ്ഥാനവുമായി ബന്ധപ്പെട്ടുള്ള മുൻകൂർ തുക ഏകീകൃത അക്കൗണ്ടുകളിൽ ഈ വർഷത്തെ വരുമാനമായി കണക്കാക്കിയ 1,374.30 കോടി രൂപയുടെ 11.78 ശതമാനം എന്ന നിരക്കിൽ കണക്കാക്കിയതും സംസ്ഥാന വുമായി ബന്ധപ്പെട്ട വിറ്റുവരവായി ജിഎസ്ടിആർ 9ൽ വെളിപ്പെടുത്തിയ 161.89 കോടി രൂപയുമാണ്. അതനുസരിച്ച്, സംസ്ഥാനത്തിലെ മുൻകൂർ ലഭിച്ച തുക 29.82 കോടി രൂപയായി (253.15-ന്റെ 11.78 ശതമാനം) കണക്കാക്കിയിരിക്കുന്നു.

₹29.82 കോടി മുൻകൂറായി ലഭിക്കുമ്പോൾ 18 ശതമാനം നിരക്കിൽ 5.37 കോടി രൂപ അടയ്ക്കേണ്ടതായിരുന്നത് ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് കണ്ടെത്താൻ കഴിഞ്ഞില്ല. അതിനാൽ, ജോലി പൂർത്തീകരിക്കുന്ന സമയത്ത് നികുതി ബാധ്യത തീർത്തുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്.

വിഷയം വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറു പടി കാത്തിരിക്കുന്നു (2023 മാർച്ച്).

ബി) പാലക്കാട് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വർക്ക്സ് കോൺട്രാക്ടറായ സ്മാർദ് (32ACDFS6120L1Z8) 2017-18 വർഷത്തേക്ക് 50.02 കോടി രൂപയുടെ ഔട്ട്‌വേർഡ് സപ്ലൈയുള്ള ഏകീകൃത പി&എൽ അക്കൗണ്ട് ഫയൽ ചെയ്തു. നികുതിദായകന്റെ ജിഎസ്ടിആർ 9സി പരിശോധിച്ചപ്പോൾ സംസ്ഥാനവുമായി ബന്ധപ്പെട്ട സപ്ലൈയായി കാണിച്ചിരിക്കുന്നത് 45.17 കോടി

രൂപയാണ്, ഇത് ഏകീകൃത അക്കൗണ്ടുകളിൽ കാണിച്ചിരിക്കുന്ന സപ്ലൈയുടെ 90.30 ശതമാനം വരും.

വർക്ക്സ് കോൺട്രാക്ടറായ നികുതിദായകന്റെ അക്കൗണ്ടുകൾ ഓഡിറ്റ് കൂടുതൽ പരിശോധിച്ചതിൽ, ബാലൻസ് ഷീറ്റ് പ്രകാരം, ഉപഭോക്താക്കളിൽ നിന്ന് നികുതി ദായകന് മുൻകൂറായി 18.77 കോടി രൂപ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടു. ഇത് എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 13(2) പ്രകാരം സപ്ലൈയുടെ ഭാഗമാണ്. 16.95 കോടി രൂപ (18.77 കോടിയുടെ 90.30 ശതമാനം) മുൻകൂറായി ലഭിച്ച സമയത്ത് 18 ശതമാനം നിരക്കിൽ 3.05 കോടി രൂപ നികുതി അടയ്ക്കേണ്ടതായിരുന്നു. ജോലി പൂർത്തീകരിക്കുന്ന സമയത്ത് നികുതി ബാധ്യത തീർത്തുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്.

വിഷയം വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

സി) കോട്ടയം ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വർക്ക്സ് കോൺട്രാക്ടറായ ജില്ലാ നിർമിതി കേന്ദ്രത്തിന് (32AAAAD4918P1ZM) 2017-18 വർഷത്തിൽ ലഭിച്ച 6.91 കോടി രൂപയ്ക്ക് (ജിഎസ്ടി കാലയളവിൽ മുൻകൂറായി 5.50 കോടി രൂപയും ജിഎസ്ടി കാലയളവിൽ പൂർത്തിയാക്കിയ ജോലികൾക്കുള്ള വരുമാനമായി 1.41 കോടി രൂപയും) നികുതി ബാധ്യത 0.83 കോടി രൂപ വരും. പ്രഖ്യാപിച്ച നികുതി വിധേയ വിറ്റുവരവിന് നികുതിദായകൻ അടച്ചത് 0.66 കോടി രൂപ മാത്രമാണെന്നും ഇതിലൂടെ 0.17 കോടി രൂപയുടെ (0.83 കോടി - 0.66 കോടി) നികുതി ബാധ്യതയുടെ കുറഞ്ഞ ഡിസ്ചാർജും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമത്തിലെ വകുപ്പ് 50 അനുസരിച്ച് പലിശ അടയ്ക്കാനും നികുതിദായകൻ ബാധ്യസ്ഥനാണ്.

വിഷയം വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **സപ്ലൈയുടെ തെറ്റായ വർഗ്ഗീകരണം**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 59 അനുസരിച്ച്, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും ഈ നിയമത്തിന് കീഴിൽ അടയ്ക്കേണ്ട നികുതികൾ സ്വയം വിലയിരുത്തുകയും ഓരോ നികുതി കാലയളവിനും വകുപ്പ് 39 പ്രകാരം വ്യക്തമാക്കിയിട്ടുള്ള റിട്ടേൺ നൽകുകയും വേണം.

ചരക്കുകളുടെയും സേവനങ്ങളുടെയും ഐജിഎസ്ടി, എസ്ജിഎസ്ടി/ യുടി ജിഎസ്ടി നിയമങ്ങൾക്ക് കീഴിലുള്ള അനുബന്ധ അറിയിപ്പുകൾക്കൊപ്പം, വിജ്ഞാപനം ചെയ്ത[31] പ്രകാരം അടയ്ക്കേണ്ട നികുതി നിരക്ക്, ഹാർമോണൈസ്ഡ് സിസ്റ്റം ഓഫ് നോമെൻക്ലേച്ചർ (എച്ച്എസ്എൻ)/ സർവീസ് അക്കൗണ്ടിംഗ് കോഡ് (എസ്എസി) വഴി അതിന്റെ വർഗ്ഗീകരണവുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഈ നിരക്കുകൾ കാലാകാലങ്ങളിൽ തുടർ അറിയിപ്പുകളിലൂടെ ഭേദഗതി ചെയ്തിട്ടുണ്ട്.

28 ജൂൺ 2017 ലെ ജിഎസ്ടി വിജ്ഞാപനം നമ്പർ.11/2017 സെൻട്രൽ ടാക്സ് (റേറ്റ്) കാലാകാലങ്ങളിലുള്ള തുടർ ഭേദഗതികളും പ്രകാരം ഒരു സമുച്ചയം, കെട്ടിടം, സിവിൽ സ്ട്രക്ചർ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം, വിൽപനയ്ക്ക് ഉദ്ദേശിച്ചുള്ള ഒരു സമുച്ചയമോ കെട്ടിടമോ ഉൾപ്പെടെയുള്ള നിർമ്മാണത്തിനുള്ള വർക്ക്സ് കോൺട്രാക്ട് സേവനത്തിന് 18 ശതമാനം നിരക്കിലും സർക്കാർ/ പ്രാദേശിക

[31] 2017 ജൂൺ 28 ലെ വിജ്ഞാപനം നം.1/2017 സെൻട്രൽ ടാക്സ് (റേറ്റ്), നം.11/2017 സെൻട്രൽ ടാക്സ് (റേറ്റ്) എന്നിവ പ്രകാരം.

അതോറിറ്റി/ സർക്കാർ സ്ഥാപനം/ സർക്കാർ അതോറിറ്റി എന്നിവയ്ക്ക് അത്തരം സേവനങ്ങൾ നൽകുമ്പോൾ 12 ശതമാനം നിരക്കിലും ജിഎസ്ടി നൽകേണ്ടതാണ്.

45 കേസുകളിൽ മൂന്നെണ്ണത്തിൽ നികുതിദായകർ അവരുടെ സപ്ലൈകളെ തെറ്റായി തരംതിരിച്ചതിലൂടെ അടക്കേണ്ട നികുതിയിൽ 0.74 കോടി രൂപയുടെ കുറവു വന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. രണ്ട് കേസുകൾ താഴെ കൊടുത്തിരിക്കുന്നു:

എ) വർക്ക്സ് കോൺട്രാക്ട് സേവനങ്ങളുടെ വിതരണക്കാരായ എറണാകുളത്തെ വർക്ക്സ് കോൺട്രാക്ട് ഓഫീസിന് കീഴിൽ രജിസ്റ്റർ ചെയ്ത ആർഡിഎസ് പ്രോജെക്ട്സ് (32AAACR4761J1ZF), 2017-18 വർഷത്തെ വാർഷിക റിട്ടേണിൽ മൊത്തം വിറ്റുവരവ് 153.61 കോടി രൂപയായി പ്രസ്താവിക്കുകയും 137.04 കോടി രൂപയ്ക്ക് 12 ശതമാനം നിരക്കിലും 16.37 കോടി രൂപയ്ക്ക് 18 ശതമാനം നിരക്കിലും നികുതി അടയ്ക്കുകയും ചെയ്തു.

സർക്കാർ, സർക്കാരിതര ജോലികൾ ഏറ്റെടുക്കുന്ന വിതരണക്കാരൻ സംസ്ഥാനവുമായി ബന്ധപ്പെട്ട സർട്ടിഫൈഡ് അക്കൗണ്ടുകൾ അപ്‌ലോഡ് ചെയ്തിട്ടില്ല. 2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ വിഎടി റിട്ടേണിൽ നൽകിയ വിശദാംശങ്ങളുടെയും അവാർഡർ അപ്‌ലോഡ് ചെയ്ത ടിഡിഎസ് വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പ്രവർത്തിപരമായ വിറ്റുവരവ് കണ്ടെത്തിയതിൽ, സർക്കാർ ജോലികളുമായി ബന്ധപ്പെട്ടവ വിറ്റുവരവിന്റെ 19.98 ശതമാനവും ബാക്കി 80.02 ശതമാനം മറ്റു ജോലികളുടേതാണെന്നും കണ്ടെത്തി. ജിഎസ്ടി നടപ്പിലാക്കിയതിന് ശേഷം നികുതിദായകർ 90:10 എന്ന അനുപാതത്തിൽ സർക്കാർ/ മറ്റ് തൊഴിൽ കരാർ സേവനങ്ങൾ നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2022 ഓഗസ്റ്റ്). കരാർ രേഖകൾ, വർക്ക് ഓർഡർ തുടങ്ങിയ ഗ്രാനുലാർ രേഖകൾക്കായി ഓഡിറ്റ് അഭ്യർത്ഥിച്ചുവെങ്കിലും അവ ഹാജരാക്കിയില്ല. അതിനാൽ, തെറ്റായ വർഗ്ഗീകരണം കാരണം നികുതി ബാധ്യതയുടെ കുറഞ്ഞ ഡിസ്ചാർജ് ഇല്ലെന്ന് ഉറപ്പാക്കാൻ വകുപ്പ് പരിശോധന നടത്തേണ്ടതാണ്.

വിഷയം വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

ബി) വർക്ക്സ് കോൺട്രാക്ട് ഓഫീസ് മലപ്പുറത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പ്രോജക്ടുകൾ വികസിപ്പിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഹോംസ്റ്റെഡ് പ്രോജെക്ട്സ് ആൻഡ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (32AADCH1998L1Z9) ജിഎസ്ടിആർ 9-ൽ പ്രസ്താവിച്ച 2017-18 വർഷത്തിൽ നികുതി നൽകേണ്ട വിറ്റുവരവായ 8.52 കോടി രൂപയ്ക്ക് 18 ശതമാനം നിരക്കിൽ 1.53 കോടി രൂപ നികുതി അടയ്ക്കേണ്ടി വരും. എന്നാൽ നികുതിദായകൻ അടച്ച നികുതി ജിഎസ്ടിആർ 9സി യിൽ വെളിപ്പെടുത്തിയതുപോലെ, 12 ശതമാനം നിരക്കിൽ 1.02 കോടി രൂപയായിരുന്നു. ഇത് 0.51 കോടി രൂപയുടെ കുറഞ്ഞ ഒടുക്കലിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), വകുപ്പ് പുറപ്പെടുവിച്ച ഡിആർസി 01എക്കെതിരെ നികുതിദായകനിൽ നിന്ന് ലഭിച്ച മറുപടി സൂക്ഷ്മപരിശോധനയിലാണെന്ന് സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

- **നികുതി നൽകേണ്ടണ്ട സപ്ലൈകൾ ഒഴിവാക്കൽ**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 7, എല്ലാത്തരം സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈയും അല്ലെങ്കിൽ ഇവ രണ്ടും അല്ലെങ്കിൽ വിൽപ്പന, കൈമാറ്റം, ബാർട്ടർ, എക്സ്ചേഞ്ച്, ലൈസൻസ്, വാടക, പാട്ടം അല്ലെങ്കിൽ വിനിയോഗം എന്നിങ്ങനെ പ്രതിഫലത്തിനായി ബിസിനസ്സിന്റെ ഭാഗമായി ഒരു

വ്യക്തി നടത്തുന്ന അല്ലെങ്കിൽ നടത്താമെന്നു സമ്മതിക്കുന്ന എല്ലാ രൂപത്തിലുമുള്ള സപ്ലൈകൾ ഉൾക്കൊള്ളുന്നതാണ് 'സപ്ലൈ' എന്ന് നിർവചിക്കുന്നു. പ്രതിഫലത്തിനായി ബിസിനസ്സിന്റെ ഭാഗമായോ അല്ലാതെയോ നടത്തുന്ന സേവനങ്ങളുടെ ഇറക്കുമതിയും ഇതിൽ ഉൾപ്പെടുന്നു. ഇത് പ്രധാന ഘടകങ്ങളായ (1) സപ്ലൈ ചരക്കുകളുടെയോ സേവനങ്ങളുടെയോ ആയിരിക്കണം (2) ഒരു പ്രതിഫലത്തിനായി സപ്ലൈ നടത്തേണ്ടതുണ്ട് (3) ബിസിനസ്സിന്റെ ഭാഗമായി സപ്ലൈ നടത്തണം (4) നികുതി ചുമത്താവുന്ന ഒരു വ്യക്തിയാണ് സപ്ലൈ നടത്തേണ്ടത് (5) സപ്ലൈ നികുതി വിധേയമായ സപ്ലൈ ആയിരിക്കണം (6) നികുതി നൽകേണ്ട പ്രദേശത്തിനുള്ളിൽ സപ്ലൈ നടത്തണം എന്നിവ ഉൾക്കൊള്ളുന്ന നിർവചനമാണ്. പ്രതിഫലത്തിനായല്ലാതെ നടത്തുന്ന ചില പ്രവർത്തനങ്ങൾ പോലും സപ്ലൈ ആയി കണക്കാക്കുമെന്ന് ഷെഡ്യൂൾ I വ്യക്തമാക്കുന്നു. ഷെഡ്യൂൾ II ചില പ്രവർത്തനങ്ങളെയോ ഇടപാടുകളെയോ ചരക്കുകളുടെ സപ്ലൈയോ സേവനങ്ങളുടെ സപ്ലൈയോ ആയി കണക്കാക്കുന്നു. 2017-ലെ സിജിഎസ്ടി നിയമത്തിലെ വകുപ്പ് 8, കോംപോസിറ്റ് സപ്ലൈയും മിക്സഡ് സപ്ലൈയും കൈകാര്യം ചെയ്യുന്നു.

45 കേസുകളിൽ പത്തിലും, നികുതി അടയ്ക്കേണ്ട സപ്ലൈകൾ നികുതിദായകർ ഒഴിവാക്കിയത് കാരണവും അതിലൂടെ നികുതി ബാധ്യത ഡിസ്ചാർജ് ചെയ്യാത്തത് കാരണവും 5.01 കോടി രൂപയുടെ കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. ഈ വിഭാഗത്തിൽ ശ്രദ്ധയിൽപ്പെട്ട 4.13 കോടി രൂപയുടെ ക്രമക്കേടുകളിൽ ഒരു കേസ് താഴെ കൊടുത്തിരിക്കുന്നു:

സംസ്ഥാന നികുതി ഓഫീസ്, I സർക്കിൾ, ചങ്ങനാശ്ശേരിയിൽ രജിസ്റ്റർ ചെയ്ത നികുതിദായകനായ ജോസ്കോ ജ്വല്ലേഴ്സ് (32AABCJ8147P1Z6) 2017-18 വർഷത്തെ പി&എൽ അക്കൗണ്ടുകളും പി&എൽ അക്കൗണ്ടുകളുടെ ഭാഗമായ നോട്ട് നമ്പർ 18 ഉം പ്രകാരം 881.28 കോടി രൂപയുടെ വിൽപന നടത്തിയതായി കാണിച്ചിരിക്കുന്നു. ഈ വിറ്റുവരവിൽ, വിഎടി കാലയളവുമായി ബന്ധപ്പെട്ട 227.31 കോടി രൂപ വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. അങ്ങനെയെങ്കിൽ, ജിഎസ്ടിയിൽ കണക്കാക്കേണ്ട വിറ്റുവരവ് 653.97 കോടി രൂപയാണ് (881.28 - 227.31). എന്നാൽ, നികുതിദായകൻ ജിഎസ്ടിആർ 3ബി -യിൽ 606.66 കോടി രൂപയുടെ വിറ്റുവരവ് പ്രഖ്യാപിക്കുകയും അതനുസരിച്ച് നികുതി അടക്കുകയും ചെയ്തു. ഇത് നികുതി വിലയിരുത്തലിൽ നിന്ന് ഒഴിവാക്കപ്പെട്ട 47.31 കോടി രൂപയുടെ വിറ്റുവരവിന് മൂന്ന് ശതമാനം എന്ന നിരക്കിൽ 1.42 കോടി രൂപ കുറഞ്ഞ നികുതി ഈടാക്കാൻ കാരണമായി. നിയമത്തിലെ വകുപ്പ് 50 അനുസരിച്ച് പലിശ അടയ്ക്കാനും നികുതിദായകൻ ബാധ്യസ്ഥനാണ്.

നികുതിദായകൻ 33.04 കോടി രൂപയുടെ സെയിൽസ് റിട്ടേണുകൾ കണക്കിലെടുത്തതായും ശ്രദ്ധയിൽപ്പെട്ടു. ഈ തുകയിൽ, 9.30 കോടി രൂപയുടെ സെയിൽസ് റിട്ടേൺ വിഎടി കാലയളവുമായി ബന്ധപ്പെട്ടതാണ്. ജിഎസ്ടി കാലയളവിലെ 23.73 കോടി രൂപയുടെ സെയിൽസ് റിട്ടേണുകൾ ജിഎസ്ടിആർ 1ലോ ജിഎസ്ടിആർ 9ലോ പ്രഖ്യാപിച്ചിട്ടില്ല. ഇത് മൂന്ന് ശതമാനം നിരക്കിൽ 0.71 കോടി രൂപയുടെ നികുതി ബാധ്യത വരുന്ന 23.73 കോടി രൂപയുടെ നികുതി ബാധകമായ സപ്ലൈ ഒഴിവാക്കുന്നതിന് തുല്യമാണ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), എഎസ്എംടി 10 നൽകിയതായി സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

- **വെളിപ്പെടുത്തിയ വിറ്റുവരവിന്മേലുള്ള നികുതിയുടെ കുറഞ്ഞ ഒടുക്കൽ**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 49(8) പ്രകാരം, നികുതി വിധേയരായ ഓരോ വ്യക്തിയും ഈ നിയമത്തിന് കീഴിലുള്ള അല്ലെങ്കിൽ അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമുള്ള നികുതിയും മറ്റ് കുടിശ്ശികകളും

ഇനിപ്പറയുന്ന ക്രമത്തിൽ അടയ്ക്കേണ്ടതാണ്, അതായത്: (എ) മുൻ നികുതി കാലയളവിലെ റിട്ടേണുകളുമായി ബന്ധപ്പെട്ട സ്വയം വിലയിരുത്തിയ നികുതിയും മറ്റ് കുടിശ്ശികകളും, (ബി) നിലവിലെ നികുതി കാലയളവിന്റെ റിട്ടേണുമായി ബന്ധപ്പെട്ട സ്വയം വിലയിരുത്തിയ നികുതിയും മറ്റ് കുടിശ്ശികകളും, (സി) ഈ നിയമത്തിന് അല്ലെങ്കിൽ അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം അടയ്ക്കേണ്ട മറ്റേതെങ്കിലും തുക, വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഡിമാൻഡ് ഉൾപ്പെടെ.

വെളിപ്പെടുത്തിയ വിറ്റുവരവിന് നികുതിദായകർ നികുതി അടയ്ക്കാത്തതിനാൽ, 45 കേസുകളിൽ രണ്ടെണ്ണത്തിൽ 3.22 കോടി രൂപ വരുന്ന കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ കൊടുത്തിരിക്കുന്നു:

എ) കോട്ടയത്തെ സ്പെഷ്യൽ സർക്കിളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു നികുതി ദായകനായ മലയാള മനോരമ (32AAACT7597G1Z4) 2017-18 വർഷത്തേക്കുള്ള ജിഎസ്ടിആർ 9 പട്ടിക 4എൻ പ്രകാരം 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലെ റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി നൽകേണ്ട ഇൻവേർഡ് സപ്ലൈ വിറ്റുവരവുൾപ്പെടെ 632.82 കോടി രൂപയുടെ നികുതിവിധേയ വിറ്റുവരവ് പ്രഖ്യാപിച്ചു. ഈ വിറ്റുവരവിന് 42 കോടി രൂപയാണ് അടയ്ക്കേണ്ട നികുതി. ജിഎസ്ടിആർ 9സി പട്ടിക 12ഡി പ്രകാരം 23.65 കോടി രൂപയാണ് ഈ കാലയളവിലേക്ക് ഐടിസിക്ക് യോഗ്യത. ആയതിനാൽ ബാക്കിയുള്ള നികുതിയായ 18.35 കോടി രൂപ പണമായി അടയ്ക്കേണ്ടതായിരുന്നു. എന്നാൽ 2017 ജൂലൈ മുതൽ 2018 മാർച്ച് വരെയുള്ള ജിഎസ്ടിആർ 3ബി വഴി പണമായി അടച്ച നികുതി 15.44 കോടി രൂപ മാത്രമാണ്. പണമടച്ചതായി ജിഎസ്ടിആർ 9 പട്ടിക 9 കോളം 3-ൽ കാണിച്ചിരിക്കുന്നതും ഇതേ തുകയാണ്. ഇത് 2.91 കോടി രൂപ നികുതിയുടെ കുറഞ്ഞ ഒടുക്കലിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), നികുതിദായകൻ 30.43 കോടി രൂപ യുടെ ഐടിസിക്ക് അർഹനാണെന്നും അതിനാൽ ഓഡിറ്റ് നിരീക്ഷണത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ബാധ്യത ഉണ്ടാകില്ലെന്നും സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

ചാർട്ടേഡ് അക്കൗണ്ടന്റ് സമർപ്പിച്ച അനുരഞ്ജന പ്രസ്താവന പ്രകാരം നികുതി ദായകന് അർഹതയുള്ള ഐടിസി 23.65 കോടി രൂപ മാത്രമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, മറുപടിയെ പിന്തുണയ്ക്കുന്ന തെളിവുകളൊന്നും ഓഡിറ്റിന് നൽകിയിട്ടില്ല.

ബി) എറണാകുളത്തെ വർക്ക്സ് കോൺട്രാക്ട് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വർക്ക്സ് കോൺട്രാക്ടർ ആയ ആർഡിഎസ് പ്രോജക്ട്സ് (32AAACR4761J1ZF) 2017-18 വർഷത്തേക്ക് ജിഎസ്ടിആർ 9 ലെ നികുതി നൽകേണ്ട വിറ്റുവരവ് 161.01 കോടി രൂപയാണെന്ന് പ്രഖ്യാപിക്കുകയും ഇതിന് നികുതി ബാധ്യത 20.64 കോടി രൂപയാണെന്ന് വെളിപ്പെടുത്തുകയും ചെയ്തു. 13.55 കോടി രൂപയുടെ ഐടിസി, ട്രാൻസിഷണൽ ക്രെഡിറ്റ്, ആർസിഎം ക്രെഡിറ്റ് തുടങ്ങിയ ക്രെഡിറ്റുകൾ അനു വദിച്ചതിന് ശേഷം പണമായി അടച്ച നികുതി 6.78 കോടി രൂപയായി കണക്കാക്കിയാൽ ഡിസ്ചാർജ് ചെയ്ത നികുതി 20.33 കോടി രൂപയാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ നികുതിയുടെ കുറഞ്ഞ ഒടുക്കൽ 0.31 കോടി രൂപയാണ്.

വിഷയം വകുപ്പിനെ/ സർക്കാരിനെ ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **തെറ്റായ ഇളവ് ലഭ്യമാകൽ**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(47) 'എക്സെംപ്റ്റ് സപ്ലൈ' എന്നത് നികുതി നിരക്ക് 'ശൂന്യം' ആയതോ വകുപ്പ് 11 പ്രകാരം അല്ലെങ്കിൽ ഐജിഎസ്ടിയുടെ വകുപ്പ് 6 പ്രകാരം നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയതോ ആയ ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈ ആണെന്ന് നിർവചിക്കുന്നു. ഇതിൽ നികുതി ബാധകമല്ലാത്ത വിതരണവും ഉൾപ്പെടുന്നു. വിവിധ വിജ്ഞാപനങ്ങളിലൂടെ ഏകദേശം 149 ഇനം ചരക്കുകളും ഏകദേശം 81 ഇനം സേവനങ്ങളും സിജിഎസ്ടി/ ഐജിഎസ്ടി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

നികുതിദായകർ ഇളവുകൾ തെറ്റായി പ്രയോജനപ്പെടുത്തിയതിനാൽ, 45 കേസുകളിൽ മൂന്നെണ്ണത്തിൽ 2.70 കോടി രൂപ വരുന്ന കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചത് ചുവടെ കൊടുത്തിരിക്കുന്നു:

എ) 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 7, എല്ലാത്തരം സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈയും അല്ലെങ്കിൽ ഇവ രണ്ടും അല്ലെങ്കിൽ വിൽപ്പന, കൈമാറ്റം, ബാർട്ടർ, എക്സ്ചേഞ്ച്, ലൈസൻസ്, വാടക, പാട്ടം അല്ലെങ്കിൽ വിനിയോഗം എന്നിങ്ങനെ പ്രതിഫലത്തിനായി ബിസിനസ്സിന്റെ ഭാഗമായി ഒരു വ്യക്തി നടത്തുന്ന അല്ലെങ്കിൽ നടത്താമെന്നു സമ്മതിക്കുന്ന എല്ലാ രൂപത്തിലുമുള്ള സപ്ലൈകൾ ഉൾക്കൊള്ളുന്നതാണ് 'സപ്ലൈ' എന്ന് നിർവചിക്കുന്നു. ജിഎസ്ടി വ്യവസ്ഥയിൽ, ചരക്കുകളുടെയോ സേവനങ്ങളുടെയോ സപ്ലൈ മാത്രമേ ഉള്ളൂ, വിൽപ്പന വഴിയല്ലാതെയുള്ള സാധനങ്ങളുടെ കൈമാറ്റമായ സ്റ്റോക്ക് ട്രാൻസ്ഫർ എന്ന പഴയ കാലത്തെ ആശയം ഇല്ല. നികുതിദായകൻ അന്തർ സംസ്ഥാന ബ്രാഞ്ചിലേക്ക് സാധനങ്ങൾ കൈമാറ്റം ചെയ്യുകയാണെങ്കിൽ പോലും, അത് സപ്ലൈ ആയി കണക്കാക്കുകയും അതിനനുസരിച്ച് നികുതി അടയ്ക്കേണ്ടതും ഈ നിയമത്തിന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഐടിസി ലഭ്യമാവുന്നതും ഉപയോഗിക്കാവുന്നതുമാണ്.

സംസ്ഥാന നികുതി ഓഫീസ്, I സർക്കിൾ, ചങ്ങനാശ്ശേരിയിൽ രജിസ്റ്റർ ചെയ്ത ജോസ്കോ ജ്വല്ലേഴ്സ് (32AABCJ8147P1Z6) 2017-18 വർഷത്തിൽ സ്റ്റോക്ക് ട്രാൻസ്ഫർ ആയി കണക്കാക്കിയ 87.77 കോടി രൂപയ്ക്ക് നികുതിയൊന്നും നൽകിയിട്ടില്ല. നികുതിദായകൻ നൽകിയ കെവിഎടി റിട്ടേൺ പ്രകാരം, വിഎടി കാലയളവിൽ അന്തർ സംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ 14.83 കോടി രൂപയാണ്. ഇത് 72.94 കോടി രൂപയുടെ വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് രക്ഷപ്പെട്ടതിനും അതുവഴി മൂന്ന് ശതമാനം നിരക്കിൽ 2.19 കോടി രൂപയുടെ കുറഞ്ഞ നികുതി ഈടാക്കുന്നതിനും കാരണമായി. നിയമത്തിലെ വകുപ്പ് 50 അനുസരിച്ച് പലിശ അടയ്ക്കാനും നികുതിദായകൻ ബാധ്യസ്ഥനാണ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), എഎസ്എംടി 10 നൽകിയതായി സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

ബി) എസ്ജിഎസ്ടി ചട്ടങ്ങൾ 2017 ലെ ചട്ടം 89 പ്രകാരം ഒരു പ്രത്യേക സാമ്പത്തിക മേഖല യൂണിറ്റിനോ ഒരു പ്രത്യേക സാമ്പത്തിക മേഖല ഡെവലപ്പർക്കോ ഉള്ള സപ്ലൈകളെ സംബന്ധിച്ചിടത്തോളം, സേവനങ്ങൾ നൽകിയത് സെസിലെ അംഗീകൃത പ്രവർത്തനങ്ങൾക്കു വേണ്ടിയാണെന്നുള്ള സാക്ഷ്യപ്പെടുത്തൽ നികുതിദായകൻ മേഖലയിലെ നിർദ്ദിഷ്ട ഉദ്യോഗസ്ഥനിൽ നിന്ന് നേടേണ്ടതുണ്ട്.

എറണാകുളത്തെ വർക്ക്സ് കോൺട്രാക്ട് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വർക്ക്സ് കോൺട്രാക്ടറായ ഡീൻസ് കൺസ്ട്രക്ഷൻസ് (32AAFFD7655P1ZZ) 2017-18

വർഷത്തെ ജിഎസ്ടിആർ ഫോമുകൾ 9, 9സി മുതലായവ ഇതുവരെ നൽകിയിട്ടില്ല. ജിഎസ്ടിആർ 3ബി യിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകാരം 1.74 കോടി രൂപയുടെ വർക്ക്സ് കോൺട്രാക്ട് സേവനം നികുതിദായകൻ നൽകിയതായും അതിന് ബിപിസിഎൽ സെസ് യൂണിറ്റിന് നൽകിയ സീറോ റേറ്റഡ് സപ്ലൈയെന്നു കാണിച്ച് നികുതി അടച്ചിട്ടില്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നികുതിദായകൻ ചട്ടത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ നൽകിയിരുന്നില്ല, അതിന്റെ ഫലമായി 0.31 കോടി രൂപ കുറഞ്ഞ നികുതി ഈടാക്കി.

വിഷയം വകുപ്പിനെ/ സർക്കാരിനെ ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

സി) 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(39) പ്രകാരം 'ഡീംഡ് എക്സ്പോർട്ട്സ്' എന്നത് നിയമത്തിന്റെ 147-ാം വകുപ്പിന് കീഴിൽ ഡീംഡ് എക്സ്പോർട്ട് ആയി വിജ്ഞാപനം ചെയ്തിരിക്കുന്ന ഇന്ത്യയിൽ നിർമ്മിക്കുന്ന സാധനങ്ങളുടെ സപ്ലൈകളാണ്.

2017 ലെ ഐജിഎസ്ടി നിയമത്തിലെ വകുപ്പ് 16 പ്രകാരം, 'സീറോ റേറ്റഡ് സപ്ലൈ' എന്നാൽ സാധനങ്ങളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും ഇനിപ്പറയുന്ന ഏതെങ്കിലും സപ്ലൈകൾ അർത്ഥമാക്കുന്നു, അതായത്: (എ) ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും കയറ്റുമതി, അല്ലെങ്കിൽ (ബി) ഒരു പ്രത്യേക സാമ്പത്തിക മേഖല ഡെവലപ്പർ അല്ലെങ്കിൽ ഒരു പ്രത്യേക സാമ്പത്തിക മേഖല യൂണിറ്റിന് ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈ.

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 147 പ്രകാരം കൗൺസിലിന്റെ ശുപാർശകളനുസരിച്ച് സർക്കാരിന് ചില സപ്ലൈകൾ ഡീംഡ് എക്സ്പോർട്ട് ആയി പ്രഖ്യാപിക്കാം, അത്തരം ചരക്കുകൾ ഇന്ത്യയിൽ നിന്ന് പുറത്തുപോകില്ല, അത്തരം സപ്ലൈകൾക്കുള്ള പണം ഇന്ത്യൻ രൂപയിലോ മാറ്റാവുന്ന വിദേശനാണ്യമായോ ലഭിക്കും.

എസ്ജിഎസ്ടി ചട്ടങ്ങളിലെ ചട്ടം 89 പ്രകാരം, ഡീംഡ് എക്സ്പോർട്ട് ആയി കണക്കാക്കുന്ന സപ്ലൈകളുടെ കാര്യത്തിൽ, സ്വീകർത്താവ് അത്തരം സപ്ലൈകളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടാതിരിക്കുകയും, വിതരണക്കാരന് റീഫണ്ട് ക്ലെയിം ചെയ്യാമെന്നുള്ള രേഖാമൂലമുള്ള ഉറപ്പ് നൽകുകയുമാണെങ്കിൽ റീഫണ്ടിനായുള്ള അപേക്ഷ, ഡീംഡ് എക്സ്പോർട്ട് സപ്ലൈയുടെ വിതരണക്കാരൻ ഫയൽ ചെയ്യും.

ഡീംഡ് എക്സ്പോർട്ട്സ് സ്വയമേവ സീറോ റേറ്റഡ് സപ്ലൈസ് അല്ല, അതിനാൽ ഡീംഡ് എക്സ്പോർട്ടിനുള്ള സപ്ലൈ ആയി പ്രഖ്യാപിച്ചിരിക്കുന്ന എല്ലാ സപ്ലൈകളും നികുതി ചുമത്തുന്നതിന് വിധേയമായിരിക്കും, അതായത് നികുതി അടച്ച് അത്തരം സപ്ലൈകൾ നടത്താം എന്നാൽ ബോണ്ട്/ എൽയുടി ഉപയോഗിച്ച് സപ്ലൈ ചെയ്യാൻ കഴിയില്ല.

സ്പെഷ്യൽ സർക്കിൾ I, എറണാകുളത്തെ വർക്ക്സ് കോൺട്രാക്ടറായ സിബിആർഇ സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡിന്റെ (32AAACC9308A1ZC) ജിഎസ്ടിആർ 1 ബി2ബി ഇൻവോയ്സ് ലിസ്റ്റ് പ്രകാരം "ഡീംഡ് എക്സ്പോർട്ട്" വിഭാഗത്തിൽ 1.11 കോടി രൂപ വരുന്ന എട്ട് ഇൻവോയ്സുകൾക്ക് നികുതി അടയ്ക്കാത്തതിനാൽ 18 ശതമാനം നിരക്കിൽ 0.20 കോടി രൂപയുടെ നികുതി കുറവുണ്ടായി.

വിഷയം വകുപ്പിനെ/ സർക്കാരിനെ ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **റിവേഴ്സ് ചാർജ് അടിസ്ഥാനത്തിലുള്ള നികുതി ബാധ്യതയുടെ തെറ്റായ ഡിസ്ചാർജ്**

സർക്കാരിന്, കൗൺസിലിന്റെ ശുപാർശകൾ പ്രകാരം, വിജ്ഞാപനത്തിലൂടെ, പ്രത്യേക വിഭാഗം ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈയെ അത്തരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സ്വീകർത്താവ്, അത്തരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈയുമായി ബന്ധപ്പെട്ട് നികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥനായ വ്യക്തിയെന്നപോലെ, റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ നികുതി അടയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കാം.

28 ജൂൺ 2017-ലെ വിജ്ഞാപനം നമ്പർ 13/2017 സെൻട്രൽ ടാക്സ് (റേറ്റ്) പ്രകാരം, ഒരു കമ്പനിയുടെയോ ഒരു ബോഡി കോർപ്പറേറ്റിന്റെയോ ഡയറക്ടർ പ്രസ്തുത കമ്പനിക്കോ ബോഡി കോർപ്പറേറ്റിനോ ചെയ്യുന്ന സേവനങ്ങൾക്ക്, സ്വീകർത്താവ് റിവേഴ്സ് ചാർജ് മെക്കാനിസത്തിൽ നികുതി നൽകണം.

45 കേസുകളിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട റിവേഴ്സ് ചാർജ് അടിസ്ഥാനത്തിലുള്ള നികുതി ബാധ്യത തെറ്റായി ഡിസ്ചാർജ് ചെയ്ത ഒരു കേസ് ചുവടെ കൊടുത്തിരിക്കുന്നു:

മലപ്പുറത്തെ വർക്ക്സ് കോൺട്രാക്ട് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വർക്ക് കോൺട്രാക്ടറായ ഹോംസ്റ്റേഡ് പ്രോജക്ട്സ് ആൻഡ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (32AADCH1998L1Z9), 2017-18 വർഷത്തിൽ വെളിപ്പെടുത്തിയ റിലേറ്റഡ് പാർട്ടി ട്രാൻസാക്ഷൻ അനുസരിച്ച് കമ്പനി അതിന്റെ ഡയറക്ടർമാരിൽ ഒരാൾക്ക് ഭൂമി വാങ്ങുന്നതിന് അഡ്വാൻസായി 0.29 കോടി രൂപയും റെസിഡൻഷ്യൽ ഫ്ളാറ്റുകൾ വാങ്ങുന്നതിനായി അതിന്റെ രണ്ട് ഡയറക്ടർമാർക്ക് മൊത്തം 0.86 കോടി രൂപയും നൽകി. പ്രസ്തുത ഇടപാടുകൾ ഡയറക്ടർമാർ നൽകുന്ന സേവനങ്ങളുടെ പ്രതിഫലമായി കണക്കാക്കുന്നു, അതിനാൽ 1.15 കോടിയുടെ 18 ശതമാനം നിരക്കിൽ 0.21 കോടി രൂപ നികുതിയായി നികുതിദായകൻ റിവേഴ്സ് ചാർജ് മെക്കാനിസത്തിൽ അടച്ചില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), വകുപ്പ് പുറപ്പെടുവിച്ച ഡിആർസി 01എ യ്ക്കെതിരെ നികുതിദായകനിൽ നിന്ന് ലഭിച്ച മറുപടി സൂക്ഷ്മപരിശോധനയിലാണെന്ന് സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

### 2.4.8.3 ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ഉപയോഗം

ബിസിനസ്സിന്റെ ഭാഗമായുള്ള ചരക്കുകൾ കൂടാതെ/ അല്ലെങ്കിൽ സേവനങ്ങൾ വാങ്ങുമ്പോൾ നികുതി വിധേയനായ ഒരാൾ അടയ്ക്കുന്ന ചരക്ക് സേവന നികുതിയുടെ (ജിഎസ്ടി) ക്രെഡിറ്റ് ആണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി). നികുതികളുടെ കാസ്കേഡിംഗ് ഇഫക്റ്റ് ഒഴിവാക്കാൻ, ഔട്ട് വാർഡ് സപ്ലൈകൾക്ക് നികുതി അടയ്ക്കുന്നത് സെറ്റ്-ഓഫ് ചെയ്യാൻ ഇൻവേർഡ് സപ്ലൈകൾക്ക് അടച്ച നികുതികളുടെ ക്രെഡിറ്റ് ഉപയോഗിക്കാം.

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16, ബിസിനസ്സ് മുന്നോട്ടുകൊണ്ടു പോകുന്നതിന് ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈയിൽ ഐടിസി പ്രയോജനപ്പെടുത്താൻ അനുവദിക്കുന്നു. നിയമത്തിന്റെ വകുപ്പ് 17(5), നികുതി ബാധകമായ ഔട്ട് വാർഡ് സപ്ലൈ

ഒരേ വിഭാഗത്തിലുള്ള സേവനങ്ങൾ ഒഴികെയുള്ള, ഐടിസി ലഭ്യമല്ലാത്ത ചരക്കുകളുടെയും സേവനങ്ങളുടെയും ഒരു പട്ടിക നൽകുന്നു. 2017 ലെ എസ്ജിഎസ്ടി ചട്ടങ്ങളുടെ ചട്ടം 36 മുതൽ 45 വരെ ഐടിസി ലഭ്യമാക്കുന്നതിനും തിരിച്ചെടുക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു.

45 കേസുകളിൽ നികുതിദായകർ 15.10 കോടി രൂപയുടെ ക്രമരഹിതമായ/ അധിക ഐടിസി നേടിയിട്ടുള്ള 21 എണ്ണത്തിലും കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചത് **അനുബന്ധം XIII**ൽ വിവരിച്ചിരിക്കുന്നു. ഐടിസിയുടെ ക്രമരഹിതമായ ലഭ്യത, മൂലധന ചരക്കുകളിലെ യോഗ്യതയില്ലാത്ത ഐടിസി, ഒഴിവാക്കപ്പെട്ട/ നിൽ റേറ്റ് ചെയ്ത സപ്ലൈകളുടെ കാര്യത്തിൽ ഐടിസി തിരിച്ചെടുക്കാത്തത്, നിശ്ചിത തീയതിക്ക് ശേഷം അപ്‌ലോഡ് ചെയ്ത ഇൻവോയ്സുകളിലെ ഐടിസി എന്നിവയാണ് പോരായ്മകൾക്ക് പ്രധാന കാരണം.

**അനുബന്ധം XIV**ൽ വിവരിച്ചിരിക്കുന്നത് പോലെ ജിഎസ്ടി റിട്ടേണുകൾ തമ്മിലുള്ള പൊരുത്തക്കേടുകളുടെ 32 കേസുകളും ഓഡിറ്റ് നിരീക്ഷിച്ചു.

- **ഐടിസിയുടെ ക്രമരഹിതമായ ഉപയോഗം**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16 പ്രകാരം, രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ വ്യക്തിക്കും, നിർദ്ദേശിച്ചേക്കാവുന്ന അത്തരം വ്യവസ്ഥകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, ബിസിനസ്സിന്റെ ഭാഗമായി ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ള ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും സപ്ലൈയിൽ ഈടാക്കുന്ന ഇൻപുട്ട് നികുതിയുടെ ക്രെഡിറ്റ് എടുക്കാൻ അർഹതയുണ്ട്.

നിയമത്തിന്റെ 16(2) വകുപ്പ് ഐടിസി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ നിർദ്ദേശിക്കുന്നു. ഐടിസി ലഭിക്കുന്നതിനുള്ള മുൻകൂർ ആവശ്യകതകൾ ഇവയാണ്:

- നികുതിദായകന്റെ കൈവശം നികുതി ഇൻവോയ്സോ മറ്റേതെങ്കിലും നിർദ്ദിഷ്ട നികുതി അടയ്ക്കൽ രേഖയോ ഉണ്ടായിരിക്കണം.
- നികുതിദായകന് സാധനങ്ങളോ സേവനങ്ങളോ ലഭിച്ചിരിക്കണം.
- യഥാർത്ഥത്തിൽ വിതരണക്കാരൻ നികുതി അടച്ചിരിക്കണം.
- ഐടിസി ലഭിക്കുന്നതിന് നികുതിദായകൻ റിട്ടേൺ നൽകിയിട്ടുണ്ടായിരിക്കണം.
- ഇൻവോയ്സ് നൽകിയ തീയതി മുതൽ 180 ദിവസത്തിനുള്ളിൽ നികുതിയോടൊപ്പം ചരക്കുകളുടെയോ സേവനങ്ങളുടെയോ മൂല്യം വിതരണക്കാരന് അടച്ചിരിക്കണം.

വകുപ്പ് 16(4) നു കീഴിൽ നൽകിയിരിക്കുന്ന പ്രകാരം, ഒരു രജിസ്റ്റർ ചെയ്ത വ്യക്തിക്ക് ആ സാമ്പത്തിക വർഷത്തിൽ നടത്തിയ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും വിതരണത്തിനായുള്ള, വിതരണക്കാരൻ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്ത ഏത് ഇൻവോയ്സിന്റെ കാര്യത്തിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ അർഹതയുണ്ട്.

2017 ലെ എസ്ജിഎസ്ടി നിയമങ്ങളുടെ ചട്ടം 36, ഐടിസി ക്ലെയിം ചെയ്യുന്നതിന് ആവശ്യമായ രേഖകൾ നിർദ്ദേശിക്കുന്നു, (എ) ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയും വിതരണക്കാരൻ നൽകിയ

ഇൻവോയ്സ്, (ബി) നികുതി അടച്ചതിന്റെ തെളിവ് സഹിതം സ്വീകർത്താവ് നൽകിയ ഇൻവോയ്സ്, (സി) വിതരണക്കാരൻ നൽകിയ ഡെബിറ്റ് നോട്ട് (ഡി) കസ്റ്റംസ് ആക്റ്റ്, 1962 നിർദ്ദേശിച്ചിട്ടുള്ള പ്രകാരമുള്ള ബിൽ ഓഫ് എൻട്രിയോ സമാനമായ രേഖയോ (ഇ) പുതുക്കിയ ഇൻവോയ്സ്, കൂടാതെ (എഫ്) ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ നൽകിയ രേഖ എന്നിവയെ അടിസ്ഥാനമാക്കി ഒരു നികുതിദായകന് ഐടിസി ലഭ്യമാണ്. ഇൻവോയ്സ് ബന്ധപ്പെട്ടിരിക്കുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ സെപ്റ്റംബർ അല്ലെങ്കിൽ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്ന തീയതി, ഏതാണോ ആദ്യം, അതിനു ശേഷം ഒരു ഐടിസിയും ലഭിക്കില്ല.

45 കേസുകളിൽ 10 എണ്ണത്തിൽ നികുതിദായകർ ഐടിസിയായി 62.29 കോടി രൂപ ക്ലെയിം ചെയ്തതിൽ 12.91 കോടി രൂപ ക്രമരഹിതമായ ഐടിസിയാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ വിഭാഗത്തിൽ ശ്രദ്ധയിൽപ്പെട്ട പ്രധാനപ്പെട്ട അഞ്ച് ക്രമക്കേടുകൾ 12.58 കോടി രൂപയുടേതാണ്. നാല് കേസുകൾ ചുവടെ കൊടുത്തിരിക്കുന്നു:

എ) കോട്ടയം സ്പെഷ്യൽ സർക്കിളിന് കീഴിലുള്ള നികുതിദായകനായ മലയാള മനോരമ (32AAACT7597G1Z4) മൊത്തം 31.15 കോടി രൂപ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്തു (2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ പ്രതിമാസ റിട്ടേണുകൾ ജിഎസ്ടിആർ 3ബി വഴി 26.66 കോടി രൂപ യും ട്രാൻസിഷണൽ ക്രെഡിറ്റ്[32] 4.49 കോടി രൂപയും). എന്നാൽ ജിഎസ്ടിആർ 9 പട്ടിക 7ജെ, ജിഎസ്ടിആർ 9സി പട്ടിക 12ഡി എന്നിവ പ്രകാരം നികുതിദായകന് അർഹതയുള്ള ഐടിസി 23.65 കോടി രൂപയാണ്. അതിലൂടെ 7.50 കോടി രൂപയുടെ ഐടിസി അധികമായി ക്ലെയിം ചെയ്യുകയും ഐടിസി ലെഡ്ജറിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ജനുവരി), ചരക്കുകളുടെ ഇറക്കുമതിക്കുള്ള ഐജിഎസ്ടി 9.60 കോടി രൂപയ്ക്കു പകരം 6.42 കോടി രൂപയായി തെറ്റായി അപ്ഡേറ്റ് ചെയ്തതായും 7.81 കോടി രൂപയ്ക്കു പകരം 11.19 കോടി രൂപ റിവേഴ്സൽ കാണിച്ചിരിക്കുന്നതായും സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്). വിവിധ കാരണങ്ങളാൽ നികുതിദായകൻ ചില റിവേഴ്സലുകൾ നടത്തിയതായും പ്രസ്താവിച്ചു.

ജിഎസ്ടിആർ 9സി യിൽ ചാർട്ടേഡ് അക്കൗണ്ടന്റ് എല്ലാ അനുരഞ്ജനങ്ങൾക്കും ശേഷം വെളിപ്പെടുത്തിയ ഐടിസി യോഗ്യത 23.65 കോടി രൂപ മാത്രമായതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, മറുപടിയെ പിന്തുണയ്ക്കുന്ന തെളിവുകളൊന്നും ഓഡിറ്റിന് നൽകിയിട്ടില്ല. കൂടാതെ, ജിഎസ്ടിആർ 3ബി പരിശോധിച്ചപ്പോൾ, ചരക്കുകളുടെ ഇറക്കുമതിക്ക് ഐജിഎസ്ടി 8.56 കോടി രൂപ ആയിരുന്നു, ഇത് സർക്കാർ മറുപടിക്ക് വിരുദ്ധമാണ്.

ബി) സംസ്ഥാന നികുതി ഓഫീസ് I സർക്കിൾ ചങ്ങനാശ്ശേരിയിലെ വ്യാപാരിയായ ജോസ്കോ ജ്വല്ലേഴ്സ് (32AABCJ8147P1Z6) 2017-18 വർഷത്തെ ജിഎസ്ടിആർ 3ബി പ്രകാരം 11.19 കോടി രൂപയുടെ ഐടിസി ഉപയോഗിച്ചു (ഐജിഎസ്ടി 5.66 കോടി രൂപ, സിജിഎസ്ടി 2.18 കോടി രൂപ, എസ്ജിഎസ്ടി 3.35 കോടി രൂപ). ജിഎസ്ടിആർ 9 പ്രകാരം നികുതിദായകന് 9.43 കോടി രൂപയുടെ അർഹതയുള്ള ക്രെഡിറ്റ് മാത്രമാണുള്ളതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (ഐജിഎസ്ടി 5.44 കോടി രൂപ, സിജിഎസ്ടി 2.20 കോടി രൂപ, എസ്ജിഎസ്ടി 1.78 കോടി രൂപ). ഇത്

[32] നികുതിദായകനെ സംബന്ധിച്ച് ജിഎസ്ടിക്ക് മുമ്പുള്ള കാലയളവുമായി ബന്ധപ്പെട്ട ക്ലെയിം ചെയ്തിട്ടില്ലാത്ത യോഗ്യതയുള്ള ടാക്സ് ക്രെഡിറ്റ്.

നികുതിദായകൻ തിരിച്ചടക്കേണ്ടതായ 1.76 കോടി രൂപയുടെ ഐടിസിയുടെ അധിക ഉപയോഗത്തിന് കാരണമായി.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

സി) സ്പെഷ്യൽ സർക്കിൾ തൃശ്ശൂരിനു കീഴിൽ രജിസ്റ്റർ ചെയ്ത വ്യാപാരിയായ റെഡ്‌ലാൻഡ്സ് ആഷ്‌ലിൻ മോട്ടോഴ്സ് (32AAIFR4799M1ZH) ചരക്കുകളുടെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് 2017-18 ൽ 1.33 കോടി രൂപ ഐടിസി അവകാശപ്പെടുകയും ജിഎസ്ടിആർ 3ബി നികുതി അടക്കലിന്റെ പട്ടിക 6 പ്രകാരം മുഴുവൻ തുകയും ഉപയോഗിക്കുകയും ചെയ്തു. എന്നിരുന്നാലും, നികുതിദായകന്റെ ട്രേഡിംഗ്, പി&എൽ അക്കൗണ്ട് അനുസരിച്ച്, നികുതിദായകന്റെ കേരള യൂണിറ്റ് ഇറക്കുമതിയൊന്നും നടത്തിയിട്ടില്ല. കൂടാതെ, നികുതിദായകൻ നൽകിയ ഏകീകൃത പി&എൽ അക്കൗണ്ടുകൾ, ഇറക്കുമതി അതിന്റെ കോയമ്പത്തൂർ യൂണിറ്റിൽ നടത്തിയതായി വെളിപ്പെടുത്തി, അതിനാൽ കേരള യൂണിറ്റിൽ ഐടിസി ലഭ്യമാകില്ല. അതിനാൽ ഉപയോഗിച്ച 1.33 കോടി രൂപ ഐടിസി തിരിച്ചടക്കേണ്ടതായിരുന്നു.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **ഡിപ്രീസിയേഷൻ എടുത്ത മൂലധന സാധനങ്ങളിൽ ലഭിച്ച യോഗ്യതയില്ലാത്ത ഐടിസി**

1961-ലെ ആദായനികുതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, രജിസ്റ്റർ ചെയ്ത വ്യക്തി മൂലധന വസ്തുക്കളുടെയും പ്ലാന്റിന്റെയും മെഷിനറികളുടെയും വിലയുടെ നികുതി ഘടകത്തിന് ഡിപ്രീസിയേഷൻ ക്ലെയിം ചെയ്യുകയാണെങ്കിൽ 2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16(3) പ്രകാരം പ്രസ്തുത നികുതി ഘടകത്തിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കില്ല.

45 കേസുകളിൽ നികുതിദായകർ 1.16 കോടി രൂപയുടെ ക്രമരഹിത ഐടിസി നേടിയ നാലെണ്ണത്തിലും കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. ഒരു കേസ് താഴെ കൊടുത്തിരിക്കുന്നു:

ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ്, പാലക്കാട് രജിസ്റ്റർ ചെയ്ത വർക്ക്സ് കോൺട്രാക്ടറായ സ്മാർട് (32ACDFS6120L1Z8) 2017-18 കാലയളവിലെ ഏകീകൃത അക്കൗണ്ടുകൾ നൽകി. ഏകീകൃത അക്കൗണ്ടുകൾ പ്രകാരം നികുതി ദായകന്റെ മൊത്തം വിറ്റുവരവ് 50.02 കോടി രൂപ ആയിരുന്നു. അതേസമയം ഫോം ജിഎസ്ടിആർ 9സി യിലെ അനുരഞ്ജന പ്രസ്താവന പ്രകാരം ഇത് 45.17 കോടി രൂപയാണ്. ഇത് മൊത്തം വിറ്റുവരവിന്റെ 90.30 ശതമാനവും കേരളത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണെന്ന് കാണിക്കുന്നു. ആദായനികുതി റിട്ടേണുകളുടെ ഫോം 3 സിഡിയിൽ പ്രഖ്യാപിച്ച പ്രകാരം, 2017-18 വർഷത്തിൽ, നികുതിദായകൻ 4.27 കോടി രൂപയ്ക്ക് വാങ്ങിയ മൂലധന സാധനങ്ങളുടെ (പ്ലാന്റും മെഷിനറികളും) ഡിപ്രീസിയേഷൻ ക്ലെയിം ചെയ്തു. നികുതിദായകൻ മൂലധന ചരക്കുകളിൽ 0.27 കോടി രൂപയുടെ ഐടിസി ക്ലെയിം ചെയ്തതായി ജിഎസ്ടിആർ 9 ൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നികുതിദായകൻ മൂലധന ചരക്കുകളുടെ ഡിപ്രീസിയേഷൻ ക്ലെയിം ചെയ്തതിനാൽ, അയാൾക്ക് ഐടിസി ക്ലെയിം ചെയ്യാൻ അർഹതയില്ല, കൂടാതെ 3.86 കോടി രൂപയിൽ (4.27 കോടി രൂപയുടെ 90.30 ശതമാനം) ഉൾപ്പെടുത്തിയിട്ടുള്ള

നികുതി ഘടകം തിരിച്ചടക്കേണ്ടതുണ്ട്. ഡിപ്രീസിയേഷൻ ക്ലെയിം ചെയ്ത മൂലധന ചരക്കുകളിൽ ലഭിച്ച അധിക ഐടിസിയായ 0.59 കോടി രൂപ തിരിച്ചടക്കാത്തതിന് ഇത് കാരണമായി.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **ഐടിസിയുടെ നോൺ-റിവേഴ്സൽ**

എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 2(47) 'എക്സംപ്റ്റ് സപ്ലൈ' എന്നത്, നികുതി നിരക്കില്ലാത്ത അല്ലെങ്കിൽ വകുപ്പ് 11 പ്രകാരമോ ഐജിഎസ്ടി നിയമത്തിന്റെ വകുപ്പ് 6 പ്രകാരമോ നികുതി പൂർണമായും ഒഴിവാക്കിയ ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ, നികുതി വിധേയമല്ലാത്ത സപ്ലൈ ഉൾപ്പെടെയുള്ള, വിതരണമായി നിർവചിക്കുന്നു.

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 16, ബിസിനസ്സിന്റെ ഭാഗമായോ ഉന്നമനത്തിലോ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയോ വിതരണത്തിൽ ഐടിസി പ്രയോജനപ്പെടുത്താൻ നികുതിദായകനെ അനുവദിക്കുന്നു.

ജിഎസ്ടി നിയമത്തിന്റെ വകുപ്പ് 17(2) പ്രകാരം, രജിസ്റ്റർ ചെയ്ത വ്യക്തി ചരക്കുകളോ സേവനങ്ങളോ അല്ലെങ്കിൽ ഇവ രണ്ടും ഭാഗികമായി ഈ നിയമത്തിന് കീഴിലോ സംയോജിത ചരക്ക് സേവന നികുതി നിയമത്തിന് കീഴിലോ നികുതി ബാധകമായ സപ്ലൈകളും, സീറോ റേറ്റഡ് സപ്ലൈകൾ ഉൾപ്പെടെ, ഭാഗികമായി പ്രസ്തുത നിയമങ്ങൾക്ക് കീഴിലുള്ള ഒഴിവാക്കപ്പെട്ട സപ്ലൈകളും നടത്തുമ്പോൾ നികുതി വിധേയമായ സപ്ലൈകൾക്ക്, സീറോ റേറ്റഡ് സപ്ലൈകൾ ഉൾപ്പെടെ, ചുമത്തപ്പെടാവുന്ന ഇൻപുട്ട് ടാക്സിന്റെ അത്രയും തുകയ്ക്ക് ക്രെഡിറ്റ് തുക പരിമിതപ്പെടുത്തും.

വകുപ്പ് 17(3) ന്റെ ഉപവകുപ്പ് (2) പ്രകാരം എക്സംപ്റ്റ് സപ്ലൈയുടെ മൂല്യം നിർദ്ദേശിക്കപ്പെടാവുന്നതായിരിക്കും, കൂടാതെ റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ സ്വീകർത്താവ് നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ സപ്ലൈകളും ഉൾപ്പെടുന്നു.

വകുപ്പ് 17 ന്റെ ഉപവകുപ്പ് (1) അല്ലെങ്കിൽ ഉപവകുപ്പ് (2) ലെ വ്യവസ്ഥകൾ ആകർഷിക്കുന്ന ഇൻപുട്ട് അല്ലെങ്കിൽ ഇൻപുട്ട് സേവനങ്ങളുമായി ബന്ധപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഭാഗികമായി ബിസിനസ്സ് ആവശ്യങ്ങൾക്കും ഭാഗികമായി മറ്റ് ആവശ്യങ്ങൾക്കും അല്ലെങ്കിൽ ഭാഗികമായി സീറോ റേറ്റഡ് സപ്ലൈകൾ ഉൾപ്പെടെയുള്ള നികുതി ബാധകമായ സപ്ലൈകൾ നടത്തുന്നതിനും ഭാഗികമായി ഒഴിവാക്കപ്പെട്ട സപ്ലൈകൾ നടത്തുന്നതിനും ഉപയോഗിക്കുകയാണെങ്കിൽ ബിസിനസ്സ് ആവശ്യങ്ങൾക്കും അല്ലെങ്കിൽ നികുതി ചുമത്താവുന്ന സപ്ലൈസ് നടപ്പിലാക്കുന്നതിനുമായി ഇൻപുട്ട് അല്ലെങ്കിൽ ഇൻപുട്ട് സേവനങ്ങളുമായി ബന്ധപ്പെട്ട് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിർണയിക്കുന്ന രീതിയും അതിന്റെ റിവേഴ്സലും എസ്ജിഎസ്ടി ചട്ടങ്ങൾ 2017 ലെ ചട്ടം 42 നിർദ്ദേശിക്കുന്നു.

45 കേസുകളിൽ നിർദിഷ്ട നിബന്ധനകൾക്കനുസരിച്ച് നികുതിദായകൻ ഐടിസി റിവേഴ്സ് ചെയ്യാത്ത ഒരു കേസിൽ കംപ്ലയൻസ് കുറവുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചത് താഴെ കൊടുത്തിരിക്കുന്നു:

സ്പെഷ്യൽ സർക്കിൾ കോട്ടയത്ത് രജിസ്റ്റർ ചെയ്ത ജിടിഎ സേവന ദാതാവായ ഒരു നികുതിദായകനായ മാഗ്നം ഗ്രൂപ്പ് റോഡ്‌വേയ്സ് (32ABDPN1420F1ZE) 2017-18

വർഷത്തെ മൊത്തം വിറ്റുവരവായി പ്രഖ്യാപിച്ച 6.58 കോടി രൂപയിൽ 0.05 കോടി രൂപ മാത്രം നികുതി നൽകേണ്ട സപ്ലൈയും ബാക്കി 6.53 കോടി രൂപ (99.22 ശതമാനം) നികുതിയില്ലാത്ത സപ്ലൈയുമാണ്[33]. ജിഎസ്ടിആർ 3ബി വഴി നികുതിദായകൻ മൊത്തം 0.64 കോടി രൂപ ഐടിസി ക്ലെയിം ചെയ്തു. അതിനാൽ ഇങ്ങനെ ഒഴിവാക്കപ്പെട്ട സപ്ലൈയുമായി ബന്ധപ്പെട്ട് നികുതിദായകന് ലഭിച്ച 0.64 കോടി രൂപ ഐടിസി റിവേഴ്സ് ചെയ്യണം.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

- **നിശ്ചിത തീയതിക്ക് ശേഷം അപ്‌ലോഡ് ചെയ്ത ഇൻവോയ്സുകളിൽ ഐടിസിയുടെ ലഭ്യത**

രജിസ്റ്റർ ചെയ്ത വ്യക്തിക്ക് 2018 സെപ്റ്റംബർ മാസത്തേക്കുള്ള വകുപ്പ് 39 പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കേണ്ട തീയതിക്ക് ശേഷം പ്രസ്തുത വിഭാഗത്തിന് കീഴിൽ 2019 മാർച്ച് മാസത്തിലെ റിട്ടേൺ സമർപ്പിക്കേണ്ട തീയതി വരെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ അർഹതയുണ്ടെന്ന് നിയമത്തിലെ വകുപ്പ് 16(4) വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 37-ലെ ഉപവകുപ്പ് (1) പ്രകാരം വിതരണക്കാരൻ അപ്‌ലോഡ് ചെയ്തിരിക്കുന്ന 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയുമോ സപ്ലൈക്കുള്ള ഏതെങ്കിലും ഇൻവോയ്സിനോ അല്ലെങ്കിൽ അത്തരം ഡെബിറ്റ് നോട്ടുമായി ബന്ധപ്പെട്ട ഇൻവോയ്സിനോ ഉള്ള ഐടിസി 2019 മാർച്ച് മാസത്തെ വിശദാംശങ്ങൾ നൽകുന്നതിനുള്ള അവസാന തീയതി വരെ ലഭ്യമാണ്.

വിജ്ഞാപനം നമ്പർ 19/2019 - സെൻട്രൽ ടാക്സ് പ്രകാരം, 2019 മാർച്ച് മാസത്തെ ഫോം ജിഎസ്ടിആർ 3ബി റിട്ടേൺ കോമൺ പോർട്ടൽ വഴി 2019 ഏപ്രിൽ 23-നോ അതിനുമുമ്പോ ഇലക്ട്രോണിക് ആയി നൽകേണ്ടതാണ്.

45 കേസുകളിൽ നിശ്ചിത തീയതിക്ക് ശേഷം അപ്‌ലോഡ് ചെയ്ത ഇൻവോയ്സുകളിൽ നികുതിദായകന് 0.39 കോടി രൂപയുടെ ഐടിസി ലഭിച്ച ആറു കേസുകൾ ഓഡിറ്റ് നിരീക്ഷിച്ചു. ഒരു ക്രമക്കേട് താഴെ കൊടുത്തിരിക്കുന്നു:

സ്പെഷ്യൽ സർക്കിൾ I എറണാകുളത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത ടെക്നോ ട്രേഡ് റീട്ടെയിൽ സർവീസസ് (32AAFCT5790G1Z8) 2019 ഏപ്രിൽ 23-ന് ശേഷം വിതരണക്കാർ അപ്‌ലോഡ് ചെയ്ത 69 ഇൻവോയ്സുകളിലൂടെ ഐടിസിയായി 2017-18 കാലയളവിൽ 0.30 കോടി രൂപ നേടി. ഇത് നികുതിദായകൻ റിവേഴ്സ് ചെയ്യണം.

ഈ കേസുകൾ വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

### 2.4.8.4 റിട്ടേണുകളുടെ ഫയലിംഗ്

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 39(1), ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ അല്ലെങ്കിൽ നോൺ റസിഡന്റ് നികുതി വിധേയനായ വ്യക്തി അല്ലെങ്കിൽ 10, 51 അല്ലെങ്കിൽ 52 വകുപ്പുകളുടെ വ്യവസ്ഥകൾ പ്രകാരം നികുതി അടക്കുന്ന

[33] റിവേഴ്സ് ചാർജ് അടിസ്ഥാനത്തിലുള്ള നികുതിക്ക് വിധേയമായതും സേവനങ്ങൾ സ്വീകരിക്കുന്നയാൾ നികുതി നൽകേണ്ടതും.

വ്യക്തി ഒഴികെയുള്ള എല്ലാ രജിസ്റ്റർ ചെയ്ത വ്യക്തിയും എല്ലാ കലണ്ടർ മാസവും അല്ലെങ്കിൽ അതിന്റെ ഭാഗവും ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ ഇവ രണ്ടിന്റെയുമോ ഇൻവെർഡ് ഔട്ട്വെർഡ് സപ്ലൈ, ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, അടയ്ക്കേണ്ട നികുതി, നികുതി അടച്ചതും മറ്റ് വിശദാംശങ്ങളും നിർദ്ദേശിച്ച ഫോമിലും രീതിയിലും നിർദേശിച്ച സമയത്തിനുള്ളിൽ ഇലക്ട്രോണിക് രീതിയിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

എല്ലാ നിർദ്ദിഷ്ട റിട്ടേണുകളും കോമൺ പോർട്ടലിൽ ഇലക്ട്രോണിക് ആയി ഫയൽ ചെയ്യണം. റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന എല്ലാ നികുതി കുടിശ്ശികകളും (മുൻ കാലയളവിലെ കുടിശ്ശികയും പലിശയും പിഴയും ഉൾപ്പെടെ) പൂർണ്ണമായി അടച്ചില്ലെങ്കിൽ ഒരു റിട്ടേൺ സാധുതയുള്ളതല്ല. ഒരു നികുതി കാലയളവിൽ ഇടപാടുകൾ ഇല്ലെങ്കിൽ പോലും, ഒരു 'നിൽ' റിട്ടേൺ നിർബന്ധമായും ഫയൽ ചെയ്യണം.

- **നികുതിദായകർ റിട്ടേണുകൾ വൈകിയതിന്റെ പലിശ അടയ്ക്കാത്തത്**

2017 ലെ എസ്ജിഎസ്ടി നിയമത്തിലെ വകുപ്പ് 50(1) പ്രകാരം, ഈ നിയമത്തിന്റെ വ്യവസ്ഥകൾ അല്ലെങ്കിൽ അതിന്റെ കീഴിലുള്ള ചട്ടങ്ങൾ അനുസരിച്ച് നികുതി അടയ്ക്കാൻ ബാധ്യസ്ഥനായ ഓരോ വ്യക്തിയും, നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ നിശ്ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ സർക്കാരിന് അടയ്ക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ നികുതിയോ അതിന്റെ ഏതെങ്കിലും ഭാഗമോ അടയ്ക്കപ്പെടാത്ത കാലയളവിലേക്ക്, പതിനെട്ട് ശതമാനത്തിൽ കൂടാത്ത അത്തരം നിരക്കിൽ സ്വന്തമായി പലിശ നൽകണം.

ഒരു നികുതി കാലയളവിൽ നടത്തിയതും പ്രസ്തുത കാലയളവിലേക്കുള്ള വകുപ്പ് 39-ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത തീയതിക്ക് ശേഷം നൽകിയിട്ടുള്ള റിട്ടേണിൽ പ്രഖ്യാപിക്കപ്പെട്ടതും, പ്രസ്തുത കാലയളവുമായി ബന്ധപ്പെട്ട് വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരമുള്ള ഏതെങ്കിലും നടപടികൾ ആരംഭിച്ചതിന് ശേഷം നൽകുന്ന അത്തരം റിട്ടേൺ ഒഴികെയുള്ളതുമായ സപ്ലൈകളുടെ കാര്യത്തിൽ അടയ്ക്കേണ്ട നികുതിയുടെ പലിശ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് അടയ്ക്കപ്പെടുന്ന നികുതിയുടെ ആ ഭാഗത്തിന് അടയ്ക്കേണ്ടതാണ്.

45 കേസുകളിൽ പത്തെണ്ണത്തിൽ നികുതിദായകർ അവരുടെ റിട്ടേണുകൾ വൈകിയാണ് ഫയൽ ചെയ്തതെന്നും എന്നാൽ **അനുബന്ധം XV**ൽ വിശദമാക്കിയിരിക്കുന്ന പ്രകാരം 0.39 കോടി രൂപ പലിശയടച്ചിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. രണ്ട് കേസുകളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ വിശദീകരിക്കുന്നു:

എ) വർക്ക്സ് കോൺട്രാക്ട് ഓഫീസ്, എറണാകുളത്തിന് കീഴിലുള്ള വർക്ക്സ് കോൺട്രാക്ടറായ ആർഡിഎസ് പ്രോജെക്ട്സ് ലിമിറ്റഡ് (32AAACR4761J1ZF) 2017-18 വർഷത്തെ ഒമ്പത് റിട്ടേണുകളും 21 മുതൽ 140 ദിവസം വരെ കാലതാമസത്തോടെ ഫയൽ ചെയ്യുകയും ഈ റിട്ടേണുകളിലെ നികുതി കുടിശ്ശിക ക്യാഷ് ലെഡ്ജർ ഡെബിറ്റ് ചെയ്ത് അടയ്ക്കുകയും ചെയ്തു. എന്നാൽ 0.27 കോടി രൂപ പലിശ നൽകിയില്ല.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (2023 ജനുവരി), അവരുടെ മറുപടി കാത്തിരിക്കുന്നു (2023 മാർച്ച്).

ബി) ആലുവയിലെ സ്പെഷ്യൽ സർക്കിൾ മട്ടാഞ്ചേരിയുടെ കീഴിലുള്ള വ്യാപാരിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ (32AAACF4562B1Z9) 2017-18 വർഷത്തെ

ഒമ്പത് റിട്ടേണുകളും 137 മുതൽ 419 ദിവസം വരെ കാലതാമസത്തോടെ ഫയൽ ചെയ്യുകയും ഈ റിട്ടേണുകളിലെ നികുതി കുടിശ്ശിക ക്യാഷ് ലെഡ്ജർ ഡെബിറ്റ് ചെയ്ത് അടയ്ക്കുകയും ചെയ്തു. എന്നാൽ 0.08 കോടി രൂപ പലിശ നൽകിയില്ല.

ഇത് വകുപ്പിന്/ സർക്കാരിന് ചൂണ്ടിക്കാണിച്ചു (ജനുവരി 2023), അവരുടെ മറുപടി കാത്തിരിക്കുന്നു (മാർച്ച് 2023).

- **ഡാറ്റാ എൻട്രി പിശകുകൾ**

45 കേസുകളിൽ നാലെണ്ണത്തിൽ ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ നികുതി ദായകർ ഡാറ്റാ എൻട്രി പിഴവുകൾ വരുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു. ജിഎസ്ടിആർ 1/ ജിഎസ്ടിആർ 3ബി യിലെ നികുതി ബാധകമായ മൂല്യങ്ങളും നികുതി ബാധ്യതയും തമ്മിലുള്ള പൊരുത്തക്കേട്, ജിഎസ്ടിആർ 1/ ജിഎസ്ടിആർ 3ബി യിലെ സിജിഎസ്ടി, എസ്ജിഎസ്ടി പേയ്മെന്റുകളിലെ പൊരുത്തക്കേട്, ലഭ്യമായ ഐടിസിയിലെ പൊരുത്തക്കേട് തുടങ്ങിയ മേഖലകളിലാണ് പിശകുകൾ പ്രധാനമായും സംഭവിച്ചത്. ഒരു കേസ് താഴെ കൊടുക്കുന്നു:

സ്പെഷ്യൽ സർക്കിൾ കൊല്ലത്തിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കശുവണ്ടി യുടെയും മറ്റ് സാധനങ്ങളുടെയും വ്യാപാരിയായ കൃഷ്ണൻ ഫുഡ്സ് (32ABQPN0251R1Z9) 2017-18 വർഷത്തിൽ ജിഎസ്ടിആർ 3ബി യും ജിഎസ്ടിആർ 2എയും തമ്മിൽ 65.38 ലക്ഷം രൂപയുടെ ലഭ്യമായ ഐടിസിയുടെ പൊരുത്തക്കേട് കാണിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 ജൂലൈ), നികുതിദായകന്റെ പക്കൽ ഇറക്കു മതിയിലൂടെ നേടിയ 1.39 കോടി രൂപ ഐജിഎസ്ടിയുടെ ഐടിസി ഉണ്ടായിരുന്നെന്ന് വകുപ്പ് പ്രസ്താവിച്ചു (2022 ആഗസ്റ്റ്), അത് ജിഎസ്ടിആർ 2എ യിൽ പ്രതിഫലിക്കില്ല. ജിഎസ്ടിആർ 3ബി നൽകുമ്പോൾ നികുതിദായകൻ അശ്രദ്ധമായി 0.71 കോടി രൂപ ചരക്കുകളുടെ ഇറക്കുമതിയുമായി ബന്ധപ്പെട്ട ഐടിസിയിൽ നൽകുന്നതിന് പകരം 'മറ്റെല്ലാ ഐടിസി' എന്നതിന് കീഴിൽ തെറ്റായി രേഖപ്പെടുത്തി.

## 2.4.9 ഉപസംഹാരം

റിട്ടേൺ ഫയലിംഗും നികുതി പേയ്മെന്റുകളും, കംപ്ലയൻസിന്റെ വ്യാപ്തിയും വകുപ്പിന്റെ മറ്റ് മേൽനോട്ട പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സിസ്റ്റത്തിന്റെ പര്യാപ്തത വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ജിഎസ്ടി പേയ്മെന്റുകളും റിട്ടേൺ ഫയലിംഗും സംബന്ധിച്ച വകുപ്പിന്റെ മേൽനോട്ടം എന്ന സബ്ജക്റ്റ് സ്പെ സിഫിക് കംപ്ലയൻസ് ഓഡിറ്റ് (എസ്എസ്സിഎ) ഏറ്റെടുത്തത്.

ഈ എസ്എസ്സിഎ പ്രധാനമായും ഡാറ്റാ വിശകലനത്തെ അടിസ്ഥാനമാക്കി യുള്ളതാണ്, ഇത് റിസ്ക് ഉള്ള മേഖലകൾ, റെഡ് ഫ്ളാഗ്സ്, ചില സന്ദർഭങ്ങളിൽ ചട്ടം അടിസ്ഥാനമാക്കിയുള്ള വ്യതിയാനങ്ങൾ, 2017-18ൽ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകളിലെ യുക്തിപരമായ പൊരുത്തക്കേടുകൾ എന്നിവ എടുത്തുകാണി ക്കുന്നു. എസ്എസ്സിഎ രണ്ട് തലങ്ങളിൽ നികുതിനിർണ്ണയ സർക്കിളുകളുടെ മേൽനോട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നു - ആഗോള ഡാറ്റാ അന്വേഷണങ്ങ ളിലൂടെ ഡാറ്റാ തലത്തിലും, നികുതിദായകരുടെ രേഖകൾ ആക്സസ്സു ചെയ്യുന്നത് ഉൾപ്പെടുന്ന നികുതിനിർണ്ണയ സർക്കിളുകളുടെയും ജിഎസ്ടി റിട്ടേണുകളുടെയും ആഴത്തിലുള്ള വിശദമായ ഓഡിറ്റിലൂടെ പ്രവർത്തന തലത്തിലും. അതിനാൽ, ഓഡിറ്റ് സാമ്പിളിൽ 121 അസസ്മെന്റ് സർക്കിളുകളും ഡാറ്റാ വിശകലനത്തിലൂടെ തിരഞ്ഞെടുത്ത 14 റിസ്ക് പാരാമീറ്ററുകളിൽ 419 പൊരുത്തക്കേടുകളും 2017-18

വർഷത്തെ ജിഎസ്ടി റിട്ടേണുകളുടെ വിശദമായ ഓഡിറ്റിനായി റിസ്ക് അസസ്മെന്റിൽ തിരഞ്ഞെടുത്ത 45 നികുതിദായകരും ഉൾപ്പെടുന്നു.

10 സർക്കിളുകളുടെ കംപ്ലയൻസ് നിർണ്ണയ പ്രവർത്തനങ്ങളുടെ ഒരു അവലോകനം, റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, ആന്തരിക പരിശോധന, റിട്ടേണുകൾ ഫയൽ ചെയ്യാത്തവർക്കെതിരായ/ ഫയൽ ചെയ്യുന്നത് നിർത്തിയവർക്കെതിരായ നടപടി തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിൽ പോരായ്മകൾ വെളിപ്പെടുത്തി.

കേന്ദ്രീകൃത ഓഡിറ്റിനെ സംബന്ധിച്ചിടത്തോളം, വകുപ്പ് പ്രതികരണങ്ങൾ നൽകിയ 208 ഡാറ്റയിലെ സ്ഥിരതയില്ലായ്മ/ പൊരുത്തക്കേടുകളിൽ 41 ശതമാനം വരുന്ന 40.42 കോടി രൂപയുടെ കുറഞ്ഞ നികുതി ചുമത്തൽ ഉൾപ്പെട്ട 85 കേസുകളിൽ വ്യതിയാനങ്ങൾ നിരീക്ഷിക്കപ്പെട്ടു. 38.29 കോടി രൂപയുടെ നികുതി വരുന്ന 73 കേസുകളിൽ വകുപ്പ് ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുകയോ നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. ഏഴ് കേസുകളിൽ നിന്ന് വകുപ്പ് 2.44 കോടി രൂപ വീണ്ടെടുത്തു, 33 കേസുകളിൽ 20.87 കോടി രൂപയ്ക്ക് എസ്സിഎൻ നൽകി. 33 കേസുകളിൽ 14.98 കോടി രൂപയ്ക്ക് ഫോം എഎസ്എംടി-10 നൽകി. വകുപ്പിന്റെ മറുപടി ഓഡിറ്റിന് സ്വീകാര്യമായിരുന്ന 56 ശതമാനം വരുന്ന 116 കേസുകളിൽ, നികുതിദായകരുടെ ഡാറ്റാ എൻട്രി പിശകുകളുള്ള 69 കേസുകൾ ഉൾപ്പെടുന്നു, 14 കേസുകളിൽ വകുപ്പ് മുൻകൈയെടുത്ത് നടപടിയെടുക്കുകയും 33 കേസുകളിൽ സാധുവായ വിശദീകരണങ്ങളുമുണ്ട്.

ജിഎസ്ടി റിട്ടേണുകളുടെ വിശദമായ ഓഡിറ്റും കാര്യമായ കംപ്ലയൻസ് ഇല്ലായ്മ സൂചിപ്പിച്ചു. തുടക്കത്തിൽ നികുതിദായകരുടെ ഗ്രാനുലാർ രേഖകൾ ലഭ്യമല്ലാതിരുന്നത് കാര്യമായ വ്യാപ്തി പരിമിതി സൃഷ്ടിച്ചു. ഈ കേസുകൾ ഐടിസിയുടെ ഉപയോഗത്തിലും നികുതി ഒടുക്കലുകളിലും കണ്ടെത്തിയ 34.03 കോടി രൂപയുടെ പൊരുത്തക്കേടുകൾക്കുള്ള സാധ്യതയെ പ്രതിനിധീകരിക്കുന്നു. രേഖകൾ ഭാഗികമായി നൽകിയിട്ടും 35.55 കോടി രൂപയുടെ വരുമാനവുമായി ബന്ധപ്പെട്ട കംപ്ലയൻസ് പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു. യോഗ്യതയില്ലാത്തതും ക്രമരഹിതവുമായ ഐടിസി, സപ്ലൈകളുടെ തെറ്റായ തരംതിരിവ്, നികുതി ചുമത്താനുള്ള സപ്ലൈകളുടെ ഒഴിവാക്കൽ, സപ്ലൈകളുടെ വില കുറച്ചത്, ആർസിഎം പ്രകാരമുള്ള നികുതി തെറ്റായി ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട ക്രമക്കേടുകളാണ് കൂടുതലും.

കംപ്ലയൻസ് പോരായ്മകളുടെ ഗണ്യമായ നിരക്ക് കണക്കിലെടുത്ത്, അവ കാലഹരണപ്പെടുന്നതിനു മുമ്പ് വകുപ്പ് പരിഹാര നടപടികൾ ആരംഭിക്കണം. വ്യവസ്ഥാപിത വീക്ഷണകോണിൽ, റിട്ടേൺ ഫയലിംഗ്, റിട്ടേണുകളുടെ സൂക്ഷ്മ പരിശോധനയും ആന്തരിക പരിശോധനയും വഴി നികുതിദായകന്റെ അനുസരണം, വീഴ്ച വരുത്തിയവരുടെ രജിസ്ട്രേഷൻ റദ്ദാക്കലും കുടിശ്ശിക തിരിച്ചുപിടിക്കലും എന്നിവയിൽ കാര്യക്ഷമമായ മേൽനോട്ടം സ്ഥാപിക്കുന്നതിനും നിലനിർത്തുന്നതിനും നികുതിനിർണ്ണയ സർക്കിളുകളിലെ സ്ഥാപന സംവിധാനം വകുപ്പ് ശക്തിപ്പെടുത്തേണ്ടതുണ്ട്. റദ്ദാക്കിയ ജിഎസ്ടിഐഎൻ കളുടെ സ്ഥിതി തത്സമയ അടിസ്ഥാനത്തിൽ അപ്ഡേറ്റ് ചെയ്തുകൊണ്ട് നെറ്റ്‌വർക്കിൽ എന്തെങ്കിലും ഇടപാടുകൾ നടത്താൻ അത്തരം ജിഎസ്ടിഐഎൻകളെ അനുവദിക്കാതിരിക്കുന്നതിനുള്ള ഒരു സിസ്റ്റം-ചെക്ക് അവതരിപ്പിക്കുന്നതിന് വാലിഡേഷൻ നിയന്ത്രണങ്ങൾ ആവശ്യമാണ്.

# അദ്ധ്യായം III
# വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വിഎടി

# അദ്ധ്യായം –III
# വിൽപ്പന, വ്യാപാരം മുതലായവയിന്മേലുള്ള നികുതികൾ/ വിഎടി

2021-22 വർഷത്തിലെ കെവിഎടി നികുതി നിർണയവുമായി ബന്ധപ്പെട്ട റെക്കോർഡുകളും അനുബന്ധ രേഖകളും പരീക്ഷണ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ, ₹12.23 കോടിയുടെ കുറഞ്ഞ നികുതിനിർണ്ണയവും മറ്റു ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസുകൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

## 3.1 വർക്ക്സ് കോൺട്രാക്ടേഴ്സിനെ സംബന്ധിച്ച തെറ്റായ നികുതി നിർണയം മൂലമുള്ള കുറഞ്ഞ നികുതി ചുമത്തൽ

2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 2(lv) പ്രകാരം, നിർമ്മാണം, ഫിറ്റിംഗ്, മെച്ചപ്പെടുത്തൽ, അറ്റകുറ്റപ്പണികൾ, ഉത്പാദനം, പ്രോസസ്സിംഗ്, ഫാബ്രിക്കേഷൻ, ഉദ്ധാരണം മുതലായ ഏതെങ്കിലും സ്ഥാവര, ജംഗമ വസ്തുക്കളുടെ ഇൻസ്റ്റാളേഷൻ, പരിഷ്ക്കരണം അല്ലെങ്കിൽ കമ്മീഷൻ ചെയ്യൽ തുടങ്ങി പണത്തിനോ മാറ്റിവെച്ച പേയ്മെന്റിനോ മറ്റ് വിലപ്പെട്ട പരിഗണനയ്ക്കോ വേണ്ടിയുള്ള ഏതൊരു കരാറും 'വർക്ക്സ് കോൺട്രാക്റ്റിൽ' ഉൾപ്പെടുന്നു. ഒരു വർക്ക്സ് കോൺട്രാക്ടറുടെ നികുതി നിർണ്ണയം അന്തിമമാക്കുമ്പോൾ, നികുതി അടയ്ക്കേണ്ട വിറ്റുവരവിൽ കൃത്യമായി എത്തിച്ചേരുന്നതിനും ശരിയായ നികുതി നിരക്ക് ബാധകമാക്കുന്നതിനും നികുതി നിർണ്ണയ അധികാരി നികുതിദായകന്റെ ബുക്ക്സ് ഓഫ് അക്കൗണ്ടുകളും അനുബന്ധ രേഖകളും പരിശോധിക്കേണ്ടതാണ്. സാധാരണ നികുതി നിരക്ക് 14.5 ശതമാനമാണ്. കോമ്പൗണ്ടിംഗ് സ്കീമിന് ബാധകമായ ഇളവ് നിരക്ക് ഏഴ് ശതമാനവും ഗവൺമെന്റ് വർക്കിന് അഞ്ച് ശതമാനവുമാണ്. നികുതി അടയ്ക്കേണ്ട വിറ്റുവരവിൽ എത്തിച്ചേരുന്നതിലും ശരിയായ നികുതി നിരക്ക് ബാധകമാക്കുന്നതിലും നികുതി നിർണ്ണയ അതോറിറ്റിയുടെ പരാജയം 3.1.1 മുതൽ 3.1.6 വരെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ കുറഞ്ഞ നികുതി ചുമത്തലിന് കാരണമായി.

**ശരിയായ ചട്ടം പ്രയോഗിക്കുന്നതിൽ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടത് നികുതിയും പലിശയും ഉൾപ്പെടെ ₹0.84 കോടിയുടെ കുറഞ്ഞ ചുമത്തലിലേക്ക് നയിച്ചു.**

**3.1.1** 2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 2(lv) പ്രകാരം, വിലയേറിയ പ്രതിഫലത്തിനായി നിർമ്മാണം, ഫിറ്റിംഗ്, മെച്ചപ്പെടുത്തൽ, ഫാബ്രിക്കേഷൻ തുടങ്ങിയവ നടത്തുന്നതിനുള്ള ഏത് കരാറും വർക്ക്സ് കോൺട്രാക്റ്റ് ആകുന്നു. അതിനാൽ, അതിൽ ഭൗതിക ഘടകവും തൊഴിൽ ഘടകവും ഉൾപ്പെടുന്നു. നികുതി വിധേയമായ വിറ്റുവരവിൽ എത്തിച്ചേരുന്നതിന് കരാർ മൂല്യത്തിൽ നിന്ന് അനുവദനീയമായ വിവിധ കിഴിവുകൾ കെവിഎടി ചട്ടങ്ങളിലെ ചട്ടം 10(2) (എ) നൽകുന്നു. എന്നിരുന്നാലും, കിഴിവുകൾക്ക് ശേഷമുള്ള കരാർ മൂല്യം വാങ്ങിയ വസ്തുക്കളുടെ മൂല്യത്തിൽ താഴെയാകരുത്. ബുക്ക്സ് ഓഫ് അക്കൗണ്ടുകളിൽ നിന്ന് അത്തരം ചാർജുകൾ കണ്ടെത്താനാകാത്ത സന്ദർഭങ്ങളിൽ കരാർ മൂല്യത്തിന്റെ 25 ശതമാനം തൊഴിൽ അല്ലെങ്കിൽ മറ്റ് ചാർജുകളായി കുറയ്ക്കാൻ ചട്ടം 10(2) (ബി) വ്യവസ്ഥ ചെയ്യുന്നു.

അസ്കോൺ കൺസ്ട്രക്ഷൻ ആൻഡ് പ്രോപ്പർട്ടീസ് (പി) ലിമിറ്റഡ്, തൃശ്ശൂരിലെ സംസ്ഥാന നികുതി ഓഫീസിൽ (വർക്ക്സ് കോൺട്രാക്ട്) രജിസ്റ്റർ ചെയ്ത വർക്ക്സ് കോൺട്രാക്ടറാണ്. 2017-18 വർഷത്തേക്കുള്ള വാർഷിക റിട്ടേണുകളോ വാർഷിക അക്കൗണ്ടുകളോ നികുതിദായകൻ ഫയൽ ചെയ്തിട്ടില്ലാത്തതിനാൽ, നിയമത്തിലെ 25(1) വകുപ്പിന്റെ കൂടെ വകുപ്പ് 25എഎ കൂടി ചേർത്ത പ്രകാരമാണ് നികുതി നിർണയം നടത്തിയത് (2019 സെപ്റ്റംബർ). നികുതി നിർണ്ണയ അതോറിറ്റി മൊത്തം ₹2.41 കോടി[34] നികുതി ബാധകമായ വിറ്റുവരവിൽ എത്തിച്ചേരുകയും ₹27.89 ലക്ഷത്തിന്റെ ഡിമാൻഡ് സൃഷ്ടിക്കുകയും ചെയ്തു.

കരാർ ജോലികൾക്കായി വിനിയോഗിക്കാവുന്ന ₹5.69 കോടിയുടെ സാധനങ്ങൾ വാങ്ങിയതായി നികുതി നിർണയ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ഓഡിറ്റ് (2021 ഡിസംബർ) കണ്ടെത്തി. എന്നിരുന്നാലും, 2005 ലെ കെവിഎടി ചട്ടങ്ങളിലെ ചട്ടം 10(2)(എ) പ്രകാരം നികുതി നൽകേണ്ട വിറ്റുവരവിൽ എത്തിച്ചേരുമ്പോൾ വാങ്ങിയ സാധനങ്ങളുടെ മൂല്യം പരിഗണിക്കുന്നതിൽ നികുതി നിർണയ അതോറിറ്റി പരാജയപ്പെട്ടു. നികുതി നിർണയ അധികാരി ₹5.69 കോടിക്കു പകരം ₹2.17 കോടിയുടെ വിറ്റുവരവ് മാത്രമാണ് വിലയിരുത്തിയത്. ഇതിലൂടെ ₹3.52 കോടിയുടെ വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും, ഇത് **പട്ടിക – 3.1**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയും ചേർത്ത് ₹0.84 കോടി കുറവായി ഈടാക്കാനുമിടയായി.

**പട്ടിക – 3.1**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | വർക്ക്സ് കോൺട്രാക്ടിൽ ഉപയോഗിച്ചിട്ടുള്ള വാങ്ങൽ വിറ്റുവരവ് | 5,68,90,777 |
| 2. | നികുതി നിർണ്ണയ അതോറിറ്റി പരിഗണിച്ച വിറ്റുവരവ് (₹98,00,000 + ₹1,18,86,800) | 2,16,86,800 |
| 3. | വിറ്റുവരവ് ഒഴിവാക്കപ്പെട്ടത് (1-2) | 3,52,03,977 |
| 4. | അടക്കേണ്ട നികുതി (3 ന്റെ 14.5% ) | 51,04,576 |
| 5. | പലിശ, പ്രതിവർഷം 12% പ്രകാരം 64 മാസങ്ങൾക്ക് (8/2017 മുതൽ 11/2022 വരെ) | 32,66,928 |
| 6. | **ആകെ കുറഞ്ഞ ഈടാക്കൽ** | **83,71,504** |
| | | **0.84 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി കമ്പനി ബുക്ക്സ് ഓഫ് അക്കൗണ്ട്സ് ഹാജരാക്കാത്തതിനാൽ തൊഴിൽ നിരക്കുകൾ, ആസൂത്രണം ചെയ്യുന്നതിനും രൂപ കൽപ്പന ചെയ്യുന്നതിനുമുള്ള നിരക്കുകൾ, ആർക്കിടെക്റ്റിനുള്ള ഫീസ്, ഉപയോഗിച്ച ഉപഭോഗവസ്തുക്കളുടെ വില മുതലായവ ലഭ്യമല്ലെന്നും അതിനാൽ, ചട്ടം 10(2)(എ) പ്രകാരമുള്ള നികുതി ബാധകമായ വിറ്റുവരവ് കണ്ടെത്താൻ കഴിയില്ലെന്നും അതിനാൽ, 2005ലെ കേരള മൂല്യവർധിത നികുതി ചട്ടങ്ങളിലെ ചട്ടം 10(2)(ബി) പ്രകാരം കരാർ തുകയുടെ 25 ശതമാനം ലേബർ ചാർജുകൾക്കും മറ്റ് ചാർജുകൾക്കുമായി കിഴിച്ച് നികുതി നൽകേണ്ട വിറ്റുവരവ് എത്തിച്ചാണ് നികുതി നിർണയം പൂർത്തിയാക്കിയത് എന്നും സർക്കാർ പ്രസ്താവിച്ചു (2023 മാർച്ച്).

മറുപടി ഓഡിറ്റ് നിരീക്ഷണവുമായി ബന്ധപ്പെട്ടതല്ല. ഡീലറുടെ ബുക്ക്സ് ഓഫ് അക്കൗണ്ടുകളിൽ നിന്ന് തൊഴിലാളികളുടെയോ മറ്റ് ചാർജുകളുടെയോ വിശദാംശ ങ്ങൾ കണ്ടെത്താനാകാത്ത സാഹചര്യങ്ങളിൽ നികുതി വിധേയമായ വിറ്റുവരവ് എത്തിച്ചേരുന്ന രീതി ചട്ടം 10 (2)(ബി) നിർദ്ദേശിക്കുന്നു; അതേസമയം കരാർ

[34] വിറ്റുവരവ് ₹2.17 കോടിയും ഒഴിവാക്കപ്പെടാൻ സാധ്യതയുള്ള ₹24.50 ലക്ഷവും (25 ശതമാനം) ചേർത്ത്.

ജോലികൾക്കായി ഉപയോഗിച്ചിരുന്ന ₹3.52 കോടി രൂപയുടെ വിറ്റുവരവ് ഒഴിവാക്കപ്പെട്ടതിനെക്കുറിച്ചാണ് ഓഡിറ്റ് നിരീക്ഷണം. ഒഴിവാക്കപ്പെട്ട വിറ്റുവരവിനെക്കുറിച്ച് മറുപടി നിശബ്ദമാണ്.

**നികുതി നിർണ്ണയത്തിൽ നിന്നും വിറ്റുവരവ് ഒഴിവാക്കപ്പെട്ടതിന്റെ ഫലമായി നികുതിയും പലിശയും ഉൾപ്പെടെ ₹ 0.12 കോടിയുടെ കുറഞ്ഞ ചുമത്തൽ.**

**3.1.2** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 25 (1) പ്രകാരം, ഡീലറുടെ മേൽ നോട്ടീസ് പുറപ്പെടുവിച്ച് ആവശ്യമായ അന്വേഷണങ്ങൾ നടത്തിയതിന് ശേഷം നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട നികുതിബാധകമായ വിറ്റുവരവ് നികുതി നിർണ്ണയ ഉദ്യോഗസ്ഥന് നിർണ്ണയിക്കാം.

ജി ഇ ഇന്ത്യ ഇൻഡസ്ട്രിയൽ പ്രൈവറ്റ് ലിമിറ്റഡ്, സംസ്ഥാന നികുതി ഓഫീസർ, I സർക്കിൾ, കളമശ്ശേരിയിൽ രജിസ്റ്റർ ചെയ്ത വർക്ക്സ് കോൺട്രാക്ടറാണ്. 2014-15 വർഷത്തെ വാർഷിക റിട്ടേൺ അനുസരിച്ച്, നികുതി ദായകൻ എഎംസി[35] വരുമാനമായ ₹6.77 കോടിയിൽ ₹3.87 കോടി അഞ്ച് ശതമാനം നിരക്കിലും ₹2.90 കോടി 14.5 ശതമാനം നിരക്കിലും സ്വയം വിലയിരുത്തുകയും സ്വയം വിലയിരുത്തിയ നികുതിയായി ₹41.14 ലക്ഷം ഒടുക്കുകയും ചെയ്തു. മൊത്തം എഎംസി വരുമാനമായ ₹6.77 കോടിയിൽ ₹3.10 കോടിയും തിരുവനന്തപുരം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിലെ ചീഫ് എൻജിനീയറിൽ നിന്നുള്ള വരുമാനമാണ്.

നിയമത്തിലെ വകുപ്പ് 25(1) പ്രകാരം നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ (2021 ജനുവരി) നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ, വർക്ക്സ് കോൺട്രാക്ടിലെ സാധനങ്ങളുടെ കൈമാറ്റ മൂല്യം ഡിക്ലേർഡ് ഗുഡ്സ്[36] അല്ലാത്തതിനാൽ സ്വയം വിലയിരുത്തിയ അഞ്ച് ശതമാനം നിരക്ക് നിരസിച്ച് ₹6.77 കോടിയുടെ മുഴുവൻ വിറ്റുവരവിനും 14.5 ശതമാനം നികുതി ചുമത്തി. അതിലൂടെ ₹32.50 ലക്ഷത്തിന്റെ (നികുതി ₹19.12 ലക്ഷം, പലിശ ₹13.38 ലക്ഷം) അധിക ഡിമാന്റ് ഉണ്ടാക്കി.

2014-15 കാലയളവിലെ നികുതി നിർണ്ണയ രേഖകളുടെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 ഓഗസ്റ്റ്) തിരുവനന്തപുരം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിലെ ചീഫ് എഞ്ചിനീയറിൽ നിന്നും കാണിച്ചിരിക്കുന്ന തുകയായ ₹3.10 കോടിക്കു പകരം യഥാർത്ഥത്തിൽ ₹3.60 കോടിയാണ് ലഭിച്ചത് എന്നു കണ്ടെത്തി. അനുബന്ധ രേഖകൾ പരിശോധിക്കാതെ നികുതി നിർണ്ണയം പൂർത്തിയാക്കിയതിന്റെ ഫലമായി ₹0.50 കോടിയുടെ വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും **പട്ടിക – 3.2**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയും ചേർത്ത് ₹0.12 കോടി കുറവായി ഈടാക്കുകയും ചെയ്തു**.**

**പട്ടിക – 3.2**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | സിഇ, എൻജിഎസിൽ നിന്ന് ലഭിച്ച കരാർ വരവ് | 3,60,29,187 |
| 2. | വാർഷിക റിട്ടേണിൽ പ്രഖ്യാപിച്ച കരാർ വരവ് | 3,10,13,935 |
| 3. | വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ടത് | 50,15,252 |
| 4. | അടക്കേണ്ട നികുതി @14.5% | 7,27,211 |

35 ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്.

36 സിഎസ്ടി നിയമത്തിലെ 14 -ാം വകുപ്പ് പ്രകാരം.

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 5. | പലിശ, പ്രതിവർഷം @12% പ്രകാരം 70 മാസങ്ങൾക്ക് (4/2015 മുതൽ 1/2021 വരെ) | 5,09,048 |
| 6. | **ആകെ കുറഞ്ഞ ഈടാക്കൽ** | **12,36,259** |
| | | **0.12 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നികുതി നിർണ്ണയം പുതുക്കി (2021 നവംബർ) ₹13,08,982 (നികുതി ₹7,27,212 പലിശ ₹5,81,770) അധിക ഡിമാൻഡ് സൃഷ്ടിച്ചു. എന്നിരുന്നാലും, നികുതിദായകൻ 2021-22 ലെ ആംനെസ്റ്റി[37] പദ്ധതി തിരഞ്ഞെടുക്കുകയും പൂർണ്ണവും അന്തിമവുമായ സെറ്റിൽമെന്റായി ₹4,36,327 (2022 ജനുവരി) നൽകുകയും ചെയ്തു. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**രേഖകൾ പരിശോധിക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയത്തിന്റെ ഫലമായി നികുതിയും പലിശയും ഉൾപ്പെടെ 0.18 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.1.3** 2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം, വർക്ക്സ് കോൺട്രാക്ടർക്ക് ഏഴ് ശതമാനം കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കാൻ തിരഞ്ഞെടുക്കാവുന്നതാണ്. 2005ലെ കേരള മൂല്യവർധിത നികുതി ചട്ടങ്ങളിലെ ചട്ടം 11(1), 11(2) എന്നിവ കോമ്പൗണ്ടഡ് നിരക്കുകൾ തിരഞ്ഞെടുക്കുന്നതിന് രണ്ട് വ്യവസ്ഥകൾ നിർദ്ദേശിക്കുന്നു, അതായത് (എ) നിശ്ചിത ഫോമിൽ നിശ്ചിത തീയതിക്ക് മുമ്പ് നികുതി നിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ ഫയൽ ചെയ്യണം, (ബി) നികുതി നിർണ്ണയ അധികാരി സ്വയം തൃപ്തിപ്പെട്ടതിന് ശേഷം അനുമതി നൽകണം. 2016-17 വർഷത്തേക്കുള്ള വകുപ്പ് 8 പ്രകാരം കോമ്പൗണ്ടഡ് ടാക്സ് അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതി കമ്മീഷണർ 2016 ഓഗസ്റ്റ് 31 വരെ നീട്ടി[38] നൽകി.

കലാടെൽ ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, സംസ്ഥാന നികുതി ഓഫീസർ (വർക്ക്സ് കോൺട്രാക്ട്), തൃശ്ശൂരിൽ രജിസ്റ്റർ ചെയ്ത ഡീലറാണ് (2016 ജൂലൈ 4 മുതൽ പ്രാബല്യത്തിൽ). 2016-17 കാലയളവിൽ നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്തിട്ടില്ലാത്തതിനാൽ, അക്കൗണ്ടുകളുടെയും കെവിഎടിഐഎസ് ഡാറ്റയുടെയും വെരിഫിക്കേഷൻ അടിസ്ഥാനമാക്കി വകുപ്പ് 25 എഎ[39] പ്രകാരം നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതി നിർണ്ണയം (2020 സെപ്റ്റംബർ) പൂർത്തിയാക്കി. 1.86 കോടി രൂപയുടെ പൂഴ്ത്തിവെച്ച വിറ്റുവരവ് കോമ്പൗണ്ടഡ് നിരക്കിൽ വിലയിരുത്തിയാണ് വിലയിരുത്തൽ പൂർത്തിയാക്കിയത്.

ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2022 ജനുവരി) 2016 ആഗസ്ത് 31-ലെ അവസാന തീയതി കഴിഞ്ഞ് ഏകദേശം മൂന്ന് മാസങ്ങൾക്ക് ശേഷം, 2016 നവംബർ 22-ന് മാത്രമാണ് നികുതിദായകൻ കോമ്പൗണ്ടിംഗിനായി അപേക്ഷ സമർപ്പിച്ചതെന്ന് കണ്ടെത്തി. കൂടാതെ, കേരള മൂല്യവർദ്ധിത നികുതി ചട്ടങ്ങളിലെ

37 ചരക്ക് സേവന നികുതി നിലവിൽ വരുന്നതിന് മുൻപുള്ള കാലയളവിലെ ഡിമാന്റുകൾ പലിശ/പിഴ ഒഴിവാക്കികൊണ്ടും നികുതി കുടിശ്ശികയിൽ കുറവുകൾ നൽകിയും തീർപ്പാക്കാനായി സർക്കാർ ആംനസ്റ്റി പദ്ധതി അവതരിപ്പിച്ചു.

38 2016 ഓഗസ്റ്റ് 19-ലെ സർക്കുലർ നമ്പർ 13/2016 പ്രകാരം.

39 സിഎജിയുടെ ഓഡിറ്റ് നിരീക്ഷണത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ പൂർത്തിയാക്കിയത്.

ചട്ടം 11(2)(i) പ്രകാരം കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ അനുമതി നൽകിയിരുന്നില്ല.

നിശ്ചിത തീയതിക്കുള്ളിൽ കോമ്പൗണ്ടിംഗിനായി നികുതിദായകൻ അപേക്ഷ നൽകാത്തതിനാലും കോമ്പൗണ്ടഡ് നിരക്കിൽ നികുതി അടയ്ക്കാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ അനുമതി നൽകാത്തതിനാലും കോമ്പൗണ്ടഡ് നിരക്കിൽ നികുതി ഈടാക്കിയത് ക്രമരഹിതമാണ്. അതിന്റെ ഫലമായി **പട്ടിക – 3.3**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയും ഇനത്തിൽ 0.18 കോടി രൂപ കുറവായി ചുമത്താനിടയാക്കി.

**പട്ടിക – 3.3**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | പൂഴ്ത്തിവെച്ച വിറ്റുവരവ് കണ്ടെത്തിയത് | 1,86,07,215 |
| 2. | ചട്ടം 10(ബി) പ്രകാരമുള്ള ഇളവ് 25% നിരക്കിൽ | 46,51,803 |
| 3. | നികുതി വിധേയമായ വിറ്റുവരവ് | 1,39,55,412 |
| 4. | അടക്കേണ്ട നികുതി 14.5% നിരക്കിൽ | 20,23,534 |
| 5. | നികുതി വിലയിരുത്തിയത് | 9,30,361 |
| 6. | കുറവായി ചുമത്തിയ നികുതി | 10,93,173 |
| 7. | പലിശ, പ്രതിവർഷം 12% നിരക്കിൽ 67 മാസങ്ങൾക്ക് (5/2017 മുതൽ 11/2022 വരെ) | 7,32,425 |
| 8. | **ആകെ കുറഞ്ഞ ഈടാക്കൽ** | **18,25,598** |
| | | **0.18 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 2016-17 വർഷത്തെ വിറ്റുവരവ് ഉയർന്ന നിരക്കിൽ വിലയിരുത്താൻ നിർദ്ദേശിച്ച് ഡീലർക്ക് കെവിഎടി നിയമം 2003-ലെ വകുപ്പ് 25 എഎ യോടൊപ്പം വകുപ്പ് 25 (എ) പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ട് (2023 ഫെബ്രുവരി). ഈ വസ്തുതകൾ 2023 മാർച്ചിൽ സർക്കാർ സ്ഥിരീകരിച്ചു.

**യോഗ്യതയില്ലാത്ത ഒരു നികുതിദായകന് കോമ്പൗണ്ടിംഗ് ടാക്സ് ബാധക മാക്കുന്നതിലൂടെയുള്ള അനർഹമായ ആനുകൂല്യം ലഭിച്ചതിന്റെ ഫലമായി നികുതിയും പലിശയുമായി ₹ 0.34 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.1.4** കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം ഇലക്ട്രിക്കൽ ജോലികൾ ഏറ്റെടുക്കുന്ന ഏതെങ്കിലും വർക്ക്സ് കോൺട്രാക്ടർക്ക് കോമ്പൗണ്ടഡ് നിരക്ക് പ്രകാരം നികുതി അടയ്ക്കാൻ അർഹതയില്ല. കെവിഎടി നിയമത്തിലെ വകുപ്പ് 6(1)(എഫ്) പ്രകാരം വർക്സ് കോൺട്രാക്ട് വരവിന് 14.5 ശതമാനമാണ് നികുതി.

വി ടെക് ഇലക്ട്രിക്ക് (പി) ലിമിറ്റഡ്, സംസ്ഥാന നികുതി ഓഫീസർ (വർക്ക്സ് കോൺട്രാക്ട്), തൃശ്ശൂരിൽ രജിസ്റ്റർ ചെയ്ത ഒരു ഇലക്ട്രിക്കൽ കരാറുകാരനാണ്. നികുതിദായകൻ 2015-16 വർഷത്തെ വാർഷിക റിട്ടേണിൽ (ഫോം 10 ബി) കരാർ വരവ് 5.07 കോടി രൂപയാണെന്ന് കാണിച്ചിട്ടുണ്ട്. നിലവിലുള്ള കരാറുകളുടെ/ പദ്ധതികളുടെ വിശദാംശങ്ങൾ അനുസരിച്ച്, ജോലിയുടെ സ്വഭാവം ഇലക്ട്രിക്കൽ കരാറുകളാണ്.

റിട്ടേണുകളും ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും പരിശോധിച്ച ശേഷം നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ മൊത്തം വിറ്റുവരവ് 5.45 കോടി രൂപയായി നിർണ്ണയിച്ചു, അതിൽ നികുതി നൽകേണ്ട വിറ്റുവരവ് ₹4.47 കോടിയും നികുതിയേതര വിറ്റുവരവ് ₹0.98 കോടിയുമാണ്. കെവിഎടി നിയമത്തിലെ വകുപ്പ് 25(1) പ്രകാരം നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതി നിർണ്ണയം പൂർത്തിയാക്കി (2020 ഫെബ്രുവരി). 2.11 കോടി രൂപയുടെ വിറ്റുവരവ് നോൺ-കോമ്പൗണ്ടഡ് വിറ്റുവരവായും 2.36 കോടി രൂപ കോമ്പൗണ്ടഡ് വിറ്റുവരവായും വിലയിരുത്തി.

നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം, ഇലക്ട്രിക്കൽ കോൺട്രാക്ടർമാർക്ക് കോമ്പൗണ്ടിംഗ് സ്കീം സ്വീകാര്യമല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 ഡിസംബർ). അതിനാൽ, നികുതി വിധേയമായ 4.47 കോടി രൂപയുടെ വിറ്റുവരവ് 14.5 ശതമാനം നിരക്കിൽ കണക്കാക്കണം, അതേസമയം 2.11 കോടി രൂപ മാത്രം 14.5 ശതമാനം നിരക്കിൽ വിലയിരുത്തി. 2.36 കോടി രൂപയുടെ വിറ്റുവരവ് കുറഞ്ഞ നിരക്കിൽ വിലയിരുത്തിയത് നികുതിയും പലിശയും ഇനത്തിൽ 0.34 കോടി രൂപ കുറവായി ചുമത്താനിടയാക്കി.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നികുതിയും പലിശയും ഇനത്തിൽ 0.32 കോടി രൂപ ആവശ്യപ്പെട്ട് നികുതി നിർണ്ണയം പരിഷ്ക്കരിക്കുകയും (2022 മാർച്ച്) റവന്യൂ റിക്കവറിക്ക് നിർദേശിക്കുകയും ചെയ്തു. നികുതിനിർണ്ണയ ഉത്തരവിൽ പ്രകോപിതനായ നികുതിദായകൻ തൃശ്ശൂർ ജോയിന്റ് കമ്മീഷണർക്ക് മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും അപ്പലേറ്റ് അധികാരി നികുതി നിർണ്ണയ ഉത്തരവ് പരിഷ്ക്കരിച്ച് അപ്പീൽ തീർപ്പാക്കുകയും ചെയ്തു (2022 ഏപ്രിൽ). 0.32 കോടി രൂപ നികുതിയും പലിശയും ആവശ്യപ്പെട്ട് നികുതി നിർണ്ണയ ഉത്തരവ് പരിഷ്ക്കരിച്ചു (2022 ജൂൺ). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**യോഗ്യതയില്ലാത്ത ഒരു നികുതിദായകന് ഏഴു ശതമാനം കോമ്പൗണ്ടിംഗ് നികുതി നിരക്കിന്റെ ഇളവ് ബാധകമാക്കുന്നതിലൂടെ അനർഹമായ ആനുകൂല്യം ലഭിച്ചത് ₹ 8.16 ലക്ഷം രൂപയുടെ കുറഞ്ഞ ചുമത്തലിന് കാരണമായി.**

**3.1.5** കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം, ഇലക്ട്രിക്കൽ ജോലികൾ ഏറ്റെടുക്കുന്നവർ ഒഴികെയുള്ള ഏതൊരു വർക്ക്സ് കോൺട്രാക്ടർക്കും, 1956 ലെ കേന്ദ്ര വിൽപ്പന നികുതി നിയമം (1956 ലെ കേന്ദ്ര നിയമം 74) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, ഏഴു ശതമാനം നിരക്കിൽ ഇളവുള്ള നികുതി അടച്ച് കോമ്പൗണ്ടിംഗ് തിരഞ്ഞെടുക്കാം. ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട്, വി ടെക് ഇലക്ട്രിക്ക് (പി) ലിമിറ്റഡ് എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് താഴെ വിവരിച്ചിരിക്കുന്ന പ്രകാരം ഏഴു ശതമാനം നിരക്കിന്റെ ഇളവ് നൽകി.

വി ടെക് ഇലക്ട്രിക് (പി) ലിമിറ്റഡ്, എന്ന കേന്ദ്ര വിൽപ്പന നികുതി രജിസ്ട്രേഷനുള്ള ഇലക്ട്രിക്കൽ കരാറുകാരന്റെ 2016-17 വർഷത്തെ നികുതി നിർണ്ണയം കെവിഎടി നിയമം 2003-ന്റെ 25(1), 25 എഎ എന്നീ വകുപ്പുകൾ പ്രകാരം തൃശ്ശൂരിലെ സംസ്ഥാന നികുതി ഓഫീസർ (വർക്ക്സ് കോൺട്രാക്ട്) പൂർത്തിയാക്കി (2019 നവംബർ). നികുതി നിർണ്ണയ ഉത്തരവ് പ്രകാരം, മൊത്തം വിറ്റുവരവായ 4.33 കോടി രൂപയിൽ നികുതിദായകന് 1.06 കോടി രൂപയുടെ കോമ്പൗണ്ടഡ് വിറ്റുവരവ്[40] ഉണ്ടായിരുന്നു, ഇത് ഏഴ് ശതമാനം നിരക്കിലും നോൺ-കോമ്പൗണ്ടഡ് വിറ്റുവരവായ 3.27 കോടി രൂപ, 14.5 ശതമാനം നിരക്കിലും വിലയിരുത്തി.

[40] കെ വി എ ടി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം നികുതി കോമ്പൗണ്ടിംഗ് തിരഞ്ഞെടുക്കുന്ന നികുതിദായകന്റെ വിറ്റുവരവ്.

കെവിഎടി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് കോമ്പൗണ്ടിംഗ് സ്കീം സ്വീകാര്യമല്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2021 ഡിസംബർ). അതിനാൽ മൊത്തം വിറ്റുവരവും 14.5 ശതമാനം നിരക്കിൽ വിലയിരുത്തേണ്ടതുണ്ട്. ₹1.06 കോടിയുടെ വിറ്റുവരവ് ഏഴ് ശതമാനം തെറ്റായ നിരക്കിൽ വിലയിരുത്തിയപ്പോൾ, **പട്ടിക – 3.4**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയും ഇനത്തിൽ ₹8.16 ലക്ഷം കുറവായി ചുമത്താനിടയായി.

**പട്ടിക – 3.4**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | തെറ്റായി വിലയിരുത്തിയ വിറ്റുവരവ് | 1,06,30,977 |
| 2. | ഇളവ് (തൊഴിൽ നിരക്കുകൾ) 20% നിരക്കിൽ | 21,26,195 |
| 3. | നികുതി വിധേയമായ വിറ്റുവരവ് | 85,04,782 |
| 4. | നികുതി 14.5% നിരക്കിൽ | 12,33,193 |
| 5. | നികുതി ചുമത്തിയത് | 7,44,168 |
| 6. | കുറവായി ചുമത്തിയ നികുതി | 4,89,025 |
| 7. | പലിശ, പ്രതിവർഷം 12% നിരക്കിൽ 67 മാസങ്ങൾക്ക് (5/2017 മുതൽ 11/2022 വരെ) | 3,27,647 |
| 8. | **ആകെ കുറഞ്ഞ ചുമത്തൽ** | **8,16,672** |
| | | **8.16 ലക്ഷം** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 2016-17 വർഷത്തിലെ നികുതി നിർണ്ണയം 0.08 കോടി രൂപയുടെ അധിക ഡിമാൻഡോടെ നികുതി നിർണ്ണയ അധികാരി പൂർത്തിയാക്കുകയും (2022 മാർച്ച്) റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ഇതിൽ പ്രകോപിതനായ നികുതിദായകൻ, തൃശ്ശൂർ ജോയിന്റ് കമ്മീഷണർ (അപ്പീൽസ്) മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അപ്പലേറ്റ് അധികാരി ഇളവ് നിരക്കിന്റെ ആനുകൂല്യം നികുതിദായകന് നൽകികൊണ്ട് ഉത്തരവ് പരിഷ്ക്കരിച്ചു (2022 ഏപ്രിൽ). ആദ്യ അപ്പീൽ ഉത്തരവിനെതിരെ, അതായത് നികുതിദായകന് കോമ്പൗണ്ടിംഗ് ആനുകൂല്യം അനുവദിക്കുന്ന ഉത്തരവിനെതിരെ, നികുതി നിർണ്ണയ അധികാരി രണ്ടാമത്തെ അപ്പീൽ ഫയൽ ചെയ്തു (2022 മേയ്). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**അർഹതയില്ലാത്ത കരാറുകളിന്മേലുള്ള വരവുകൾ അഞ്ച് ശതമാനം കുറഞ്ഞ നിരക്കിൽ വിലയിരുത്തിയതിന്റെ ഫലമായി നികുതിയും പലിശയും ഇനത്തിൽ ₹ 0.21 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.1.6** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 8(എ)(i) പ്രകാരം, 1956ലെ സിഎസ്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു വർക്ക്സ് കോൺട്രാക്ടർക്കും അയാൾ ഏറ്റെടുക്കുന്ന എല്ലാ പ്രവൃത്തി കരാറുകൾക്കും മുഴുവൻ കരാർ തുകയുടെ ഏഴ് ശതമാനം നിരക്കിൽ കെവിഎടി അടയ്ക്കാൻ തിരഞ്ഞെടുക്കാം. എന്നിരുന്നാലും, കേരള ഗവൺമെന്റ്, കേരള വാട്ടർ അതോറിറ്റി, ലോക്കൽ അതോറിറ്റികൾ എന്നിവ നൽകുന്ന വർക്കുകൾക്ക് നിരക്ക് അഞ്ച് ശതമാന മായിരിക്കും.

തോപ്പിൽ കോൺട്രാക്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, അസിസ്റ്റന്റ് കമ്മീഷണർ (വർക്ക്സ് കോൺട്രാക്ട്) തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്ത ഒരു വർക്ക്സ് കോൺ ട്രാക്ടറാണ്. 2017-18 കാലയളവിൽ നികുതിദായകന് താഴെ വിശദീകരിച്ചിരിക്കുന്ന

പ്രകാരം യോഗ്യതയില്ലാത്ത വർക്കുകൾക്ക് ഇളവുള്ള നിരക്കായ അഞ്ച് ശതമാനം അനുവദിച്ചു.

നികുതിദായകന് അഞ്ച് ശതമാനം നിരക്കിൽ വിലയിരുത്താൻ 0.69 കോടി രൂപ യുടെയും ഏഴ് ശതമാനം നിരക്കിൽ വിലയിരുത്താൻ 8.29 കോടി രൂപയുടെയും വിറ്റുവരവ് ഉണ്ടായിരുന്നു. ഓഡിറ്റ് സൂക്ഷ്മ പരിശോധനയിൽ (2021 സെപ്റ്റംബർ), തിരുവനന്തപുരം അസിസ്റ്റന്റ് കമ്മീഷണർ (വർക്സ് കോൺട്രാക്ട്) 8.98 കോടി രൂപയുടെ മുഴുവൻ വിറ്റുവരവും അഞ്ച് ശതമാനം ഇളവ് നിരക്കിൽ വിലയിരുത്തി യതായി (2020 സെപ്റ്റംബർ) കണ്ടെത്തി.

ബാധകമായ ഏഴ് ശതമാനത്തിന് പകരം അഞ്ച് ശതമാനം ഇളവ് നിരക്കിൽ 8.29 കോടി രൂപയുടെ കരാർ വരവുകൾ വിലയിരുത്തിയതിന്റെ ഫലമായി നികുതിയായി 0.17 കോടി രൂപയും പലിശയായി 0.04 കോടി രൂപയും ചേർത്ത് മൊത്തം 0.21 കോടി രൂപ **പട്ടിക -3.5**ൽ കാണിച്ചിരിക്കുന്നതുപോലെ കുറവായി ചുമത്താനിടയായി.

**പട്ടിക – 3.5**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | ബുക്ക്സ് ഓഫ് അക്കൗണ്ട്സ് പ്രകാരം കരാർ വരവ് | 23,06,87,084 |
| 2. | 5% നിരക്കിൽ നികുതി നൽകേണ്ട വിറ്റുവരവ് | 68,87,136 |
| 3. | 7% നിരക്കിൽ നികുതി നൽകേണ്ട വിറ്റുവരവ് | 22,37,99,948 |
| 4. | അടയ്ക്കേണ്ട നികുതി ₹68,87,136 ന്റെ 5% | 3,44,357 |
| 5. | അടയ്ക്കേണ്ട നികുതി ₹22,37,99,948 ന്റെ 7% | 1,56,65,996 |
| 6. | മൊത്തം അടയ്ക്കേണ്ടത് | 1,60,10,353 |
| 7. | നികുതി നിർണ്ണയ ഉത്തരവ് പ്രകാരം അടയ്ക്കേണ്ട നികുതി | 1,43,52,889 |
| 8. | കുറഞ്ഞ ഈടാക്കൽ | 16,57,464 |
| 9. | പലിശ, പ്രതിവർഷം 12% നിരക്കിൽ 28 മാസങ്ങൾക്ക് (5/2018 മുതൽ 8/2020 വരെ) | 4,64,090 |
| 10. | **ആകെ കുറഞ്ഞ ഈടാക്കൽ** | **21,21,554** |
| | | **0.21 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നികുതിയും പലിശയും ചേർത്ത് 0.21 കോടി രൂപ ആവശ്യപ്പെട്ട് നികുതി നിർണ്ണയം പരിഷ്ക്കരിച്ചു (2021 ഏപ്രിൽ). എന്നിരുന്നാലും, നികുതിദായകൻ സമർപ്പിച്ച തിരുത്തൽ ഹർജിയുടെ അടിസ്ഥാന ത്തിൽ, നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതിനിർണ്ണയ ഉത്തരവ് തിരുത്തി (2022 നവംബർ). നിർദ്ദേശങ്ങൾക്ക് ഡോക്യുമെന്ററി തെളിവുകൾ സഹിതം തൃപ്തികരമായ വിശദീകരണം നൽകാൻ ഡീലർക്ക് കഴിയാത്തതിനാൽ, നികുതി നിർണ്ണയം വീണ്ടും പൂർത്തിയാക്കാനുള്ള നിർദ്ദേശത്തോടെ തിരുത്തിയ ഉത്തരവ് റദ്ദാക്കി (2023 മാർച്ച്). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

*നികുതി നിർണ്ണയം അന്തിമമാക്കുന്നതിന് മുമ്പ് നിർബന്ധിതമായ എല്ലാ രേഖകളും ക്രോസ് ചെക്ക് ചെയ്യുന്നതിന് മതിയായ സംവിധാനം ഏർപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു. നികുതിദായകന് അനാവശ്യ ആനുകൂല്യം നൽകുന്നതിന് ഉത്തരവാദിത്തം നിശ്ചയിക്കണം.*

## 3.2 ക്രമരഹിതമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതുമൂലമുള്ള കുറഞ്ഞ ഈടാക്കൽ

2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 2 (xxiii) പ്രകാരം, ''ഇൻപുട്ട് ടാക്സ്'' എന്നാൽ ഈ നിയമത്തിന് കീഴിൽ ഒരു രജിസ്ട്രേഡ് ഡീലർ മറ്റൊരു രജിസ്ട്രേഡ് ഡീലർക്ക് ബിസിനസ്സ് സമയത്ത് സാധനങ്ങൾ വാങ്ങുമ്പോളോ, ഏതെങ്കിലും ചരക്കുമായി ബന്ധപ്പെട്ട് ഗവേഷണത്തിനും വികസനത്തിനുമുള്ള വസ്തുക്കൾ വാങ്ങുമ്പോളോ അടച്ചതോ അടയ്ക്കേണ്ടതോ ആയ നികുതിയെ അർത്ഥമാക്കുന്നു. നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്ത ഡീലർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ വകുപ്പ് 11 വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ ലംഘിച്ചുകൊണ്ട് നികുതി നിർണ്ണയ അധികാരി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചത് 3.2.1 മുതൽ 3.2.6 വരെയുള്ള ഖണ്ഡികയിൽ വിശദമാക്കിയിരിക്കുന്നതുപോലെ നികുതി കുറവായി ചുമത്താനിടയാക്കി.

**കോമ്പൗണ്ടിംഗ് സ്കീമിന് കീഴിലുള്ള ഒരു നികുതിദായകന് ക്രമരഹിതമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതിന്റെ ഫലമായി നികുതിയും പലിശയും ഇനത്തിൽ 0.48 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.2.1** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 11(4) ന് താഴെയുള്ള വ്യവസ്ഥ പ്രകാരം, ഒരു ഡീലർ കോമ്പൗണ്ടിംഗ് സ്കീമിലും (ഇളവ് നിരക്കിലും) നോൺ-കോമ്പൗണ്ടിംഗിലും (ഷെഡ്യൂൾ നിരക്ക്) നികുതി അടയ്ക്കാൻ തിരഞ്ഞെടുത്താൽ, കോമ്പൗണ്ടിംഗ് സ്കീമിന് കീഴിൽ നികുതി അടയ്ക്കുന്ന വാങ്ങലുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിന് അയാൾ യോഗ്യനല്ല. അധിക ഐടിസി ഉപയോഗപ്പെടുത്തിയാൽ, നിയമത്തിലെ വകുപ്പ് 11(7) പ്രകാരം റിവേഴ്സ് ടാക്സ് ആയി തിരിച്ചടക്കണം.

മേരിമാത കൺസ്ട്രക്ഷൻ കമ്പനി, ഡെപ്യൂട്ടി കമ്മീഷണർ (വർക്ക്സ് കോൺട്രാക്ട്) മട്ടാഞ്ചേരിയിൽ രജിസ്റ്റർ ചെയ്ത വർക്ക്സ് കോൺട്രാക്ടറാണ്.

2017-18 വർഷത്തെ നികുതിനിർണ്ണയ ഉത്തരവ് (2021 ജനുവരി) പ്രകാരം, നികുതിദായകന്റെ മൊത്തം നികുതി നൽകേണ്ട കരാർ വരവ് ₹53.03 കോടിയാണ്, ഇതിൽ ഐടിസിക്ക് യോഗ്യതയില്ലാത്ത കോമ്പൗണ്ടഡ് വിറ്റുവരവ് ₹23.38 കോടിയാണ് (മൊത്തം വിറ്റുവരവിന്റെ 44.08 ശതമാനം). വാർഷിക റിട്ടേണിൽ വർക്ക്സ് കരാർ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നികുതിദായകൻ ഐടിസിയായി ₹0.78 കോടി ക്ലെയിം ചെയ്തു.

₹0.78 കോടിയുടെ ക്ലെയിം ചെയ്ത ഐടിസിയിൽ ഐടിസിക്ക് യോഗ്യതയില്ലാത്ത കോമ്പൗണ്ടഡ് വിറ്റുവരവ് ആയ ₹0.34 കോടി (₹0.78 കോടിയുടെ 44.08 ശതമാനം) ഉൾപ്പെടുന്നുവെന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധന (2022 ജനുവരി) വെളിപ്പെടുത്തി. ₹0.34 കോടി രൂപ അനുവദിക്കാതിരിക്കാനും അത് റിവേഴ്സ് ടാക്സായി തിരിച്ചെടുക്കാനും നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടതിന്റെ ഫലമായി നികുതിയും പലിശയും ഇനത്തിൽ ₹0.48 കോടി കുറവായി ചുമത്താനിടയായി.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, കോമ്പൗണ്ടഡ് വിറ്റുവരവുമായി ബന്ധപ്പെട്ട ഐടിസിയുടെ തുക തിരിച്ചെടുത്ത് നികുതിനിർണ്ണയം പരിഷ്ക്കരിച്ചു (2022 മാർച്ച്). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചതുകൊണ്ട് ഒരു നികുതിദായകന് 0.48 കോടി രൂപയുടെ അനർഹമായ ആനുകൂല്യം.**

**3.2.2** നാച്ചുറൽ റബ്ബറും ട്രെഡ് റബ്ബറും അന്തർസംസ്ഥാന വിൽപ്പനയിൽ[41] സിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്, രണ്ട് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആണ് (എ) ഈ ഇനങ്ങൾക്ക് ഇതിനകം അഞ്ച് ശതമാനം നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ (ബി) അത്തരം അന്തർസംസ്ഥാന വിൽപ്പന സി ഫോം ഉപയോഗിച്ച് തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ. അത്തരം ഒഴിവാക്കപ്പെട്ട വിൽപ്പനകളിൽ, വകുപ്പ് 11(3) പ്രകാരം, കെവിഎടി നിയമത്തിന് കീഴിലുള്ള ഐടിസി (എ) അത്തരം അന്തർസംസ്ഥാന വിൽപ്പനയുടെ വാങ്ങൽ വിറ്റുവരവിന് നൽകുന്ന ഇൻപുട്ട് നികുതിയിലും (ബി) വാങ്ങുമ്പോൾ അടച്ച നികുതിയുടെ നിരക്കിൽ അഞ്ച് ശതമാനത്തിലധികം ഉള്ളതിലും പരിമിതപ്പെടുത്തിയിരിക്കുന്നു. അധിക ഐടിസി ഉപയോഗപ്പെടുത്തിയാൽ, നിയമത്തിലെ വകുപ്പ് 11(7) പ്രകാരം റിവേഴ്സ് ടാക്സ് ആയി തിരിച്ചടക്കണം.

മലയ റബ്-ടെക് ഇൻഡസ്ട്രീസ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ കോട്ടയത്ത് രജിസ്റ്റർ ചെയ്ത, റബ്ബറും റബ്ബർ ഉൽപ്പന്നങ്ങളുടെയും ക്രയവിക്രയത്തിൽ ഏർപ്പെട്ടിരിക്കുന്ന, ഒരു നികുതിദായകനാണ്. നികുതിദായകൻ 2014-15 വർഷത്തെ വാർഷിക റിട്ടേൺ ഫോം 10-ൽ മൊത്തം വിൽപ്പന വിറ്റുവരവ് ₹55.83 കോടിയാണ് എന്ന് സമർപ്പിച്ചു. വാർഷിക റിട്ടേണിൽ, നികുതിദായകൻ അന്തർസംസ്ഥാന വിൽപ്പന വിറ്റുവരവ് ₹ 8.96 കോടിയാണെന്നും അതിൽ ₹1.89 കോടി ഒഴിവാക്കിയ വിൽപ്പനയായും ₹7.08 കോടി നികുതി നൽകേണ്ട വിൽപ്പനയായും അവകാശപ്പെട്ടു. റബ്ബറിന്റെയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി/ അന്തർസംസ്ഥാന പർച്ചേസ് വിറ്റുവരവ് 1.58 കോടി രൂപയാണെന്ന് നികുതിദായകൻ സമർപ്പിച്ചു.

നികുതിനിർണ്ണയ ഉദ്യോഗസ്ഥൻ 7.08 കോടി രൂപയുടെ വിറ്റുവരവിന് രണ്ട് ശതമാനം നിരക്കിൽ[42] ₹0.14 കോടി നികുതി ഈടാക്കിക്കൊണ്ട് സിഎസ്ടി നികുതി നിർണ്ണയം പൂർത്തിയാക്കി (2020 ജനുവരി).

നികുതി നിർണ്ണയ രേഖകളുടെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 നവംബർ) നികുതിദായകൻ അടച്ച റിവേഴ്സ് ടാക്സ് നിയമത്തിന് കീഴിൽ ആവശ്യമായതിനേക്കാൾ കുറവാണെന്നും അതിനാൽ നിയമത്തിന്റെ വ്യവസ്ഥകൾക്കപ്പുറം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) ക്ലെയിം ചെയ്യപ്പെടുകയും ചെയ്തു എന്ന് കണ്ടെത്തി. നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ (2020 ജനുവരി) ഐടിസി പരിമിതപ്പെടുത്തുന്നതിൽ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടു. ഇത് **പട്ടിക – 3.6**ൽ നൽകിയിരിക്കുന്നതുപോലെ നികുതിയും പലിശയും ഇനത്തിൽ ₹0.48 കോടി കുറവായി ചുമത്താനിടയായി.

**പട്ടിക – 3.6**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1 | ഇറക്കുമതി/ അന്തർസംസ്ഥാന വാങ്ങൽ | 1,57,95,850 |
| 2 | ലാഭം (ഫോം 13 എ പ്രകാരം) | 2.28% |
| 3 | ഇറക്കുമതി/ അന്തർസംസ്ഥാന വാങ്ങലുമായി ബന്ധപ്പെട്ട വിൽപന വില (ക്രമ നമ്പർ.1 ന്റെ 102.28%) | 1,61,55,995 |

41 2011 നവംബർ 30 ലെ എസ്ആർഒ നം. 753/ 2011 പ്രകാരം.

42 ഫോം സി ഉള്ള വിറ്റുവരവിന് ബാധകമായ നിരക്ക്.

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 4 | മൊത്തം അന്തർസംസ്ഥാന വിൽപ്പന | 8,96,53,504 |
| 5 | വിൽപ്പന വിറ്റുവരവ് ഒഴിവാക്കേണ്ടത് (4-3) | 7,34,97,509 |
| 6 | ഒഴിവാക്കിയ വിൽപ്പന വിറ്റുവരവിനുള്ള വാങ്ങൽ വിറ്റുവരവ് നിർണ്ണയിക്കപ്പെട്ടത് (ലാഭം @2.28%) (ക്രമ നമ്പർ.5 / 102.28%) | 7,18,59,121 |
| 7 | വകുപ്പ് 11 (3) ന് താഴെയുള്ള വ്യവസ്ഥ പ്രകാരം റിവേഴ്സ് ടാക്സ് കുടിശ്ശിക, ക്രമ നമ്പർ 6 ന്റെ 5% | 35,92,956 |
| 8 | വാർഷിക റിട്ടേണിൽ നികുതി തിരിച്ചടച്ചത് | 5,21,346 |
| 9 | ബാലൻസ് നികുതി തിരിച്ചടക്കേണ്ടത് | 30,71,610 |
| 10 | പലിശ, പ്രതിവർഷം 12% നിരക്കിൽ 56 മാസങ്ങൾക്ക് (5/2015 മുതൽ 12/2019 വരെ) | 17,20,101 |
| 11 | **ആകെ കുറഞ്ഞ ഈടാക്കൽ** | **47,91,711** |
| | | **0.48 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 2014-15 വർഷത്തെ നികുതി നിർണ്ണയം 46.53 ലക്ഷം രൂപ അധികമായി ഡിമാൻഡ് ചെയ്തുകൊണ്ട് പൂർത്തിയാക്കി (2022 ജൂലൈ). യഥാർത്ഥ നികുതി നിർണ്ണയ ഉത്തരവിനെതിരെ ഡീലർ അപ്പീൽ ഫയൽ ചെയ്തു. അപ്പലേറ്റ് അതോറിറ്റി കേസ് പുതിയ തീർപ്പാക്കലിനായി മാറ്റുകയും ചെയ്തു (2023 ഫെബ്രുവരി). പലിശ പുതുക്കി 69.08 ലക്ഷം രൂപ അധിക ഡിമാൻഡ് സൃഷ്ടിച്ചുകൊണ്ട് നികുതി നിർണ്ണയം തിരുത്തി (2023 മാർച്ച്). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റും റീഫണ്ടും അനുവദിച്ചതുകൊണ്ട് ഒരു നികുതിദായകന് ₹0.18 കോടിയുടെ അനർഹമായ ആനുകൂല്യം ലഭിച്ചു.**

**3.2.3** നാച്ചുറൽ റബ്ബറും ട്രെഡ് റബ്ബറും അന്തർസംസ്ഥാന വിൽപ്പനയിൽ[43] സിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്, രണ്ട് വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആണ് (എ) ഈ ഇനങ്ങൾക്ക് ഇതിനകം അഞ്ച് ശതമാനം നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ (ബി) അത്തരം അന്തർസംസ്ഥാന വിൽപ്പന സി ഫോം ഉപയോഗിച്ച് തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ. അത്തരം ഒഴിവാക്കപ്പെട്ട വിൽപ്പനകളിൽ, വകുപ്പ് 11(3) പ്രകാരം, കെവിഎടി നിയമത്തിന് കീഴിലുള്ള ഐടിസി (എ) അത്തരം അന്തർസംസ്ഥാന വിൽപ്പനയുടെ വാങ്ങൽ വിറ്റുവരവിന് നൽകുന്ന ഇൻപുട്ട് നികുതിയിലും (ബി) വാങ്ങുമ്പോൾ അടച്ച നികുതിയുടെ നിരക്കിൽ അഞ്ച് ശതമാനത്തിലധികം ഉള്ളതിലും പരിമിതപ്പെടുത്തിയിരിക്കുന്നു. അധിക ഐടിസി ഉപയോഗപ്പെടുത്തിയാൽ, നിയമത്തിലെ വകുപ്പ് 11(7) പ്രകാരം റിവേഴ്സ് ടാക്സ് ആയി തിരിച്ചടക്കണം.

മിഡാസ് റബ്ബർ (പി) ലിമിറ്റഡ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ കോട്ടയത്ത് രജിസ്റ്റർ ചെയ്ത, റബ്ബറും റബ്ബർ ഉൽപ്പന്നങ്ങളുടെയും ക്രയവിക്രയത്തിൽ ഏർപ്പെട്ടിരിക്കുന്ന, ഒരു നികുതിദായകനാണ്. 2015-16, 2016-17 വർഷങ്ങളിലെ നികുതിദായകന്റെ വിൽപ്പന വിറ്റുവരവിൽ, ഒഴിവാക്കപ്പെട്ട അന്തർസംസ്ഥാന വിൽപ്പനയും ഉണ്ട്.

നികുതിനിർണ്ണയ രേഖകളുടെ ഓഡിറ്റ് സൂക്ഷ്മ പരിശോധനയിൽ (2021 നവംബർ), നികുതിദായകൻ അടച്ച റിവേഴ്സ് ടാക്സ് നിയമത്തിന് കീഴിൽ ആവശ്യമായതിനേക്കാൾ കുറവാണെന്നും അതിനാൽ നിയമത്തിലെ വ്യവസ്ഥകൾക്കപ്പുറം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) ക്ലെയിം ചെയ്യപ്പെടുകയും ചെയ്തു എന്ന് കണ്ടെത്തി.

43 2011 നവംബർ 30 ലെ എസ്ആർഒ നം. 753/ 2011 പ്രകാരം.

നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ (2020 ആഗസ്റ്റ്) ഐടിസി പരിമിതപ്പെടുത്തുന്നതിൽ നികുതിനിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക – 3.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 3.7**

| വർഷം | സിഎസ്ടി അസസ്മെന്റ് ഓർഡർ അനുസരിച്ച് അന്തർസംസ്ഥാന വിൽപ്പന വിറ്റുവരവ് ഒഴിവാക്കിയത് | ഒഴിവാക്കിയ അന്തർസംസ്ഥാന വിൽപ്പനയ്ക്കുള്ള വാങ്ങൽ വിറ്റുവരവ് | റിവേഴ്സ് ടാക്സ് അടയ്ക്കേണ്ടത് | റിവേഴ്സ് ടാക്സ് അടച്ചത് | റിവേഴ്സ് ടാക്സിന്റെ കുറഞ്ഞ അടവ് |
|---|---|---|---|---|---|
| 2015-16 | 5,60,31,181 | 4,85,62,299 | 24,28,114 | 19,05,255 | 9,80,449 (4,57,590 രൂപയുടെ റീഫണ്ട് ഉൾപ്പെടെ) |
| 2016-17 | 9,23,49,327 | 8,10,43,727 | 40,52,186 | 32,35,300 | 8,16,886 |
| ആകെ | | | | | **17,97,335** |
| | | | | | **0.18 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നികുതി നിർണ്ണയ അധികാരി 2015-16, 2016-17 വർഷങ്ങളിലെ നികുതി നിർണ്ണയം, നികുതിയും പലിശയും ഉൾപ്പെടെ യഥാക്രമം ₹18.47 ലക്ഷം, ₹11.76 ലക്ഷം[44] എന്നിവയുടെ അധിക ഡിമാൻഡ് സൃഷ്ടിച്ചുകൊണ്ട്, പൂർത്തിയാക്കി (2022 മാർച്ച്). നികുതിദായകൻ നികുതി നിർണ്ണയ ഉത്തരവുകൾക്കെതിരെ അപ്പീൽ നൽകുകയും, അപ്പലേറ്റ് അധികാരി ഉത്തരവുകൾ റദ്ദാക്കുകയും ചെയ്തു (2022 ജൂലൈ). സംസ്ഥാനത്തിന് പുറത്തേക്ക് അയക്കുന്ന അസംസ്കൃത വസ്തുക്കളുടെ/ പൂർത്തിയായ സാധനങ്ങളുടെ അളവിന്റെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ റിവേഴ്സ് ടാക്സ് നിർണ്ണയിച്ച് പുതിയ തീർപ്പാക്കലിനായി കേസുകൾ നികുതി നിർണ്ണയ അധികാരിക്ക് തിരികെ അയച്ചു. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**ഐടിസിയുടെ അധിക റീഫണ്ടിന്റെ ഫലമായി 0.11 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി.**

**3.2.4** രജിസ്റ്റർ ചെയ്ത നികുതിദായകന് കെവിഎടി നിയമത്തിന് കീഴിൽ ലഭ്യമാകുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, അതേ നിയമത്തിന് കീഴിൽ ഈടാക്കാവുന്ന ഔട്ട്പുട്ട് നികുതിയിൽ നിന്ന് ഒരു ആശ്വാസമായി പ്രവർത്തിക്കുന്നു. അതിനാൽ, നിയമത്തിന്റെ വകുപ്പ് 11(3)ന് താഴെയുള്ള വ്യവസ്ഥ ഒഴിവാക്കപ്പെട്ട അന്തർസംസ്ഥാന ഇടപാടുകൾക്ക് ഐടിസിയുടെ പരിധികൾ നിശ്ചയിക്കുന്നു. (എ) ഒഴിവാക്കിയ ഇടപാടിന്റെ വാങ്ങലിന് ഇൻപുട്ട് ടാക്സ് അടച്ചത് (ബി) അഞ്ച് ശതമാനത്തിൽ കൂടുതലുള്ള നിരക്ക് എന്നിവ. അധികമായി ലഭിക്കുന്ന ഐടിസി വകുപ്പ് 11(7) പ്രകാരം റിവേഴ്സ് ടാക്സായി തിരിച്ചടക്കണം. കെവിഎടി ചട്ടങ്ങളുടെ ചട്ടം 12 എ പ്രകാരം, ഒരു റിട്ടേൺ കാലയളവിൽ, നികുതി ചുമത്താവുന്ന സാധനങ്ങൾ നികുതി ചുമത്താവുന്നതും അല്ലാത്തതുമായ ഇടപാടുകൾക്കായി ഉപയോഗിക്കുമ്പോൾ, നികുതി നൽകേണ്ട ഇടപാടിന്റെ അനുപാതത്തിൽ ഐടിസി പരിമിതപ്പെടുത്തിയിരിക്കും.

[44] 2015-16ൽ നികുതി ₹12.23 ലക്ഷവും പലിശ ₹6.24 ലക്ഷവും; 2016-17ൽ നികുതി ₹8.17 ലക്ഷവും പലിശ ₹3.59 ലക്ഷവും.

സൂദ് കെമി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കളമശ്ശേരി I സർക്കിളിലെ അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിലുള്ള നികുതിദായകനാണ്. 2015-16, 2016-17 വർഷങ്ങളിലെ വാർഷിക റിട്ടേണിൽ, നികുതി ഒഴിവാക്കിയ അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) ഉൾപ്പെടെ യഥാക്രമം ₹196.53 കോടിയും ₹194.42 കോടിയും മൊത്തം വിൽപ്പന വിറ്റുവരവ് വെളിപ്പെടുത്തി.

2015-16, 2016-17 കാലയളവിലെ സിഎസ്ടി നിർണ്ണയം, നികുതി നിർണ്ണയ അധികാരി നികുതിദായകൻ സമർപ്പിച്ച പ്രകാരം യഥാക്രമം ₹12.04 കോടിയുടെയും ₹14.53 കോടിയുടെയും അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) പരിഗണിച്ച് പൂർത്തിയാക്കി (2018 ഡിസംബർ). അധിക നികുതി അടച്ചത് വർഷാവസാനം ക്രമപ്പെടുത്താതെ ശേഷിക്കുന്നതിനാൽ നികുതിദായകൻ യഥാക്രമം ₹0.13 കോടിയും ₹0.14 കോടിയും റീഫണ്ടിനായി അപേക്ഷിച്ചു. റീഫണ്ട് അപേക്ഷയെ അടിസ്ഥാന മാക്കി നികുതി നിർണ്ണയ അതോറിറ്റി ₹0.13 കോടിയും ₹0.14 കോടിയും റീഫണ്ട് നൽകി (2020 ആഗസ്റ്റ്).

കേരള മൂല്യവർധിത നികുതി നിയമത്തിന്റെ വകുപ്പ് 11(3)നൊപ്പം കേരള മൂല്യ വർദ്ധിത നികുതി ചട്ടങ്ങളിലെ ചട്ടം 12 എയിൽ വിഭാവനം ചെയ്തിരിക്കുന്നതു പോലെ, റിവേഴ്സ് ടാക്സ് കുടിശ്ശിക (₹3.95 ലക്ഷവും, ₹4.62 ലക്ഷവും) കുറയ്ക്കാതെയാണ് നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ റീഫണ്ട് നൽകിയതെന്ന് ഓഡിറ്റ് സൂക്ഷ്മപ രിശോധനയിൽ (2021 ആഗസ്റ്റ്) കണ്ടെത്തി. പലിശ ഉൾപ്പെടെ ₹0.11 കോടിയുടെ അധിക റീഫണ്ട് **പട്ടിക – 3.8**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക – 3.8**

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2015-16 | 2016-17 |
|---|---|---|---|
| 1 | മൊത്തം വിറ്റുവരവ് | 1,96,53,24,907 | 1,93,88,66,742 |
| 2 | അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) - ഒഴിവാക്കിയ ഇടപാടുകൾ | 12,03,81,084 | 14,52,61,742 |
| 3 | ഒഴിവാക്കിയ ഇടപാട്, മൊത്തം വിറ്റുവരവിന്റെ ശതമാനത്തിൽ | 6.12 | 7.49 |
| 4 | മൊത്തം പ്രാദേശിക വാങ്ങൽ വിറ്റുവരവ് | 18,32,12,951 | 18,82,31,140 |
| 5 | ഒഴിവാക്കിയ ഇടപാടിന് ആനുപാതികമായ വാങ്ങൽ വിറ്റുവരവ് (4 x 3) | 1,12,12,633 | 1,40,98,512 |
| 6 | വകുപ്പ് 11 (7) പ്രകാരം നൽകേണ്ട റിവേഴ്സ് ടാക്സ് (ക്രമ നമ്പർ 5 ന്റെ 5 ശതമാനം) | 5,60,631 | 7,04,926 |
| 7 | നികുതിദായകൻ അടച്ച റിവേഴ്സ് നികുതി | 1,66,076 | 2,42,741 |
| 8 | അടയ്ക്കേണ്ട ബാക്കി നികുതി (അധിക ഐടിസി തിരിച്ചെടുക്കേണ്ടത്) | 3,94,555 | 4,62,185 |
| 9 | അധിക ഐടിസി ആയി റീഫണ്ട് ഓർഡറിൽ റീഫണ്ട് അനുവദിച്ചിരിക്കുന്നത് | 13,47,035 | 13,75,360 |
| 10 | അധിക റീഫണ്ട് നൽകിയത് | 3,94,555 | 4,62,185 |
| 11 | പലിശ, പ്രതിവർഷം 12% നിരക്കിൽ 28 മാസങ്ങൾക്ക് (9/2020 മുതൽ 12/2022 വരെ) | 1,10,475 | 1,29,412 |
| | **ആകെ** | **5,05,030** | **5,91,597** |
| | **മൊത്തം** | **10,96,627 (0.11 കോടി)** | |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, അനുവദിച്ച അധിക റീഫണ്ട് തിരിച്ചെടുത്തുകൊണ്ട് നികുതി നിർണ്ണയങ്ങൾ പുതുക്കി അധിക ഡിമാൻഡ് സൃഷ്ടിച്ചു (2021 നവംബർ). ഉത്തരവിൽ പ്രകോപിതനായി, എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മുമ്പാകെ നികുതിദായകൻ അപ്പീൽ നൽകി. അപ്പലേറ്റ് അധികാരി അപ്പീൽ നിരസിച്ചു (2022 ഫെബ്രുവരി). എറണാകുളത്തെ കേരള മൂല്യവർധിത നികുതി അപ്പലേറ്റ് ട്രൈബ്യൂണലിൽ നികുതിദായകൻ രണ്ടാമത്തെ അപ്പീൽ ഫയൽ ചെയ്തു, കേസ് നിലനിൽക്കുന്നു, കുടിശ്ശിക പിരിച്ചെടുക്കൽ സ്റ്റേയിലാണ്. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**ഇളവുള്ള നികുതി നിരക്ക് അനുവദിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിൽ നികുതി നിർണ്ണയ അതോറിറ്റി പരാജയപ്പെട്ടതിനാൽ നികുതിയും പലിശയും ഇനത്തിൽ 3.84 കോടി രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.2.5** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 6(1)(എഫ്)-ന് താഴെയുള്ള വ്യവസ്ഥ പ്രകാരം, സംസ്ഥാനത്തിനകത്ത് വിൽക്കുന്ന സാധനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് (കെഎസ്ഇബി) വേണ്ടിയാകുമ്പോൾ, നികുതിദായകൻ ഫോം 48[45] ഹാജരാക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അഞ്ച് ശതമാനം നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. കെജിഎസ്ടിക്ക് കീഴിലുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈ ഇളവ് ബാധകമല്ല.

ആങ്കർ സ്ട്രക്ചറൽസ്, ഡെപ്യൂട്ടി കമ്മീഷണർ, വർക്ക്സ് കോൺട്രാക്ട്, മട്ടാഞ്ചേരി യുടെ കീഴിലുള്ള കോൺക്രീറ്റ് തൂണുകളുടെ നിർമ്മാതാവും ഡീലറുമാണ്.

2012-13, 2015-16, 2016-17 വർഷങ്ങളിലെ നികുതിദായകൻ സമർപ്പിച്ച, നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരിശോധിച്ചുറപ്പിച്ച വിറ്റുവരവിന്റെ വിശദാംശങ്ങൾ, നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ വിലയിരുത്തിയ നികുതി എന്നിവ (2019 ആഗസ്റ്റ്) **പട്ടിക – 3.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക – 3.9**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹ കോടിയിൽ) | | |
|---|---|---|---|---|
| | | **2012-13** | **2015-16** | **2016-17** |
| 1 | നികുതിദായകൻ സമർപ്പിച്ച വിറ്റുവരവ് | 4.93 | 10.40 | 16.24 |
| 2 | നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നിർണ്ണയിച്ച വിറ്റുവരവ് | 7.62 | 23.18 | 23.21 |
| 3. | കെഎസ്ഇബിക്കുള്ള വിതരണമായി കണക്കാക്കിയ വിറ്റുവരവ് (അഞ്ച് ശതമാനം നിരക്കിൽ നികുതി ചുമത്തിയത്) | 7.52 | 11.09 | 19.70 |
| 4 | നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ വിലയിരുത്തിയ നികുതി | 0.38 | 1.40 | 1.23 |

2012-13, 2015-16, 2016-17 വർഷങ്ങളിൽ യഥാക്രമം ₹7.52 കോടി, ₹11.09 കോടി, ₹3.68 കോടിയുടെ വിറ്റുവരവിനുള്ള ഫോം നമ്പർ 48 ഡിക്ലറേഷൻ നികുതിദായകൻ ഫയൽ

[45] കേരള മൂല്യവർദ്ധിത നികുതി ചട്ടങ്ങൾ, 2005- ന്റെ ചട്ടം 12 സി (5)- സാധനങ്ങൾ വാങ്ങുമ്പോൾ കെഎസ്ഇബി/ കെഡബ്ല്യൂഎ/ കെഎസ്ആർടിസി/ റെയിൽവേ നൽകുന്ന, ചരക്കുകൾ പരിപൂർണമായും അവരുടെ ഉപയോഗത്തിന് വേണ്ടിയുള്ളതാണെന്ന് പ്രസ്താവിക്കുന്ന ഒരു മാനുവൽ ഡിക്ലറേഷൻ.

ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് സൂക്ഷ്മ പരിശോധനയിൽ (2022 ജനുവരി) കണ്ടെത്തി. അതിനാൽ ഈ വിറ്റുവരവിന് അഞ്ച് ശതമാനം ഇളവ് നിരക്കിന് നികുതി ദായകന് അർഹതയില്ല. എന്നിരുന്നാലും, നികുതി ഇളവ് നിരക്കിൽ വിറ്റുവരവ് വിലയിരുത്തുമ്പോൾ ഫോം 48 ഡിക്ലറേഷൻ പരിശോധിക്കുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടു. ക്രമരഹിതമായ ഇളവ് നിരക്ക് അനുവദിച്ചതിന്റെ ഫലമായി 2012-13, 2015-16, 2016-17 വർഷങ്ങളിൽ, **പട്ടിക – 3.10**ൽ നൽകിയിരിക്കുന്ന പോലെ നികുതിയും പലിശയും ഇനത്തിൽ മൊത്തം 3.84 കോടി രൂപ കുറവായി ചുമത്താനിടയായി.

**പട്ടിക – 3.10**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) | | |
|---|---|---|---|---|
| | | **2012-13** | **2015-16** | **2016-17** |
| 1 | തൂണുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട്, അഞ്ച് ശതമാനം ഇളവ് നിരക്കിന് അർഹമായ, നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നിർണ്ണയിച്ച, നികുതി വിധേയമായ വിറ്റുവരവ്. | 7,51,78,413 | 11,09,17,669 | 19,70,13,310 |
| 2 | ഫോം 48 സമർപ്പിച്ച വിറ്റുവരവ് | ഇല്ല | ഇല്ല | 16,01,77,029 |
| 3 | നികുതി വിധേയമായ വിറ്റുവരവ് 13.5%/ 14.5%/ 14.5% നിരക്കിൽ | 7,51,78,413 | 11,09,17,669 | 3,68,36,281 |
| 4 | വ്യത്യാസമുള്ള 8.5% / 9.5%/ 9.5% നിരക്കിൽ കുറഞ്ഞ നികുതി ഈടാക്കൽ | 63,90,165 | 1,05,37,178 | 34,99,447 |
| 5 | പലിശ | 73,48,690 (5/2013 മുതൽ 11/2022 വരെ) – 115 മാസങ്ങൾ | 83,24,371 (5/2016 മുതൽ 11/2022 വരെ) – 79 മാസങ്ങൾ | 23,44,629 (5/2017 മുതൽ 11/2022 വരെ) – 67 മാസങ്ങൾ |
| | **ആകെ കുറഞ്ഞ ഈടാക്കൽ** | **1,37,38,855** | **1,88,61,549** | **58,44,076** |
| | **മൊത്തം** | **3,84,44,480 (3.84 കോടി)** | | |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 2012-13, 2015-16, 2016-17 വർഷങ്ങളിലെ ഫോം 48 ഡിക്ലറേഷനുകൾ ഉപയോഗിച്ച് തെളിയിക്കപ്പെട്ട വിറ്റുവരവിന് ഇളവ് നൽകിയും ബാക്കിയുള്ള വിറ്റുവരവ് അധിക നിരക്കിൽ വിലയിരുത്തിയും യഥാക്രമം 0.58 കോടി, 0.29 കോടി, 0.63 കോടി രൂപയുടെ അധിക ഡിമാൻഡ് സൃഷ്ടിച്ച് നികുതി നിർണ്ണയ ഉത്തരവ് പരിഷ്കരിച്ചു (2022 ഡിസംബർ).

**അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാത്തതിന്റെ ഫലമായി നികുതിയും പലിശയും ഇനത്തിൽ 6.83 ലക്ഷം രൂപയുടെ കുറഞ്ഞ ചുമത്തൽ.**

**3.2.6** രജിസ്റ്റർ ചെയ്ത നികുതിദായകന് കെവിഎടി നിയമത്തിന് കീഴിൽ ലഭ്യമാകുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, അതേ നിയമത്തിന് കീഴിൽ ഈടാക്കാവുന്ന ഔട്ട്പുട്ട് നികുതിയിൽ നിന്ന് ഒരു ആശ്വാസമായി പ്രവർത്തിക്കുന്നു. അതിനാൽ, നിയമത്തിന്റെ വകുപ്പ് 11(3)ന് താഴെയുള്ള വ്യവസ്ഥ ഒഴിവാക്കപ്പെട്ട ഇടപാടുകൾക്ക് ഐടിസിയുടെ പരിധികൾ നിശ്ചയിക്കുന്നു, (എ) ഒഴിവാക്കിയ ഇടപാടിന്റെ വാങ്ങലിന് ഇൻപുട്ട് ടാക്സ് അടച്ചത് (ബി) അഞ്ച് ശതമാനത്തിൽ കൂടുതലുള്ള നിരക്ക് എന്നിവ. അധികമായി ലഭിക്കുന്ന ഐടിസി വകുപ്പ് 11(7) പ്രകാരം റിവേഴ്സ് ടാക്സായി തിരിച്ചടക്കണം. 2005-ലെ കെവിഎടി ചട്ടങ്ങളിലെ ചട്ടം 12സി(2) പ്രകാരം, പ്രത്യേക സാമ്പത്തിക മേഖലയിലെ (സെസ്) വ്യാവസായിക യൂണിറ്റുകൾക്ക് ചില സാധനങ്ങൾ വിൽക്കുന്നതിൽ ഇളവ് അവകാശപ്പെടുന്നതിന് നികുതിദായകൻ ഫോം നമ്പർ 43-ൽ ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്.

ലോഗ്ടെക് ഇൻഫോവേ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം സ്പെഷ്യൽ സർക്കിൾ ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിന്റെ കീഴിലെ ഒരു നികുതിദായകനാണ്. 2015-16 വർഷത്തേക്കുള്ള വാർഷിക റിട്ടേണിൽ നികുതിദായകൻ പ്രത്യേക സാമ്പത്തിക മേഖലയിലേക്ക് (സെസ്) കംപ്യൂട്ടർ സിസ്റ്റങ്ങൾ വിറ്റ 0.96 കോടി രൂപ ഉൾപ്പെടെ കമ്പ്യൂട്ടർ സിസ്റ്റങ്ങളുടെ മൊത്തം പ്രാദേശിക വിൽപ്പന വിറ്റുവരവ് 63.81 കോടി രൂപയാണെന്ന് സമർപ്പിച്ചു.

കെവിഎടി നിയമത്തിന്റെ വകുപ്പ് 25(1) പ്രകാരം നികുതി നിർണ്ണയ അതോറിറ്റി, ഫോം നമ്പർ 43 പിന്തുണയ്ക്കുന്ന സെസിലേക്കുള്ള ഒഴിവാക്കിയ വിൽപ്പന 0.90 കോടി രൂപയായി നിശ്ചയിച്ച് നികുതി നിർണ്ണയം പൂർത്തിയാക്കി (2021 മാർച്ച്). എന്നിരുന്നാലും, നിയമത്തിലെ വകുപ്പ് 11(7) പ്രകാരം സെസിലേക്കുള്ള വിൽപ്പനയുടെ ആനുപാതികമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടു. ആനുപാതികമായ ഐടിസി റിവേഴ്സ് ചെയ്യുന്നതിൽ പരാജയപ്പെട്ടത്, **പട്ടിക - 3.11**ൽ കാണിച്ചിരിക്കുന്നതുപോലെ 6.83 ലക്ഷം രൂപ കുറവായി ചുമത്തുന്നതിനു ഇടയായി.

**പട്ടിക – 3.11**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | നികുതി നിർണ്ണയ ഉത്തരവ് പ്രകാരം സെസിലേക്കുള്ള വിൽപ്പന അനുവദനീയമായത് | 89,60,656 |
| 2. | ഫോം 13 എ പ്രകാരമുള്ള ലാഭം | 4.21% |
| 3. | വാങ്ങലുമായി ബന്ധപ്പെട്ട വിൽപ്പന വിറ്റുവരവ് | 85,98,653 |
| 4. | സെസിലെ വിൽപ്പനയിൽ ഐടിസി അനുവദനീയമല്ലാത്തത് | 4,29,933 |
| 5. | പലിശ, പ്രതിവർഷം 12% നിരക്കിൽ 59 മാസങ്ങൾക്ക് (5/2016 മുതൽ 3/2021 വരെ) | 2,53,660 |
| 6. | **ആകെ** | **6,83,593** |
| | | **6.83 ലക്ഷം** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, പലിശ ഉൾപ്പെടെ 7.87 ലക്ഷം രൂപയുടെ അധിക ഡിമാൻഡ് സൃഷ്ടിച്ച് നികുതി നിർണ്ണയ ഉത്തരവ് പരിഷ്കരിച്ചു (2023 മാർച്ച്). ഈ വസ്തുത സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

*നികുതി നിർണ്ണയ അധികാരികൾ രേഖകളുടെ ശരിയായ പരിശോധന നടത്തുകയും നികുതിദായകർക്ക് അർഹതയില്ലാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നില്ലെന്ന് ഉറപ്പാക്കുകയും നികുതിദായകന് നൽകുന്ന അനാവശ്യ ആനുകൂല്യങ്ങൾക്ക് ഉത്തരവാദിത്തം നിശ്ചയിക്കുകയും ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.*

## 3.3 അന്തർ സംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ തെളിയിക്കുന്നതിനുള്ള അവശ്യ ഡിക്ലറേഷനുകൾ നികുതിനിർണ്ണയ അധികാരി പരിശോധി ക്കാത്തത് കുറഞ്ഞ നികുതി ചുമത്തലിന് കാരണമായി

സിഎസ്ടി നിയമത്തിലെ വകുപ്പ് 6 എ പ്രകാരം, ചരക്കുകൾ ഒരു സംസ്ഥാനത്തിൽ നിന്ന് മറ്റൊന്നിലേക്ക് കൈമാറ്റം ചെയ്യുമ്പോൾ വിൽപ്പന അല്ലാതെ ട്രാൻസ്ഫർ ആയ തിനാൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനല്ലെന്ന് ഏതെങ്കിലും ഡീലർ അവകാ ശപ്പെട്ടാൽ അത്തരം ചരക്കുകളുടെ നീക്കം തെളിയിക്കുന്നതിനുള്ള ഉത്തരവാദിത്തം നികുതിദായകന്റെ മേലായിരിക്കും. ഈ ആവശ്യത്തിനായി നികുതിദായകൻ അത്തരം സാധനങ്ങൾ അയച്ചതിന്റെ തെളിവുകൾ സഹിതം, നിശ്ചിത സമയത്തിനുള്ളിൽ, നികുതി നിർണ്ണയ അധികാരിക്ക് ഒരു ഡിക്ലറേഷൻ നൽകേണ്ടതാണ്, 8എഫ്എ, 8 എഫ്, ഫോം 15 മുതലായവ. ഡിക്ലറേഷനുകൾ പരിശോധിച്ച് സംസ്ഥാനത്തിന് പുറത്തേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ചരക്കുകളുടെ യഥാർത്ഥ നീക്കം നിർണ്ണയി ക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം 3.3.1 മുതൽ 3.3.3 വരെ യുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, കുറഞ്ഞ നികുതി ചുമത്തലിലേക്ക് നയിച്ചു.

**നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ പൂഴ്ത്തിവെക്കപ്പെട്ട വിറ്റുവരവ് കണ്ടെത്തുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം നികുതിയും പലിശയും ഇനത്തിൽ 0.60 കോടി രൂപ കുറവായി ചുമത്തുന്നതിനു ഇടയാക്കി.**

**3.3.1** കേരള മൂല്യവർധിത നികുതി നിയമത്തിന് കീഴിലുള്ള മൂന്നാം ഷെഡ്യൂളിലെ എൻട്രി 51 എ പ്രകാരം, സ്വർണ്ണം വിൽക്കുന്നതിനുള്ള നികുതി നിരക്ക് അഞ്ച് ശതമാനമാണ്.

സംസ്ഥാനത്തിനകത്തോ സംസ്ഥാനത്തുടനീളമോ ഇറക്കുമതി ചെയ്ത ചരക്കുകളുടെ നീക്കത്തിന്റെ കാര്യത്തിൽ, നിയമത്തിലെ വകുപ്പ് 46(3)(ഇ), കെവിഎടി ചട്ടങ്ങളിലെ ചട്ടം 66(ബിഎ) എന്നിവ പ്രകാരം ഇറക്കുമതി ചെയ്യുന്ന സ്ഥലത്തിന്റെ അധികാരപ രിധിയിലുള്ള വാണിജ്യ നികുതി ഓഫീസർ മുമ്പാകെ ഫോം 8 എഫ്എയിൽ ഒരു ഡിക്ലറേഷൻ നൽകണം. കേന്ദ്ര വില്പന നികുതി നിയമത്തിലെ വകുപ്പ് 9 പ്രകാരം, അന്തർസംസ്ഥാന വിൽപ്പനയിൽ ഏതെങ്കിലും ഡീലർ അടയ്ക്കേണ്ട നികുതി, നികുതി നിർണ്ണയ അധികാരിക്ക് ചുമത്താവുന്നതാണ്.

സ്വർണകമൽ ജ്യുവൽസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, കോട്ടയം (ഇപ്പോൾ എസ്ടിഒ, ടാക്സ് പേയർ സർവീസസ് സർക്കിൾ, കോട്ടയം ടൗൺ) ഓഫീസിന്റെ കീഴിലെ ഒരു നികുതിദായകനാണ്. ഫോം 10 ൽ സമർപ്പിച്ച 2016-17 വർഷത്തെ വാർഷിക റിട്ടേൺ പ്രകാരം, നികുതി

ദായകൻ 0.72 കോടി രൂപയുടെ അന്തർസംസ്ഥാന വിൽപ്പന നടത്തി. ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, കോട്ടയം നികുതിദായകൻ സമർപ്പിച്ച അന്തർസംസ്ഥാന വിൽപ്പന വിറ്റുവരവ് ശരിവെച്ച്, സിഎസ്ടി നിർണ്ണയം പൂർത്തിയാക്കി (2021 മാർച്ച്).

ഫോം 8എഫ്എ ഡിക്ലറേഷനിൽ (സെയിൽസ്) നിന്ന് വ്യക്തമാകുന്ന അന്തർ സംസ്ഥാന വിൽപ്പന വിറ്റുവരവ് 8.91 കോടി രൂപയാണെന്ന് നികുതി നിർണ്ണയ രേഖകളുടെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 നവംബർ) വെളിപ്പെട്ടു, അതേ സമയം നികുതിദായകൻ ₹0.72 കോടി മാത്രമാണ് സമർപ്പിച്ചത്. ഇത് **പട്ടിക – 3.12**ൽ കാണിച്ചിരിക്കുന്നതുപോലെ 8.19 കോടി രൂപയുടെ വിറ്റുവരവ് നികുതി നിർണ്ണയ ത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിന്റെ ഫലമായി, 0.41 കോടി രൂപ നികുതിയും 0.19 കോടി രൂപ പലിശയും ചേർത്ത് മൊത്തം 0.60 കോടി രൂപ കുറവായി ചുമത്താനിടയാക്കി.

**പട്ടിക – 3.12**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | ഫോം 8എഫ്എയിലെ ഡിക്ലറേഷൻ പ്രകാരമുള്ള വിറ്റുവരവ് | 8,91,29,449 |
| 2. | നികുതിദായകൻ സമർപ്പിച്ച അന്തർസംസ്ഥാന വിറ്റുവരവ് | 72,68,764 |
| 3. | നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട വിറ്റുവരവ് | 8,18,60,685 |
| 4. | നികുതി @5% | 40,93,034 |
| 5. | പലിശ, പ്രതിവർഷം 12% പ്രകാരം 46 മാസങ്ങൾക്ക് (5/2017 മുതൽ 2/2021 വരെ) | 18,82,796 |
| 6. | **ആകെ കുറഞ്ഞ ഈടാക്കൽ** | **59,75,830** |
| | | **0.60 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നികുതിയായി 0.41 കോടി രൂപ അധികമായി ആവശ്യപ്പെട്ടു കൊണ്ട് നികുതി നിർണ്ണയം പൂർത്തിയാക്കി (2022 ജൂൺ). ഉത്തരവിനെതിരെ നികുതിദായകൻ അപ്പീൽ ഫയൽ ചെയ്യുകയും അപ്പലേറ്റ് അധികാരി അപ്പീൽ തള്ളുകയും ചെയ്തു (2022 നവംബർ). പലിശ ഉൾപ്പെടെ 0.62 കോടി രൂപ ആവശ്യപ്പെട്ട് നികുതി നിർണ്ണയ ഉത്തരവ് പരിഷ്കരിച്ചു (2023 മാർച്ച്). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ ക്രോസ് വെരിഫൈ ചെയ്യുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ പരാജയം നികുതിയും പലിശയും ഇനത്തിൽ 0.50 കോടി രൂപ കുറവായി ചുമത്തുന്നതിനു ഇടയാക്കി.**

**3.3.2** 1956 ലെ കേന്ദ്ര വില്പന നികുതി നിയമത്തിലെ വകുപ്പ് 6 എ(1) പ്രകാരം, വിൽപന ഒഴികെയുള്ള ആവശ്യങ്ങൾക്കുള്ള അന്തർസംസ്ഥാന സ്റ്റോക്ക് കൈമാറ്റം സിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. അത്തരം കൈമാറ്റം വിൽപ്പനയല്ലെന്ന് തെളിയിക്കാനുള്ള ബാധ്യത നികുതിദായകനാണ്. വിൽപന ഒഴികെയുള്ള അത്തരം കൈമാറ്റങ്ങൾ ഫോം എഫിലെ ഡിക്ലറേഷനിലൂടെയും ഫോം 15 ലെ ഡെലിവറി നോട്ടിലൂടെയും തെളിയിക്കേണ്ടതാണ്. വകുപ്പ് 6എ(2) പ്രകാരം നികുതി നിർണ്ണയ അധികാരി ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തിയതിന് ശേഷം അത്തരം കൈമാറ്റങ്ങളിൽ സ്വയം തൃപ്തിപ്പെടേണ്ടതാണ്.

ആമി ജ്വല്ലറി ഡിസൈനേഴ്സ്, സ്റ്റേറ്റ് ടാക്സ് ഓഫീസ്, I സർക്കിൾ, കളമശ്ശേരിയുടെ കീഴിലെ ഒരു നികുതിദായകനാണ്. 2017–18 കാലയളവിലെ ഫോം 10 ലെ വാർഷിക റിട്ടേൺ അനുസരിച്ച്, നികുതിദായകൻ പ്രാദേശിക വിൽപ്പന വിറ്റുവരവ് 1.12 കോടി രൂപയാണെന്ന് സമർപ്പിക്കുകയും സ്വയം വിലയിരുത്തിയ വാറ്റ് ആയി ₹0.02 കോടി

അടയ്ക്കുകയും ചെയ്തു. സിഎസ്ടി നിയമപ്രകാരം വിലയിരുത്താവുന്ന അന്തർ സംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) 0.39 കോടി രൂപയാണെന്നും നികുതിദായകൻ സമർപ്പിച്ചു. റിട്ടേണിൽ നികുതിദായകൻ സമർപ്പിച്ച 0.39 കോടി രൂപയുടെ അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) കണക്കിലെടുത്ത് നികുതി നിർണ്ണയ അധികാരി സിഎസ്ടി വിലയിരുത്തൽ പൂർത്തിയാക്കുകയും, 780 രൂപ നികുതി ചുമത്തുകയും ചെയ്തു (2020 ജനുവരി).

ഫോം എഫ് ഡിക്ലറേഷനുകളുടെയും ഫോം 15 ലെ ഡെലിവറി നോട്ടുകളുടെയും ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 ആഗസ്റ്റ്) ജോബ് വർക്കിനായി 16.62 കോടി മൂല്യമുള്ള സ്വർണ്ണാഭരണങ്ങളുടെ അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) നികുതിദായകൻ നടത്തിയതായി കണ്ടെത്തി. എന്നാൽ അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഇൻ) ₹8.44 കോടി മാത്രമായിരുന്നു. അതിനാൽ, ₹8.18 കോടിയുടെ വ്യത്യാസം നികുതി നിർണ്ണയത്തിന് കണക്കാക്കേണ്ടതായിരുന്നു. പകരം, നികുതി നിർണ്ണയ അധികാരി ₹0.39 കോടി മാത്രമാണ് കണക്കാക്കിയത്. ഇതിനാൽ 7.79 കോടി രൂപയുടെ വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടു. തെറ്റായ നികുതി നിർണ്ണയത്തിന്റെ ഫലമായി, **പട്ടിക - 3.13**ൽ കാണിച്ചിരിക്കുന്നതുപോലെ നികുതിയും പലിശയും ഇനത്തിൽ 0.50 കോടി രൂപ കുറവായി ചുമത്താനിടയായി.

**പട്ടിക – 3.13**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | 8 എഫ് പ്രകാരം അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) | 16,62,72,594 |
| 2. | അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഇൻ) | 8,44,25,470 |
| 3. | അറ്റ അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) (1-2) | 8,18,47,124 |
| 4. | അന്തർസംസ്ഥാന സ്റ്റോക്ക് ട്രാൻസ്ഫർ (ഔട്ട്) സമർപ്പിച്ചത് | 38,93,178 |
| 5. | വിലയിരുത്തലിൽ നിന്ന് ഒഴിവാക്കപ്പെട്ട വിറ്റുവരവ് (3-4) | 7,79,53,946 |
| 6. | അടക്കേണ്ട നികുതി @5% | 38,97,697 |
| 7. | പലിശ, പ്രതിവർഷം 12% നിരക്കിൽ 29 മാസങ്ങൾക്ക് (9/2017 മുതൽ 1/2020 വരെ) | 11,30,332 |
| 8. | **ആകെ കുറഞ്ഞ ഈടാക്കൽ** | **50,28,029** |
| | | **0.50 കോടി** |

സിഎസ്ടി നിയമത്തിലെ വകുപ്പ് 6എ(2) ൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ നികുതി നിർണ്ണയം പൂർത്തീകരിക്കുന്നതിന് മുമ്പ് ഫോം എഫ്, ഫോം 15 എന്നിവ പരിശോധിച്ച് സ്വയം തൃപ്തിപ്പെടുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടതാണ് ഇതിന് കാരണം.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, 0.67 കോടി രൂപ നികുതിയും പലിശയും ആവശ്യപ്പെട്ട് നികുതി നിർണ്ണയം പരിഷ്കരിച്ചു (2021 നവംബർ). ഉത്തരവിൽ പ്രകോപിതനായ നികുതിദായകൻ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മുമ്പാകെ അപ്പീൽ നൽകുകയും, അപ്പലേറ്റ് അതോറിറ്റി അപ്പീൽ തള്ളുകയും ചെയ്തു (2022 ഫെബ്രുവരി). നികുതിദായകൻ കേരള മൂല്യവർധിത നികുതി അപ്പലേറ്റ് ട്രൈബ്യൂണലിൽ രണ്ടാമത്തെ അപ്പീൽ നൽകി (2022 ആഗസ്റ്റ്), കേസ് സ്റ്റേയിലാണ്. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

**പ്രസക്തമായ രേഖകളില്ലാതെ അന്തർസംസ്ഥാന പർച്ചേസ് റിട്ടേണിനുള്ള ക്രമരഹിതമായ ഇളവ് നൽകിയത്, നികുതിയും പലിശയും ഇനത്തിൽ 0.41 കോടി രൂപ കുറവായി ചുമത്താനിടയാക്കി.**

**3.3.3** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 46(3)(ഡി) പ്രകാരം, സംസ്ഥാനത്തിനകത്ത്, വിജ്ഞാപനം ചെയ്ത പ്രദേശത്തിലൂടെയോ അതിനപ്പുറത്തേക്കോ, ഏതെങ്കിലും വാഹനത്തിൽ, നിർദ്ദേശിച്ചിട്ടുള്ള അളവിലോ മൂല്യത്തിലോ കവിഞ്ഞ ചരക്കുകൾ കൊണ്ടുപോകുമ്പോൾ ഫോം നമ്പർ 8 എഫ്[46] -ൽ ഡിക്ലറേഷൻ കൈവശമില്ലാതെ, ഒരു വ്യക്തിയും, വാഹനം സംസ്ഥാന പരിധിയിൽ പ്രവേശിക്കാനോ പുറത്തുപോകാനോ പാടില്ല. അതിനാൽ ഫോം 8എഫിലെ പ്രഖ്യാപനം ചരക്ക് ഗതാഗതത്തിന്റെ തെളിവാണ്.

പാർക്ക് ഡയമണ്ട്സ്, സ്റ്റേറ്റ് ടാക്സ് ഓഫീസർ, I സർക്കിൾ, കളമശ്ശേരിയുടെ കീഴിലെ നികുതിദായകനാണ്. 2015-16 വർഷത്തിൽ നികുതിദായകൻ സമർപ്പിച്ച വാർഷിക റിട്ടേണിൽ, അന്തർസംസ്ഥാന പർച്ചേസ് റിട്ടേൺ 4.91 കോടി രൂപയാണെന്ന് സമർപ്പിച്ചു.

നികുതി നിർണ്ണയം അന്തിമമാക്കുമ്പോൾ (2020 ഫെബ്രുവരി) ഫോം നമ്പർ 8 എഫ്, ഡെബിറ്റ്/ ക്രെഡിറ്റ് നോട്ടുകൾ എന്നിവകൊണ്ട് ₹4.91 കോടിയുടെ പർച്ചേസ് റിട്ടേൺ പിന്തുണയ്ക്കാത്തതിനാൽ ₹6.14 കോടിയുടെ[47] വിറ്റുവരവിനുള്ള അന്തർ സംസ്ഥാന പർച്ചേസ് റിട്ടേണിന് നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതി ചുമത്തി. എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മുമ്പാകെ നികുതിദായകൻ അപ്പീൽ ഫയൽ ചെയ്യുകയും അപ്പലേറ്റ് അതോറിറ്റി, അപ്പലന്റ് നൽകിയ രേഖകൾ പരിശോധിക്കുന്നതിനും സ്വീകാര്യത ഉറപ്പാക്കുന്നതിനുമായി നികുതി നിർണ്ണയ അധികാരിക്ക് കേസ് തിരികെ അയച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കുകയും ചെയ്തു (2020 സെപ്റ്റംബർ). മൊത്തം വിറ്റുവരവിന്റെ അന്തർസംസ്ഥാന പർച്ചേസ് റിട്ടേൺ തെളിയിക്കുന്നതിനുള്ള രേഖകൾ നികുതിദായകൻ ഹാജരാക്കിയതായി പ്രസ്താവിച്ചുകൊണ്ട് 6.14 കോടി രൂപയുടെ അന്തർസംസ്ഥാന പർച്ചേസ് റിട്ടേണിന് ഇളവ് അനുവദിച്ച് അസിസ്റ്റന്റ് കമ്മീഷണർ, I സർക്കിൾ, കളമശ്ശേരി നികുതി നിർണ്ണയം പരിഷ്കരിച്ചു (2020 ഡിസംബർ).

നികുതി നിർണ്ണയ ഫയലിന്റെ സൂക്ഷ്മപരിശോധനയിൽ (2021 സെപ്റ്റംബർ) 4.91 കോടി രൂപയുടെ അന്തർസംസ്ഥാന ചരക്ക് നീക്കം തെളിയിക്കാൻ നികുതിദായകൻ ഫോം നമ്പർ.8 എഫിൽ ഡിക്ലറേഷൻ നൽകിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. അങ്ങനെയിരിക്കെ, ഫോം നമ്പർ 8 എഫ് ഇല്ലാത്ത വിറ്റുവരവ് നികുതി നിർണയത്തിനായി കണക്കാക്കേണ്ടതുണ്ട്. ക്രമരഹിതമായ ഇളവ്, വിറ്റുവരവ് വിലയിരുത്തലിൽ നിന്ന് ഒഴിവാക്കപ്പെടാൻ ഇടയാക്കി, അതിന്റെ ഫലമായി ₹24.55 ലക്ഷം നികുതി (4.91 കോടിക്ക് അഞ്ച് ശതമാനം നിരക്കിൽ) കൂടാതെ പലിശയായി ₹16.45 ലക്ഷം എന്നിങ്ങനെ മൊത്തം 40.99 ലക്ഷം രൂപ **പട്ടിക – 3.14**ൽ കാണിച്ചിരിക്കുന്നതുപോലെ കുറവായി ചുമത്തുന്നതിനു കാരണമായി.

46 2005ലെ കെവിഎടി ചട്ടങ്ങളുടെ ചട്ടം 66(6)(എ).

47 പർച്ചേസ് റിട്ടേൺ ₹4.91 കോടിയും മൊത്ത ലാഭം 25 ശതമാനം നിരക്കിൽ ₹1.23 കോടിയും ചേർത്ത്.

**പട്ടിക – 3.14**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | ചരക്കുകളുടെ യഥാർത്ഥ നീക്കം തെളിയിക്കുന്നതിനുള്ള രേഖകൾ (ഫോം 8 എഫ്) ഇല്ലാത്ത വിറ്റുവരവ് | 4,90,92,354 |
| 2. | അടക്കേണ്ട നികുതി @5% | 24,54,617 |
| 3. | പലിശ, പ്രതിവർഷം 12% നിരക്കിൽ 67 മാസങ്ങൾക്ക് (4/2015 മുതൽ 10/2021 വരെ) | 16,44,593 |
| 4. | **ആകെ കുറഞ്ഞ ഈടാക്കൽ** | **40,99,210** |
| | | **40.99 ലക്ഷം** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, നികുതിയായി ₹0.31 കോടിയും പലിശയായി ₹0.21 കോടി രൂപയും അധികമായി ആവശ്യപ്പെട്ടു കൊണ്ട് നികുതി നിർണ്ണയം പൂർത്തിയാക്കി (2021 നവംബർ). ഉത്തരവിൽ പ്രകോപിതനായ നികുതി ദായകൻ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മുമ്പാകെ അപ്പീൽ നൽകിയതനുസരിച്ച്, പർച്ചേസ് റിട്ടേണിനെ പിന്തുണയ്ക്കുന്നതിനായി നികുതി ദായകൻ ഹാജരാക്കിയ സാധുവായ രേഖകൾ പരിഗണിക്കാനും അതിനനുസരിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്താനും നികുതി നിർണ്ണയ അധികാരിക്ക് അപ്പലേറ്റ് അധികാരി നിർദ്ദേശം നൽകി (2022 ജൂലൈ). ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിൽ നികുതിദായകൻ പരാജയപ്പെട്ടതിനാൽ, ₹0.55 കോടി (₹0.31 കോടി നികുതിയും ₹0.24 കോടി പലിശയും) അധിക ഡിമാൻഡ് സഹിതം യഥാർത്ഥ നികുതി നിർണ്ണയ ഉത്തരവ് പുനഃസ്ഥാപിക്കുകയും (2022 സെപ്റ്റംബർ) റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും (2022 മാർച്ച്) ചെയ്തു. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

*വിറ്റുവരവ് പൂഴ്ത്തിവെക്കുന്നതില്ലെന്ന് ഉറപ്പാക്കാൻ നികുതി നിർണ്ണയ അധികാരികൾ പ്രസക്തമായ രേഖകളുടെ ശരിയായ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുന്നു. നികുതിദായകന് അർഹതയില്ലാത്ത ആനുകൂല്യം നല്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരുടെമേൽ ഏല്പിക്കേണ്ടതാണ്.*

## 3.4 തെറ്റായ നികുതി നിർണ്ണയം കാരണം നികുതി കുറച്ച് ചുമത്തിയത്

കെവിഎടി നിയമം, 2003 ലെ വകുപ്പ് 25 പ്രകാരം, നികുതി നിർണ്ണയ അധികാരി നികുതി കുറവായി നിർണ്ണയിക്കുകയോ ചുമത്തേണ്ടതിൽ നിന്നും കുറഞ്ഞ നിരക്കിൽ നികുതി ചുമത്തുകയോ റിബേറ്റ് തെറ്റായ രീതിയിൽ പ്രയോജനപ്പെടുത്തുകയോ ചെയ്യാത്ത വിധത്തിൽ നികുതി നിർണയിക്കേണ്ടതാണ്. എന്നിരുന്നാലും, നികുതി നിർണ്ണയം കൃത്യമായി അന്തിമമാക്കുന്നതിൽ നികുതി നിർണയ അധികാരിക്ക് വീഴ്ച്ച സംഭവിച്ചത് 3.4.1 മുതൽ 3.4.2 വരെയുള്ള ഖണ്ഡികയിൽ വിവരിച്ചിരിക്കുന്നതു പോലെ നികുതി കുറവായി ചുമത്തുന്നതിനു കാരണമായി.

**നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നികുതി നിർണയ അധികാരിയുടെ പരാജയം പലിശ യായി ₹3.12 കോടി കുറവായി ചുമത്തുന്നതിന് കാരണമായി.**

**3.4.1** 2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 31(5) പ്രകാരം, ഏതെങ്കിലും ഡീലർ ഈ നിയമപ്രകാരം കണക്കാക്കിയതോ കുടിശ്ശികയുള്ളതോ ആയ നികുതി, അത് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്ന സമയത്തി നുള്ളിൽ അടച്ചില്ലെങ്കിൽ, പന്ത്രണ്ട് ശതമാനം വാർഷിക നിരക്കിൽ സാധാരണ പലിശ നൽകേണ്ടതാണ്.

മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, തിരുവനന്തപുരത്തെ സ്പെഷ്യൽ സർക്കിൾ ഡെപ്യൂട്ടി കമ്മീഷണറുടെ കീഴിലെ നികുതിദായകനാണ്. നികുതിദായകൻ 2013-14 കാലയളവിലെ വാർഷിക റിട്ടേണിൽ, സ്വർണ്ണാഭരണങ്ങളുടേയും സ്വർണക്കട്ടിയുടേയും മൊത്തം വിറ്റുവരവ് 322.04 കോടി രൂപയാണെന്ന് സമർപ്പിച്ചു.

നികുതിദായകൻ സമർപ്പിച്ച പ്രകാരം നികുതി നൽകേണ്ട വിറ്റുവരവ് 322.04 കോടി രൂപയാണെന്ന് നിർണയിച്ച് നികുതി ₹7.54 കോടിയായി കണക്കാക്കി നികുതി നിർണ്ണയം പൂർത്തിയാക്കി (2016 സെപ്റ്റംബർ). നികുതി നിർണ്ണയ ഉത്തരവിനെതിരെ നികുതിദായകൻ അപ്പീൽ ഫയൽ ചെയ്യുകയും, തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) നികുതി നിർണ്ണയ ഉത്തരവ് പരിഷ്കരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു (2019 സെപ്റ്റംബർ). ₹6.93 കോടി നികുതിയും ₹0.35 കോടി പലിശയും ആവശ്യപ്പെട്ട് നികുതി നിർണ്ണയം പരിഷ്കരിച്ചു (2020 നവംബർ).

നികുതി നിർണ്ണയം പരിഷ്ക്കരിക്കുമ്പോൾ, നികുതി നിർണ്ണയ അധികാരി ₹3.47 കോടിയുടെ യഥാർത്ഥ പലിശയ്ക്ക് പകരം 0.35 കോടി രൂപ പലിശയായി ഈടാക്കിയതായി ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 ആഗസ്റ്റ്) കണ്ടെത്തി. നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് പലിശ ഈടാക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ ഭാഗത്തുനിന്നുണ്ടായ പരാജയം, **പട്ടിക-3.15**ൽ കാണിച്ചിരിക്കുന്നതുപോലെ, 3.12 കോടി രൂപയുടെ വരുമാന നഷ്ടത്തിന് കാരണമായി.

**പട്ടിക – 3.15**

| ക്രമ നമ്പർ | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1. | നികുതി കുടിശ്ശിക | 6,93,72,271 |
| 2. | പലിശ, പ്രതിവർഷം 12% നിരക്കിൽ 50 മാസങ്ങൾക്ക് (10/2016 മുതൽ 11/2020 വരെ) | 3,46,86,136 |
| 3. | പലിശ ഈടാക്കിയത് | 34,68,614 |
| 4. | **പലിശ ഈടാക്കിയതിൽ കുറവ്** | **3,12,17,522** |
| | | **3.12 കോടി** |

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, പലിശയായി 3.47 കോടി രൂപ ആവശ്യപ്പെട്ട് നികുതി നിർണ്ണയ ഉത്തരവ് തിരുത്തി (2021 ഒക്ടോബർ). ഈ വസ്തുതകൾ 2023 മാർച്ചിൽ സർക്കാർ സ്ഥിരീകരിച്ചു.

**നികുതി നിർണ്ണയം പൂർത്തിയാക്കുമ്പോൾ നികുതി നിർണ്ണയ അധികാരി അഡ്വാൻസ് ടാക്സിന് രണ്ടുതവണ ക്രെഡിറ്റ് അനുവദിച്ചത് നികുതിയും പലിശയും ഇനത്തിൽ ₹0.19 കോടി രൂപ കുറവായി ചുമത്തുന്നതിനിടയാക്കി.**

**3.4.2** കെവിഎടി നിയമത്തിലെ വകുപ്പ് 25(1) പ്രകാരം, നികുതി നിർണയ അധികാരി നികുതി നിർണ്ണയ രേഖകൾ വിശദമായി പരിശോധിച്ച്, അതിന്റെ ഏറ്റവും മികച്ച രീതിയിൽ, അടയ്ക്കേണ്ട നികുതി ഉത്തമബോധ്യത്തിൽ നിർണയിക്കാവുന്നതാണ്. നിയമത്തിന്റെ വകുപ്പ് 66(1), അത്തരം ഉത്തരവ് പുറപ്പെടുവിച്ച വർഷം മുതൽ നാല് വർഷത്തിനുള്ളിൽ രേഖകളിലെ പ്രകടമായ തെറ്റുകൾ തിരുത്താൻ വ്യവസ്ഥ ചെയ്യുന്നു.

ഇകെകെ ആൻഡ് കോ, മട്ടാഞ്ചേരി ഡെപ്യൂട്ടി കമ്മീഷണറുടെ (വർക്ക്സ് കോൺട്രാക്ട്) കീഴിലെ വർക്ക്സ് കോൺട്രാക്ടറാണ്. 2016-17 കാലയളവിലെ മൊത്തം വിറ്റുവരവ് 7.38 കോടി രൂപ അഞ്ച് ശതമാനം നികുതിയുള്ള പിഡബ്ല്യുഡി വർക്കുകൾ ആണെന്ന് സമ്മതിച്ച് നികുതിദായകൻ വാർഷിക റിട്ടേൺ ഫയൽ ചെയ്തു. 0.37 കോടി രൂപയുടെ നികുതി ബാധ്യതയും 0.12 കോടി മുൻകൂർ നികുതിയടക്കം 0.47 കോടി രൂപയുടെ ക്രെഡിറ്റിലുള്ള നികുതിയും നികുതിദായകൻ സമ്മതിച്ചു.

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ₹33.95 കോടിയുടെ കുറവായി കാണിച്ച കരാർ വരവുകൾ ഉൾപ്പെടെ നികുതി അടയ്ക്കേണ്ട വിറ്റുവരവ് 49.83 കോടി രൂപ യായി നികുതിനിർണ്ണയ അധികാരി നിർണ്ണയിച്ചു. 3.46 കോടി രൂപ നികുതിയായി ആവശ്യപ്പെട്ട് നികുതി നിർണയം പൂർത്തിയാക്കി (2021 മാർച്ച്).

ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2022 ജനുവരി), മുൻകൂർ നികുതിയായി അടച്ച ₹0.12 കോടിക്ക് രണ്ട് തവണ ക്രെഡിറ്റ് നൽകിയതായി വെളിപ്പെട്ടു. ഇതിനകം അനുവദിച്ചിട്ടുള്ള ക്രെഡിറ്റ് അനുവദിക്കാതിരിക്കുന്നതിൽ നികുതി നിർണ്ണയ അധികാരിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച്ചയുടെ ഫലമായി നികുതിയും പലിശയും ഇനത്തിൽ 0.19 കോടി രൂപ കുറവായി ചുമത്താനിടയാക്കി.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, ക്രെഡിറ്റ് അനുവദിക്കാതെ നികുതി നിർണ്ണയ ഉത്തരവ് തിരുത്തി (2022 ഫെബ്രുവരി). ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

*നികുതി നിർണ്ണയം അന്തിമമാക്കുമ്പോൾ നികുതിനിർണ്ണയ അധികാരികൾ ശ്രദ്ധിക്കണമെന്നും വീഴ്ചകൾ ഒഴിവാക്കുന്നതിന് ജാഗ്രത പാലിക്കണമെന്നും ശുപാർശ ചെയ്യുന്നു. വീഴ്ചകളുടെ ഉത്തരവാദിത്തം ഉദ്യോഗസ്ഥരുടെമേൽ ഏൽപിക്കേണ്ടതാണ്.*

## 3.5 വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടതിന്റെ ഫലമായി നികുതിയുടെ കുറഞ്ഞ ചുമത്തൽ

2003ലെ കെവിഎടി നിയമത്തിലെ വകുപ്പ് 25 പ്രകാരം, ഏതെങ്കിലും കാരണ ത്താൽ ഒരു വ്യാപാരിയുടെ വിറ്റുവരവ് മൊത്തമായോ ഭാഗികമായോ നികുതി നിർണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടാൽ, ആ റിട്ടേണുമായി ബന്ധപ്പെട്ട വർഷ ത്തിന്റെ അവസാന ദിവസം മുതൽ അഞ്ചു വർഷത്തിനുള്ളിൽ എപ്പോൾ വേണ മെങ്കിലും നികുതി നിർണ്ണയ അധികാരിക്ക് അങ്ങനെ ഒഴിവാക്കപ്പെട്ട അല്ലെങ്കിൽ കുറഞ്ഞ നികുതി നിർണ്ണയിച്ച വിറ്റുവരവിന്റെ നികുതി ഉത്തമബോധ്യത്തിൽ നിർണ്ണയിക്കാവുന്നതാണ്. നികുതി നിർണ്ണയ അതോറിറ്റി മുകളിൽ പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്തത് ചുവടെ വിശദീകരിച്ചിരിക്കുന്നതുപോലെ കുറഞ്ഞ നികുതി ചുമത്തലിന് കാരണമായി.

**വിൽപ്പന വിറ്റുവരവ് പൂഴ്ത്തിവെച്ചതുകൊണ്ട് ശേഖരിച്ച നികുതി അടയ്ക്കാ ത്തതിന്റെ ഫലമായി നികുതിയും പലിശയുമായി 0.48 കോടി രൂപയുടെ കുറഞ്ഞ ഈടാക്കൽ.**

2003ലെ കേരള മൂല്യവർധിത നികുതി നിയമത്തിലെ വകുപ്പ് 30(1) പ്രകാരം, രജിസ്റ്റർ ചെയ്ത ഡീലർക്ക് താൻ സാധനങ്ങൾ വിൽക്കുന്ന വ്യക്തിയിൽ നിന്ന് ഷെഡ്യൂൾ നിരക്കിൽ നികുതി ഈടാക്കുകയും അത് സർക്കാരിന് നൽകുകയും ചെയ്യാം. ഡീലർ

സമർപ്പിച്ച റിട്ടേൺ തെറ്റായ വിവരങ്ങളുള്ളതാണെങ്കിൽ, നിയമത്തിന്റെ 22-ാം വകുപ്പ് അനുസരിച്ച് ഡീലർക്ക് നോട്ടീസ് നൽകിയ ശേഷം നികുതി നിർണ്ണയ അധികാരിക്ക് റിട്ടേൺ നിരസിക്കാം.

കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, തിരുവനന്തപുരം സ്പെഷ്യൽ സർക്കിളിലെ ഡെപ്യൂട്ടി കമ്മീഷണറുടെ കീഴിൽ രജിസ്റ്റർ ചെയ്ത ഡീലറാണ്. നികുതിദായകൻ 2016-17 വർഷത്തിൽ മൊത്തം വിൽപ്പന വിറ്റുവരവ് ₹123.84 കോടിയായി കാണിച്ച് വാർഷിക റിട്ടേൺ സമർപ്പിച്ചു.

തിരുവനന്തപുരത്തെ സ്റ്റേറ്റ് ടാക്സ് കമ്മീഷണറുടെ ഓഫീസിലെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 ഒക്ടോബർ) കെവിഎടിഐഎസ്[48] നവീകരിക്കുന്നതിന്റെ ഭാഗമായി, ഒറാക്കിൾ ലൈസൻസ് കെൽട്രോൺ വഴി മൊത്തം 7.44 കോടി രൂപ ചെലവിൽ വാങ്ങിയതായി (2016-17) കണ്ടെത്തി. വകുപ്പ് നികുതിദായകന് 0.29 കോടി രൂപ വിഎടി നൽകി. 2016-17 വർഷത്തെ കെൽട്രോണിന്റെ വാർഷിക റിട്ടേണിന്റെ പരിശോധനയിൽ, ലൈസൻസിന്റെ വിൽപ്പന വിറ്റുവരവ് ഡീലർ വെളിപ്പെടുത്തുകയോ അതിനനുസരിച്ച് നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

അങ്ങനെ, വകുപ്പ് 0.29 കോടി രൂപ വിഎടി അടച്ചുവെങ്കിലും 7.44 കോടി രൂപയുടെ വിറ്റുവരവ് നികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടത് വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടില്ല. നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നികുതിദായകൻ സമർപ്പിച്ച തെറ്റായ വിവരങ്ങൾ തിരിച്ചറിയുന്നതിൽ വീഴ്ച വരുത്തിയതിനാൽ നികുതിയിനത്തിൽ 0.29 കോടി രൂപയും പലിശയിനത്തിൽ 0.19 കോടി രൂപയും ചേർത്ത് മൊത്തം 0.48 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി.

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, വകുപ്പ് 25(1), വകുപ്പ് 30(1) എന്നിവയ്ക്കൊപ്പം വകുപ്പ് 25 എ പ്രകാരം നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ നോട്ടീസ് നൽകി (2023 ഫെബ്രുവരി). ഡീലർക്ക് വ്യക്തിപരമായ വാദം കേൾക്കാനുള്ള അവസരം (2023 മാർച്ച് 9) അനുവദിച്ചു, എന്നാൽ ഡീലർ ബുക്ക്സ് ഓഫ് അക്കൗണ്ട്സ് ഹാജരാക്കുന്നതിന് 10 ദിവസത്തെ സമയം കൂടി നീട്ടാൻ അഭ്യർത്ഥിക്കുകയും ഡീലറുടെ അഭ്യർത്ഥനയെ അടിസ്ഥാനമാക്കി കേസ് മാറ്റിവെക്കുകയും ചെയ്തു. ഈ വസ്തുതകൾ സർക്കാർ സ്ഥിരീകരിച്ചു (2023 മാർച്ച്).

*നികുതി നിർണ്ണയ അധികാരി നികുതി നിർണ്ണയം പൂർത്തിയാക്കണമെന്നും പിരിച്ചെടുത്ത നികുതി കൃത്യമായി സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും ശുപാർശ ചെയ്യുന്നു.*

---

48 2007-ൽ വികസിപ്പിക്കുകയും വിന്യസിക്കുകയും ചെയ്ത നികുതി ഭരണം സുഗമമാക്കുന്നതിന് വകുപ്പ് വികസിപ്പിച്ചതും വിന്യസിച്ചതുമായ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറാണ് കെവിഎടിഐഎസ് (കേരള മൂല്യവർദ്ധിത നികുതി വിവര സംവിധാനം).

# അദ്ധ്യായം IV
# വാഹനങ്ങളിൻമേലുള്ള നികുതികൾ

## അദ്ധ്യായം – IV
## വാഹനങ്ങളിൻമേലുള്ള നികുതികൾ

### 4.1 നികുതികാര്യ നിർവ്വഹണം

കേരള മോട്ടോർ വാഹന വകുപ്പ് പ്രാഥമികമായി സ്ഥാപിതമായത് 1988ലെ മോട്ടോർ വെഹിക്കിൾ ആക്ട്, 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റ്, അതിനനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ എന്നിവയുടെ നിർവ്വഹണത്തിനായാണ്. കേരള മോട്ടോർ വാഹന വകുപ്പ് (എംവിഡി) സംസ്ഥാനത്തുടനീളമുള്ള 18-ലധികം റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസുകൾ (ആർടിഒകൾ), 14 സേഫ് കേരള കൺട്രോൾ റൂമുകൾ, 68 സബ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസുകൾ (എസ്ആർടിഒകൾ), 19 മോട്ടോർ വെഹിക്കിൾസ് ചെക്ക് പോസ്റ്റുകൾ (എംവിസിപി) എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണ സൗകര്യമൊരുക്കിയിട്ടുണ്ട്. കേരളത്തിലെ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ് നൽകൽ, വിവിധ പെർമിറ്റുകൾ വിതരണം, റോഡ് നികുതി പിരിവ്, വാഹന മലിനീകരണം നിയന്ത്രിക്കൽ തുടങ്ങിയവ കേരള മോട്ടോർ വാഹന വകുപ്പിന്റെ ചുമതലകളാണ്. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കും മോട്ടോർ വെഹിക്കിൾസ് ആക്ട് നടപ്പാക്കുന്നതിനുമാണ് എംവിഡിയുടെ സേഫ് കേരള വിങ്. ഈ നിയന്ത്രണ പ്രവർത്തനങ്ങളിലൂടെ മോട്ടോർ വാഹന വകുപ്പ് സംസ്ഥാന ഖജനാവിലെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ്.

### 4.2 ആന്തരിക പരിശോധന

സംസ്ഥാന ഗതാഗത അതോറിറ്റി, റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസുകൾ (ആർടിഒ), ഓരോ സോണിലെയും ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മീഷണറുടെ ഓഫീസുകൾ എന്നിവയുടെ ഓഡിറ്റ് നടത്തുന്നത് മോട്ടോർ വാഹന വകുപ്പിലെ ഫിനാൻസ് ഓഫീസറാണ്. വകുപ്പിലെ സബ് ആർടിഒകളുടെയും മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെയും ആന്തരിക പരിശോധന നടത്തുന്നത് ഓരോ സോണൽ ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മീഷണർമാരുടെയും ഓഫീസുമായി ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടുമാരാണ്. ഒരു അക്കൗണ്ട്സ് ഓഫീസർ, ഒമ്പത് സീനിയർ സൂപ്രണ്ടുമാർ, 11 ക്ലാർക്കുമാർ എന്നിവരടങ്ങുന്നതാണ് ഇന്റേണൽ ഓഡിറ്റ് ടീം. 2021-22ൽ 110 യൂണിറ്റുകൾ ലക്ഷ്യമിട്ടതിൽ 28 യൂണിറ്റുകൾ ഓഡിറ്റ് ചെയ്തു. എല്ലാ ഓഫീസുകളുടെയും ആനുകാലിക ഓഡിറ്റ് വാർഷികമാണെങ്കിലും ഇന്റേണൽ ഓഡിറ്റ് വിങിലെ ജീവനക്കാരുടെ കുറവും, ശരിയായ പരിശീലനത്തിന്റെയും ഓഡിറ്റ് സോഫ്റ്റ്‌വെയറിന്റെയും അഭാവവും കാരണം ലക്ഷ്യം കൈവരിക്കാനായില്ലെന്ന് വകുപ്പ് വ്യക്തമാക്കി. 2021-22 കാലയളവിൽ, വകുപ്പ് 145 ഖണ്ഡികകൾ ക്ലിയർ ചെയ്തു, ഇത് കുടിശ്ശികയുള്ള 5,365 ഖണ്ഡികകളുടെ 2.70 ശതമാനമാണ്.

### 4.3 ഓഡിറ്റിന്റെ ഫലങ്ങൾ

മോട്ടോർ വാഹന വകുപ്പിൽ 110 ഓഡിറ്റ് ചെയ്യേണ്ട യൂണിറ്റുകൾ ഉണ്ടായിരുന്നു. ആർടിഒകളുടെ ഓഡിറ്റ് എല്ലാ വർഷവും എസ്ആർടിഒകളുടെ ഓഡിറ്റ് രണ്ട് വർഷത്തിലൊരിക്കലും നടത്തുന്നു. ഫീൽഡ് ഓഫീസുകൾ സന്ദർശിച്ച് നേരിട്ടുള്ള സൂക്ഷ്മപരിശോധനയിലൂടെയും 'വാഹൻ'[49] -ൽ നിന്ന് വേർതിരിച്ചെടുത്ത ഡാറ്റ വിശകലനം ചെയ്തുമാണ് ഓഡിറ്റ് നടത്തുന്നത്. 2021-22 കാലയളവിൽ 18 ഓഫീസു

---

[49] വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ്, നികുതി, പെർമിറ്റുകൾ, എൻഫോഴ്സ്മെന്റ് എന്നിവയ്ക്കായുള്ള സംയോജിത പരിഹാരങ്ങളുള്ള കമ്പ്യൂട്ടറൈസ്ഡ് സോഫ്റ്റ്‌വെയർ.

കളുടെ രേഖകളുടെ നേരിട്ടുള്ള പരിശോധനയിലൂടെ നികുതി, രജിസ്ട്രേഷൻ ഫീ, പെർമിറ്റ് ഫീ, ഡ്രൈവിംഗ് ലൈസൻസ് ഫീ, കണ്ടക്ടർ ലൈസൻസ് ഫീ, ദേശീയ പെർമിറ്റ് സ്കീമിന് കീഴിലുള്ള പിഴകൾ, കോമ്പോസിറ്റ് ഫീ എന്നിവയുമായി ബന്ധപ്പെട്ട് ഒറ്റത്തവണ നികുതിയുടെ കുറഞ്ഞ ചുമത്തൽ/ ചുമത്താതിരിക്കൽ, ഹരിതനികുതി ചുമത്താതിരിക്കൽ, നികുതി അടയ്ക്കാതിരിക്കൽ, മറ്റ് ക്രമക്കേടുകൾ എന്നിവ 2020-21 വർഷത്തിൽ ഉള്ളതായി കണ്ടെത്തി. മുൻ വർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ഈ ക്രമക്കേടുകൾ നിലനിൽക്കുന്നുവെന്നു മാത്രമല്ല, അടുത്ത ഓഡിറ്റ് വരെ കണ്ടെത്താനാകാതെ തുടരുകയും ചെയ്യുന്നു. ഇത്തരം കേസുകൾ ആവർത്തിക്കാതിരിക്കാൻ ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം സർക്കാർ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന നികുതിയുടെ കുറഞ്ഞ മൂല്യനിർണ്ണയവും മറ്റു ക്രമക്കേടുകളുമായി ബന്ധപ്പെട്ട ₹5.16 കോടി ഉൾപ്പെട്ട 103 കേസുകൾ **പട്ടിക - 4.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക - 4.1**

**കുറഞ്ഞ നികുതിനിർണ്ണയത്തിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിഭാഗങ്ങൾ | കേസുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | നികുതിയുടെ കുറഞ്ഞ ചുമത്തൽ/ ചുമത്താതിരിക്കൽ | 91 | 5.05 |
| 2 | മറ്റുള്ളവ | 12 | 0.11 |
| **ആകെ** | | **103** | **5.16** |

പ്രസ്തുതവർഷത്തിൽ, ഓഡിറ്റ് സൂചിപ്പിച്ച നികുതി ചുമത്താതിരുന്നതും കുറവായി ചുമത്തിയതും മറ്റ് പോരായ്മകളുടേതുമായ ₹5.16 കോടി ഉൾപ്പെട്ട 103 കേസുകൾ വകുപ്പ് അംഗീകരിച്ചു. പ്രസ്തുതവർഷത്തിൽ 102 കേസുകളിലായി ₹10.75 കോടി വസൂലാക്കി.

2007 ജനുവരി മുതൽ മോട്ടോർ വാഹന വകുപ്പ് 'സ്മാർട്ട്മൂവ്' എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും 2019 മുതൽ 'വാഹൻ' എന്ന് മാറ്റി വാഹന രജിസ്ട്രേഷൻ, പെർമിറ്റ്, നികുതി, എൻഫോഴ്സ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട ആർടിഒ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്തു പ്രാബല്യത്തിൽ ആക്കുകയും ചെയ്തു. ₹72.98 കോടി ഉൾപ്പെട്ട ഓട്ടോമേറ്റഡ് സോഫ്റ്റ്‌വെയറിന്റെ ഓഡിറ്റ് സൂക്ഷ്മ പരിശോധനയിലെ ചില ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്ന് നൽകിയിരിക്കുന്ന ഏഴ് ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു. ചുവടെയുള്ള ഖണ്ഡികകൾ 'വാഹൻ'-ൽ നിന്ന് വേർതിരിച്ചെടുത്ത ഡാറ്റയെ അടിസ്ഥാനമാക്കിയുള്ളതാണെന്നും മൊത്തം 110 ഓഡിറ്റ് യൂണിറ്റുകളിൽ 18 ഓഡിറ്റ് യൂണിറ്റുകളിൽ നേരിട്ടുള്ള പരിശോധന നടത്തിയിട്ടുണ്ടെന്നും സൂചിപ്പിക്കുന്നു (അതായത് 16 ശതമാനം).

**റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഡാറ്റാബേസിലെ രേഖകളിൽ അടിസ്ഥാന പരിശോധനകൾ നടത്തിയിട്ടില്ലാത്തതിനാൽ 72.98 കോടി രൂപയുടെ നികുതി ചുമത്താതിരിക്കൽ/ കുറഞ്ഞ ചുമത്തൽ**

## 4.4 ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിൽ പരാജയപ്പെടുന്നത് സുരക്ഷാ പ്രശ്നങ്ങൾക്കും പിഴയും അധിക ഫീസ് ലഭിക്കാത്തതിലേക്കും നയിക്കുന്നു

വാഹനം റോഡിൽ ഓടാൻ എല്ലാ അർത്ഥത്തിലും അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒരു രേഖയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്. സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ് 62(1) അനുസരിച്ച്, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ സെക്ഷൻ 56 പ്രകാരം ഒരു ട്രാൻസ്പോർട്ട് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് താഴെ സൂചിപ്പിച്ചിരിക്കുന്ന സമയക്രമത്തിൽ കാലാവധിയുള്ളതോ പുതുക്കിയതോ ആയിരിക്കും:

- പുതിയ ഗതാഗത വാഹനം - രണ്ട് വർഷം.
- ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കൽ - എട്ട് വർഷം വരെ പഴക്കമുള്ള വാഹനങ്ങൾക്ക് രണ്ട് വർഷവും എട്ടു വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഒരു വർഷവും.

ഗതാഗത വാഹനം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൈവശം വച്ചില്ലെങ്കിൽ അത് സാധുതയുള്ള രജിസ്ട്രേഷനായി കണക്കാക്കില്ല. വാഹനങ്ങളുടെ ക്ഷമതയിൽ ഫലപ്രദമായ നിയന്ത്രണം ഉറപ്പാക്കുന്നതിന്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാത്തതിന് പിഴ ചുമത്താൻ കേരള മോട്ടോർ വെഹിക്കിൾസ് റൂൾസ്, റൂൾ 105(5) വ്യവസ്ഥ ചെയ്യുന്നു. കാലഹരണപ്പെടുന്ന തീയതിയിലോ അതിനുമുമ്പോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനായി ഒരു വാഹനം ഹാജരാക്കിയില്ലെങ്കിൽ ഇരുചക്രവാഹനത്തിന്റെയോ ഓട്ടോറിക്ഷയുടെയോ കാര്യത്തിൽ നൂറ് രൂപ നിരക്കിലും മോട്ടോർ ക്യാബിന്റെ കാര്യത്തിൽ നൂറ്റമ്പത് രൂപ നിരക്കിലും മറ്റ് ഗതാഗത വാഹനങ്ങൾക്ക് ഇരുന്നൂറ് രൂപ നിരക്കിലും പിഴയായി ഓരോ കലണ്ടർ മാസത്തിനും അല്ലെങ്കിൽ ആനുപാതികമായി ഈടാക്കും.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ടതിന് ശേഷം വൈകുന്ന ഓരോ ദിവസത്തിനും കേന്ദ്ര സർക്കാർ ₹50 അധിക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്[50], കൂടാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള ഫീസ് 2022 ഏപ്രിൽ 1 മുതൽ പരിഷ്ക്കരിച്ചു[51].

### എ. നിയമാനുസൃതമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾ തിരിച്ചറിയാതിരിക്കുക, പിഴ ചുമത്താതിരിക്കുക

സംസ്ഥാനത്തെ എല്ലാ ആർടിഒകളുടെയും എസ്ആർടിഒകളുടെയും ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021-22) വാഹൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, 2017 ഏപ്രിൽ 1 നും 2021 മാർച്ച് 31 നും ഇടയിൽ, സജീവമായ 13,09,066 വാഹനങ്ങ

[50] 2016 ഡിസംബർ 29 ലെ ഗസറ്റ് വിജ്ഞാപന നമ്പർ ജി.എസ്.ആർ. 1183 (ഇ).
[51] 2021 ഒക്ടോബർ 4 ലെ ഗസറ്റ് വിജ്ഞാപന നമ്പർ ജി.എസ്.ആർ. 714 (ഇ).

ളിൽ 11,598 എണ്ണത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധികഴിഞ്ഞത് ഓഡിറ്റ് കണ്ടെത്തി. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാലാവധി കഴിഞ്ഞതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി വാഹനങ്ങൾ പുനഃപരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. എന്നാൽ, നിയമാനുസൃതമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഈ വാഹനങ്ങൾ റോഡിൽ ഓടുന്നത്, ഇത് പൊതുസുരക്ഷയെ ബാധിക്കുകയും പരിസ്ഥിതിക്ക് അപകടമുണ്ടാക്കുകയും ചെയ്യുന്നു. 'വാഹൻ'-ൽ വിവരങ്ങൾ ലഭ്യമാണെങ്കിലും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ട ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ/ പെർമിറ്റ് റദ്ദാക്കാൻ വകുപ്പിന്റെ എൻഫോഴ്സ് മെന്റ് വിഭാഗം നടപടികൾ എടുക്കുകയോ വീഴ്ച വരുത്തുന്ന വാഹന ഉടമകൾക്ക് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. തൽഫലമായി, കെഎംവിആറിന്റെ റൂൾ 105(5) പ്രകാരം പിഴയായും **11,598** വാഹനങ്ങളുമായി ബന്ധപ്പെട്ട അധിക ഫീസായും ചുമത്തേണ്ട **₹56.80 കോടി** രൂപ **അനുബന്ധം XVI (എ)** ൽ വിവരിച്ചിരിക്കുന്നു.

**ബി. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വൈകി പുതുക്കിയ വാഹനങ്ങൾക്ക് പിഴ ചുമത്താതിരിക്കുക**

മുകളിൽ പറഞ്ഞവ കൂടാതെ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ആർടിഒ/ എസ്ആർടിഒകളുമായി ബന്ധപ്പെട്ട 'വാഹൻ' ഡാറ്റാബേസിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഡാറ്റ സൂക്ഷ്മപരിശോധന നടത്തിയതിൽ (2022 നവംബർ) 2019-21 കാലയളവിൽ 1,68,824 ഗതാഗത വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കിയതായി ഓഡിറ്റ് കണ്ടെത്തി. ഇതിൽ 30,479 വാഹനങ്ങൾ നിശ്ചിത തീയതി അവസാനിച്ചതിന് ശേഷം ക്ഷമതാ പരിശോധനയ്ക്കായി ഹാജരാക്കി. അതിൽ **26,672** ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് കുറഞ്ഞ പിഴ ചുമത്തൽ/ ചുമത്താതിരിക്കൽ കാണുകയുണ്ടായി. ഇത് പ്രകാരം ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫി ക്കറ്റിന് കാലതാമസം വരുത്തിയതിന് ചുമത്തേണ്ട **₹3.29 കോടി**യുടെ പിഴ ഈടാക്കാതിരിക്കൽ/ കുറവായി ചുമത്തിയത് എന്നിവ **അനുബന്ധം XVI (ബി)** ൽ വിശദമാക്കിയിരിക്കുന്നു**.**

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, വിഷയം എല്ലാ ആർടിഒമാരെയും ജെആർടി ഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ നൽകുമെന്നും സർക്കാർ വ്യക്തമാക്കി (2023 മാർച്ച്).

*ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കാതിരിക്കുകയും താമസിച്ച് പുതുക്കുകയും ചെയ്ത വാഹനങ്ങൾക്ക് പിഴയും അധിക ഫീസും ഈടാക്കാൻ സർക്കാർ ശരിയായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു. മോട്ടോർ വാഹന നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ പാലിക്കാത്ത കേസുകളിൽ ഉത്തരവാദിത്തം ഉറപ്പിക്കണം.*

## 4.5 ട്രാൻസ്പോർട്ട് അല്ലാത്ത വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി കുറവായി ചുമത്തിയത്

കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് 1976-ലെ വകുപ്പ് 3(1) ലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, വാഹനത്തിന്റെ ആദ്യ രജിസ്ട്രേഷൻ സമയത്ത്, വാങ്ങുന്നയാൾ അനുബന്ധം I ൽ വ്യക്തമാക്കിയ നിരക്കിൽ വാഹനം വാങ്ങിയ തീയതി മുതൽ, ഒറ്റത്തവണ നികുതി അടയ്ക്കേണ്ടതാണ്. അതിനുശേഷം രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തോ അല്ലെങ്കിൽ ഇതിനകം അടച്ച ലൈഫ് ടൈം ടാക്സ് കാലഹരണപ്പെടുമ്പോഴോ നികുതി ചുമത്തപ്പെടും.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ആർടിഒ/ എസ്ആർടിഒകളിലെ 'വാഹൻ' സോഫ്റ്റ്‌വെയർ ഓഡിറ്റ് സൂക്ഷമായി പരിശോധിച്ചതിൽ (2021-22), ചില വാഹനങ്ങളുമായി ബന്ധപ്പെട്ട് ഒറ്റത്തവണ നികുതി അടച്ചത് ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കുറവാണെന്ന് കണ്ടെത്തി. 2019-2021 കാലയളവിലെ 1,543 വാഹനങ്ങളുമായി ബന്ധപ്പെട്ട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നികുതി കുറവായി ചുമത്തിയതിന്റെ ഫലമായി 0.83 കോടി രൂപയുടെ നികുതി കുറവിന് കാരണമായത് **അനുബന്ധം XVII**ൽ വിവരിച്ചിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 ഫെബ്രുവരി) ₹0.83 കോടി രൂപ കുറവായി ചുമത്തിയ 1,543 കേസുകളിൽ, 1,001 കേസുകളിൽ നിന്ന് ₹0.48 കോടി രൂപ ഗതാഗത വകുപ്പ് പിരിച്ചെടുത്തതായും 542 കേസുകളിൽ നിന്ന് ₹0.35 കോടി പിരിച്ചെടുക്കേണ്ടതുള്ളതായും സർക്കാർ മറുപടി നൽകി (2023 മാർച്ച്).

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2017 മാർച്ച്, 2018 മാർച്ച്, 2021 മാർച്ച് എന്നീ വർഷങ്ങളിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

*തിരിച്ചുപിടിക്കൽ സമയബന്ധിതമായി നടത്തുന്നതിനും ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും ഉള്ള സംവിധാനം ശക്തിപ്പെടുത്താൻ വകുപ്പിന് ശുപാർശ ചെയ്യുന്നു.*

## 4.6 പുനർവർഗ്ഗീകരണം ചെയ്ത വാഹനങ്ങളിൽ ഒറ്റത്തവണ നികുതി ചുമത്താതിരുന്നത്/ കുറവായി ചുമത്തിയത്

കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ വകുപ്പ് 3(1) (അനുബന്ധം I ലെ ഭാഗം സി, എഫ്) ഗതാഗത വാഹനങ്ങളെ ഗതാഗതേതര വാഹനങ്ങളായി തരംതിരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. അത്തരം പുനർവർഗ്ഗീകരണത്തിൽ, നിർദ്ദിഷ്ട വാഹനങ്ങളുടെ പ്രായവുമായി ബന്ധപ്പെട്ട് വാഹന ഉടമ നിശ്ചിത ശതമാനം ഒറ്റത്തവണ നികുതി അടയ്ക്കേണ്ടത് വ്യക്തമാക്കിയിരിക്കുന്നു. പുനർവർഗ്ഗീകരണത്തിന് ഒറ്റത്തവണ നികുതി ബാധകമാകുന്ന തീയതികൾ ഇവയാണ്:

(എ) 1 ഏപ്രിൽ 2007 – മോട്ടോർ സൈക്കിളുകൾ, മുച്ചക്ര വാഹനങ്ങൾ, മോട്ടോർ കാറുകൾ എന്നിവയുടെ കാര്യത്തിൽ;

(ബി) 1 ഏപ്രിൽ 2014 – മോട്ടോർ ക്യാബുകൾ.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ആർടിഒ/ എസ്ആർടിഒകളിലെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021-22) ഗതാഗത വാഹനങ്ങളെ ഗതാഗതേതര വാഹനങ്ങളായി പുനർവർഗീകരിച്ച **1,477** വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി ഈടാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 2019-21 കാലയളവിൽ **₹2.03 കോടി** രൂപ കുറവായി ചുമത്തിയത് **അനുബന്ധം XVIII**ൽ വിശദമാക്കിയിരിക്കുന്നു**.**

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2023 മാർച്ച്) ഇക്കാര്യം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ നൽകുമെന്നും സർക്കാർ മറുപടി നൽകി (മാർച്ച് 2023).

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2021 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

*ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് വകുപ്പിന് ഇത്തരം നികുതി കുറവായി ഈടാക്കുന്നത് ഒഴിവാക്കാവുന്നതാണ്. സിസ്റ്റത്തിലെ ബലഹീനതകൾ പരിഹരിക്കുന്നതിനും, ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും വകുപ്പ് ആന്തരിക പരിശോധന ശക്തിപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നു.*

## 4.7 ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്ക് നിശ്ചിത നികുതി നിരക്ക് ഈടാക്കുന്നതിലെ പരാജയം

കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്റ്റ് 1976-ലെ വകുപ്പ് 3 (1) ന്റെ ഷെഡ്യൂൾ 3, ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികൾക്ക് ത്രൈമാസ നിരക്കുകൾ നിർദ്ദേശിക്കുന്നു.

2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ആർടിഒ/ എസ്ആർടിഒകളിലും ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വണ്ടികളുടെ നികുതി അടയ്ക്കൽ വിശദാംശങ്ങൾ ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചു (2021-22). ടിപ്പിംഗ് സംവിധാനമുള്ള 52,747 ചരക്ക് വണ്ടികൾ ഇക്കാലയളവിൽ നികുതി അടച്ചതായി കണ്ടെത്തി. എന്നാൽ, 6,167 ചരക്ക് വണ്ടികൾക്ക് നിശ്ചിത നിരക്കിൽ നികുതി ചുമത്തിയില്ല.

6,167 ചരക്ക് വണ്ടികൾക്ക് (27,161 കേസുകളിൽ) തെറ്റായ നികുതി നിരക്ക് പ്രയോഗിച്ചതിനാൽ, **₹5.02 കോടി** കുറവായി ഈടാക്കിയത് **അനുബന്ധം XIX**ൽ വിശദമാക്കിയിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, വിഷയം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനകം നൽകുമെന്നും സർക്കാർ വ്യക്തമാക്കി (2023 മാർച്ച്).

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2021 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

*ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നികുതി കുറവായി ചുമത്തൽ ശരിയാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് വകുപ്പിന് ഇത്തരം സിസ്റ്റത്തിലെ ബലഹീനതകൾ ഒഴിവാക്കാവുന്നതാണ്.*

## 4.8 ഹരിത സംരംഭങ്ങൾക്ക് വേണ്ടിയുള്ള ഹരിത നികുതി ഈടാക്കുന്നതിലെ പരാജയം

കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ട് 1976 ലെ വകുപ്പ് 3 എ പ്രകാരം, അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള വിവിധ നടപടികൾ നടപ്പിലാക്കുന്നതിനായി താഴെ വ്യക്തമാക്കിയ മോട്ടോർ വാഹനങ്ങളിൽ നിന്ന് ഹരിത നികുതി ഈടാക്കുകയും ശേഖരിക്കുകയും ചെയ്യണം എന്നത് **പട്ടിക – 4.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക – 4.2**

| ക്രമ നമ്പർ | വാഹനങ്ങളുടെ ഇനവും പഴക്കവും | ഹരിത നികുതിയുടെ നിരക്ക് (₹) | ചുമത്തുന്ന അവസരം |
|---|---|---|---|
| 1 | നാലോ അതിലേറെയോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയാക്കിയതുമായ ഗതാഗതേതര വാഹനങ്ങൾ | ഓരോ 5 വർഷത്തിനും 400 | രജിസ്ട്രേഷൻ പുതുക്കുന്ന അവസരത്തിൽ |
| 2 | നാലോ അതിലധികമോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയതുമായ ലഘുഗതാഗത വാഹനങ്ങൾ | ഓരോ വർഷത്തിനും 200 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ |
| 3 | രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഇടത്തരം ഗതാഗത വാഹനങ്ങൾ | ഓരോ വർഷത്തിനും 300 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ |
| 4 | രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഭാരമേറിയ ഗതാഗത വാഹനങ്ങൾ | ഓരോ വർഷത്തിനും 400 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന അവസരത്തിൽ |

ഗതാഗത വാഹനങ്ങളുടെ കാര്യത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്ന സമയത്തും ഗതാഗതേതര വാഹനങ്ങളുടെ കാര്യത്തിൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തും ഗ്രീൻ ടാക്സ് ഈടാക്കണം. 2021-22 കാലയളവിൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ ഡാറ്റാ ബേസ് ഓഡിറ്റ് പരിശോധിച്ചതിൽ, 86 ആർടിഒ/ സബ് എസ്ആർടിഒകൾ 2019-2021 കാലയളവിലെ 55,480 വാഹനങ്ങളുടെ ഹരിത നികുതി നിശ്ചിത നിരക്കിൽ പിരിച്ചെടുത്തിട്ടില്ലെന്ന് ശ്രദ്ധിച്ചത് **അനുബന്ധം XX**ൽ കാണിച്ചിരിക്കുന്നു. ഇതുമൂലം ₹**2.51 കോടി** ലഭിക്കാതായി.

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, വിഷയം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനകം നൽകുമെന്നും സർക്കാർ വ്യക്തമാക്കി (2023 മാർച്ച്).

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2021 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു. റവന്യൂ കുടിശ്ശിക കുറയ്ക്കുന്നതിന് വേണ്ടി നികുതി പിരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ എത്രയും വേഗം സ്വീകരിക്കണം.

*10 വർഷം അല്ലെങ്കിൽ 15 വർഷം പൂർത്തിയാകുമ്പോൾ ഹരിത നികുതി ആവശ്യപ്പെടുന്നതിനുള്ള മുന്നറിയിപ്പുകൾ നൽകുന്നതിനായി സർക്കാർ ശരിയായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ശുപാർശ ചെയ്യുന്നു.*

## 4.9 മോട്ടോർ ക്യാബിനെ സംബന്ധിച്ച നികുതി വസൂലാക്കാത്തത്

കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ട് 1976 ലെ വകുപ്പ് 4(1)ലെ ഏഴാം വ്യവസ്ഥ പ്രകാരം, ഷെഡ്യൂളിലെ ഇനം 7(i)(ബി), 7(i)(സി) എന്നിവയിൽ വ്യക്തമാക്കിയ നിരക്കിൽ മോട്ടോർ ക്യാബുകൾ[52] നികുതി അടയ്ക്കണം. ഇനം 7(i)(ബി) ൽ വ്യക്തമാക്കിയിട്ടുള്ള മോട്ടോർ ക്യാബിന് ഓരോ ത്രൈമാസത്തിലും ₹350 ഉം ഇനം 7(i)(സി) ൽ വ്യക്തമാക്കിയിട്ടുള്ള ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്ക് ₹425 ഉം ആണ് ഷെഡ്യൂളിൽ വ്യക്തമാക്കിയ നിരക്ക്.

ഓഡിറ്റ് സംസ്ഥാനത്തെ എല്ലാ ആർടിഒ/ എസ്ആർടിഒകളിലെയും 'വാഹൻ' ഡാറ്റാബേസിൽ നിന്നുള്ള മോട്ടോർ ക്യാബുകളുടെ നികുതി ഒടുക്കൽ ഡാറ്റ വിശകലനം ചെയ്തു (2023 ഫെബ്രുവരി). രജിസ്റ്റർ ചെയ്തിട്ടുള്ള 90,947 മോട്ടോർ ക്യാബുകളിൽ 6,554 വാഹനങ്ങളുടെ മോട്ടോർ വാഹന നികുതി 2021 മാർച്ച് 31 വരെ അടച്ചിട്ടില്ലെന്ന് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. ഇത് മോട്ടോർ വാഹന നികുതിയായി **₹1.94 കോടി** പിരിച്ചെടുക്കാത്തതിന് കാരണമായത് **അനുബന്ധം XXI**ൽ വിശദീകരിച്ചിരിക്കുന്നു.

നികുതി കുടിശ്ശികയുള്ള എല്ലാ വാഹനങ്ങൾക്കും ത്രൈമാസത്തിന്റെ രണ്ടാം മാസത്തിന്റെ അവസാന ആഴ്ചക്ക് മുൻപ് ഡിമാൻഡ് നോട്ടീസ് അയക്കാനും ഡിമാൻഡ് നോട്ടീസ് നിഷ്ഫലമാകുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാനും ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശിച്ചെങ്കിലും[53] കുടിശ്ശികയുള്ള നികുതി പിരിച്ചെടുക്കാൻ വകുപ്പിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായില്ല.

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, വിഷയം എല്ലാ ആർടിഒമാരെയും ജെആർടിഒമാരെയും അറിയിച്ചിട്ടുണ്ടെന്നും അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനകം നൽകുമെന്നും സർക്കാർ വ്യക്തമാക്കി (2023 മാർച്ച്).

*ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് വകുപ്പിന് അത്തരം പരാജയങ്ങൾ ഒഴിവാക്കാമെന്നും നികുതി ചുമത്താത്തതിന്റെ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും ശുപാർശ ചെയ്യുന്നു.*

## 4.10 പെർമിറ്റുകൾക്ക് സർവീസ് ചാർജ് ഈടാക്കാത്തത്

ഗതാഗത വാഹനങ്ങൾക്ക് അന്തർസംസ്ഥാന ഗതാഗതത്തിനുള്ള ഹ്രസ്വകാല ലൈസൻസുകളാണ് പെർമിറ്റുകൾ. 2018 സെപ്റ്റംബർ 24ലെ ജിഒ(ആർടി) നമ്പർ 422/2018/ട്രാൻസ് പ്രകാരം താൽക്കാലിക പെർമിറ്റ്[54] (എല്ലാ ക്ലാസുകളും) പ്രത്യേക പെർമിറ്റ്[55] (എല്ലാ ക്ലാസുകളും) നൽകുന്നതിനുള്ള സർവീസ് ചാർജ് ₹105 ആയി ഗതാഗത വകുപ്പ് നിശ്ചയിച്ചിരുന്നു.

---

[52] 1988 ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് പെർമിറ്റുകൾ നൽകിയ, വാടകയ്ക്ക് ഓടുന്നതും യാത്രക്കാരെ കൊണ്ടുപോകുന്നതിനുമായി ഉപയോഗിക്കുന്നതായ മോട്ടോർ വാഹനങ്ങൾ.

[53] ട്രാൻസ്പോർട്ട് കമ്മീഷണറുടെ 2008 ഒക്ടോബർ 15-ലെ സർക്കുലർ നമ്പർ 24/ 2008 (നമ്പർ. ബി 4/ 17343/ ടിസി/ 2008).

[54] അന്തർസംസ്ഥാന ഗതാഗതത്തിന് ഹ്രസ്വകാലത്തേക്ക് അനുവദിച്ച പെർമിറ്റ്.

[55] അന്തർസംസ്ഥാന ഗതാഗതത്തിനായി പ്രത്യേക ആവശ്യങ്ങൾക്കായി താൽക്കാലികമായി അനുവദിച്ച പെർമിറ്റ്.

മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളായ പൂവാർ, അമരവിള എന്നിവിടങ്ങളിൽ 2019–21 കാലയളവിലെ സ്മാർട്ട്മൂവ് ഡാറ്റാബേസിന്റെ ഓഡിറ്റ് സൂക്ഷ്മ പരിശോധനയിൽ (2021 ഓഗസ്റ്റ്) താൽക്കാലിക പെർമിറ്റുകളും പ്രത്യേക പെർമിറ്റുകളും നൽകുമ്പോൾ നിശ്ചിത സർവീസ് ചാർജ് ഈടാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു.

സർവീസ് ചാർജ് ഈടാക്കുന്നതിലെ വകുപ്പുതല വീഴ്ചയുടെ ഫലമായി **പട്ടിക – 4.3**ൽ കാണിച്ചിരിക്കുന്നതുപോലെ **₹0.56 കോടി** പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

**പട്ടിക – 4.3**

| ക്രമ നമ്പർ | മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പേര് | സർവീസ് ചാർജ് ഈടാക്കാതെ നൽകിയ താൽക്കാലിക/ പ്രത്യേക പെർമിറ്റിന്റെ എണ്ണം | സർവ്വീസ് ചാർജ് ഈടാക്കാനുള്ളത് (₹) |
|---|---|---|---|
| 1 | പൂവാർ | 42,670 | 44,80,350 |
| 2 | അമരവിള | 10,630 | 11,16,150 |
| | **ആകെ** | **53,300** | **55,96,500** |

ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, അന്തിമ നടപടി റിപ്പോർട്ട് മൂന്ന് മാസത്തിനകം നൽകുമെന്ന് സർക്കാർ അറിയിച്ചു (2023 മാർച്ച്).

*ബന്ധപ്പെട്ട നിയമങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് വകുപ്പിന് അത്തരം പരാജയങ്ങൾ ഒഴിവാക്കാമെന്നും നികുതി ചുമത്താത്തതിന്റെ ഉത്തരവാദിത്തം നിശ്ചയിക്കണമെന്നും ശുപാർശ ചെയ്യുന്നു.*

# അദ്ധ്യായം V
# സംസ്ഥാന എക്സൈസ്

# അദ്ധ്യായം – V
# സംസ്ഥാന എക്സൈസ്

## 5.1 നികുതികാര്യ നിർവ്വഹണം

ഇന്ത്യയിലെ, കേരളത്തിലെ എക്സൈസിന്റെ നിയമ നിർവ്വഹണ ശാഖയാണ് കേരള സംസ്ഥാന എക്സൈസ്. തിരുവനന്തപുരത്താണ് കേരള എക്സൈസിന്റെ ആസ്ഥാനം. മദ്യം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, അൽക്കോഹോൾ അടങ്ങിയ ഔഷധങ്ങൾ, ലഹരിവസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ വകുപ്പ് കൈകാര്യം ചെയ്യുന്നു. വകുപ്പിന്റെ പ്രധാന ചുമതലകൾ എക്സൈസ് വരുമാന സംരക്ഷണം, വർദ്ധിപ്പിക്കൽ, പിരിക്കുക എന്നിവയാണ് കൂടാതെ അതിനു കീഴിൽ ഉണ്ടാക്കിയ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നു. വകുപ്പിന്റെ ചുമതലകളെ വരുമാന ശേഖരണം, അനധികൃത മദ്യനിർമ്മാണം, വിൽപന, കടത്ത് എന്നിവ തടയുന്നതിനുള്ള പ്രവർത്തനം നടപ്പാക്കൽ, മദ്യപാനത്തിനെതിരായ പ്രചാരണം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. മദ്യം എന്നതിൽ ചാരായം, സ്പിരിറ്റ്, വൈൻ, കള്ള്, ബിയർ എന്നിങ്ങനെ ആൽക്കഹോൾ അടങ്ങിയതോ അടങ്ങിയിരിക്കുന്നതോ ആയ എല്ലാ ദ്രാവകവും ഉൾപ്പെടുന്നു. മദ്യത്തിന്റെ നിർമ്മാണത്തിലും വ്യാപാരത്തിലും വ്യക്തിക്ക് മൗലികാവകാശമില്ല. അതിന്റെ സമ്പൂർണ്ണ അവകാശം സംസ്ഥാനത്തിനാണ്. എല്ലാ വർഷവും സംസ്ഥാനത്തിന്റെ അബ്കാരി നയം സർക്കാർ രൂപീകരിക്കുന്നു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നയം എക്സൈസ് വകുപ്പാണ് നടപ്പാക്കുന്നത്.

എക്സൈസ് കമ്മീഷണർ (ഇസി) ആണ് വകുപ്പിന്റെ മേധാവി. വകുപ്പിനെ തെക്ക്, മദ്ധ്യ, വടക്ക് എന്നിങ്ങനെ മൂന്ന്[56] മേഖലകളിലായി വിഭജിച്ച് ജോയിന്റ് എക്സൈസ് കമ്മീഷണർമാർ (ജെഇസി) മേധാവിത്വം വഹിക്കുന്നു. ജില്ലാതലത്തിലെ വിഭാഗങ്ങൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കു (ഡിഇസി) കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ, ബന്ധപ്പെട്ട ജില്ലകളുടെ ഡിഇസിമാരുടെ നിയന്ത്രണത്തിലുള്ള എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും (ഇസിഐ), എക്സൈസ് ഇൻസ്പെക്ടർമാരും (ഇഐ), എക്സൈസ് തീരുവകൾ, ലൈസൻസ് ഫീസ് മുതലായവ പിരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നു.

## 5.2 ആന്തരിക പരിശോധന

സംസ്ഥാന എക്സൈസ് വകുപ്പിലെ ആന്തരിക പരിശോധന വിഭാഗം (ഐഎഡബ്ല്യൂ) എക്സൈസ് കമ്മീഷണറുടെ നിരീക്ഷണത്തിലാണ്. ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, അദ്ദേഹത്തെ സഹായിക്കാനായി ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, മൂന്ന് സൂപ്രണ്ടുമാർ, മൂന്ന് എക്സൈസ് ഇൻസ്പെക്ടർമാർ, ആറ് പ്രിവന്റീവ് ഓഫീസർമാർ എന്നിവരടങ്ങുന്നതാണ് ഈ വിഭാഗം. കൂടുതൽ വാഹനങ്ങൾ പിടിച്ചെടുക്കുന്നതും ശേഖരിക്കാവുന്ന വരുമാനം തീർപ്പാക്കാത്തതും പിരിവിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടതുമായ ജില്ലകളിലെ ഓഫീസുകൾക്കാണ് ഇന്റേണൽ ഓഡിറ്റിൽ മുൻഗണന നൽകുന്നത്. 2021-22 കാലയളവിൽ, ഐഎഡബ്ല്യൂ വിഭാഗം 58 യൂണിറ്റുകൾ ആന്തരിക പരിശോധന നടത്തുവാൻ പദ്ധതിയിടുകയും 55 യൂണിറ്റുകൾ ഓഡിറ്റ് ചെയ്യുകയും ചെയ്തു. 2021-22 കാലയളവിൽ, തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന 2,285 ഓഡിറ്റ് നിരീക്ഷണങ്ങളിൽ 563 ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പ് തീർപ്പാക്കി (24.64 ശതമാനം).

[56] തെക്കൻ മേഖല (ആലപ്പുഴ, കൊല്ലം, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം) മദ്ധ്യമേഖല (എറണാകുളം, ഇടുക്കി, പാലക്കാട്, തൃശ്ശൂർ) വടക്കൻമേഖല (കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട്).

## 5.3 ഓഡിറ്റിന്റെ ഫലങ്ങൾ

സംസ്ഥാന എക്സൈസ് വകുപ്പിൽ 2021-22 കാലയളവിൽ ഓഡിറ്റിന് വിധേയമാക്കാവുന്ന 25 യൂണിറ്റുകളാണുണ്ടായിരുന്നത്. ഇവയിൽ 13 യൂണിറ്റുകളാണ് 2021-22 കാലയളവിൽ ഓഡിറ്റിനായി തിരഞ്ഞെടുക്കപ്പെട്ടത്. 2021-22 കാലയളവിൽ ഈ യൂണിറ്റുകളിലെ റെക്കോർഡുകളുടെ സൂക്ഷ്മപരിശോധനയിൽ എക്സൈസ് തീരുവ, ലൈസൻസ് ഫീ എന്നിവ ഈടാക്കാതിരിക്കൽ/ കുറവായി ഈടാക്കൽ, മറ്റു ക്രമക്കേടുകൾ എന്നിങ്ങനെ ₹10.32 കോടി ഉൾപ്പെട്ട 29 കേസുകൾ കണ്ടെത്തി. റെക്കോർഡുകളുടെ പരീക്ഷണ പരിശോധനയെ അടിസ്ഥാനപ്പെടുത്തിയുള്ളതായതിനാൽ ഈ കേസുകൾ ഉദാഹരണം മാത്രമാണ്. മുൻവർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ ഈ ക്രമക്കേടുകൾ നിലനിൽക്കുന്നു എന്നു മാത്രമല്ല അടുത്ത ഓഡിറ്റ് നടക്കുന്നതുവരെ കണ്ടെത്തപ്പെടാതിരിക്കുകയും ചെയ്യുന്നു. ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാനും/ ആവർത്തിക്കാതിരിക്കാനും സർക്കാർ ആന്തരിക പരിശോധന ശക്തിപ്പെടുത്തുകയും, ആന്തരിക നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യണം. കുറഞ്ഞ നികുതി നിർണ്ണയത്തിന്റേതും മറ്റ് ക്രമക്കേടുകളുടേതുമായി ബന്ധപ്പെട്ട ₹10.32 കോടി ഉൾപ്പെട്ട 29 കേസുകൾ **പട്ടിക - 5.1**ൽ നൽകിയിരിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നു.

**പട്ടിക - 5.1**

**കുറഞ്ഞ നികുതിനിർണ്ണയത്തിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിഭാഗങ്ങൾ | കേസുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടിപ്പിക്കലിനു മേലുള്ള ഫീയും പിഴയും ചുമത്താത്തത് | 3 | 1.49 |
| 2 | വിദേശമദ്യ ലൈസൻസിന്റെ ക്രമരഹിതമായ കൈമാറ്റം | 6 | 1.69 |
| 3 | മറ്റുള്ളവ | 20 | 7.14 |
| **ആകെ** | | **29** | **10.32** |

പ്രസ്തുത വർഷകാലയളവിൽ, ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കുറഞ്ഞ നികുതി നിർണ്ണയങ്ങളുടെയും മറ്റ് ന്യൂനതകളുടേതുമായ ₹0.39 കോടിയുൾപ്പെട്ട എട്ട് കേസുകൾ വകുപ്പ് അംഗീകരിച്ചു. 2021-22 വർഷകാലയളവിൽ വകുപ്പ് നാല് കേസുകളിൽ നിന്ന് ₹0.22 കോടി തുക വസൂലാക്കി.

₹6.33 കോടി ഉൾപ്പെട്ട ചില ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്ന് നൽകിയിരിക്കുന്ന ഖണ്ഡികകളിൽ ഉദാഹരണമായി പ്രതിപാദിച്ചിരിക്കുന്നു.

## 5.4 അധിക സെക്യൂരിറ്റി തുക ഈടാക്കാത്തത്/ കുറവായി ചുമത്തിയത് മൂലമുള്ള വരുമാന നഷ്ടം

**സർക്കാർ നിശ്ചയിച്ച അധിക സെക്യൂരിറ്റി തുക വസൂലാക്കാത്തതിന്റെ ഫലമായി ₹2.51 കോടി വരുമാന നഷ്ടം**

ഡിസ്റ്റിലറികളുടെ അധിക സെക്യൂരിറ്റി തുക ലൈസൻസി അടക്കുന്ന വാർഷിക എക്സൈസ് തീരുവയുടെ ഒരു ശതമാനമായും വാർഷിക എക്സൈസ് തീരുവ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഒടുക്കിയ എക്സൈസ് തീരുവയുടെ ശരാശരിയായും സർക്കാർ വർദ്ധിപ്പിച്ചു[57] (2017 ജൂലൈ).

2018-21 കാലയളവിലെ ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡിലെ സർക്കിൾ ഇൻസ്പെക്ടർ ഓഫ് എക്സൈസിന്റെ ഓഫീസിലെ രേഖകൾ പരിശോധിച്ചപ്പോൾ (2022 മാർച്ച്), സർക്കാർ നിശ്ചയിച്ചിട്ടുള്ള അധിക സെക്യൂരിറ്റി തുക കമ്പനി അടയ്ക്കേണ്ടതുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടത് **പട്ടിക – 5.2**ൽ കാണിച്ചിരിക്കുന്നതുപോലെ ₹2.51 കോടിയാണ്.

**പട്ടിക – 5.2**

| വിശദാംശങ്ങൾ | 2017-18 | 2018-19 | 2019-20 |
|---|---|---|---|
| ഉൽപ്പാദനവും വിൽപ്പന വിശദാംശങ്ങളും അനുസരിച്ച് ഐഎംഎഫ്എൽ -ന്റെ വിൽപ്പനയുടെ അളവ് | 14681448 BL (11011086 PL) | 14299686 BL (10724764 PL) | 13343220 BL (10007415 PL) |
| എക്സൈസ് തീരുവ (ഒരു പ്രൂഫ് ലിറ്ററിന് ₹237) | 260,96,27,382 | 254,17,69,068 | 237,17,57,355 |
| കമ്പനിയുടെ ലെഡ്ജർ അക്കൗണ്ട് അനുസരിച്ച് റെക്റ്റിഫൈഡ് സ്പിരിറ്റിന്റെ വിൽപ്പനയ്ക്കായി അടച്ച എക്സൈസ് തീരുവ | 3,66,948 | 3,43,727 | 9,76,852 |
| മൊത്തം എക്സൈസ് തീരുവ | 260,99,94,330 | 254,21,12,795 | 237,27,34,207 |
| വാർഷിക എക്സൈസ് തീരുവ (2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അടച്ച എക്സൈസ് തീരുവയുടെ ശരാശരി) | | | 250,82,80,444 |
| **അധിക സെക്യൂരിറ്റി തുക (വാർഷിക എക്സൈസ് തീരുവയുടെ 1%)** | | | **2,50,82,804** |
| | | | **₹ 2.51 കോടി** |

കമ്പനി അധിക സെക്യൂരിറ്റി തുക അടയ്ക്കാത്തതിനാൽ ₹2.51 കോടി രൂപയുടെ വരുമാനം നഷ്ടപ്പെട്ടു.

ഇത് ചൂണ്ടിക്കാട്ടിയപ്പോൾ (2022 ഒക്ടോബർ) ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, തിരുവല്ല, കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു കമ്പനിയാണ് എന്നും വിഷയം പരിശോധിച്ച് അന്തിമ റിപ്പോർട്ട് നൽകുമെന്നും സർക്കാർ മറുപടിയായി അറിയിച്ചു (2023 മാർച്ച്).

[57] 2017 ജൂലൈ 11-ലെ ജിഒ (ആർടി) നമ്പർ 560/2017/ടിഡി പ്രകാരം.

*സമാന സ്വഭാവമുള്ള കേസുകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ഡിസ്റ്റിലറികൾക്ക് അനർഹമായ ആനുകൂല്യം നൽകാതിരിക്കാൻ ഉത്തരവാദിത്തം നിശ്ചയിക്കേണ്ടതാണ്.*

## 5.5 വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നതിലൂടെ ഉണ്ടായ വരുമാന നഷ്ടം

**പുതിയ ലൈസൻസുകൾ നൽകുന്നതിനുപകരം അനധികൃതമായി വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്തതിലൂടെ ₹2.17 കോടിയുടെ വരുമാന നഷ്ടം ഉണ്ടായി.**

കേരള എക്സൈസ് മാനുവൽ വാല്യം IIന്റെ അദ്ധ്യായം XIXലെ ഖണ്ഡിക 18 പ്രകാരം, സാധാരണഗതിയിൽ ലൈസൻസുകൾ ഒരാളുടെ പേരിൽ നിന്ന് മറ്റൊരാളിലേക്ക് മാറ്റാൻ പാടില്ല. അത്തരം കൈമാറ്റങ്ങൾ, ലൈസൻസുകൾ വ്യാപാരം ചെയ്യുന്ന വിനാശകരമായ ശീലത്തെ സഹായിക്കും എന്നതിനാൽ വളരെ ശക്തമായ കാരണങ്ങളിലൊഴികെ അത് തുടരാൻ പാടില്ല. അത്തരം ലൈസൻസുകളുടെ കാര്യത്തിൽ ഒരു മാറ്റം ആവശ്യമുണ്ടെങ്കിൽ, ഉടമ ചെയ്യേണ്ട ശരിയായ നടപടിക്രമം ലൈസൻസ് സറണ്ടർ ചെയുകയും, സ്വീകർത്താവിന്റെ കേസ് പുതിയ അപേക്ഷകനായി പരിഗണിക്കുകയും ചെയ്യുക എന്നതാണ്. എഫ്എൽ ചട്ടം 1953 ലെ ചട്ടം 13(3) പ്രകാരം. 2020-21 കാലയളവിൽ എഫ്എൽ -3 (ബാർ) ലൈസൻസ് ഹോട്ടലുകളുടെ (ത്രീ സ്റ്റാറും അതിനുമുകളിലും) ലൈസൻസ് ഫീസ് ₹30 ലക്ഷവും (2019-20 കാലയളവിൽ ₹28 ലക്ഷം) ചട്ടം 13 (11) പ്രകാരം എഫ്എൽ -11 (ബിയർ/ വൈൻ പാർലർ) ലൈസൻസ് നാല് ലക്ഷം രൂപയുമാണ്.

കണ്ണൂർ, ആലപ്പുഴ, കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസിലെ പുനഃസംഘടനയുടെ 75 കേസുകളും ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചു (2021-22 കാലയളവിൽ). ഒൻപത് കേസുകളിൽ, കെഎഫ്എൽ ചട്ടം, 1953 ലെ ചട്ടം 19 പ്രകാരം എഫ്എൽ-3 ലൈസൻസികളുടെ കൈവശമുള്ള ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതി, പുനഃസ്ഥാപിക്കുന്നതിന് ഒരു ലക്ഷം രൂപയും ലൈസൻസിയുടെ പേര് മാറ്റുന്നതിന് രണ്ട് ലക്ഷം രൂപയും ഫീസ് ഈടാക്കി എക്സൈസ് കമ്മീഷണർ (ഇസി) നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

എഫ്എൽ ചട്ടത്തിലെ ചട്ടം 19 കമ്പനിക്കുള്ളിലെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് ബാധകമായതാണെന്നും ലൈസൻസ് കൈമാറ്റം ചെയ്യാൻ ഉദ്ദേശിച്ചുള്ളതല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ലൈസൻസികൾക്ക് ലൈസൻസ് സറണ്ടർ ചെയ്യാനും പുതിയ ലൈസൻസ് നൽകാനും നിർദ്ദേശിക്കുന്നതിനുപകരം, ലൈസൻസ് കൈമാറ്റം അനുവദിച്ചുകൊണ്ട് എഫ്എൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തത് **അനുബന്ധം XXII**ൽ വിശദമാക്കിയിരിക്കുന്നതുപോലെ **₹2.17 കോടിയുടെ** വരുമാനനഷ്ടത്തിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 ഒക്ടോബർ) എഫ്എൽ ചട്ടം പ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസ്, എഫ്എൽ ചട്ടത്തിലെ ചട്ടം 19(4) പ്രകാരം രണ്ട് ലക്ഷം രൂപ അടച്ച ശേഷം, നിലവിലുള്ള ലൈസൻസിയുടെ പേരിൽ നിന്ന് മറ്റേതെങ്കിലും വ്യക്തിക്ക്/ സ്ഥാപനത്തിലേക്ക് മാറ്റാവുന്നതാണ് എന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്). നിലവിലുള്ള ലൈസൻസ് സറണ്ടർ ചെയ്തതിന്

ശേഷം പുതിയ ലൈസൻസ് നൽകുന്നത് പ്രായോഗികമല്ലെന്നും ഒറിജിനൽ ലൈസൻസ് നൽകിയതിന് ശേഷം നിലവിൽ വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മതസ്ഥാപനങ്ങളിൽ നിന്നുമുള്ള ദൂര നിയന്ത്രണങ്ങൾ കാരണം പുതിയ ലൈസൻസ് നൽകാനാവില്ല എന്നും വ്യക്തമാക്കി.

ഒരു കമ്പനിയുടെ ഡയറക്ടർമാരെ പുനഃസംഘടിപ്പിക്കുന്നതു കാരണം ലൈസൻസിയുടെ പേര് മാറ്റുന്നതിനുള്ള ഫീസ് ചട്ടം 19 വ്യവസ്ഥ ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മറുപടി സ്വീകാര്യമല്ല. ലൈസൻസിന്റെ കൈമാറ്റങ്ങൾ ലൈസൻസുകൾ വ്യാപാരം ചെയ്യുന്ന വിനാശകരമായ ശീലത്തെ സഹായിക്കും എന്നതിനാൽ അത് തുടരാൻ പാടില്ല.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2021 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

*ലൈസൻസ് കൈമാറുന്ന ഇത്തരം സന്ദർഭങ്ങളിൽ, ആവശ്യമായ തുക ഈടാക്കി കേസുകൾ ക്രമപ്പെടുത്തുന്നതിന് പകരം, പുതിയ അപേക്ഷകളായി കേസുകൾ പരിഗണിക്കണമെന്ന് ശുപാർശ ചെയ്യുന്നു. പുതിയ ലൈസൻസുകൾ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ നിർബന്ധിത വ്യവസ്ഥകളും അപേക്ഷകർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.*

## 5.6 വിദേശമദ്യ ലൈസൻസ് കൈവശമുള്ള കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടന

**അനധികൃത പുനഃസംഘടനയ്ക്ക് പിഴ ചുമത്താത്തതും റെഗുലറൈസേഷനായി ഫീസ് ഈടാക്കാത്തതും ₹1.32 കോടി വസൂലാക്കാത്തതിന് കാരണമായി**

വിദേശ മദ്യ നിയമങ്ങളിലെ ചട്ടം 19 (iii) പ്രകാരം, ഒരു ലക്ഷം രൂപ അടച്ചാൽ മാത്രമേ ഒരു കമ്പനിയുടെ പാർട്ണർഷിപ്പ്/ ഡയറക്ടർമാരുടെ പുനഃസംഘടന അനുവദിക്കൂ. അബ്കാരി നിയമത്തിലെ വകുപ്പ് 67(3) 67(2) മായി ചേർത്ത് വായിക്കുമ്പോൾ ലൈസൻസ് അല്ലെങ്കിൽ പെർമിറ്റ് കൈവശമുള്ള ഏതെങ്കിലും വ്യക്തിയോ വ്യക്തികളോ എക്സൈസ് കമ്മീഷണറുടെ (ഇസി) അനുമതിയില്ലാതെ ലൈസൻസ് ലഭിക്കാൻ ഉപോൽബലമായ ഉടമ്പടിയിൽ എന്തെങ്കിലും പുനഃസംഘടനയോ മാറ്റം വരുത്തലോ പുതുക്കലോ നടത്തിയാൽ ഇസിക്ക് മൂന്ന് ലക്ഷം രൂപ വീതം പിഴ ചുമത്താം. ഇസിക്ക് ലൈസൻസിയുടെ അപേക്ഷയുടെയും പിഴയൊടുക്കലിന്റെയും വെളിച്ചത്തിൽ അത്തരം അനധികൃതമായ പുനഃസംഘടന അംഗീകരിക്കാവുന്നതാണ്.

കോർപ്പറേറ്റ് കാര്യ മന്ത്രാലയം പരിപാലിക്കുന്ന ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ 178 കമ്പനികളുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരീക്ഷണ പരിശോധന നടത്തി (2021 ഡിസംബർ). 2018-21 കാലയളവിൽ ഇസിയുടെ അനുമതിയില്ലാതെ എഫ്എൽ-3/ എഫ്എൽ-11 ലൈസൻസുള്ള ഹോട്ടലുകളുള്ള 21 കമ്പനികൾ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടു. അനധികൃതമായ പുനഃസംഘടനയുമായി ബന്ധപ്പെട്ട് പിഴ ചുമത്താത്തതും റെഗുലറൈസേഷനായി ഫീസ്ഈടാക്കാത്തതിന്റെയും ഫലമായി **അനുബന്ധം XXIII**ൽ വിവരിച്ചിരിക്കുന്നതുപോലെ **₹1.32 കോടിയുടെ** വരുമാനം ഈടാക്കാനായില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2022 സെപ്റ്റംബർ), ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന അനധികൃത പുനർനിർമ്മാണം ക്രമപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർ എല്ലാ എഫ്എൽ-3/ എഫ്എൽ-11 ഹോട്ടലുകളുടെയും ലൈസൻസി കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് സർക്കാർ മറുപടി നൽകി (2023 മാർച്ച്).

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2021 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും, പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

*അനധികൃത പുനർനിർമ്മാണങ്ങൾ തിരിച്ചറിയുന്നതിനായി കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെയോ മറ്റ് സ്ഥാപനങ്ങളുടെയോ വെബ്സൈറ്റിൽ ലഭ്യമായ ഡാറ്റ ഇടയ്ക്കിടെ ഡിപ്പാർട്ട്മെന്റ് ക്രോസ് വെരിഫൈ ചെയ്യണമെന്നും ഹോട്ടലുകൾക്ക് അനാവശ്യ ആനുകൂല്യങ്ങൾ നൽകുന്ന സന്ദർഭങ്ങളിൽ ഉത്തരവാദിത്തം നിശ്ചയി ക്കാൻ നടപടിയെടുക്കണമെന്നും ശുപാർശ ചെയ്യുന്നു.*

## 5.7 യോഗ്യതയില്ലാത്ത ഇളവ് അനുവദിച്ചുകൊണ്ട് ഹോട്ടലുകളിൽ നിന്ന് എഫ്എൽ-3 ലൈസൻസ് ഫീ കുറവായി പിരിച്ചു

**ഹോട്ടലുകൾക്ക് ക്രമരഹിതമായ ഇളവ് അനുവദിച്ചത് ലൈസൻസ് ഫീസ് ₹0.33 കോടി വസൂലാക്കാത്തതിന് കാരണമായി**

എഫ്എൽ-3 ലൈസൻസ് വിവിധ വിഭാഗങ്ങളിലുള്ള സ്റ്റാർ ഹോട്ടലുകൾക്ക് 30 ലക്ഷം രൂപ വാർഷിക വാടക നൽകി വിദേശമദ്യം വിൽക്കാൻ അനുമതി നൽകുന്നു. 1953ലെ വിദേശ മദ്യ ചട്ടത്തിലെ 13, 14, 18 ചട്ടങ്ങൾ ലൈസൻസിന്റെ വിവിധ വശങ്ങൾ കൈകാര്യം ചെയ്യുന്നു. ചട്ടം 14 അനുസരിച്ച്, ഒരു വർഷത്തിന്റെ നിശ്ചിതകാലത്തേ യ്ക്ക് മാത്രം ലൈസൻസ് അനുവദിക്കുന്ന സന്ദർഭങ്ങളിൽപോലും 30 ലക്ഷം രൂപ മുഴുവൻ വാർഷിക ഫീസായി നൽകണം. കോവിഡ് ലോക്ക് ഡൗൺ കണക്കി ലെടുത്ത് സർക്കാർ ഇക്കാര്യത്തിൽ ചില ഇളവുകൾ നൽകി.

2020 ഏപ്രിൽ 29 ലെ ജിഒ(ആർടി) 280/2020/ടിഡി പ്രകാരം, കൊവിഡ് 19 ബാധയെ തുടർന്ന് സംസ്ഥാനത്ത് ലോക്ക്ഡൗണിന്റെ പ്രത്യേക സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസുകൾ പുതുക്കുന്നതിന് 2020 മെയ് 31 വരെ സമയം നീട്ടി നൽകാൻ സർക്കാർ അനുമതി നൽകി. കൂടാതെ, 2020 മാർച്ച് 24 മുതൽ 2020 മെയ് 21 വരെ ബാർ ഹോട്ടലുകൾ അടച്ചിരുന്നതിനാൽ തുടർന്നുള്ള വർഷത്തെ ലൈസൻസ് ഫീസ് അടയ്ക്കുമ്പോൾ, 59 ദിവസത്തേക്ക് ആനുപാതികമായ ബാർ ഹോട്ടലിന്റെ ലൈസൻസ് ഫീസ് ഇളവ് ചെയ്യാൻ സർക്കാർ (2021 ഫെബ്രുവരി 25) അനുമതി നൽകി.

2018-21 കാലയളവിൽ തിരുവനന്തപുരത്തെ എക്സൈസ് ഡിവിഷൻ ഓഫീസിലെ ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ (2021 ഒക്ടോബർ മുതൽ ഡിസംബർ വരെ) എഫ്എൽ-3 ലൈസൻസ് ഉള്ള 162 ഹോട്ടലുകൾക്കും അനുവദിച്ച ഇളവിന്റെ (2021 ഫെബ്രുവരി 25ലെ ജിഒ പ്രകാരം) വിശദാംശങ്ങൾ പരിശോധിച്ചു. 2020 മെയ് 21-ന് ശേഷമുള്ള തീയതികളിൽ 2020-21 വർഷത്തേക്ക് ലൈസൻസ് പുതുക്കിയ എട്ട് ലൈസൻസികൾക്ക് 59 ദിവസത്തെ മുഴുവൻ കാലയളവിലേക്കും ലൈസൻസ് ഫീസിൽ ഇളവ് അനുവദിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2020 ഏപ്രിൽ 01 മുതൽ 2020 മേയ് 21 വരെയുള്ള കാലയളവിൽ അവർ സാധുവായ എഫ്എൽ

ലൈസൻസുകൾ കൈവശം വെച്ചിട്ടില്ലാത്തതിനാൽ ആ കാലയളവിലെ (51 ദിവസം) ആനുപാതികമായ ലൈസൻസ് ഫീസ് ഇളവ് നൽകുന്നത് ക്രമമല്ല. ഇതിന്റെ ഫലമായി **അനുബന്ധം XXIV**ൽ നൽകിയിരിക്കുന്നത് പോലെ എഫ്എൽ-3 ലൈസൻസ് ഫീസ് ഇനത്തിൽ **₹0.33** കോടിയുടെ വരുമാനം ഈടാക്കാനായില്ല.

കേസ് സർക്കാരിന് റിപ്പോർട്ട് ചെയ്തു (2022 ഓഗസ്റ്റ്). ലൈസൻസ് പുതുക്കുമ്പോൾ കുറച്ച തുക തിരിച്ചടക്കാൻ എട്ട് ഹോട്ടലുകൾക്ക് നോട്ടീസ് നൽകിയതായി സർക്കാർ മറുപടി നൽകി (2023 ഫെബ്രുവരി).

*ലൈസൻസികൾക്ക് അനർഹമായ ആനുകൂല്യം ലഭിക്കാതിരിക്കാൻ ലൈസൻസ് ഫീസ് വാങ്ങുന്നതിന് മുമ്പ് വകുപ്പ് രേഖകൾ പരിശോധിക്കണമെന്ന് ശുപാർശ ചെയ്യുന്നു. സമാന സ്വഭാവമുള്ള കേസുകൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കണം.*

# അദ്ധ്യായം VI
# സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

# അദ്ധ്യായം - VI
# സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

## 6.1 നികുതികാര്യ നിർവ്വഹണം

സംസ്ഥാനത്തെ ഏറ്റവും പുരാതനമായ വകുപ്പുകളിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. രജിസ്ട്രേഷൻ നിയമത്തിന്റെ പ്രധാന ലക്ഷ്യം രേഖയുടെ യഥാർത്ഥതയ്ക്ക് നിർണായക തെളിവ് നൽകുക, ഇടപാടുകൾ സുതാര്യമാക്കുക, വഞ്ചന തടയുക, ഒരു വസ്തു ഇതിനകം ഇടപാട് നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താനുള്ള സൗകര്യം നൽകുക, യഥാർത്ഥ രേഖകൾ നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്താൽ ഉടമസ്ഥാവകാശ രേഖകളുടെ സുരക്ഷിതത്വവും പട്ടയം നൽകാനുള്ള സൗകര്യവും നൽകുക എന്നിവയാണ്. സംസ്ഥാന ഖജനാവിലേക്കുള്ള ഏറ്റവും വലിയ മൂന്നാമത്തെ വരുമാന സ്രോതസ്സാണ് നിലവിൽ രജിസ്ട്രേഷൻ വകുപ്പ്. രജിസ്ട്രേഷൻ നിയമം ഇടപാടുകളെക്കാൾ പ്രമാണങ്ങളെ നിയന്ത്രിക്കുന്നു.

## 6.2 ആന്തരിക പരിശോധന

